# പ്രഭാഷണവും പ്രബോധനവും

ഫാ. ആന്റണി ഇലവുംകുടി ബി.എ.



പരിശ്രമവും വിജയവും
നിസ്സംഗതയും
ജന്മ സാഫല്യവും

1

:222
LE
.1

# പ്രഭാഷണവും പ്രബോധനവും - 1

JANATHA BOOK STALL
Lourde Centre
Sub Jail Road
Alwaye-1

## ഇതരകൃതികൾ

1. കണ്ണുകൾ തുറക്കുവിൻ (വിവ.)
2. ദൈവശാസ്ത്രം പ്രസംഗവേദിയിൽ
3. ഗാന്ധിജിയുടെ ജീവിതശൈലി
4. സന്മാർഗ്ഗശാസ്ത്രം പ്രസംഗവേദിയിൽ
5. പ്രഭാഷണവും പ്രബോധനവും – 2

1924 നവം. 15-ാം തീയതി പെരുമ്പാവൂരിനടുത്തുള്ള അയ്മുറിയിൽ ജനിച്ചു. മാതാപിതാക്കൾ ദേവസ്സി, മറിയം 1955 മാർച്ച് 12-ാം തീയതി പൗരോഹിത്യം സ്വീകരിച്ചു. എറണാകുളത്തുള്ള അമൂല്യാ ഇൻഡസ്ട്രീസ്, വിയാനി പ്രിൻറിംഗ്സ് എന്നിവയുടെ സ്ഥാപകനാണ്. എറണാകുളം മിസ്സം, അമ്മ, മലബാർ മെയിൽ, സത്യദീപം തുടങ്ങിയവയുടെ പത്രാധിപരായും സഹപത്രാധിപരായും സാഹിത്യ രംഗത്തു സേവനമനുഷ്ഠിച്ചിട്ടുള്ള ഫാ. ആൻറണി ഇപ്പോൾ ചേർത്തല സെൻറ് മേരീസ് ഫൊറോനാ പള്ളി വികാരിയാണ്.




വിലാസം :

സെൻറ് മേരീസ് ചർച്ച്,

മുട്ടം, കച്ചേരി പി. ഒ.

ചേർത്തല. 688 560

# പ്രഭാഷണവും പ്രബോധനവും - 1

1. പരിശ്രമവും വിജയവും
2. നിസ്സംഗതയും ജന്മസാഫല്യവും

ACHARYA PALACKAL JEEVASS KENDRAM
LIBRARY
12571
ALWAYE

ST. ANTONY'S MONASTERY
3044
Phone: 3140
ALWAYE

ഫാ. ആന്റണി ഇലവുംകുടി

12.00 ജനത തേവര

209.222
ELE
C.1

DISTRIBUTION

JANATHA BOOK STALL, THEVARA, COCHIN-13
Brs. Ernakulam, Alwaye, Shertalai, Thevara

Malayalam: PRABHASHANAVUM PRABHODHANAVUM -1
Author: Fr. ANTONY ELEVAMKUDY: Copy right Author, 1988.
Published by: Author
Printed at: St. Martin de porres Press Angamaly South-683 573.
Cover Print: L F I Press: Art. C. N. Raju.

JS 00219 SN 00296 888909 1500-1 D 28

# പ്രസ്താവന

മഹാസംഭവങ്ങളെക്കുറിച്ചും മഹാസിദ്ധന്മാരെക്കുറിച്ചും പ്രതിപാദിക്കുന്ന വിവരങ്ങളടങ്ങിയ ഗ്രന്ഥപരമ്പരയാണിതു്.

നാമകരണം ചെയ്യപ്പെട്ട വിശുദ്ധന്മാരും മററും മഹാസിദ്ധന്മാരുടെ ഗണത്തിൽപ്പെടുന്നു. അവരുടെ ജീവചരിത്രം, സംക്ഷിപ്തമായാണു വിവരിച്ചിരിക്കുന്നതു്. എന്നാൽ അവരെ സ്വാധീനിച്ച ആശയങ്ങളും സംഭവങ്ങളും അവർ ലോകത്തിനു കാഴ്ചവെച്ച സന്ദേശങ്ങളും വിശദമായി പ്രകാശിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടു്.

ദൈവാരാധനക്രമത്തിലെ തിരുനാളുകളും മനുഷ്യമനസ്സുകളെ ഗ്രസിച്ചതായ ആശയാവിഷ്കരണങ്ങളും ലോകചരിത്രത്തിലെ നിർണ്ണായക സംഭവങ്ങളും മഹാ സംഭവങ്ങളായി കണക്കാക്കാം. ആശയരൂപീകരണങ്ങളും മഹത്തുക്കളുടെ പരിശ്രമങ്ങളും നമ്മെ പ്രബുദ്ധരും കർമ്മോദ്യുക്തരുമാക്കുന്നതാണു്. തിരുനാൾ പ്രസംഗങ്ങൾ ശ്രോതാക്കളെ സന്മാർഗ്ഗപ്രചോദിതരും സ്വർഗ്ഗോന്മുഖരുമാക്കുന്ന പ്രക്രിയയിൽപ്പെടുന്നു.

ഇപ്രകാരം വിശിഷ്ടഫലദായകമായ ഈ കൃതികൾ ദൈവാലയങ്ങളിലും വിദ്യാലയങ്ങളിലും പ്രസംഗവേദികളിലും അവതാരിതങ്ങളാണു്. അതിനാൽ ഏവരാലും സ്വാഗതം ചെയ്യപ്പെടുമെന്ന ബോധ്യത്തോടെ പ്രസിദ്ധീകരിക്കുന്നു.

''ധനമാണു നീ തേടുന്നതെങ്കിൽ വിജ്ഞാനത്തെക്കാൾ വലിയ ധനമില്ലെന്നു ഗ്രഹിക്കുക. പുണ്യമാണു നീ ആഗ്രഹിക്കുന്നതെങ്കിൽ അതു വിജ്ഞാനത്തിൽനിന്നാണുണ്ടാകുന്നതെന്നു മനസ്സിലാക്കുക'' (വിജ്ഞാനം 8 : 4).

## ഉള്ളടക്കം

### 1

1 സിദ്ധിയും സാധനയും
2 പരാജയങ്ങൾ മറികടന്നവർ
3 ഉത്സാഹം കെട്ടവരാകാതിരിക്കുക
4 വിശ്വാസം ഉലഞ്ഞപ്പോൾ
5 ദൈവത്തിൽ അഭയംഗമിച്ചവർ
6 മനസ്സാക്ഷിയും സ്വാതന്ത്ര്യവും
7 വിവേകമതികളാകുക
8 വിനയവും വിജ്ഞാനവും
9 എളിമയുടെ ഇരുവശങ്ങൾ
10 ധീരതയുള്ളവരായേ തീരൂ

### 2

1 നിസ്സംഗരാകുക
2 നിസ്സംഗതയും പ്രവർത്തനവും
3 നിസ്സംഗതയും കർത്തവ്യനിർവ്വഹണവും
4 ആരാണ് ശ്രേഷ്ഠൻ?
5 മനുഷ്യനിലെ ദിവ്യത്വം
6 ആത്മീയശക്തിയും ധാർമ്മികബലവും
7 മനസ്ഥൈര്യം പാലിക്കുന്നവർ
8 പ്രസന്നരാകുന്ന മാർഗ്ഗങ്ങൾ
9 ആനന്ദം പകരുന്ന സന്ദർഭങ്ങൾ
10 എളിമയിൽ സന്തോഷിക്കുന്നവർ
11 എളിമയും ആത്മബലവും
12 ധർമ്മദാനവും സന്തോഷവും

# 1

# പരിശ്രമവും വിജയവും

## 1 സിദ്ധിയും സാധനയും

സിദ്ധിയും സാധനയുമെന്ന പദങ്ങൾ അതിപ്രധാനങ്ങളാണ്. ജന്മസിദ്ധമായ കഴിവുകൾ സിദ്ധിയിൽ പെടുന്നു. വ്യക്തികളിൽ കൂടിയും കുറഞ്ഞുമിരിക്കുമതു്. ചിലർക്കു കൂട്ടുകാരെക്കാൾ കൂടുതൽ ഗാനമാലപിക്കാനോ രചന നടത്താനോ അല്ലെങ്കിൽ അഭിനയിക്കാനോ കഴിവുണ്ടായിരിക്കും. ഇതു് അവരെ സംബന്ധിച്ച സിദ്ധികളാണ്. എന്നാൽ എല്ലാവരും വിവിധ സിദ്ധികൾ കൊണ്ടു് അനുഗ്രഹിക്കപ്പെടണമെന്നില്ല.

എന്നാൽ സാധനയെക്കുറിച്ച നമുക്കുണ്ടായിരിക്കേണ്ട വീക്ഷണഗതി മറെറാന്നാണ്. അതു് എല്ലാവർക്കുമാകാം. സാധിച്ചെടുക്കുന്നതത്രേ സാധനയാകുന്നതു്. തന്മൂലം സിദ്ധികൾ കുറവായതിനെക്കുറിച്ചു് ആരും ആകുലപ്പെടേണ്ടതില്ല. അവർ നിരന്തരമായ പരിശ്രമം ആലംബമാക്കേണ്ടതാണ്. എന്നാൽ മാത്രമേ സിദ്ധികൾ പരിമിതപരിമാണരായവർക്കു വിജയങ്ങൾ മാടിവിളിക്കാനൊക്കൂ. വിദ്യാസമ്പാദനത്തിനു് പരിശ്രമശീലിയാകുക എത്രയോ ആവശ്യമായിരിക്കുന്നു! ബുദ്ധിയെ മൂർച്ചപ്പെടുത്താനും ജ്ഞാനമാർജ്ജിക്കാനും കഴിവുകൾ വികസിപ്പിക്കാനുമാണു വിദ്യാഭ്യാസം നിലകൊള്ളുന്നതു്.

തുടച്ചയായ പരിശ്രമമുണ്ടെങ്കിലേ ഈ ലക്ഷ്യങ്ങളിലെത്താൻ സാധിക്കൂ, വിദ്യാൎത്ഥികൾക്ക് പ്രത്യേകിച്ച സിദ്ധികൾ പരിമിതമായി മാത്രം കൈമുതലായിട്ടുള്ളവൎക്ക്.

ഇംഗ്ലണ്ടിൻെറ പ്രധാനമന്ത്രിയായിരുന്ന ചൎച്ചിൽ ഒരു ദിവസം പൂർവ്വവിദ്യാലയം സന്ദർശിക്കാനെത്തി. 'ഹാരോ' എന്ന സ്കൂളിൽ പ്രിപ്പാറട്ടറി ക്ലാസ്സിൽ അദ്ദേഹം പഠിച്ചിട്ടുണ്ടായിരുന്നു. അദ്ധ്യാപകരും വിദ്യാൎത്ഥികളും പ്രൗഢമായ ഒരു പ്രസംഗമാണ് അദ്ദേഹത്തിൽനിന്നു പ്രതീക്ഷിച്ചതു്. പക്ഷെ സ്വീകരണത്തിനും സ്വാഗതത്തിനും ഹൃദയപൂർവ്വം നന്ദിപറഞ്ഞതിനുശേഷം വിദ്യാൎത്ഥികളുടെ നേരെ തിരിഞ്ഞു "Young gentlemen, Never give up! never give up, never give up, never give up, never, never, never" – യുവസുഹൃത്തുക്കളേ ഒരിക്കലും വിരമിക്കരുതു് എന്നുമാത്രം ഉദ്ബോധിപ്പിച്ചു. ഓരോ വാക്കും ആവേശത്തോടെയാണ് ഉച്ചരിച്ചതു്. കൂടുതലൊന്നും അദ്ദേഹം പറഞ്ഞില്ല. ഏതൊരു പ്രവൎത്തനവും വിജയിക്കുന്നതിനു നിരന്തരമായ പരിശ്രമം ആവശ്യമാണെന്നു് അദ്ദേഹം ഉദ്ബോധിപ്പിക്കുകയത്രേ ചെയ്തതു് ആ ചുരുങ്ങിയ പ്രസംഗത്തിലൂടെ.

പ്രതിദിനചിന്തയ്ക്കായി മിസ്റ്റർ കെല്ലർ രചിച്ച 'ഒരു നിമിഷത്തേക്കു' – one moment please എന്ന ഗ്രന്ഥത്തിൽ മാർച്ച് 10 - ാം തീയതിയിലെ ചിന്തയ്ക്കായി കൊടുത്തിരിക്കുന്ന സംഭവം ചേക്കുന്നു. ല്യൂ ക്രാഫ്ററ് എന്നയാൾ പാൽക്കട്ടി വിററു് ഉപജീവനം നടത്തിയിരുന്നു. പീടികകൾതോറും ചുററിനടന്നു പാൽക്കട്ടി വില്ക്കുക പതിവാക്കി. ഈ വ്യാപാരം അത്ര വിജയിച്ചില്ല. അയാളുടെ കടം വൎദ്ധിച്ചും കച്ചവടം ക്ഷയിച്ചുംകൊണ്ടിരുന്നു. ഒരു ദിവസം ഇരുന്നൂറു ഡോളറിൻെറ ചരക്കു വില്ക്കണമെന്നുറച്ചു പുറപ്പെട്ടെങ്കിലും അന്നു് ആകെ കിട്ടിയതു പതിനാറു ഡോളറായിരുന്നു. അതറിഞ്ഞു് അദ്ദേഹത്തിൻെറ ഒരു സ്നേഹിതൻ പറഞ്ഞു, "ല്യൂ നിങ്ങളുടെ ഈ വ്യാപാരമെല്ലാം തകൎന്നിരിക്കുകയാണ്, നിങ്ങളതു മനസ്സിലാക്കുന്നില്ലെന്നേയുള്ളൂ" പക്ഷെ, അദ്ദേഹം ഭഗ്നോ

ത്സാഹനായില്ല. പ്രയാസങ്ങളോട്ട പടവെട്ടിക്കൊണ്ടു മുന്നോട്ടുപോയി. മാത്രമല്ല, പത്തുകോടി ഡോളർ മുതൽ മുടക്കുള്ള ഒരു പാൽക്കട്ടിവ്യവസായം ആരംഭിക്കുകയും ചെയ്തു. ഒരിക്കൽ ക്രിസ്മസ്സിനു കീഴ്ജീവനക്കാർക്ക് അയച്ച കത്തിൽ ഇപ്രകാരമെഴുതി ''എൻെറ ജീവിതത്തിലെ ഏററവും വലിയ വിജയം പരാജയമനോഭാവത്തെ കീഴടക്കിയതാണ്''.

ഇത്തരുണത്തിൽ മഹാനായ ചെസ്റ്റെർട്ടൻെറ വാക്കുകൾ അനുസ്മരിപ്പിക്കുന്നു – കഴിവുകുറഞ്ഞാലും ഏൽക്കുന്ന ജോലി നന്നായി ചെയ്യുക. ഇതിനുദാഹരണമാണ് ആഫ്റിക്കയിലെ പ്രവർത്തനകാലത്തു ഗാന്ധിജിക്കുണ്ടായ ഒരനുഭവം. ബ്രിട്ടീഷുകാരും ഡച്ചുവംശത്തിൽപ്പെട്ട ബോവർകാരും തമ്മിൽ 1899-ൽ യുദ്ധം തുടങ്ങി. ഇൻഡ്യാക്കാർ ഗാന്ധിജിയുടെ കീഴിൽ ബ്രിട്ടീഷുകാരുടെ പക്ഷത്താണു നിന്നത്. ലേഡിസ്മിത്ത് എന്ന പട്ടണത്തിൽ ഇംഗ്ലീഷുകാരെക്കൂടാതെ ഇന്ത്യാക്കാർ താമസിച്ചിരുന്നു. യുദ്ധകാലത്തു നഗരാധിപൻ ഇന്ത്യയിൽനിന്നുള്ള ഒരു കൂലിവേലക്കാരനായ പാർഭുസിംഗിനെ ഉത്തരവാദവും അപകടവുമുള്ളതായ ഒരു ജോലി ഏല്പിച്ചു. പട്ടണത്തിനടുത്തു് ഒരു കുന്നിൻ മുകളിൽ ശത്രുക്കൾ സ്ഥാപിച്ചിരുന്ന വൻ തോക്കിൽനിന്നു് ഒന്നോ രണ്ടോ മിനിററു് ഇടവിട്ടു വെടിയുണ്ട പുറപ്പെട്ടിരുന്നു. ഇതു കാരണം കെട്ടിടങ്ങൾ കലുങ്ങി. അവസ്ഥക്കേടുകൾ സംഭവിച്ചു. മാത്രമോ ആൾനാശവും നിത്യസംഭവമായി. പട്ടണത്തിലുള്ളവർക്കു മുന്നറിയിപ്പു കിട്ടുമെങ്കിൽ വെടിയുണ്ട ഏൽക്കാതെ രക്ഷപെടാം. മുന്നറിയിപ്പു നൽകുവാൻ പാർഭുസിംഗ് നിയോഗിക്കപ്പെട്ടു. അയാൾ ഒരു വൃക്ഷത്തിൻെറ കൊമ്പിൽ തോക്കു പ്രവത്തിക്കുന്നിടത്തേക്കു നോക്കി ഇരിക്കണം. തോക്കിൽനിന്നു മിന്നൽപിണരു് ഉതിരുടുന്നതു കാണുന്ന നിമിഷത്തിൽ കയറുവലിച്ചു മണിനാദം കേൾപ്പിക്കും. അതിനായി പട്ടണത്തിലൊരിടത്തു മണി തൂക്കിയിട്ടിരുന്നു. തോക്കുണ്ട പുറപ്പെട്ടു എന്നതിനു സൂചനയാണ് ആ മണിമുഴക്കം. അതു കേട്ടു പട്ടണവാസികൾക്ക് ഒട്ടും

വൈകാതെ സുരക്ഷിതത്വം സ്വീകരിച്ചു രക്ഷപെടാൻ സാധിക്കുമായിരുന്നു. പാർഭുസിംഗിൻെറ ഈ സേവന മറിഞ്ഞു് അന്നു് ഇൻഡ്യയിൽ വൈസറോയി ആയിരുന്ന കർസൺ പ്രഭു യുദ്ധാനന്തരം ഒരു കാഷ്മീരി വസ്ത്രം സമ്മാനമായി എത്തിച്ചു. യുദ്ധത്തിൽ ജയിച്ച ബ്രിട്ടീഷു കാർ ടൗൺഹാളിൽ യോഗംകൂടി, സ്വജീവൻ അപകട പ്പെടുത്തി പട്ടണവാസികളെ രക്ഷപെടുത്തിയ ആ കൂലി വേലക്കാരനെ അനുമോദിച്ചു. ഈ സംഭവത്തിൽനിന്നു വിശിഷ്ടമായ ഒരു ഗുണപാഠം ഉരുത്തിരിയുന്നു. യാതൊ രുവനും അവൻ സാധുവും നിസ്സാരനുമായി കാണപ്പെ ട്ടാലും അന്യനല്ല, അവൻെറ സഹായം മററുള്ളവർക്കു് ആവശ്യമായിത്തീരും. ഭയചകിതനാണെങ്കിൽതന്നെ യും ഏൽക്കുന്ന ജോലി നന്നായി ചെയ്യുന്നതിനുള്ള കഴിവു പ്രകടിപ്പിക്കാതിരിക്കയില്ല.

ഏല്ക്കുന്ന ജോലി ശ്രദ്ധയോടെ ചെയ്താലും വിജയപ്രാ പ്തിക്കുവേണ്ടി നിരന്തരം ശ്രമിച്ചാലും പരാജയം വന്നുകൂ ടാവുന്നതാണു്. ഇതു മനസ്സിലാക്കി വിജയങ്ങളെപ്പോലും പിന്നിലാക്കിയ സോഷ്യലിസ്ററു നേതാവാണു ജയപ്ര കാശ് നാരായൻ. ആ സമഗ്രവിമോചകനേതാവു ഹിന്ദി യിൽ രചിച്ച ഒരു കാവ്യം ഇവിടെ പരാവർത്തനം ചെയ്യു ന്നു. ''ജീവിതം പരാജയങ്ങളാം നിറഞ്ഞതാണു്. വിജയം എന്നെ സമീപിച്ചപ്പോഴൊക്കെ എൻെറ പാതയിൽ നിന്നു ഞാൻ അതു നീക്കംചെയ്തു. ഇതു മടയത്തരമായിരുന്നുവോ? അല്ല, വിജയത്തിൻേറയും വീഴ്ചയുടേയും നിർവചനങ്ങളാം എൻെറ പുസ്തകത്തിൽ വ്യത്യസ്തങ്ങളാണു്. വിപ്ലവത്തെ ക്കുറിച്ചു പുനരാന്വേഷണം നടത്തുന്നതിനു ഞാൻ വേറെ മാർഗ്ഗങ്ങളാം, മററുനിലവാരങ്ങളാം സ്വീകരിച്ചു. പരിത്യാ ഗത്തിൻേറയും പുനർനിർമ്മാണത്തിൻേറയും സംഘട്ടന ത്തിൻേറയും സമ്പൂർണ്ണവിപ്ലവത്തിൻേറയും മാർഗ്ഗങ്ങളാം വിപ്ലവാന്വേഷണത്തിനുള്ള പടികളായിരുന്നു. ആളുകളാം അതിനെ പരാജയമെന്നു കരുതുമായിരിക്കും. എണ്ണിയാൽ തീരാത്ത ചവിട്ടുപടികളാണുള്ളതു്. ലക്ഷ്യസ്ഥാനം ഏറെ ദൂരെയാണു്. പാത വളരെ നിരപ്പില്ലാത്തതായാലും

എനിക്കു വഴിമദ്ധ്യേ നിറുത്തുവാൻ നിവൃത്തിയില്ല. എനിക്കു സ്വന്തമായ അഭിലാഷങ്ങളില്ല. അവയെല്ലാം ഈശ്വരനു മടക്കിക്കൊടുത്തിരിക്കുകയാണു്. ഞാൻ എന്റെ തോൽവികളിൽ തൃപ്തിപ്പെടുന്നു. പരാജിതമായ ഈ ജീവിതം യുവവിപ്ലവകാരികൾക്കു മുള്ളുകൾ നിറഞ്ഞ വഴികൾ നടന്നുനീങ്ങുവാൻ ആയാസരഹിതമാക്കിയിട്ടുണ്ടെങ്കിൽ ആയിരംമടങ്ങു സമ്മാനിക്കപ്പെട്ടു.''

ഈസോപ്പിന്റെ കഥകളിലൊന്നിൽ (Aesop's Fables) കാണുന്ന കലമാനെപ്പോലെയാണു മനുഷ്യരധികവും. ഒരു ദിവസം ആ ജീവി ദാഹം തീർക്കുന്നതിനു അതിന്റെ കുഞ്ഞിനെയുംകൂട്ടി ഒരു തടാകത്തിലെത്തി. ജലത്തിൽ തന്റെ ഛായ പ്രതിഫലിക്കുന്നതുനോക്കി കുട്ടിയോടു് പറഞ്ഞു. ''ഞാൻ എത്രയോ ശക്തനാണു്, എന്റെ ഭംഗിയേറിയ ശിരസ്സു നോക്കുക. എന്റെ കൈകാലുകൾ കാണുക. അവ ശക്തങ്ങളാണു്. മാംസപേശികൾ ഉറംകൊള്ളുന്നവയാണു്. എനിക്കു വേഗത്തിൽ ഓടാം.'' ഉടനെ കുറെ ദൂരത്തിൽനിന്നു കലമാൻ നായ്ക്കൾ കുരയ്ക്കുന്നതു കേൾക്കാനിടയാകുന്നു. അതു രക്ഷപെടുന്നതിനു് ഓടി. അനേകം നാഴിക ഓടിക്കഴിഞ്ഞു കിതച്ചുകൊണ്ടു തിരിച്ചെത്തി. അപ്പോൾ കലമാൻകുഞ്ഞു ചോദിച്ചു, ''വളരെ ബലവാനാണെന്നു എന്നോടു പറഞ്ഞതല്ലേയുള്ളൂ. പട്ടി കുരച്ചപ്പോൾ എന്തുകൊണ്ടു് ഓടേണ്ടിവന്നു?'' തള്ളകലമാൻ മറുപടിപറഞ്ഞു ''എന്റെ മോനേ, പട്ടികൾ കുരയ്ക്കുമ്പോൾ ധൈര്യം നഷ്ടപ്പെടുന്നു.'' ഇപ്രകാരമാണു നമ്മുടെയൊക്കെ അവസ്ഥ.

നമ്മൾ ബലവാന്മാരും ധീരന്മാരുമാണെന്നു് അഹങ്കരിക്കുന്നു. പ്രതിജ്ഞകൾ സ്വീകരിക്കുന്നു. എന്നാൽ പരീക്ഷണങ്ങളും പ്രലോഭനങ്ങളുമാകുന്ന നായ്ക്കൾ കുരയ്ക്കുമ്പോൾ നമ്മൾ ആ കഥയിലെ കലമാനെപ്പോലെയാണു്. ഈ സ്ഥിതിവിശേഷണത്തിനുള്ള ഏകപ്രതിവിധി നിരന്തരമായ പരിശ്രമത്തിൽ കാണേണ്ടിയിരിക്കുന്നു. ഒരു ദിവസംകൊണ്ടു് ഒരു കാര്യവും നേടാൻ പോകുന്നില്ല.

## 2 പരാജയങ്ങൾ മറികടന്നവർ

പരാജയങ്ങൾ വിജയസോപാനത്തിന്റെ ചവിട്ടു പടികളാണ് എന്ന ആപ്തവാക്യത്തിനു കഴമ്പുണ്ട്. അനേകർക്കുണ്ടായ അനുഭവങ്ങളുടെ വെളിച്ചത്തിൽ രൂപംകൊണ്ടതാകാമതു്. പലരുടേയും കണ്ടുപിടുത്തങ്ങളുടെ പുറകിൽ തോൽവികളും എന്നാൽ സ്ഥിരോത്സാഹവും ഉള്ളതായി കാണാം.

സിറാക്യൂസിലെ ഹീറോ രാജാവ് ഒരു രത്നവ്യാപാരിയുടെ പക്കൽ ഒരു കിരീടം പണിയുന്നതിനു കുറെ തൂക്കം സ്വർണ്ണം ഏല്പിച്ചു. അയാൾ കല്പനപ്രകാരം കിരീടം പണുതുകൊടുത്തു. പക്ഷെ അതു കണ്ടപ്പോൾ കൃത്രിമം ചെയ്തിട്ടില്ലേ എന്ന സംശയമുദിച്ചു. കുറച്ചെങ്കിലും സ്വർണ്ണം മാററി പകരം വെള്ളി കൂട്ടൽ ചേർത്തിട്ടുണ്ടാകണം. യാഥാർത്ഥ്യമറിയുവാൻ ശാസ്ത്രജ്ഞനായ ആർക്കിമിദെസ്സിനെ ( 287 - 212 B. C.) ചുമതലപ്പെടുത്തി. അദ്ദേഹം ഗവേഷണത്തിലേർപ്പെട്ടു. പ്രയോജനമില്ലെന്നു തോന്നി പരിശ്രമം ഉപേക്ഷിക്കാമെന്ന പതനംവരെ എത്തി. അപ്പോഴാണ് സാന്ദർഭികമായി ഒരാശയം ഉദിച്ചതു്. ഒരു പ്രഭാതത്തിൽ പതിവുപോലെ പൊതുവായ കുളിസ്ഥലത്തെത്തി. അവിടെ സ്വന്തമായ ടബ്ബിലിറങ്ങി. അപ്പോൾ ജലം ടബ്ബ് കവിഞ്ഞൊഴുകുന്നതു് അദ്ദേഹം ശ്രദ്ധിച്ചു. ഈ കാഴ്ച അദ്ദേഹത്തിന്റെ ചിന്തയെ തട്ടിയുണർത്തി. പെട്ടെന്നു ടബ്ബിൽനിന്നു കുതിച്ചുചാടി. ഉടുതുണി അഴിച്ചുവച്ചിരിക്കുകയാണെന്ന കാര്യംപോലും ഓർക്കാതെ തെരുവീഥികളിലൂടെ വീട്ടിലേക്കോടി. കണ്ടുപിടിച്ചു, കണ്ടുപിടിച്ചു (Eureka ! eureka !) എന്നു വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം കിരീടത്തിൽ മായം ചേർത്തിട്ടുണ്ടോ എന്നറിയാനുള്ള ശ്രമം തുടന്നു. കിരീടത്തിനൊപ്പം തൂക്കമുള്ള ഒരു സ്വർണ്ണക്കട്ടിയും വെള്ളി

ക്കട്ടിയും തയ്യാറാക്കിവച്ചു. ഇവയും കിരീടവും വക്കവരെ ജലം നിറച്ച പാത്രത്തിൽ വെവ്വേറെ മുക്കിപരിശോധിച്ചു. ഓരോപ്രാവശ്യവും കവിഞ്ഞൊഴുകിയ വെള്ളത്തിന്റെ അളവുനോക്കി. ഇപ്രകാരം പരീക്ഷണം നടത്തിയതിന്റെ ഫലമായി കിരീടം മുങ്ങികവിഞ്ഞൊഴുകിയ വെള്ളത്തിന്റെ അളവു സ്വർണ്ണക്കട്ടി മുങ്ങികവിഞ്ഞൊഴുകിയതിനെക്കാൾ കൂടുതലാണെന്നുതെളിഞ്ഞു. അതോടൊപ്പം വെള്ളിക്കട്ടിമുങ്ങി കവിഞ്ഞൊഴുകിയതിനേക്കാൾ കുറവാണെന്നും മനസ്സിലായി. ഇങ്ങനെ ഘനപദാൎത്ഥങ്ങളുടെ തൂക്കത്തെ അവ മുക്കി കവിഞ്ഞൊഴുകുന്ന ജലത്തിന്റെ തൂക്കത്തോടു താരതമ്യപ്പെടുത്തി രാജാവിന്റെ കിരീടം സംബന്ധിച്ച നിഗൂഢതയുടെ മറ നീക്കുവാൻ ആർക്കിമിദെസ്സിനു കഴിഞ്ഞു. ഈ കണ്ടുപിടുത്തം പ്രകൃതിയിലെ വലിയൊരു രഹസ്യത്തിനു പ്രതിനിവൃത്തിയായിരുന്നു. ആർക്കിമിദെസ് തത്വം (Principle of Archimedes) എന്ന നാമത്തിലാണു് അതു് അറിയപ്പെടുന്നതു്.

ഈ മഹാന്റെ വിയോഗം അദ്ദേഹം ഒരു ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ ആകസ്മികമായി സംഭവിച്ചു. റോമൻസൈന്യം സിറാക്യൂസ്പട്ടണം കീഴടക്കുകയായിരുന്നു. സൈന്യാധിപനായ മർച്ചെല്ലസ് (Marcellus) ഭടന്മാരോടു കല്പിച്ചു, ആർക്കിമിദെസ്സിന്റെ ജീവൻ അപഹരിക്കരുതെന്നു്. ആ ഗണിതശാസ്ത്രജ്ഞൻ അപ്പോൾ ചന്തസ്ഥലത്തു മണ്ണിൽ വൃത്തം വരച്ചു് ഒരു പ്രശ്നത്തിനു് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള ശ്രമത്തിലായിരുന്നു. അതിൽ അദ്ദേഹം മുഴുകിയിരിക്കുമ്പോൾ ഒരു റോമാഭടൻ വാളുമേന്തി അദ്ദേഹത്തെ സമീപിച്ചു, ''എന്റെ സ്നേഹിതാ'' ശാസ്ത്രജ്ഞൻ അപേക്ഷിച്ചു ''എന്നെ കൊല്ലുന്നതിനുമുമ്പു് ഈ വൃത്തം പൂർത്തിയാക്കാൻ എന്നെ അനുവദിക്കുക'' മദ്യപിച്ചിരുന്ന ആ ഭടൻ അതൊന്നും കേൾക്കാതെ ആർക്കിമിദെസ്സിനെ കുത്തിമറിവേല്പിച്ചു. ''കൊള്ളാം'' തറയിൽകിടന്നു മരിക്കുമ്പോൾ അദ്ദേഹം പറഞ്ഞു, ''അവൻ എന്റെ ശരീരം അപഹരിച്ചു; എന്നാൽ എന്റെ ആത്മാവിനെ ഞാൻ എടുത്തുകൊണ്ടുപോകും''.

ക്ഷേത്രഗണിതത്തിൻെറ (Geometry) ഉപജ്ഞാതാവാണു് യൂക്ളിഡ് (Euclid) എന്ന ഗ്രീക്കശാസ്ത്രജ്ഞൻ. അലക്സാന്ത്രിയായിൽ പ്രവർത്തിച്ചിരുന്ന സർവകലാശാലയിലെ അദ്ധ്യാപകവൃന്ദത്തിലെ ഒരംഗമായിരുന്ന അദ്ദേഹം ക്ഷേത്രഗണിതത്തിൻെറ ഉപപാദ്യങ്ങൾ (theorems) വിദ്യാർത്ഥികളെ വിശദമായി പഠിപ്പിച്ചുപോന്നു. എന്നാൽ ടോളമി (Ptolemy) രാജാവു് ഇതിൽ അക്ഷമനായി ഇങ്ങനെ വിമർശിച്ചു ''നിങ്ങൾ പഠിപ്പിക്കുന്ന രീതിയല്ലാതെ ക്ഷേത്രഗണിതം പഠിപ്പിക്കുന്നതിനു ചുരുങ്ങിയ മാർഗ്ഗമില്ലേ?'' യൂക്ളിഡ് മറുപടി പറഞ്ഞു, ''പ്രഭോ, രാജ്യത്തു് പൊതുജനങ്ങൾക്കായി പരുപരുത്തതും രാജകുടുംബത്തിനായി മിനുസമുള്ളതും എന്നിങ്ങനെ രണ്ടുതരം പാതകളുണ്ടു്. എന്നാൽ ക്ഷേത്രഗണിതം പഠിക്കാൻ എല്ലാവരും ഒരേ മാർഗ്ഗമാണു സ്വീകരിക്കേണ്ടതു്. ജ്ഞാനസമ്പാദനത്തിനു രാജകീയപാത എന്നൊന്നില്ല.''

ഒരിക്കൽ ശിഷ്യന്മാരിലൊരാൾ ക്ഷേത്രഗണിതത്തിലെ ആദ്യപാഠങ്ങൾ പഠിച്ചതിനുശേഷം ഗുരുവിനോടു ചോദിച്ചു. ''ക്ഷേത്രഗണിതം പഠിക്കുന്നതുകൊണ്ടു പ്രായോഗികതലത്തിൽ എന്തു പ്രയോജനമാണുള്ളതു്?'' ഇതുകേട്ടു് അദ്ദേഹം വേലക്കാരനോടു പറഞ്ഞു ''ഗ്രുമിയോ(Grumio) ഈ മാന്യനു് ഒരു നാണയം കൊടുക്കുക; പണം കൂടാതെ ഇയ്യാൾക്കു പഠിക്കുവാൻ സാധിക്കുന്നില്ല.''

വിവേകമതിയായ യൂക്ക്ളിഡ് ശാസ്ത്രഗവേഷണങ്ങൾക്കു പ്രതിഫലം കാംക്ഷിച്ചില്ല. പണത്തെ അദ്ദേഹം നിസ്സാരമാക്കിത്തള്ളിയിരുന്നു. പകരം അറിവിനെ അറിവിനുവേണ്ടി സ്നേഹിച്ചു. രാഷ്ട്രീയബലംകൊണ്ടോ സൈനികശക്തികൊണ്ടോ അദ്ദേഹം സ്വാധീനിക്കപ്പെട്ടിരുന്നില്ല. ''അവയെല്ലാം കടന്നുപോകും''. അദ്ദേഹം അഭിപ്രായപ്പെട്ടു, ''എന്നാൽ ആകാശനക്ഷത്രങ്ങളുടെ പദ്ധതികൾ നിത്യമായി നിലനില്ക്കും'',

ഓക്സ്ഫോർഡ് സർവകലാശാലയിലൊരിടത്തു് സ്ഥാപിച്ചിരിക്കുന്ന ഒരു ശിലാലിഖിതമാണിതു്. ''ഉന്നതതത്വജ്ഞനായ റോജർ ബേക്കൺ (Roger Bacon) പരീക്ഷണ ശാസ്ത്രത്തിലൂടെ ശാസ്ത്രമണ്ഡലത്തിൻെറ വ്യാപ്തി വികസിപ്പിച്ചയാം അക്ഷീണപ്രയത്നത്തിൻെറ ദീർഘജീവിതത്തിനുശേഷം 1292-ൽ ക്രിസ്തുവിൽ നിദ്രപ്രാപിച്ചു''–(The great philosopher Roger Bacon.... who by the experimental method extended ........ the realm of science after a long life of untiring activity .......fell asleep in Christ A. D. 1292).

റോജർ ബേക്കൺ ഒരു ഫ്രാൻസിസ്കൻ സന്യാസിയാണു്. സന്യാസജീവിതം സ്വീകരിക്കുന്നതിനു മുമ്പു് അദ്ദേഹം പാരീസ് സർവകലാശാലയിൽ തത്വശാസ്ത്രം പഠിപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ കണ്ടുപിടുത്തങ്ങളെക്കുറിച്ചു ലോകം അറിയുകയുണ്ടായില്ല. നിലവിലുള്ള ശാസ്ത്രവീക്ഷണങ്ങളെ അദ്ദേഹം ചോദ്യം ചെയ്തതുകൊണ്ടു് അധികാരികൾ അദ്ദേഹത്തിൽ മതഭിന്നതയെന്ന കുററമാരോപിച്ചു് അദ്ദേഹത്തെ ഏകാന്തതടവിലാക്കി. അവിടെ ബാഹ്യലോകത്തോടു ബന്ധപ്പെടാൻ കഴിയാതെ പതിന്നാലുവർഷം ജീവിക്കേണ്ടിവന്നു, ദിവംഗതനാകുന്നതിനു് അല്പകാലം മുമ്പുമാത്രമാണു സ്വതന്ത്രനായതു്.

അരിസ്റ്റോട്ടിലിൻെറ സിദ്ധാന്തങ്ങൾ ആസ്പദമാക്കി അന്നു തത്വശാസ്ത്രം പഠിപ്പിച്ചുപോന്നു. അവ ചോദ്യം ചെയ്യപ്പെടാത്തവയാണെന്നു പണ്ഡിതന്മാർ വിശ്വസിച്ചു. ആകാശഗോളങ്ങൾ വൃത്താകൃതിയിൽ സഞ്ചരിക്കുകയാണെന്നു് അവർ പഠിപ്പിച്ചു. എന്നാൽ മനുഷ്യൻ സത്യം കണ്ടുപിടിക്കണമെങ്കിൽ എളിമയുടെ പാത തിരഞ്ഞെടുക്കണമെന്നാണു റോജർ തീരുമാനിച്ചതു്. ''സത്യം അറിയേണ്ടതു ചിലരുടെ ആധികാരികമായ പ്രസ്താവനകളിൽനിന്നോ പുരാതന സിദ്ധാന്തങ്ങളെ കണ്ണടച്ചു് അനുഗമിക്കുന്നതിൽ നിന്നോ അല്ല''.

റോജറെ വിലമതിച്ച ഒരാളെങ്കിലുമുണ്ടായിരുന്നു – കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മാർപാപ്പാ തിരുമേനി. റോജർ സന്യാസി "പ്രകൃതിരഹസ്യങ്ങൾക്ക് അനേകം മറുപടിയും മനുഷ്യശരീരരോഗങ്ങൾക്ക് അനേകം പ്രതിവിധികളും" കണ്ടുപിടിച്ചു എന്നറിഞ്ഞ മാർപാപ്പാ അദ്ദേഹത്തിന് എഴുതി "താങ്കൾ പ്രധാനപ്പെട്ടവയെന്നു കരുതുന്ന വിഷയങ്ങൾ ഗ്രന്ഥരൂപത്തിലാക്കുക; കഴിയുന്നിടത്തോളം രഹസ്യമായിരിക്കണം." എന്നാൽ റോജർ എന്തു ചെയ്തെന്നോ? വിശ്വസ്തനായ ഒരു ശിഷ്യൻ വഴി ഓപ്പുസ്മാഞ്ഞൂസ് opus Majus എന്ന തൻെറ കൈയെഴുത്തുപ്രതി റോമിലേയ്ക്കയച്ചു. പക്ഷെ മാർപാപ്പാ അതു കാണുന്നതിനുമുമ്പ് ദിവംഗതനായി. ആരുടേയും ശ്രദ്ധയിൽപ്പെടാതെ പ്രസ്തുത കൈയെഴുത്തുകൃതി 450 വർഷക്കാലം വത്തിക്കാനിലെ ഗ്രന്ഥശേഖരത്തിൽ പൊടിപിടിച്ചു കിടന്നു.

കാരാഗൃഹത്തിലായിരുന്നപ്പോൾ റോജർ ബേക്കൺ ഇപ്രകാരമെഴുതി "ശാസ്ത്രത്തിൻെറ സത്യം സംവഹിക്കുന്നവൻ പണം സ്വീകരിക്കുകയോ അതന്വേഷിക്കുകയോ ചെയ്യുന്നില്ല. അയാൾ രാജാക്കന്മാരേയും പ്രഭുക്കന്മാരേയും പ്രീണിപ്പിച്ചിരുന്നെങ്കിൽ കീർത്തിമുദ്രയും സ്വത്തുംകൊണ്ട് അലംകൃതനായേനേ. പക്ഷേ താൻ സന്തോഷംകൊള്ളുന്ന ഗവേഷണങ്ങൾ തുടരുന്നതിന് അവ തടസ്സമാകും. വിജ്ഞാനാന്വേഷണത്തിൽ, തത്വജ്ഞനു തൻെറ മുറിയുടെ ചുമരുകളെ ലോകത്തിൻെറ അതിർത്തികൾവരെ നീക്കാൻ കഴിയും."

ഏകാന്തവാസത്തിൽ കഴിയുമ്പോൾ ശിഷ്യന്മാരെ കാണുന്നതിന് അധികാരികൾ റോജറെ അനുവദിച്ചിരുന്നു. ഒരു ദിവസം ശിഷ്യഗണത്തെ ചുററും നിറുത്തി ഒരു പ്രവചനം ചെയ്തു. അന്ന് അദ്ദേഹത്തിനു ജീവിതത്തിൻെറ അവസാനഘട്ടത്തിലെത്തി 80 വയസ്സ് പ്രായമുണ്ടായിരുന്നു. അദ്ദേഹം അവരോടു പറഞ്ഞു. "അന്വേഷണം നടത്തുന്നതിനു മനുഷ്യന് അവകാശമുണ്ട്. ഈ

ആദർശത്തിനുവേണ്ടി ഞാൻ എന്റെ ജീവിതം സമർപ്പിച്ചു. മനുഷ്യഗണം അതു് ആപ്തവാക്യമായി സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പരിശ്രമിക്കുന്നതിനുള്ള ഈ അവസരം, അബദ്ധം പററുന്നതിനുള്ള ഈ അവകാശം, വീണ്ടും പരീക്ഷണം നടത്തുന്നതിനുള്ള ഈ ധൈര്യം സ്വതന്ത്രമനുഷ്യരുടെ വിശ്വാസപ്രമാണമാണു്. ശാസ്ത്രജ്ഞന്മാരായ ഞങ്ങൾ ആത്മധൈര്യത്തോടെ പരീക്ഷണം നടത്തും, പരീക്ഷണം നടത്തും, എന്നും പരീക്ഷണം നടത്തും. ശതാബ്ദങ്ങൾതോറും പരീക്ഷണവും അബദ്ധവുമുണ്ടാകും. ഗവേഷണം കാഴ്ചവയ്ക്കുന്ന തീവ്രവേദന അനുഭവപ്പെടുന്നതാണു്. നിയമങ്ങൾ, കീഴ്വഴക്കങ്ങൾ, സാമ്പത്തിക സംവിധാനങ്ങൾ, ഗവർമ്മെൻറുകൾ എന്നിവകൊണ്ടു നമുക്കു പരീക്ഷണങ്ങൾ നടത്താം. ആകാശഗോളങ്ങൾ അവയുടേതായ ഭ്രമണവൃത്തങ്ങൾ കണ്ടുപിടിച്ചതുപോലെ, നമ്മൾ നേരായ മാർഗ്ഗങ്ങൾ തുറക്കുന്നതുവരെ ഗവേഷണങ്ങൾ തുടരണം. അനന്തരഫലം നമ്മളെല്ലാവരും നമ്മുടെ പ്രവർത്തനമണ്ഡലങ്ങളുടെ സൗഹൃദത്തിൽ ഒന്നിച്ചുനീങ്ങുമെന്നുള്ളതാണു്. ഒരു ഐക്യം, ഒരു വ്യവസ്ഥ, ഒരു പദ്ധതി എന്ന ഒരേകസൃഷ്ടിയുടെ ബൃഹത്തായ പ്രചോദനം കൊണ്ടാണു് അതുണ്ടാകേണ്ടതു്.''

ഏവംവിധം മഹത്തുക്കളുടെ പ്രവർത്തനശൈലി കാഴ്ചവയ്ക്കുന്ന പാഠമിതാണു്. ഭഗ്നാശരാകാതെ പരിശ്രമങ്ങളും പരീക്ഷണങ്ങളും നയിച്ചുകൊണ്ടിരിക്കുക.

## 3 ഉത്സാഹം കെട്ടവരാകാതിരിക്കുക

ജീവിതത്തിൽ എന്തെല്ലാം താളമേളങ്ങൾ സംഭവിച്ചാലും ഭഗ്നോത്സാഹരാകാതിരിക്കുക അതിപ്രധാനപ്പെട്ട മനോഭാവമായിത്തീരേണ്ടതാണു്. ജയാപജയങ്ങളെ സമചിത്തതയോടെ കൈകാര്യം ചെയ്ത ഒരു തൊഴിലാളിയുടെ ജീവിതം അവതരിപ്പിക്കുന്നു- അദ്ദേഹം നഷ്ടധൈര്യ

നാകാതെ ദൈവത്തിൽ ആശ്രയിച്ചു എന്നതു് തൻെറ പരിശ്രമങ്ങളെ മനോഹരമാക്കി.

അമേരിക്കയിലുള്ള ഫോർഡ് മോട്ടോർ കമ്പനിയിൽ ഒരു തൊഴിലാളിയായി ജോലിയിൽ പ്രവേശിച്ചു ലീ ഈയാക്കോക്കാ (LEE IACOCCA). പിന്നീട് അദ്ദേഹം പടിപടിയായി ഉയന്നു് ആ സ്ഥാപനത്തിൻെറ പ്രസിഡൻറാകുകയും ചെയ്തു. പക്ഷെ എട്ടുവർഷങ്ങൾക്കു ശേഷം കമ്പനിയുടെ ഉടമസ്ഥൻ ഹെൻറിഫോർഡ് അദ്ദേഹത്തെ ആ പദവിയിൽ നിന്നു നിഷ്കാസനം ചെയ്തു.

ഫോർഡിനു നെഞ്ചുവേദന അനുഭവപ്പെട്ടു തുടങ്ങി. ഹൃദ്രോഗത്താൽ മരിക്കുമെന്ന ശങ്കയുണർന്നു. അതിനാൽ കുടുംബംവക കമ്പനിയുടെ ഉന്നതാധികാരത്തിൽ ഇററലിയിൽനിന്നു കുടിയേറിപ്പാർത്ത ഒരാൾ തുടരാൻ പാടില്ല. ഈ സാഹചര്യമാണു ലീയെയ്ക്കെതിരെ നടപടി സ്വീകരിക്കാൻ പ്രേരിപ്പിച്ചതു്. ലീയുടെ അച്ഛൻ ഇററലിക്കാരനാണു്.

താമസംവിനാ ലീ ഈയാക്കോക്കാ, മറെറാരു മോട്ടോർ കമ്പനിയായ ക്രിസ്‌ലെറിൻെറ (Chrysler) ഭരണമേധാവിയായി. തകർച്ചയുടെ വക്കിലെത്തിയിരുന്ന പ്രസ്തുത സ്ഥാപനത്തെ അദ്ദേഹത്തിനു ജീവിപ്പിക്കാൻ കഴിഞ്ഞു. മാത്രമല്ല അതിനെ ഒന്നാംകിട മോട്ടോർ കമ്പനിയാക്കിത്തീർത്തു. 1984 – ൽ അദ്ദേഹം പ്രസിദ്ധീകരിച്ച സ്വയംകൃതചരിത്രത്തിലൂടെ തൻെറ വിജയത്തിൻെറ കാരണങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടു്. ബാലപ്രായത്തിൽ സമ്പാദിച്ച ദൈവവിശ്വാസത്തെക്കുറിച്ചു് അദ്ദേഹം പരാമർശിക്കുന്നതു നോക്കുക ''ദൈവത്തിലുള്ള ശക്തമായ വിശ്വാസം ഞങ്ങളെ നിലനിറുത്തി. എല്ലാ ഞായറാഴ്ചയും ഞാൻ പള്ളിയിൽ പോയിരുന്നു. ആഴ്ചതോറും അല്ലെങ്കിൽ രണ്ടാഴ്ചകൂടുമ്പോളൊരിക്കൽ ഞാൻ പരിശുദ്ധ കർബാന സ്വീകരിക്കുമായിരുന്നു''. ജീവിതത്തിൽ

ഉയർച്ചയും താഴ്ചയും ഉണ്ടാകുമെന്നു അദ്ദേഹത്തിന്റെ അച്ഛൻ മനസ്സിലാക്കിയിരുന്നു. അതിനാൽ ഒരു ദിവസം മകന് ഈ ഉദ്ബോധനം നല്കി: ''ജീവിതത്തിൽ ജയാപജയങ്ങൾ ഉണ്ടാകും. ജീവിതക്ലേശങ്ങളോടു പൊരുത്തപ്പെടാതെ നിവൃത്തിയില്ല. ജീവിതത്തിൽ ഒരളവുവരെ ദുഃഖം സ്വീകരിക്കേണ്ടിയിരിക്കുന്നു. സന്തോഷമെന്തെന്നറിയുന്നതിനു ദുഃഖമോ അതിനോടു താരതമ്യപ്പെടുത്താവുന്ന എന്തെങ്കിലുമോ സംഭവിക്കണം''. ഏതെങ്കിലും പ്രവർത്തനത്തിൽ പരാജയമുണ്ടായതു കാരണം ലീ അസ്വസ്ഥനാകുന്നതു് അച്ഛൻ കണ്ടിട്ടുണ്ടു്. അപ്പോഴെല്ലാം അദ്ദേഹം ഇങ്ങനെ ധൈര്യപ്പെടുത്തിയിരുന്നു. ''സൂര്യൻ ഉദിക്കാൻ പോകുന്നു. അതു് എപ്പോഴും അങ്ങനെ ചെയ്യുന്നു.'' തെറ്റുകൾ സംഭവിക്കുന്നതിനെക്കുറിച്ചു ലീ പരാതിപ്പെട്ടിരുന്നില്ല. ഇക്കാര്യത്തിൽ അദ്ദേഹത്തിനു ശരിയായ കാഴ്ചപ്പാടുണ്ടായിരുന്നു. ''തെറ്റുകൾക്കു കീഴ്പ്പെടേണ്ടിവരിക ജീവിതത്തിലെ ഒരു ഭാഗമാണു്. നിങ്ങൾക്കു് അവ ഒഴിവാക്കാൻ സാധിക്കുന്നതല്ല. ഒരു തെററുചെയ്താൽ അതു് ആവർത്തിക്കാതിരിക്കാനാണു നിങ്ങൾ സൂക്ഷിക്കേണ്ടതു്''.

ഫോർഡ് കമ്പനിക്കുവേണ്ടി ചെസ്റ്റർ എന്ന പട്ടണത്തിൽ ലീ ജോലി ചെയ്യുകാലത്തു ചാർലി ബീച്ചം (Charlie Beacham) പ്രാദേശിക മാനേജരായിരുന്നു. ലീയിൽനിന്നു് ഈ ഉദ്യോഗസ്ഥൻ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കാൻ ശ്രദ്ധിക്കാൻ മടിച്ചില്ല. തെററുകുററങ്ങളിൽ ഉൾപ്പെടുന്നവർ ഉത്തരവാദിത്വം വഹിക്കണമെന്നു ലീ നിർബന്ധമാക്കി. ''എപ്പോഴും ഓക്കുക'' അദ്ദേഹം ഉദ്ബോധിപ്പിച്ചിരുന്നു ''എല്ലാവർക്കും തെററു പററുന്നു. എന്നാൽ അധികമാളുകളും അതംഗീകരിക്കാൻ കൂട്ടാക്കുന്നില്ല എന്നതാണു പ്രശ്നമാകുന്നതു്. തെററുചെയ്തവൻ കുററം സമ്മതിക്കാൻ മടിക്കുന്നു. തന്റെ നിഷ്ക്രിയത്വംകൊണ്ടാണെന്നു് ഒരിക്കലും സമ്മതിക്കുകയില്ല. അയാളുടെ ഭാര്യ, ഗൃഹനായിക, മക്കൾ, അയാളുടെ നായ്

കാലാവസ്ഥ എന്നിവയിൽ കുററമാരോപിക്കാൻ ഉദ്യുക്ത നാകും. ഒരിക്കലും സ്വയം കുററമേൽക്കുകയില്ല. അതുകൊണ്ടു തെററുകളെക്കുറിച്ചു് എന്നോടു് ഒഴിവുകഴിവ് പറയരുതു്. കണ്ണാടിയിൽ നിന്നെത്തന്നെ നോക്കുക. എന്നിട്ടു് എന്നെ വന്നു കാണുക''.

1978 നവമ്പർ 3-ാം തീയതി ഒരു പത്രം (Detroit Free Press) ഇങ്ങനെയെഴുതി: ക്രിസ്‌ലർ നഷ്ടങ്ങൾ ഏററവും കൂടുതൽ; ലീ ഈയകോക്കാ, ക്രിസ്‌ലറിൽ ചേരുന്നു. (Chrysler Losses are worst ever, and Lee Iacocca joins Chrysler). ആ കമ്പനിയെ അദ്ദേഹം തകർച്ചയിൽനിന്നു രക്ഷിച്ചുകൊണ്ടു് അതിനെ പുനരുദ്ധരിച്ചു. ജോലിക്കാർ പൂർണ്ണമായി പുതിയ ഭരണമേധാവിയോടു സഹകരിച്ചു. അവർ സ്വയം ശമ്പളത്തുകകൾ വെട്ടിക്കുറച്ചു് അദ്ധ്വാനിക്കാൻ തയ്യാറായി. മൂന്നുവർഷംകൊണ്ടു കമ്പനിയുടെ കടബാധ്യതകൾ തീൎന്നു് അതു ലാഭത്തിലായി. ആളുകൾ അദ്ദേഹത്തെ പ്രശംസിച്ചു പറഞ്ഞു. ''നിങ്ങളുടെ വിജയം ഇരച്ചുകയറുന്ന ഒന്നാണു്. ഇതു് എങ്ങനെ സാധിച്ചു''?

ഈ ചോദ്യത്തിനു ലീ ഈയാക്കോക്കായ്ക്കുള്ള മറുപടി മാതാപിതാക്കളിൽനിന്നു ലഭിച്ച പാഠമാണു്. ''മനസ്സുവയ്ക്കുക. നിനക്കു സാധിക്കുന്നിടത്തോളം അറിവ് സമ്പാദിക്കുക. എന്നാൽ ദൈവത്തിൽ പ്രത്യാശ പുലർത്തിവേണം എന്തെങ്കിലും ചെയ്യേണ്ടതു്. മടിപിടിച്ചിരിക്കാതെ എന്തെങ്കിലും പ്രവർത്തിക്കുകയെന്നതു് എളുപ്പമല്ലെങ്കിലും കഠിനാദ്ധ്വാനംകൊണ്ടു വിജയിക്കുമെന്നതു സംശയമില്ലാത്ത കാര്യമാണു്. ഒരു സ്വതന്ത്രസമൂഹത്തിൽ നീ തീരുമാനിക്കുന്നിടത്തോളം നിനക്കു് ഉയരുവാൻ സാധിക്കുമെന്നതു് അതിശയിപ്പിക്കുന്ന അവസ്ഥാവിശേഷമല്ലേ? എന്നാൽ തീൎച്ചയായും ദൈവം ചൊരിയുന്ന ഏതൊരു കൃപയിന്മേലും നീ നന്ദിയുള്ളവനാകുക''.

## 4 വിശ്വാസം ഉലഞ്ഞപ്പോൾ

ദൈവികകാര്യങ്ങളിൽ ഉറച്ചവിശ്വാസം നമുക്കുണ്ടാകണം. ആത്മരക്ഷയ്ക്ക് അതാവശ്യമാണ്. പക്ഷെ വിശ്വാസം ബോധതലത്തിൽ ഇളകുന്ന സന്ദർഭങ്ങളുണ്ടാകും. അപ്പോഠം എന്തു ചെയ്യണമെന്ന് പുണ്യചരിതരായ ആളുകാഠം നമുക്കു മാർഗ്ഗനിർദ്ദേശം നല്കിയിട്ടുണ്ട്. തുടർച്ചയായ പരിശ്രമവും ക്ഷമാപൂർവമായ കാത്തിരിപ്പും ആവശ്യമാണെന്ന് അവർ ചൂണ്ടിക്കാണിക്കുന്നു.

വിൻസെൻറു ഡി പോഠം സഖ്യത്തിൻെറ നാമധാരിയാണല്ലോ വിശുദ്ധവിൻസെൻറു ഡിപോഠം. പതിനേഴാം നൂററാണ്ടിലാണ് ആ പതിതപ്രേമി ജീവിച്ചിരുന്നത്. ഒരിക്കൽ അദ്ദേഹം വിശ്വാസത്തിനെതിരായ പരീക്ഷകഠം കൊണ്ട് കഷ്ടപ്പെടാനിടയായ ഒരു ശാസ്ത്രപണ്ഡിതനെ രക്ഷപെടുത്തി. സംഭവം ഇപ്രകാരമാണ്. അവർ രണ്ടുപേരും രാജധാനിയിൽ താമസിക്കുകയായിരുന്നു. ശാസ്ത്രജ്ഞൻ ക്രൈസ്തവതത്വങ്ങഠം സംശയിക്കാൻതുടങ്ങി. അതു ശക്തിപ്പെട്ടുകൊണ്ടിരുന്നു. ജനാലയിലൂടെ പുറത്തുചാടി ആത്മഹത്യ ചെയ്യുവാൻ പോലും അദ്ദേഹത്തിനു് പ്രേരണയുണ്ടായി, ഒരുവക മാനസികവിഭ്രാന്തിയിൽപ്പെട്ട് അല്പം പോലും പ്രാർത്ഥിക്കുവാൻ കഴിവില്ലാത്തവനായിത്തീന്നു. സ്നേഹിതൻെറ ഈ ക്ലേശസ്ഥിതിയറിഞ്ഞു വിൻസെൻറ് സഹായിക്കാനെത്തി. വിശ്വാസപ്രകരണം ചൊല്ലി തൃപ്തിപ്പെടുവാൻ ഉപദേശിച്ചു. ഏതെങ്കിലും ദേവാലയത്തിലേക്കു വിരൽ ചൂണ്ടി അതു ചൊല്ലണമെന്നാവശ്യപ്പെട്ടു. പക്ഷെ ഫലമുണ്ടായില്ല. ആ ദൈവശാസ്ത്രജ്ഞൻ രോഗിയായിത്തീന്നു. ശാരീരികാവശത പ്രലോഭനത്തിൻെറ രൂക്ഷത വർദ്ധിപ്പിച്ചു.

വിശുദ്ധ വിൻസെൻറ് ആ ദുർഭഗനുവേണ്ടി ഹൃദയമുരുകി പ്രാർത്ഥിച്ചു. തന്നെയുമല്ല, അദ്ദേഹത്തെ അലട്ടുന്ന പ്രലോഭനങ്ങഠം സ്വയം ഏറെറടുക്കുകയാണെന്നുകൂടി പ്രസ്താവിച്ചു. അങ്ങനെ ഒരു സഹജീവിക്കുവേണ്ടി തന്നെ

ന്നെത്തന്നെ ആത്മബലിയായി ദൈവത്തിനു സമർപ്പിച്ചു. ഇതു ഫലമണിഞ്ഞു, സംശയങ്ങളും പ്രലോഭനങ്ങളും രോഗിയിൽ നിന്നു പൂർണ്ണമായും വിട്ടുമാറി. ആത്മീയാന്ധത ആത്മപ്രകാശത്തിനു വഴിമാറിക്കൊടുത്തു. ഹൃദയശാന്തിയും സന്തുഷ്ടിയും അദ്ദേഹത്തിനു തിരിച്ചുകിട്ടി. ഈ പരിതോഷാവസ്ഥയിൽ ഭാഗ്യമരണമടഞ്ഞു.

പക്ഷെ കാററു മാറിവീശി. തൻെറ വിശ്വാസം ചഞ്ചലിക്കുകയാണെന്നു വിൻസെൻറിനു തോന്നിത്തുടങ്ങി. ഉഗ്രമായ പ്രലോഭനങ്ങൾ അദ്ദേഹത്തെ വലയം ചെയ്തു. എന്നുവരികിലും ദൃഢചിത്തതയോടും ധീരതയോടുംകൂടി അന്ധകാരശക്തികളുടെ അഭിയോഗങ്ങളെ അഭിമുഖീകരിച്ചു. അങ്ങനെ അഗ്നിയിൽ സ്വർണ്ണമെന്നതുപോലെ തൻെറ ദാസനെ പ്രലോഭനങ്ങളുടെ തീച്ചൂളയിൽ പരീക്ഷിക്കാൻ ദൈവം തിരുമനസ്സായി. ആത്മാവിൽ തിങ്ങിക്കൂടിയ സന്ദേഹങ്ങളുടെ കൂരിരുൾപ്പാളികൾ ഭയാനകമായിരുന്നു. പരീക്ഷകളോടു മല്ലിട്ടു മടുത്തു, വിശ്വാസപ്രമാണം ഒരു കടലാസിലെഴുതി മേലങ്കിക്കുള്ളിൽ മാറോടു ചേർത്തു സൂക്ഷിച്ചുവച്ചു. അതു തൊടുമ്പോഴെല്ലാം വിശ്വാസപ്രകരണമായി സ്വീകരിക്കണമെന്നു ദൈവത്തോടു കരാറുചെയ്തിരുന്നു. ഇപ്രകാരമൊക്കെ ചെയ്തെങ്കിലും വിശ്വാസത്തിനെതിരായ പ്രലോഭനങ്ങളിൽനിന്നു പൂർണ്ണമോചനമുണ്ടായില്ല. താൻ പീഡിപ്പിക്കപ്പെടേണ്ടവനാണെന്നു് അദ്ദേഹം മനസ്സിലാക്കി. ഈ സ്ഥിതിവിശേഷം ഏകദേശം മൂന്നു വർഷം തുടന്നു.

വിശുദ്ധ വിൻസെൻറു വിശ്വാസനഷ്ടംബാധിച്ച ഒരു പണ്ഡിതനെ രക്ഷപെടുത്തി, വലിയൊരു നന്മയാണു് അദ്ദേഹം സഹജീവികൾക്കുവേണ്ടി ചെയ്തതു്. തീച്ചയായും വിശ്വാസക്കുറവുമൂലം കഷ്ടപ്പെടുന്നവരെ അവർ നിരാശയിൽ പെടാതിരിക്കാൻ നമ്മൾ അവരുടെ സഹായത്തിനെത്തണം; വൈമനസ്യം കാണിക്കരുതു്. വിശുദ്ധൻ തിക്തമേറിയഅനുഭവങ്ങളിൽനിന്നു, വിശ്വാസത്തിനെതിരായ പരീക്ഷകളിൽനിന്നു സ്വതന്ത്രനാകുവാൻ തീക്ഷ്ണ

തയോടെ പ്രാർത്ഥിച്ചു. ക്ഷമാപൂർവ്വം കാത്തിരുന്നു് അവസാനം വിജയം നേടി. ഇതും അനുകരണാർഹമായ സ്ഥിതിവിശേഷമാണു്. അടുത്തതായി വിശ്വാസത്തിൻെറ അന്തഃസത്തയിലേക്കു നമുക്കു കടക്കാം, വിശ്വാസമെന്താണെന്നു് നമുക്കു പഠിക്കാം.

പോൾ ആറാമൻ മാർപാപ്പാ 1972 ഒക്ടോബർ 4 -ാം തീയതിപൊതുസന്ദർശനം നൽകുകയായിരുന്നു. അന്നത്തെ പ്രഭാഷണത്തിൽ വിശ്വാസത്തെക്കുറിച്ചു ഉദ്ബോധനം കാഴ്ചവച്ചു, വിശ്വാസപരമായ ചില വാദമുഖങ്ങൾ പരാമർശിച്ചു. വിശ്വാസം ഏററുപറയുന്നതിനു മുമ്പു് വിശ്വസിക്കാൻ വിഷയമുണ്ടാകണം. അതിനുള്ള ദൈവവചനവും സന്ദേശവും വേദപുസ്തകം പ്രദാനം ചെയ്യുന്നു. ദൈവവചനം സ്വീകരിക്കാൻ സന്നദ്ധതയുണ്ടാകണം. അതോടൊപ്പം അരൂപിയുടെ നിശ്വസനം കൂടിയേ തീരൂ. പ്രഥമമായി ദൈവികസത്യങ്ങളെക്കുറിച്ചു ക്രൈസ്തവ ബോധവാന്മാരാകേണ്ടതാണു്. ഇതിൻെറ അഭാവംകൊണ്ടോ കുറവുകൊണ്ടോ ചിലർ വിശ്വാസത്തകർച്ചയിലെത്തുന്നു.

അറിവില്ലായ്മകൊണ്ടു ചിലർ വിശ്വാസമില്ലാത്തവരാണു്. അവർക്കറിഞ്ഞുകൂടാത്തതുകൊണ്ടു് ആദ്ധ്യാത്മിക കാര്യങ്ങൾ സ്വീകരിച്ചംഗീകരിക്കാൻ മടിക്കുന്നു. ''ഇതു ലാഘവബുദ്ധിയാണു്'' മാർപാപ്പാ പറഞ്ഞു. 'ബുദ്ധിമാനും വിജ്ഞാനിയുമായ ആധുനിക മനുഷ്യനു ചേർന്നതല്ല. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നമ്മുടെ ജീവിതത്തെ നയിക്കുന്നതിനും അതിൻെറ മൂല്യങ്ങൾ അളക്കുന്നതിനും മതം നിർണ്ണായകമായ മാനദണ്ഡമാണു്. മതവിജ്ഞാനം തേടിപ്പോകുമ്പോൾ അനേകം പ്രതിബന്ധങ്ങൾ അനുഭവപ്പെട്ടാൽത്തന്നെയും പഠനം നിറുത്താതെ തുടരേണ്ടതാണു്''. രണ്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന പണ്ഡിതനായ തെർത്തുലിയൻ എഴുതി, ''അറിഞ്ഞുകൂടാതെ ക്രിസ്തുമതത്തെ പഴിക്കരുതു്.'' ഭരണകൂടം ക്രൈസ്തവരെ പീഡിപ്പിക്കുന്നതു കണ്ടാണു് അദ്ദേഹം ആ കുറിപ്പെ

ഴുതിയതു്. മതകാര്യങ്ങൾ പഠിക്കാതെ വിശ്വാസപ്രമാണങ്ങൾ തള്ളിപ്പറയുന്നവർ അദ്ദേഹത്തിന്റെ വാക്കുകൾ ഓർത്തിരിക്കേണ്ടതാണ്. നമ്മുടെ മതത്തിന്റെ വിശ്വാസസത്യങ്ങൾ ബുദ്ധിക്കും മനസ്സിനും അന്യങ്ങളല്ല. ദൈവികസത്യങ്ങളെക്കുറിച്ച് ആത്മാർത്ഥമായും തുടർച്ചയായും നടത്തുന്ന പഠനം അതു ബോദ്ധ്യപ്പെടുത്തും. മനുഷ്യന്റെ ആത്മീയാഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുന്ന ആകർഷകമായ സാരൂപ്യം ദൈവികസത്യങ്ങൾക്കുണ്ട്''.

വിശ്വാസപരമായ രണ്ടാമത്തെ ഘടകമാണു ദൈവവചനം അഥവാ വിശ്വാസസത്യങ്ങൾ സ്വീകരിച്ചംഗീകരിക്കുക എന്നതു്. ഈ മാനസിക പ്രക്രിയകൊണ്ടു മനുഷ്യൻ ദൈവവിശ്വാസിയായിത്തീരുന്നു. പക്ഷേ വളരെ എതിർക്കപ്പെടുന്ന ഘടകമാണിതു്. കാരണം വിശ്വാസസത്യങ്ങൾ അംഗീകരിക്കുന്നതിനു മററുള്ളവരുടെ പഠനങ്ങൾ ആധാരമാക്കണമല്ലോ. ഇവിടെ അനുഭവജ്ഞാനമല്ല ഉള്ളതു്. ബലഹീനമായ സ്ഥിതിവിശേഷമാണെന്നു പറയാതെ നിവൃത്തിയില്ല. നിരീക്ഷണപരീക്ഷണങ്ങളാൽ ശാസ്ത്രവിജ്ഞാനം പുരോഗമിക്കുന്നു. പക്ഷേ ഉന്നതമായ ആത്മീയശക്തിയുടെ ഉടമയാണു മനുഷ്യൻ എന്നതു വിസ്മരിക്കാവുന്നതല്ല. ഒരു പരിധിവരെ സ്വാഭാവിക ന്യായങ്ങളാലോ പ്രത്യക്ഷീകരണങ്ങളാലോ ദൈവത്തെ നമ്മൾ കണ്ടുമുട്ടുന്നു. എന്നുവരികിലും ആധുനികമനുഷ്യൻ അതിനുള്ള താത്വികചിന്ത കരുപ്പിടിപ്പിക്കുന്നില്ല. ദിവ്യപ്രഭാഷണത്തിന്റെ വീചികൾ എത്തിപ്പിടിക്കാനുള്ള മനോഭാവം പുലർത്താതിരിക്കുകയാണ്. ഇത്തരുണത്തിൽ പാസ്കലിന്റെ ഉദ്ബോധനം അനുസ്മരിപ്പിക്കുന്നു, ''നന്നായി ചിന്തിക്കുന്നതിനു നമ്മൾ ഉത്സുകരാകണം. വിശ്വാസത്തിന്റെ അടിസ്ഥാനം മറെറാരാളുടെ ആധികാരികമായ സന്ദേശമാണ്. വിശ്വാസ്യതയ്ക്കു നിദാനമാകുന്നതു മറെറാന്നല്ല. നമ്മുടെ കാര്യത്തിൽ ഈശ്വരന്റെ ആധികാരികതയാണ് (authority) ഉപോൽബലമാകുന്നതു്; നിഗൂഢങ്ങളായ സത്യങ്ങളെക്കുറിച്ചു പ്രത്യേകിച്ചും.''

വിശ്വാസപരമായ മൂന്നാമത്തെ ഘടകമാണ പ്രസാദവരത്തിൻെറ പ്രവത്തനം നടക്കണമെന്നതു്. വിശ്വാസം ആർജ്ജിക്കുന്നതിനും അതു് ഏററുപറയുന്നതിനും ദൈവകൃപ ആവശ്യമാണ്. ദൈവദാനമാണെന്ന കാര്യം വിസ്മരിക്കാവുന്നതല്ല. പ്രകൃത്യതീതമായ പ്രചോദനംകൊണ്ടാണ മനുഷ്യൻ ദൈവവിശ്വാസിയാകുന്നതും ദൈവികസത്യങ്ങൾ സ്വീകരിച്ചംഗീകരിക്കുന്നതും. പക്ഷേ അവൻെറ ഭാഗത്തുനിന്നു ദൈവികസത്യങ്ങൾ പിൻചെല്ലുന്നതിനുള്ള മനോഭാവമുണ്ടാകുകയും അതനുസരിച്ചു വർത്തിക്കുകയും ചെയ്യുക ആവശ്യമാണ്.

മാർപാപ്പാ തൻെറ പ്രഭാഷണം സമാപിപ്പിക്കുന്നതിനു മുമ്പു വിശ്വാസത്തിലേയ്ക്കുള്ള മാർഗ്ഗങ്ങൾ എളുപ്പമാക്കുന്നതിനും വിജയിപ്പിക്കുന്നതിനും എന്തൊക്കെ ചെയ്യണമെന്നുകൂടി നിഷ്കർഷിച്ചു. ദൈവത്തോടു് ആഭിമുഖ്യം പുലത്തണമെന്നു പരിശുദ്ധ പിതാവു് ഉദ്ബോധിപ്പിച്ചു. എളിമയിലും പ്രാത്ഥനയിലും പ്രത്യാശയിലും ജീവിതത്തെ കരുപ്പിടിപ്പിച്ചു നയിക്കേണ്ടതാണ്. ഭവനങ്ങളിലും പൊതുവേദികളിലും പ്രത്യക്ഷപ്പെട്ടു ദൈവജനത്തിൻെറ വിശ്വാസപ്രമാണങ്ങളിൽ പങ്കെടുത്തു് ആത്മീയത അനുഭവപ്പെടുത്താൻ ജാഗരൂകരാകണം.

മനുഷ്യരുടെ പുകഴ്ച ദൈവത്തിനു് ആവശ്യമില്ലെന്നു നമുക്കറിയാം. എന്നാൽ ആളുകൾ ദൈവത്തെ പുകഴ്ത്തുന്നതിൽനിന്നു വിരമിക്കുകയാണെങ്കിലോ? പരസ്പരം അമിതമാംവിധം ബഹുമതികൾ അർപ്പിക്കുന്നതിനു ആനീതരാകുന്ന അവസ്ഥാവിശേഷം ഉത്ഭവിക്കുന്നതാണ്. മനുഷ്യർ ദൈവത്തോടു പ്രാത്ഥിക്കുന്നില്ലെങ്കിൽ, അങ്ങിൽ ആശ്രയിക്കുന്നില്ലെങ്കിൽ അവർ ആനുകൂല്യങ്ങൾക്കായി സമ്പന്നരുടേയും അധികാരികളുടേയുംനേരെ തിരിയുവാൻ നിർബന്ധിതരാകുമെന്നതിനു സംശയമില്ല. ഇതു് ഈശ്വരനു നിശ്ചയമുണ്ടെന്നതു വ്യക്തമല്ലേ. ദൈവികശക്തിയിൽ വിശ്വാസമില്ലാത്തവരും അതു നഷ്ടപ്പെട്ട

ത്തിയവരുമായ ആളുകൾ വ്യാജപ്രവാചകന്മാരേയും അവരുടെ വാഗ്ദാനങ്ങളേയും അനുഗമിക്കാതിരിക്കുമോ? ഈശ്വരനിഷേധകർ, ദൈവികപ്രത്യക്ഷീകരണതിരസ്കർ ദൈവത്തിൻെറ സ്വഭാവവിശേഷതകൾ മാംസത്തിനും രക്തത്തിനുമാണു നൽകിയിയിരിക്കുന്നതു്. എക്കാലത്തേയും ഭൗതികവാദികൾ ദൈവത്തിൻെറ വിജ്ഞാനവും അനുകമ്പയും പരിപാലനയും നിഷേധിച്ചവരാണ്. പക്ഷെ ആ വിശിഷ്ടഗുണങ്ങൾ രാജാക്കൾക്കും ഏകാധിപതികൾക്കും കൊടുത്തു. അവർ ഒരുക്കിയ പദ്ധതികളും തത്വസംഹിതകളും മനുഷ്യൻെറ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുമെന്നും അത്യാഗ്രഹങ്ങൾ നശിപ്പിക്കുമെന്നും പെരുമ്പറ മുഴക്കി. ജനങ്ങൾ ഗവണ്മെൻറിലേക്കു് അപേക്ഷകളും മെമ്മോറാണ്ടങ്ങളും അയയ്ക്കുന്നില്ലേ. എന്നാൽ അവ പരിഗണിക്കപ്പെടുമോ എന്ന ഭീതി ഏറെയാണുള്ളതു്.

ഇതൊന്നുമല്ല വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയുടെ സ്ഥിതിവിശേഷം. പ്രാർത്ഥനയുടെ അന്ത:സത്ത ക്ലേശമനുഭവിക്കുന്ന ആത്മാവിനു് അനുഭവപ്പെടുന്ന സാന്ത്വനമത്രേ. പ്രാർത്ഥിക്കുന്നവരുടെ മുഖം ദൈവവിജ്ഞാനത്തിലും പരിപാലനയിലും തീക്ഷ്ണമേറിയ വിശ്വാസം പ്രകടിപ്പിക്കുന്നു. ദുഷ്ടത വാഴുകയില്ലെന്നവർ വിശ്വസിക്കുന്നു. പലപ്പോഴും പ്രാർത്ഥനയാണു മനുഷ്യൻെറ ഏകപ്രത്യാശ. ജീവിതവ്യഗ്രതയിൽനിന്നുള്ള അഭയവും അതുതന്നെ. വിശ്വാസത്തോടുകൂടിയ ജീവിതവും പ്രാർത്ഥനയും ആത്മീയശക്തികളു കളമൊരുക്കുന്നു; വിജയാഹ്ലാദത്തിലെത്തിക്കുന്നു.

## 5 ദൈവത്തിൽ അഭയംഗമിച്ചവർ

അനേകായിരങ്ങളുടെ ഹൃദയം കവന്ന വിശുദ്ധ കൊച്ചുത്രേസ്യ വിശ്വാസത്തിനെതിരായ പ്രലോഭനത്തിനു തീവ്രമാംവിധം വശംവദയായിട്ടുണ്ടു്. നിത്യമായ ജീവിതത്തെക്കുറിച്ചു ചിന്തിക്കുമ്പോഴൊക്കെ ആരോ പരിഹസിക്കുന്നതായി അനുഭവപ്പെട്ടിരുന്നു.

''പ്രകാശവും സൗരഭ്യവുമുള്ള ഒരു ദിക്കിനെക്കുറിച്ചു നീ സ്വപ്നം കാണുകയാണ്. അത്ഭുതങ്ങളുടെ സ്രഷ്ടാവ് എന്നും നിൻേറതായിരിക്കുമെന്നു നീ വിശ്വസിക്കുന്നു. നിന്നെ മുഷിപ്പിക്കുന്ന ലോകത്തിൽനിന്ന് ഒരിക്കൽ രക്ഷപെടാമെന്നു നീ വിചാരിക്കുന്നു. കൊള്ളാം ആശിച്ചോളൂ: നീ മരണത്തെ കാത്തിരിക്കുക! എന്നാൽ നീ ആശിക്കുന്നതല്ലായിരിക്കും അതു നിനക്കു തരുന്നതു്. പിന്നെയോ ഇതിലും ഇരുട്ടേറിയ, തീരെ ശൂന്യപ്രായമായ ഒരു രാത്രിയായിരിക്കും അതു നല്കുന്നതു്''. ആത്മാവിൻെറ ഇരുളേറിയ ഈ ഘട്ടം വിശ്വാസത്തിനെതിരായ ഈ പ്രലോഭനങ്ങൾ എങ്ങനെ തരണം ചെയ്തുവെന്നു പുണ്യവതിയുടെ വാക്കുകളിൽ വിവരിക്കുന്നു. ''എൻെറ ജീവിതകാലം മുഴുവനിലും ഞാൻ ചെയ്തിട്ടുള്ളതിലധികം വിശ്വാസപ്രകരണങ്ങൾ, കഴിഞ്ഞ ഒരു വർഷത്തിൽ ഞാൻ ചെയ്തിട്ടുണ്ടു്. ശത്രു എന്നെ പോരിനു വിളിക്കുമ്പോഴൊക്കെ ഒരു വീരയോദ്ധാവിനെപ്പോലെ പെരുമാറുവാൻ ഞാൻ ശ്രമിക്കുന്നു. ദ്വന്ദയുദ്ധം ഭീരുത്വത്തിൻെറ ലക്ഷണമാണെന്നു് എനിക്കറിയാം. അതിനാൽ ശത്രുവിൻെറ മുഖത്തു് ഒരിക്കൽപോലും നോക്കാതെ ഞാൻ പുറം തിരിച്ചുകളയുന്നു. അതിനുശേഷം, എൻെറ രക്ഷകൻെറ പക്കലേക്കു് ഓടിയെത്തുകയാണ് ഞാൻ. അവിടുത്തോടു സ്വർഗ്ഗത്തെക്കുറിച്ചുള്ള വിശ്വാസത്തെ പ്രതി രക്തം ചൊരിയുവാൻ ഒരുക്കമൊണെന്നു് ഉണർത്തുന്നു''.

ആകയാൽ ഗാന്ധിജി നമുക്കു കാഴ്ചവയ്ക്കുന്ന ഉദ്ബോധനമിതാണ്. ''പാണ്ഡിത്യം ജീവിതത്തിൻെറ വിവിധ ഘട്ടങ്ങളിലൂടെ നിങ്ങളെ നയിക്കുന്നതാണ്. എന്നാൽ അപകടമുണ്ടാകുമ്പോഴും പ്രലോഭനങ്ങൾ കഷ്ടപ്പെടുത്തുമ്പോഴും പാണ്ഡിത്യംകൊണ്ടു പ്രയോജനമുണ്ടാകയില്ല. ഏതാദൃശസന്ദർഭങ്ങളിൽ വിശ്വാസത്തിനുമാത്രമേ നിങ്ങളെ രക്ഷപെടുത്തുവാൻ സാധിക്കൂ'' ചാരിത്രശുദ്ധിക്കെതിരെ അനുഭവപ്പെട്ട പരീക്ഷാവേളകളിൽ 'ദൈവം എന്നെ രക്ഷിച്ചു' എന്നു് അദ്ദേഹം കൃതാർത്ഥതയോടെ സമ്മ

തിച്ചിട്ടുണ്ട്. "ദൈവം എന്നെ രക്ഷിച്ചു എന്ന ഏററു പറച്ചിലിന് ആഴമേറിയ അർത്ഥമാണുള്ളത്. അക്കാര്യം ഞാൻ പൂർണ്ണമായി മനസ്സിലാക്കിയിട്ടില്ല. കൂടുതൽ അനുഭവങ്ങൾ ഉണ്ടായാലേ അതിനു സാധിക്കൂ. ആദ്ധ്യാത്മിക മണ്ഡലത്തിലും അഭിഭാഷകവൃത്തിയിലും രാഷ്ട്രീയ പ്രവർത്തനങ്ങളിലും സ്ഥാപനങ്ങളുടെ നടത്തിപ്പിലും എനിക്ക് അനുഭവപ്പെട്ട പരീക്ഷകളിലെല്ലാം എന്നെ ഈശ്വരൻ കാത്തുസൂക്ഷിച്ചു എന്നു പറയുവാൻ സാധിക്കും. എല്ലാ പ്രത്യാശയും നഷ്ടപ്പെടുമ്പോൾ സഹായികൾ പരാജയപ്പെടുകയും ആശ്വാസങ്ങൾ ഓടിമറയുകയും ചെയ്യുമ്പോൾ സഹായം എവിടെനിന്നെങ്കിലും എങ്ങനെയോ എത്തുന്നു. അപേക്ഷയും ആരാധനയും പ്രാർത്ഥനയും അന്ധവിശ്വാസമല്ല. ഭക്ഷിക്കുക, കുടിക്കുക, നടക്കുക, ഇരിക്കുക തുടങ്ങിയ പ്രവൃത്തികളെക്കാൾ അവ യാഥാർത്ഥ്യങ്ങളാണ്''.

കുടുംബഭാരംകൊണ്ടും കാൻസർരോഗംകൊണ്ടും മരണത്തോടടുത്ത ഒരു വീട്ടമ്മയെ രണ്ടു വൈദികർ ഒരിക്കൽ സന്ദർശിക്കുകയായിരുന്നു. അവൾ അവരോട് ഇങ്ങനെ അഭ്യർത്ഥിച്ചു. "ഞാൻ നിരാശപ്പെടാതിരിക്കാൻ അച്ചന്മാർ എനിക്കുവേണ്ടി പ്രാർത്ഥിക്കണം''. അഗാധമായ വിശ്വാസ പ്രകടനം ആ വാക്കുകളിലുണ്ടായിരുന്നു. ഒരു സാധ്വിസ്ത്രീയുടെ ഭാവപ്രകടനമാണു കണ്ടത്.

സ്നേഹനിധിയായ ദൈവത്തിൽ വിശ്വാസമർപ്പിച്ചു ജീവിക്കുന്നവർ അപകടസന്ധികളിൽ ദൈവകരങ്ങളിൽ സുരക്ഷിതരാണെന്നു വിചാരിക്കുന്നവരാണ്. 1984 ആഗസ്റ്റു 24 - ാം തീയതി വെള്ളിയാഴ്ച, രാവിലെ ഡൽഹിയിൽനിന്നു പുറപ്പെട്ട ഇന്ത്യൻ എയർലൈൻസിന്റെ ഒരു വിമാനം അപഹരിക്കപ്പെട്ടു. അപഹർത്താക്കളുടെ നിർബന്ധത്തിനു വഴങ്ങി ക്യാപ്ററനായ വി. കെ. മേത്ത വിമാനത്തെ ലാഹോറിലിറക്കി. അദ്ദേഹത്തിന് ഇതു രണ്ടാമത്തെ അനുഭവമായിരുന്നു. ഇത്തവണ വാർത്ത കേട്ടപ്പോൾ സംസാരിക്കാനാവാതെ ക്യാപ്ററന്റെ ഭാര്യ

പേടിച്ചു വിറച്ചു. എന്നാൽ അദ്ദേഹത്തിൻെറ 75 വയസ്സു പ്രായമായ അമ്മയുടെ പ്രതികരണം മററൊരു വിധത്തിലായിരുന്നു. ആ വനിത ധൈര്യം വെടിയാതെ പറഞ്ഞു. ''ദൈവം അവനെ രക്ഷിക്കും''.

ടാഗോർ മഹാകവി 1927 – ൽ സ്വപുത്രിക്കയച്ച കത്തുകളിലൊന്നിൽ ഇപ്രകാരമെഴുതി, ''ആത്മാവിൻെറ അധരങ്ങളിൽ നിത്യമായ സമാധാനത്തിനു് ഒരു സ്ഥലമുണ്ടു്. അവിടെ നമ്മുടെ നിത്യമായ സമ്പാദ്യങ്ങൾ ജനനമരണങ്ങൾക്കും ബന്ധുതാബന്ധങ്ങൾക്കും, വേർപാടുകൾക്കും, ലൗകികനേട്ടങ്ങൾക്കും കോട്ടങ്ങൾക്കുമുപരിയായി സ്ഥിതിചെയ്യുന്നു അവിടെ വസതി കണ്ടെത്തുമെങ്കിൽ, നമ്മൾ യഥാർത്ഥത്തിൽ ജീവിക്കുന്നവരാകും. ലോകത്തിനടുത്ത ജീവിതം നയിക്കുക ജീവിതമാകയില്ല''.

ഒരിക്കൽ പത്രങ്ങളിൽ വാർത്തപിടിച്ചുപററിയ ഒരു സംഭവം വിവരിക്കുന്നു. ഒരു രാത്രിയിൽ ഒരു വീടിനു തീപിടിച്ചു. അഞ്ചുവയസ്സായ ഒരു ബാലനൊഴിച്ചു് എല്ലാവരും പുറത്തേക്കു ചാടി രക്ഷപെട്ടു. അവനാകട്ടെ ഗോവണിപ്പടിയിലൂടെ താഴോട്ടിറങ്ങിയെങ്കിലും തീയും പുകയും കണ്ടു മുകളിലേക്കു തിരിച്ചുപോവുകയാണുണ്ടായതു്. എന്തു ചെയ്യണമെന്നറിയാതെ മററുള്ളവർ പകച്ചുനിന്നതേയുള്ളൂ. അഗ്നിപടലങ്ങൾ ഏറെ പടർന്നുകഴിഞ്ഞിരുന്നു. എന്നാൽ പെട്ടെന്നു് മുകൾത്തട്ടിലെ ഒരു ജനാല തുറന്നു് ആ ബാലൻ പുറത്തേക്കു തലകാണിച്ചു. അവനെ കണ്ടക്ഷണത്തിൽ അവൻെറ പിതാവ് വിളിച്ചുപറഞ്ഞു. ''മകനെ, താഴേക്കു ചാടുക; നിന്നെ ഞാൻ പിടിച്ചുകൊള്ളാം''. അവൻ അപ്പച്ചൻെറ ശബ്ദമേ കേട്ടുള്ളൂ. അപ്പച്ചനെ കാണുവാൻ സാധിക്കുന്നില്ല. അതിനാൽ അവൻ നിലവിളിച്ചുപറഞ്ഞു, ''അപ്പച്ചാ, എനിക്കു് അപ്പച്ചനെ കാണുവാൻ സാധിക്കുന്നില്ല''. അതു കേട്ട ആ വത്സലപിതാവ് വീണ്ടും പറഞ്ഞു. ''മകനേ ഒട്ടും ഭയപ്പെടേണ്ടാ, അപ്പച്ചനു നിന്നെ കാണാം. അതു

മതി, ചാടിക്കൊള്ളുക''. പിതാവിന്റെ വാക്കുകളിൽ വിശ്വാസം അർപ്പിച്ചുകൊണ്ടു ആ ബാലൻ രണ്ടാംനിലയിൽനിന്നു പിതാവിന്റെ കരങ്ങളിലേക്കു ചാടി രക്ഷപെട്ടു. കത്തിക്കൊണ്ടിരിക്കുന്ന ഒരു വീടിന്റെ ജനാലയിൽ നിന്നിരുന്ന ആ ബാലനെപ്പോലെയല്ലെ ഒരു ക്രൈസ്തവനു ദൈവത്തിൽ പ്രത്യാശയുണ്ടാകേണ്ടതു്. തന്റെ കഷ്ടതകളിൽ അവൻ ദൈവത്തിന്റെ ശബ്ദം ശ്രവിക്കേണ്ടിയിരിക്കുന്നു. എന്നിൽ വിശ്വസിക്കുക, എന്റെ കരങ്ങളിലേക്കു ചാടുക''.

ഒരാൾക്കുണ്ടായ സ്വപ്നം അനുഗമിക്കുന്നതു വിശ്വാസത്തോടെ ദൈവത്തിലാശ്രയിക്കുവാൻ നമ്മെ ഉത്തേജിപ്പിക്കുന്നതാണു്. അയാളുടെ വാക്കുകളിൽ അതിവിടെ ചേർക്കുന്നു. ''ഞാൻ ഒരു രാത്രിയിൽ ഒരു സ്വപ്നം കണ്ടു. ഞാനും കർത്താവായ ദൈവവുമൊന്നിച്ചു തോളോടുതോൾ ചേർന്നു കടൽത്തീരത്തെ മണൽപ്പരപ്പിൽക്കൂടി നടക്കുകയായിരുന്നു. കുറെ നടന്നു കഴിഞ്ഞപ്പോൾ, ആകാശത്തേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു കർത്താവു് എന്നോടു പറഞ്ഞു. അതാ മുകളിലേക്കു നോക്കു്. അവിടെ ആകാശത്തിൽ അനന്തമായ ഒരു മണൽപ്പരപ്പു് കാണുന്നില്ലേ? ആ മണൽപ്പരപ്പിൽ നിന്റെ ജീവിതയാത്രയിലെ കാല്പാടുകൾ നിനക്കു കാണാം. ഞാൻ അപ്പോൾ സൂക്ഷിച്ചുനോക്കി. കർത്താവിന്റെയും എന്റെയും കാല്പാടുകൾ അടുത്തടുത്തു് അനന്തമായ ആ മണൽപ്പരപ്പിൽ ഞാൻ കണ്ടു. എന്റെ ജീവിതത്തിന്റെ പ്രധാനഘട്ടങ്ങളും സംഭവങ്ങളും സ്പഷ്ടമായി ഞാൻ അവിടെ വീക്ഷിച്ചു, എന്റെ ജീവിതനാടകത്തിന്റെ അവസാനരംഗംപോലും എന്റെ മുമ്പിൽ അനാവരണംചെയ്യപ്പെട്ടപ്പോൾ, ആ ആകാശമണൽപ്പരപ്പിലേക്കു ഞാൻ ആകമാനം ഒന്നുകൂടി കണ്ണോടിച്ചു. അപ്പോഴാണു് എന്നെ ആശ്ചര്യപ്പെടുത്തിയ ഒരു വസ്തുത ഞാൻ മനസ്സിലാക്കിയതു്. എന്റെ ജീവിതത്തിന്റെ ചില ഘട്ടങ്ങളിൽ, വിശിഷ്യ ഏററവും വിഷമമേറിയ ഘട്ടങ്ങളിൽ, ഒരാളുടെ കാല്പാടുകൾ മാത്രമേ ഞാൻ മണലിൽ കണ്ടുള്ളൂ . ഞാൻ കർത്താവിനോടു ചോദിച്ചു.

''അങ്ങ് എൻെറകൂടെ ഉണ്ടായിരിക്കുമെന്നു വാഗ്ദാനം ചെയ്തിട്ട്, എന്തുകൊണ്ടാണ് എൻെറ ജീവിതത്തിലെ ഏററവും ദുർഘടനിമിഷങ്ങളിൽ അങ്ങ് എന്നിൽനിന്നു മാറിപ്പോയതു്? ആ വിഷമസന്ദർഭങ്ങളിൽ ഒരാളുടെ കാല്പാടുകൾ മാത്രമല്ലേ ഞാൻ കാണുന്നുള്ളൂ''. എന്നാൽ കർത്താവു പറഞ്ഞു. ''പ്രിയമകനേ, എപ്പോഴും നിൻെറകൂടെ നടക്കുന്ന ഞാൻ നിൻെറ വിഷമനിമിഷങ്ങളിൽ നിന്നെ ഉപേക്ഷിക്കുമോ? നിൻെറ ജീവിതത്തിലെ ഏററവും വിഷമമേറിയ സന്ദർഭങ്ങളിൽ നമ്മൾ രണ്ടുപേരുടേയും കാല്പാടുകൾ മണൽപ്പരപ്പിൽ നീ കാണാഞ്ഞതു് എന്തുകൊണ്ടാണെന്നറിയാമോ? ആ സന്ദർഭങ്ങളിലെല്ലാം ഞാൻ നിന്നെ എൻെറ തോളിൽകയററിക്കൊണ്ടു നടക്കുകയായിരുന്നു. അതുകൊണ്ടാണ് ആ നിമിഷങ്ങളിലെല്ലാം ഒരാളുടെ കാല്പാടുകൾമാത്രം നീ മണലിൽ കാണുന്നതു്. ഉടൻ തന്നെ എൻെറ സ്വപ്നം തീൎന്നു.'' പുരാതനമായ ഈ സ്വപ്നവ്യാഖ്യാനം നമ്മൾ ഒരിക്കലും തനിച്ചല്ല, ഏകാന്തത അനുഭവപ്പെടുന്ന നിമിഷങ്ങളിൽപ്പോലും തനിച്ചല്ല, സ്നേഹമയനായ ദൈവം നമ്മോടുകൂടിയുണ്ട് എന്ന സത്യാവിഷ്കരണം ഉദ്ഘോഷിക്കുന്നു.

ഗാന്ധിജി ഹരിജൻ മാസികയിൽ ഇപ്രകാരമെഴുതി. ''അര നൂററാണ്ടുകാലത്തിൽ കൂടുതലായി ഞാൻ നിർബന്ധിച്ചു വാങ്ങുന്ന സ്വഭാവക്കാരനായ ദൈവത്തിനു ദാസനായിത്തീൎന്നു. അവിടുത്തെ ശബ്ദം വർഷങ്ങൾ പിന്നിട്ടതോടെ വർദ്ധിതമായ തോതിൽ എനിക്കു ശ്രാവ്യമാണ്. ഏററവും അന്ധകാരാവൃതമായ മണിക്കൂറിലും അവിടുന്ന് എന്നെ ത്യജിച്ചില്ല. ഞാൻ കൂടുതൽ അവിടുത്തേക്കു കീഴടങ്ങിയപ്പോൾ കൂടുതലായിരുന്നു എൻെറ സന്തോഷം'' (6 – 5 – 1933 ).

## 6 മനസ്സാക്ഷിയും സ്വാതന്ത്ര്യവും

''മനസ്സിൻെറ അഗാധതലങ്ങളിൽ മനുഷ്യൻ ഒരു നിയമം കാണുന്നുണ്ട്. അത് അവൻ സ്വയം തൻെറ മേൽ ആരോപിച്ചതല്ല; പ്രത്യുത, അവൻ ഈ നിയമം അനുസരിക്കാൻ നിർബന്ധിതനായിത്തീരുകയാണ്. നന്മയെ സ്നേഹിക്കാനും തിന്മയെ ഉപേക്ഷിക്കാനും എപ്പോഴും ആഹ്വാനം ചെയ്തുകൊണ്ടു മനഃസാക്ഷിയുടെ സ്വരം അത്യാവശ്യഘട്ടങ്ങളിൽ അവൻെറ ഹൃദയത്തിൽ മന്ത്രിക്കുന്നുണ്ട്. 'ഇതു ചെയ്യുക, അതു വർജ്ജിക്കുക' എന്നൊക്കെ. കാരണം, മനുഷ്യഹൃദയങ്ങളിൽ ദൈവത്താൽ ആലേഖിതമായ ഒരു നിയമമുണ്ട്, അതനുസരിക്കുന്നതാണു മനുഷ്യൻെറ മാഹാത്മ്യം; അതനുസരിച്ച് അവൻ വിധിക്കപ്പെടുകയും ചെയ്യും. മനുഷ്യൻെറ ഏററം രഹസ്യമായ ഉള്ളറയും ദിവ്യസ്ഥാനവുമാണു മനസ്സാക്ഷി. അവിടെ തൻെറ അന്തരാളങ്ങളിൽ ആരുടെ സ്വരം പ്രതിധ്വനിക്കുന്നുവോ ആ ദൈവത്തോടുകൂടി അവൻ ഏകനാണ്. ദൈവസ്നേഹത്താലും പരസ്നേഹത്താലും പരിപൂരിതമായ ആ സ്നേഹം അത്ഭുതാവഹമാംവിധം മനഃസാക്ഷിയിൽ വെളിപ്പെടുന്നു. മനഃസാക്ഷിയോടു വിശ്വസ്തരായി ക്രൈസ്തവർ സത്യാന്വേഷണത്തിൽ മററുമനുഷ്യരോടു യോജിച്ചിരിക്കുന്നു'' ( സഭ ആധുനിക ലോകത്തിൽ – 16).

മനുഷ്യൻെറ അവബോധത്തിൽ ഉരുത്തിരിയുന്ന അനുഭവവിശേഷമായ മനസ്സാക്ഷിയെക്കുറിച്ചു പോൾ ആറാമൻ മാർപ്പാപ്പാ 1975 ഒക്ടോബർ മാസത്തിലൊരു ദിവസം ഉദ്ബോധനം നൽകി. വളരെ പ്രായോഗികത ഉൾക്കൊള്ളുന്ന ആ സന്ദേശമിതാണ്. ''നമ്മുടെ പ്രവൃത്തികൾ സത്യസന്ധമാകുന്നതിനു മനസ്സാക്ഷി തീർച്ചയായ മാനദണ്ഡമാണ്. മനുഷ്യൻെറ വ്യക്തിത്വം വികസിപ്പിക്കുന്നതിനു മനസ്സാക്ഷിയെ ബഹുമാനിക്കണമെന്നു ദൈവം ആവശ്യപ്പെടുന്നു. അറിവുള്ളതാക്കി അതിനെ നയിക്കേണ്ടതാണ്. ഇക്കാര്യത്തിനു ചട്ടങ്ങളും നിയമങ്ങളും

കൂടിയേതീരൂ. അല്ലാത്തപക്ഷം വികാരങ്ങാംക്കും, പ്രത്യേക താല്പര്യങ്ങാംക്കും അന്യരുടെ തെററായ മാതൃകകാംക്കും കീഴ്പെട്ട് അതിൻെറ പ്രവർത്തനം മന്ദീഭവിക്കാനും വഴിപിഴയ്ക്കാനും ഇടയുണ്ട്. നിയമങ്ങളും ചട്ടങ്ങളും കൂടാതെ, ബാഹ്യമായ സാഹചര്യങ്ങാംക്ക വഴങ്ങുന്ന സന്മാർഗ്ഗജീവിതം മനുഷ്യരെ കാററത്തു ചലിക്കുന്ന ഞാങ്ങണകാംക്കു തുല്യമാക്കും''.

വേദപുസ്തകത്തിൽ വിശുദ്ധ പൌലോസിൻെറ ലേഖനങ്ങളിലാണ മനസ്സാക്ഷിയെക്കുറിച്ചു വളരെ പരാമർശനങ്ങാം ഉള്ളത്. അദ്ദേഹം മനസ്സാക്ഷിയുടെ പ്രധാനപ്പെട്ട കർത്തവ്യങ്ങാം ചൂണ്ടിക്കാണിക്കുന്നു. ''ഞങ്ങാം ലോകത്തിൽ, പ്രത്യേകിച്ചു നിങ്ങളുടെയിടയിൽ, വിശുദ്ധിയോടും പരമാർത്ഥതയോടുംകൂടെ വ്യാപരിച്ചു എന്ന മനസ്സാക്ഷിയാണ ഞങ്ങളുടെ അഭിമാനം. അതു ഭൌതികജ്ഞാനത്താലല്ല, ദൈവകൃപയാലാണ സാധിച്ചതു്'' ( 2 കൊറി . 1 : 12 ). ഈ വാക്കുകളിലൂടെ അദ്ദേഹത്തിൻെറ ആത്മാർത്ഥതയാണ നമുക്കനുഭവപ്പെടുന്നതു്. മന:സാക്ഷിയെ മാനിക്കണമെന്നു് അദ്ദേഹം ഉപദേശിക്കുന്നു. ''ആകയാൽ, ദൈവത്തിൻെറ ക്രോധം ഒഴിവാക്കാൻവേണ്ടിമാത്രമല്ല മനസ്സാക്ഷിയെ മാനിച്ചും നിങ്ങാം വിധേയത്വം പാലിക്കുവിൻ'' (റോമ 13 : 5). ''ചന്തയിൽ വിൽക്കപ്പെടുന്ന ഏതുതരം മാംസവും വാങ്ങി മനശ്ചാഞ്ചല്യം കൂടാതെ ഭക്ഷിച്ചുകൊള്ളുവിൻ. കാരണം, ഭൂമിയും അതിലുള്ള സർവ്വവും കർത്താവിൻേറതാണു്'' (1 കൊറി. 10 : 25). ''അവരെ കുററപ്പെടുത്തുന്നതിൻെറ ലക്ഷ്യം പരിശുദ്ധമായ ഹൃദയത്തിലും നല്ല മനസ്സാക്ഷിയിലും നിഷ്കപടമായ വിശ്വാസത്തിലുംനിന്നു രൂപംകൊള്ളുന്ന സ്നേഹമാണു്'' (1 തിമോ. 1 : 5). ''എൻെറ മകനായ തിമോത്തേയോസേ, നിന്നെക്കുറിച്ചു നേരത്തെ ഉണ്ടായിട്ടുള്ള പ്രവചനങ്ങാംക്കനുസൃതം വിശ്വാസത്തോടും നല്ലമനസ്സാക്ഷിയോടുംകൂടെ നന്നായി പോരാടുന്നതിനുള്ള ചുമതല നിന്നെ ഞാൻ ഭരമേല്പിക്കുന്നു. ചിലയാളുകാം മന:സാക്ഷിയെ തിരസ്കരിച്ചുകൊണ്ടു വിശ്വാസം തീർത്തും

നശിപ്പിച്ചുകളയുന്നു'' (1 തിമോ. 1 : 19). പൗലോസ് അപ്പസ്തോലൻ ചില കത്തുകളിലൂടെ മനസ്സാക്ഷിയെക്കുറിച്ച് അഭിമാനപൂർവ്വം സംസാരിക്കുന്നതു കാണാം. ''രാവും പകലും എൻെറ പ്രാർത്ഥനകളിൽ ഞാൻ സദാ നിന്നെ സ്മരിക്കുമ്പോഠം, എൻെറ പിതാക്കന്മാർ ചെയ്തതു പോലെ നിർമ്മലമനഃസാക്ഷിയോടുകൂടെ ഞാൻ ആരാധിക്കുന്ന ദൈവത്തിനു നന്ദിപറയുന്നു'' (2 തിമോ. 1 : 3). ''ഞങ്ങഠംക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും മാന്യമായി പെരുമാറുന്നതിന് ആഗ്രഹിക്കുന്ന ഒരു നല്ല മനസ്സാക്ഷിയാണ് ഞങ്ങളുടേതെന്ന ബോധ്യം ഞങ്ങഠംക്കുണ്ട്'' (ഹെബ്രാ. 13: 18). ദുഷിച്ച മനസ്സാക്ഷി പുലർത്തുന്നവരെക്കുറിച്ച് വളരെ അതൃപ്തിയോടെയാണ് അപ്പസ്തോലൻ സംസാരിക്കുന്നത്. ''വരും കാലങ്ങളിൽ ചിലർ കപടാത്മാക്കളിലും പിശാചിൻെറ പ്രബോധനങ്ങളിലും ശ്രദ്ധയർപ്പിച്ചുകൊണ്ടു വിശ്വാസത്തിൽനിന്നു വ്യതിചലിക്കുമെന്ന് ആത്മാവ് വ്യക്തമായിപ്പറയുന്നു. മനസ്സാക്ഷി കത്തിക്കരിഞ്ഞുപോയ നുണയന്മാരുടെ കാപട്യമാണ് ഇതിനു കാരണം''(1 തിമോ. 4 ; 1 - 2). ''നിർമ്മലഹൃദയക്ക് എല്ലാം നിർമ്മലമാണ്; എന്നാൽ, മലിനഹൃദയർക്കും അവിശ്വാസികഠംക്കും ഒന്നും നിർമ്മലമല്ല. അവരുടെ ഹൃദയവും മനസ്സാക്ഷിയും ദുഷിച്ചതാണ്'' (തീത്തോസ് 1 : 15).

നല്ല മനസ്സാക്ഷി ഒരാളെ സ്വതന്ത്രനാക്കുമെന്ന് അപ്പസ്തോലന്മാർക്കുണ്ടായ അനുഭവം വെളിപ്പെടുത്തുന്നു. സധൈര്യം അഭിപ്രായങ്ങഠം പുറപ്പെടുവിക്കാൻ മടിക്കുകയില്ല. ഒരിക്കൽ സഹസ്രാധിപന്മാരിലൊരാഠം പൗലോസ് ശ്ലീഹായെ വിചാരണയ്ക്കായി യഹൂദന്മാരുടെ ആലോചനാസംഘത്തിൻെറ മുമ്പിൽ ഹാജരാക്കി. അപ്പസ്തോലൻ സംഘത്തെ സൂക്ഷിച്ചുനോക്കിക്കൊണ്ടു പറഞ്ഞു 'സഹോദരന്മാരേ, ഇന്നേവരെ ദൈവത്തിൻെറ മുമ്പിൽ നല്ല മനസ്സാക്ഷിയോടെയാണു ഞാൻ ജീവിച്ചതു്' (അപ്പ. പ്രവ. 23:1). അവിശ്വാസിയായ ഒരുവൻ നൽകുന്ന ഭക്ഷണം കഴിക്കാമെന്ന് അപ്പസ്തോലൻ പറയുന്നു. എന്നാൽ അവൻ തരുന്ന

ഭക്ഷണം ബലിയർപ്പിക്കപ്പെട്ട പദാർത്ഥമാണെന്നു് ആരെങ്കിലും വെളിപ്പെടുത്തിയാൽ "ഈ വിവരം അറിയിച്ച ആളെക്കരുതിയും മനസ്സാക്ഷിയെക്കരുതിയും നീ അതു ഭക്ഷിക്കരുതു്. നിൻെറ മനസ്സാക്ഷിയല്ല അവൻെറതാണു ഞാൻ ഉദ്ദേശിക്കുന്നതു്. എൻെറ സ്വാതന്ത്ര്യം മറെറാരുവൻെറ മനസ്സാക്ഷികൊണ്ടു് എന്തിനു വിധിക്കപ്പെടണം'' (1 കൊറി. 10 : 28 - 29). അപ്പസ്തോല പ്രമുഖനായ വിശുദ്ധ പത്രോസിൻെറ ഉപദേശമിതാണു്. 'നിങ്ങടെ മനസ്സാക്ഷിയെ നിർമ്മലമായി സൂക്ഷിക്കുവിൻ. ക്രിസ്തുവിലുള്ള നിങ്ങളുടെ നല്ല പെരുമാററത്തെ ദുഷിച്ചു പറയുന്നവർ അങ്ങനെ ലജ്ജിതരായിത്തീരും' (1 പത്രോ. 3 : 16).

രാഷ്ട്രപിതാവായ ഗാന്ധിജി മനസ്സാക്ഷിപ്രകാരം പ്രവർത്തിച്ചതുകാരണം സ്വതന്ത്രനായ ഒരു സംഭവം വിവരിക്കുന്നു. ചാമ്പരൻ (Champaran) എന്ന സ്ഥലത്തെ കർഷകർ തോട്ടംഉടമകൾ കാരണം വളരെ കഷ്ടപ്പെടുകയായിരുന്നു. അവരുടെ ജീവിതസ്ഥിതി നേരിൽ അന്വേഷിച്ചറിയുവാൻ അദ്ദേഹം പുറപ്പെട്ടു. ആനപ്പുറത്തായിരുന്നു യാത്ര. പകുതിവഴിയെത്തിയപ്പോൾ പോലീസ് അധികാരികളുടെ ഒരു കത്തു ലഭിച്ചു. ചാമ്പരൻ ഡിസ്ട്രിക്ടിൽ പ്രവേശിക്കരുതെന്നായിരുന്നു അതിലെ ഉള്ളടക്കം. പക്ഷേ ഗാന്ധിജി കൂട്ടാക്കിയില്ല. അതുകാരണം വിചാരണയെ അഭിമുഖീകരിക്കേണ്ടിവന്നു. കേസുവിചാരണ നടക്കുമ്പോൾ കേസു മറെറാരു ദിവസത്തേക്കു മാററിവയ്ക്കണമെന്നു ഗവർമ്മെൻറു ഭാഗം വക്കീൽ ആവശ്യപ്പെട്ടു. എന്നാൽ ഗാന്ധിജി അതു പാടില്ലെന്നാവശ്യപ്പെട്ടുകൊണ്ടു തയ്യാറാക്കിക്കൊണ്ടുവന്നിരുന്ന പ്രസ്താവന വായിച്ചു. അതിൻെറ അവസാനം ഇപ്രകാരമായിരുന്നു, ''ഈ പ്രസ്താവന നടത്തുന്നതിനു ഞാൻ ധൈര്യപ്പെട്ടതു് എനിക്കു നിശ്ചയിക്കുന്ന ശിക്ഷ കുറഞ്ഞുകാണാനല്ല. എന്നാൽ കല്പനനിഷേധിച്ചതു നിയമത്തോടുള്ള ബഹുമാനക്കുറവുകൊണ്ടാണെന്നു കരുതരുതു്. പ്രത്യുത നമ്മുടെ അസ്തിത്വത്തിൻെറ ഉന്നതനിയമമായ മനസ്സാക്ഷിയുടെ ശബ്ദത്തെ അനുസരിക്കാനാണു്''. കേസുവിചാരണ മാററിവയ്ക്കേണ്ട

തായ ആവശ്യമില്ലെന്നു മജിസ്ട്രേട്ട മനസ്സിലാക്കി. എന്നാൽ അദ്ദേഹം വിധിപ്രസ്താവന മറെറാരു ദിവസത്തേക്കാക്കി. പക്ഷെ വിധിപ്രസ്താവനയുണ്ടായില്ല. അതു മാത്രമോ, നിശ്ചിതാന്വേഷണം നടത്തുന്നതിനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്തു.

വ്യക്തിപരമായ വൈരാഗ്യത്താൽ ഹൃദയം കട്ടപ്പമാക്കുന്നവരുണ്ട്. തന്മൂലം അങ്ങനെയുള്ളവരിൽ മനസ്സാക്ഷിക്കു സ്ഥാനമില്ലാതെയാകുന്നു. ഇതിനുദാഹരണമാണു 'മർച്ചെൻറ് ഓഫ് വെനിസ്'' എന്ന നാടകത്തിലെ കഥാപാത്രമായ ഷൈലോക്കു്. അയാരം ഒരു യഹൂദനാണ്. ഒരു വണിക്ശ്രേഷ്ഠനായ ആൻറണി എന്നയാരം ആ യഹൂദനിൽനിന്നു കുറെ പണം വായ്പവാങ്ങി. കാലാവധി മൂന്നു മാസത്തേക്കായിരുന്നു. സമയത്തിനുള്ളിൽ വായ്പ തിരിച്ചുകൊടുത്തില്ലെങ്കിൽ ആൻറണിയുടെ ഹൃദയത്തിനടുത്തുനിന്നു് ഒരു റാത്തൽ മാംസം മുറിച്ചെടുക്കുന്നതിനു ഷൈലോക്കിനു് അവകാശമുണ്ടായിരിക്കും. ആൻറണിയുടെ നേരെ അയാരംക്കു വളരെ വെറുപ്പും വൈരാഗ്യവുമാണുള്ളതു്. തന്നെ പരസ്യമായി ആക്ഷേപിച്ചിട്ടുള്ളതാണ് വൈരാഗ്യത്തിനു കാരണം. കൂടാതെ ആൻറണി പലിശ ഈടാക്കാതെ പണം വായ്പകൊടുക്കുന്നതുകാരണം യഹൂദൻെറ വ്യാപാരത്തിനു് അതു ദോഷമായിത്തീൻ. അതിനാൽ ആൻറണി തനിക്കൊരു തടസ്സമാകരുതെന്നു് അയാരം ആഗ്രഹിച്ചു. ഇങ്ങനെയിരിക്കുമ്പോരം ആൻറണിയുടെ കച്ചവടക്കപ്പലുകരം കടലിൽ മുങ്ങി, തന്മൂലം അയാളുടെ വ്യാപാരം തകന്നു; വായ്പ നിശ്ചിതസമയത്തു മടക്കിക്കൊടുക്കുവാൻ സാധിക്കാതെയായി. അതെത്തുടൻ കേസ് കോടതിയിലെത്തി. വെനിസ് നഗരത്തിൻെറ അധിപനായ പ്രഭുവിൻെറ സമക്ഷമാണു കേസുവിചാരണ നടന്നതു്. അദ്ദേഹം ഷൈലോക്കിനോടു അനുകമ്പയുള്ളവനാകണമെന്നു് അഭ്യത്ഥിച്ചു. മാംസത്തിനു പകരം പണം പലിശസഹിതം മൂന്നിരട്ടി വാങ്ങി പിൻവാങ്ങണമെന്നു പറഞ്ഞു. പക്ഷെ ഷൈലോക്കു് ഈ ഉപദേശങ്ങരംക്കു വഴങ്ങിയില്ല. തൻെറ

നിലപാട വ്യക്തമാക്കി. ''ഒരു പന്നി വാ പിളക്കുന്നതിനോട വെറുപ്പു തോന്നുന്നവരുണ്ട്, ഒരു പൂച്ചയെ കാണുമ്പോരം രോഷാകുലരാകുന്നവരുണ്ട്, ചിലക്ക കുഴലൂത്തു കേരംക്കുമ്പോരം കലികേറും. വ്യക്തിപരമായ താല്പര്യങ്ങളാണ വികാരങ്ങരം ഭരിക്കുന്നതും തൃപ്തിയോ അതൃപ്തിയോ പുറപ്പെടുവിക്കുന്നതും. ഈവക കാര്യങ്ങരംക്കൊന്നും വ്യക്തമായ മറുപടിയില്ല. അതുപോലെ ഈ കേസിലും പ്രകടമായ കാരണമൊന്നും ചൂണ്ടിക്കാണിക്കാനില്ല. എനിക്കു കോടതിയെ ബോധ്യപ്പെടുത്തുവാനുള്ളതു് ഇത്രമാത്രം. ആൻറണിയോട്ട് എനിക്കു വേരുറച്ചതായ അറപ്പും വെറുപ്പുമാണുള്ളതു്. അതുകാരണം ലാഭമില്ലാത്ത ഈ വ്യവഹാരം നടത്തുന്നു''.

കത്തോലിക്കാസഭയിലെ ദൈവശാസ്ത്രജ്ഞന്മാർ 12 - ാം നൂററാണ്ടുമുതൽ മനസ്സാക്ഷിയെക്കുറിച്ചു വിശദമായി പഠിപ്പിച്ചു തുടങ്ങി. അതിനുമുമ്പു വിശുദ്ധ ജെറോം മനസ്സാക്ഷി ഒരു അടിസ്ഥാന പ്രമാണമാണെന്നു സമത്ഥിക്കുന്നുണ്ട്. അതിൻെറ അന്ത:സത്ത മനുഷ്യൻെറ അധ:പതനത്തിനുശേഷം കേട്ടുകൂടാതിരിക്കുകയാണ്. ധാർമ്മികപ്രമാണങ്ങരം അവിടെ കുടികൊള്ളുന്നു. അതോടൊപ്പം ബുദ്ധിയും മനസ്സും പ്രവത്തിക്കുന്നതുകൊണ്ടു മനസ്സാക്ഷിക്കു തീരുമാനങ്ങളെടുക്കുവാൻ മടികാണിക്കുന്നില്ല. അവിചാരിതമായ ഒരു സംഭവംമതി അല്ലെങ്കിൽ ഒരനുഭവം മതി മനസ്സാക്ഷിയെ കുത്തിത്തുളച്ചു ജീവിതത്തിൽ മാററമുണ്ടാകാൻ. ഫ്രാൻസിസ് അസ്സീസി പുണ്യവാൻെറ ജീവിതചരിത്രത്തിൽ നിന്നു് ഒരു സംഭവം വിവരിക്കുന്നു. ജഡ്ജി ജോൺ വരെന്തിക്കുണ്ടായ അനുഭവമാണതു്. അദ്ദേഹം ഒരു സായാഹ്നത്തിൽ നിരത്തിലൂടെ നടക്കുകയായിരുന്നു. അപ്പോരം ഒരു കർഷകൻ പന്നികളെ ആലയത്തിലേക്കു കൊണ്ടുപോകുന്നതു കണ്ടു. അതിൻെറ വാതിൽക്കലെത്തിയപ്പോരം അവ തിരക്കു കൂട്ടുന്നതു ശ്രദ്ധിച്ചു. എല്ലാററിനെയും അകത്താക്കാൻ സ്ഥലമില്ലെയെന്നു ചോദിച്ചു. അയാരം ഉത്തരമായി പറഞ്ഞു. ''പന്നിക്കൂട്ട് ആവശ്യത്തിനു വലിപ്പമുള്ളതാണ്. എന്നാൽ അവ സ്ഥല

മുണ്ടാകയില്ലെന്ന ഉൽക്കണ്ഠയിലാണെന്നു തോന്നുന്നു. അതുകൊണ്ടാണ വാതിൽക്കലേക്കു് ഓടുന്നതു്. ജഡ്ജിമാർ ഇതുതന്നെ ചെയ്യുന്നു. നരകത്തിൽ വേണ്ടിടത്തോളം സ്ഥലമുണ്ടാകയില്ലെന്ന ഭയം നിമിത്തം അവർ അതിൻെറ ഗേററിലേക്കു് ഓടി തിക്കും തിരക്കും കൂട്ടുന്നവരാണ്''. ജഡ്ജി ഇതുകേട്ടു ഞെട്ടിമാറി. ആ കർഷകൻെറ വാക്കുകൾ അദ്ദേഹത്തിൻെറ മനസ്സാക്ഷിയെ സ്പർശിച്ചു. അദ്ദേഹം സ്വയം മന്ത്രിച്ചു. 'എന്തു്! ഈ നിസ്സാരമനുഷ്യനുപോലും തീർച്ചയാണ ജഡ്ജിമാർ നരകത്തിലേക്കാണ നീങ്ങുന്നതെന്നു്. ഈ ജീവിതം തുടരുന്നതു് അപകടമാണെന്നു് എനിക്കു തോന്നുന്നു''. അദ്ദേഹം വൈകാതെ ഉദ്യോഗം രാജിവച്ചു് അസ്സീസിപുണ്യവാൻെറ സഭയിൽ ചേർന്നു.

മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കണമെന്നു് ഒരുത്തനോടും ആവശ്യപ്പെടാൻ പാടില്ല. മനസ്സാക്ഷി ദൈവത്തിൻെറ ശബ്ദമാകകൊണ്ടു് അതിൻെറ നിർദ്ദേശങ്ങൾ അനുഗമിക്കേണ്ടതാണ്. മനസ്സാക്ഷിപ്രകാരം പ്രവർത്തിക്കാൻ വ്യക്തികളെയും സമൂഹങ്ങളെയും ഉൽബോധിപ്പിക്കുക അതിപ്രധാനമായ ഒരു സേവനകൃത്യമായി ഗണിക്കേണ്ടതാണ്.

---

## 7 വിവേകമതികളാകുക

പരിശുദ്ധാത്മാവിൻെറ ദാനങ്ങളിലൊന്നാണ വിവേകമെന്ന സൽഗ്ഗുണം. തലപ്പെട്ട സൽഗ്ഗുണങ്ങളിൽ പ്രധാനപ്പെട്ടതാണ്. വിവേകമതികളാകുന്നതിനു പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുക ഒരാവശ്യമായി ക്രൈസ്തവർ കരുതണം. ''അങ്ങേ അനുപിയാൽ ശരിയായവ ഞങ്ങൾ ഗ്രഹിക്കുവാൻ ഞങ്ങൾക്കു കൃപചെയ്യണമേ'' എന്നു് ഓരോ ദിവസത്തിൻേറയും ആരംഭത്തിൽ പ്രാത്ഥിക്കുക അഭികാമ്യമാണ്. ''ചെന്നായ്ക്കളുടെ മധ്യത്തിലേക്കു ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു.

അതിനാൽ, നിങ്ങാം സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ'' (മത്താ. 10 : 16).

വിവേകമെന്ന സൽഗുണം ബുദ്ധിയിലുദിച്ചു ചൊവ്വായും നേരായും പ്രവത്തിക്കുന്നതിനു മനസ്സിനെ പ്രേരിപ്പിക്കുന്നു. അപ്പോഠം ഏതെങ്കിലും കാര്യത്തിനിറങ്ങിത്തിരിച്ചാൽ ലക്ഷ്യപ്രാപ്തിക്കായി ഉചിതമാർഗ്ഗങ്ങാം അവലംബിക്കാൻ സംഗതിയാകുമെന്നതു തീർച്ചയാണ്. അതിനാൽ ക്രൈസ്തവനു വിവേകഗുണം ഒരു പ്രവത്തനശൈലിയായിത്തീരണം. ''തിന്മയെ സംബന്ധിച്ചിടത്തോളം നിങ്ങാം പൈതങ്ങളെപ്പോലെയും ചിന്തയിൽ പക്വമതികളെപ്പോലെയും ആയിരിക്കുവിൻ'' (1 കൊറി. 14 : 20).

ഒരിടത്തു് ഒരു സമ്പന്നൻ ഉണ്ടായിരുന്നു. രോഗം പിടികൂടി അദ്ദേഹം മരണാസന്നനായി. ഒന്നും ചെയ്യുവാൻ നിവൃത്തിയില്ലാതെ അപ്പച്ചൻ കിടക്കുന്നതുകണ്ടു് അയാളുടെ കൊച്ചുമകാക്കു് ഒന്നും മനസ്സിലാകുന്നില്ല, അവാം ചോദിച്ചു. ''അപ്പച്ചാ, അപ്പച്ചൻ പോവുകയാണോ?'' അതുകേട്ടു് ആ സമ്പന്നൻ പറഞ്ഞു, ''അതേ മോളേ, ഞാൻ പോവുകയാണു്. നീ എന്നെ ഇനി കാണുകയില്ലെന്നു ഞാൻ ഭയപ്പെടുന്നു''. അപ്പോഠം ആ ബാലിക വീണ്ടും ചോദിച്ചു ''അപ്പച്ചാ, അപ്പച്ചനു താമസിക്കുന്നതിനു നല്ലൊരു വീടുണ്ടോ?'' അയാാം അല്പനേരം മൗനം പാലിച്ചു, എന്നിട്ടു വിങ്ങിക്കരഞ്ഞു പറഞ്ഞു, 'ഞാൻ എത്രയോ മരയൻ. ഇവിടെ വലിയൊരു വ്യാപാരം ഞാൻ കെട്ടിപ്പടുത്തു് സ്വത്തു സമ്പാദിച്ചു. എന്നാൽ അവിടെ ഞാൻ നിർദ്ധനനായിരിക്കും''. വൈകിവന്ന വിവേകമാണു നാമിവിടെ ദർശിക്കുന്നതു്. പക്ഷെ അതുകൊണ്ടു പ്രയോജനമില്ലെന്നു നമുക്കറിയാം. ഇതു തന്നെയാണു സോവിയററഷ്യയുടെ സ്ഥാപകനായ ലെനിനു് സംഭവിച്ചതു്. അദ്ദേഹം മരിക്കുമ്പോഠം ഇങ്ങനെ സമ്മതിച്ചു പറഞ്ഞത്രേ, ''ഞാൻ വലിയൊരു തെററുചെയ്തു. അതു് എനിക്കു മരണകരമായ ഭീകരസ്വപ്നമായിത്തീന്നു. ഞാൻ എണ്ണിയാൽ

തീരാത്തവരിൽ നിന്നൊഴുകുന്ന രക്തത്തിൽ മുഴുകിയിരിക്കുകയാണു്, ഇനി പുറം തിരിക്കാൻ സമയമില്ല. നമ്മുടെ രാജ്യം രക്ഷിക്കാൻ ഫ്രാൻസീസ് അസ്സീസിയെപ്പോലെ നമുക്കു പത്തുപേർ ഉണ്ടാകേണ്ടിയിരുന്നു. അത്തരം പത്തുപേരെക്കൊണ്ടു നമുക്കു റഷ്യയെ രക്ഷിക്കാൻ സാധിച്ചേനേ''.

എന്തൊരു ദയനീയമായ കുററസ്സമ്മതം. നമ്മുടെ ജീവിതം നിർമ്മലമായ സ്നേഹത്തിനു പകരം വിദ്വേഷം നിറഞ്ഞതായാൽ മരിക്കാറാകുമ്പോൾ നാമോരോരുത്തരും സങ്കടത്തോടെ പറയും, ''എൻെറ ജീവിതം ! എനിക്കു പ്രമാദം പററി. ഇപ്പോൾ വളരെ വൈകി''. പത്രോസ് അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നു, ''സകലത്തിൻേറയും അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ. നിങ്ങൾ സമചിത്തരും പ്രാത്ഥനയിൽ ജാഗരൂകരും ആയിരിക്കുവിൻ. സർവോപരി നിങ്ങൾക്കു ഗാഢമായ പരസ്പരസ്നേഹം ഉണ്ടായിരിക്കട്ടെ. കാരണം, സ്നേഹം നിരവധി പാപങ്ങളെ മാച്ചുന്നു'' (1 പത്രോ. 4 : 7 - 8).

കമ്മ്യൂണിസ്റ്റു റഷ്യയെ സ്റ്റാലിൻ ഭരിക്കുന്ന കാലത്തു രണ്ടു കമ്മ്യൂണിസ്റ്റുകാർ ഒരു പോലീസ് സ്റ്റേഷൻെറ മുററത്തുവച്ചു ഡസൻ കണക്കിനു നിരപരാധികളെ തോക്കിനിരയാക്കി. എന്നാൽ അവരിലൊരാൾ പിന്നീടു സങ്കടപ്പെട്ടു് ഓരോ മൃതദേഹത്തിലും മാറിമാറി തൊട്ടുകൊണ്ടു് ഇങ്ങനെ ക്ഷമയാചിച്ചു, ''ഇതു ചെയ്യുവാൻ ഞാൻ ഉദ്ദേശിച്ചതല്ല, നിന്നെ കൊല്ലുന്നതിനു് എനിക്കു് ഉദ്ദേശമില്ലായിരുന്നു. എന്നോടു സംസാരിക്കുക, എന്നോടു ക്ഷമിക്കൂ''. അപരൻ ഇതുകേട്ടു് അയാളുടെ നേരെ നിറയൊഴിച്ചു. മാനസാന്തരപ്പെട്ട ഒരു കമ്മ്യൂണിസ്റ്റു ഭടനാണു് ഈ സംഭവം പിന്നീടു വെളിപ്പെടുത്തിയതു്. ദുഷ്പ്രവൃത്തികൾ യേശുവിനെ ഒററിക്കൊടുത്ത ജൂദാസിനു സംഭവിച്ചതുപോലെ ദുഃഖത്തിലാഴ്ത്തുമെന്നതു തീച്ചയാണു്. എന്നാൽ സ്നേഹമുള്ളവനായി ജീവിച്ചതിനെപ്രതി ഒരുത്തനും മരണക്കിടക്കയിൽ ദുഃഖിക്കേണ്ടിവന്നിട്ടില്ല.

പൗലോസ് അപ്പസ്തോലൻ നമ്മൾ വിവേകമതികളാകണമെന്നു നമ്മോട് ആവശ്യപ്പെടുന്നു. ''പുറമേയുള്ളവരോടു നിങ്ങൾ വിവേകപൂർവ്വം വത്തിക്കുവിൻ, സമയം പൂർണ്ണമായും പ്രയോജനപ്പെടുത്തുക, നിങ്ങളുടെ സംസാരം എപ്പോഴും കരുണാമസൃണവും ഹൃദ്യവുമായിരിക്കട്ടെ. ഓരോരുത്തരോടും എങ്ങനെ മറുപടി പറയണമെന്നു നിങ്ങൾ മനസ്സിലാക്കിയിരിക്കണം''. (കൊളോ. 4:6) അബദ്ധങ്ങളിൽ വീഴാതെ വിവേകത്തോടെ വത്തിക്കുവാൻ സാധിക്കുന്നതിനു് അവഗാഢം ചിന്തിച്ചു തീരുമാനമെടുക്കേണ്ടിയിരിക്കുന്നു. അതിനു ശേഷം സത്യസന്ധതയോടെ പ്രവത്തിക്കാൻ തുടങ്ങണം. ''നമുക്കു ശരി ഏതെന്നു പരിശോധിക്കാം, യഥാർത്ഥ നന്മ വിവേചിച്ചറിയാം'' (ജോബ് 34 : 4) എന്നു ജോബും ''എൻെറ പ്രിയ സഹോദരരേ, ഓർമ്മിക്കുവിൻ, നിങ്ങൾ കേൾക്കുന്നതിൽ സന്നദ്ധതയുള്ളവരും സംസാരിക്കുന്നതിൽ തിടുക്കം കൂട്ടാത്തവരും കോപിക്കുന്നതിൽ മന്ദഗതിക്കാരും ആയിരിക്കണം'' (യാക്കോ. 1 19) എന്നു യാക്കോബ്ശ്ലീഹായും ഉദ്ബോധിപ്പിക്കുന്നു. ഇവരുടെ സന്ദേശങ്ങൾ സാഹസികത ഒഴിവാക്കാൻ സഹായിക്കുമെന്നതിനു സംശയമില്ല.

ഭാരതത്തിൻെറ പ്രധാന മന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ഒരു മഹൽ സന്ദേശം ആത്മകഥാകഥനത്തിലൂടെ നമുക്കു കാഴ്ചവയ്ക്കുന്നു. ''നമ്മൾ മററുള്ളവരോടു സഹകരിക്കുകയില്ലെന്നോ അവരോടു രമ്യതപ്പെടുകയില്ലെന്നോ പറയുന്നതു് അബദ്ധമാകും. ജീവിതത്തേയും രാഷ്ട്രീയത്തേയും ചൊവ്വായ രേഖകളായി കാണുന്നതു സങ്കീർണ്ണമാണ്. കടുംപിടുത്തക്കാരനായ ലെനിൻപോലും പറഞ്ഞു: ''ഒത്തുതീർപ്പുകൂടാതെ പോകുന്നതും ചരിക്കുന്ന മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുകയില്ലെന്നു നിർബന്ധം പിടിക്കുന്നതും ബാലിശമാണ്. അതൊന്നും ഒരു വിപ്ലവവർഗ്ഗത്തിൻെറ ഗൗരവമേറിയ യുദ്ധതന്ത്രമാകയില്ല''. ഒത്തുതീർപ്പുകളുണ്ടാകുക ആവശ്യമാണ്. ഇക്കാര്യത്തിൽ അമിതമായ ഉൽക്കണ്ഠ പാടില്ല. എന്നാൽ, ഒത്തു

തീപ്പിലെത്തിയാലും ഇല്ലെങ്കിലും പ്രഥമമായതിനു പ്രഥമസ്ഥാനം കൊടുക്കേണ്ടതാണ്. അപ്രധാനമായവസ്തു മുൻഗണന പാടില്ല. നമ്മുടെ ആദർശങ്ങളെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയുണ്ടെങ്കിൽ, താത്കാലികമായ ഒത്തുതീർപ്പുകൾകൊണ്ടു ദോഷമുണ്ടാകയില്ല. അപകടമുണ്ടാകുന്നതു് സമൂഹത്തിലെ ബലഹീനവിഭാഗത്തെ പരിഭവപ്പെടുത്തുമോ എന്നു ഭയപ്പെട്ടു തത്വങ്ങളേയും ലക്ഷ്യങ്ങളേയും അപവദിക്കുമ്പോഴാണ്. അപ്രീതി സമ്പാദിക്കുന്നതിനേക്കാൾ വഷളാകും അന്യരെ വഴിതെററിക്കുന്നതു്''.

വിക്കർ ഓഫ് വേക്ഫീൽഡ് (Vicar of Wake field) എന്ന ഉന്നത നോവൽകൃതിയിലെ പ്രധാന കഥാപാത്രമായ ഡോക്ടർ പിംറോസ് വിവേകത്തിൻെറ വക്താവായിത്തീർന്നിരിക്കുന്നതു ശ്രദ്ധിക്കേണ്ടതാണ്. അദ്ദേഹത്തിൻെറ സ്വത്തിലധികവും ഒരാളുടെ വഞ്ചനമൂലം നഷ്ടപ്പെട്ടു. എന്നുവരികിലും അസ്വസ്ഥനാകാതെ ഇങ്ങനെ സമാശ്വസിച്ചു. ''ഞാനിതു നിസ്സാരമാക്കാം. പക്ഷേ, എന്നെ അലട്ടുന്നതു് എൻെറ കുടുംബാംഗങ്ങളെ ഹ്യങ്ങനെ സ്പർശിക്കുമെന്നതാണ്. അവർ ഈ അത്യാഹിതം ഒരു ശാപമായി കരുതാതെ എളിമയുള്ളവരാകുമോ?''. രണ്ടാഴ്ചയ്ക്കുകം ബാക്കിയുണ്ടായിരുന്ന സ്വത്തുക്കൾ ശേഖരിച്ചു കടബാധ്യതകൾ തീർത്തു് ദൂരേക്കു താമസംമാററി അവിടെ സമാധാനത്തിൽ ജീവിക്കാമെന്നു തീരുമാനിച്ചു. അദ്ദേഹം കുടുംബാംഗങ്ങളോടു പറഞ്ഞു. ''എൻെറ കുഞ്ഞുങ്ങളേ, നമ്മെ ബാധിച്ച ഭാഗ്യദോഷം എത്ര വിവേകമുണ്ടായിരുന്നാൽത്തന്നേയും ഒഴിവാക്കാൻ നിവൃത്തിയില്ലാത്തതായിരുന്നു. എന്നാൽ ഭാഗ്യദോഷത്തിൻെറ അനന്തരഫലങ്ങൾ ഇല്ലാതെയാക്കാൻ വിവേകംകൊണ്ടു കഴിയുന്നതാണ്''. എത്രയോ സാരമേറിയ ഉപദേശമാണെന്നു നോക്കുക. അദ്ദേഹം തുടർന്നു, ''കുഞ്ഞുങ്ങളേ, നമ്മളിപ്പോൾ ദരിദ്രരാണ്. ഈ എളിയ അവസ്ഥ അംഗീകരിച്ചു നമ്മൾ വിജ്ഞാനികളാകണം. അനേകരെ കഷ്ടത്തിലാക്കുന്ന ആഡംബരങ്ങൾ അസ്വ

സ്ഥതകൂടാതെ ഉപേക്ഷിക്കാൻ നമുക്ക സാധിക്കേണ്ട താണ്. എളിമയേറിയ സാഹചര്യങ്ങരം തേടിപ്പോകാം. നമ്മെ സന്തോഷവാന്മാരാക്കുന്ന സമാധാനം അന്വേഷിക്കാം. സാധുക്കരം പരാശ്രയം കൂടാതെ സന്തോഷത്തോടെ ജീവിക്കുന്നു. അവക്ക് അനുഭവപ്പെടുന്ന സംതൃപ്തി നമുക്ക് ആർജ്ജിക്കാൻ സാധിക്കയില്ലെന്നു കരുതേണ്ട; അത്രയ്ക്കു നമ്മരം മാനസികവ്യഗ്രതയിലായിട്ടില്ല. ഈ നിമിഷംമുതൽ എല്ലാ നാട്യങ്ങളോടും യാത്ര പറഞ്ഞു നമുക്ക മാന്യതയുള്ളവരാകാം. ഉള്ളതുകൊണ്ടു തൃപ്തരാകുക. വിവേകം അതാവശ്യപ്പെടുന്നു. സന്തോഷപ്രദമായ ജീവിതം തുടരുന്നതിനു നമുക്ക് ഇനിയും ആവശ്യത്തിനുണ്ട്''.

ബ്രിട്ടീഷ് ഗവർമെൻറ് ഇന്ത്യൻ നേതാക്കളുടെ ഹസ്തങ്ങളിലേക്ക് അധികാരം കൈമാറുന്നതിനുമുമ്പ് ഒരു ക്യാബിനററുമിഷനെ ഇന്ത്യയിലേക്കയച്ചു. പെത്തിക് ലോറൻസ്, സ്റ്റാഫോർഡ് ക്രിപ്സ്, ഏ.വി. അലക്സാണ്ടർ എന്നിവരായിരുന്നു അംഗങ്ങരം. 1946 മാച്ച് 24-ാം തീയതി അവർ ഡൽഹിയിലെത്തി. ആ വേനൽക്കാലത്തു ചൂടേറിയ ചച്ചകരം ജൂൺമാസംവരെയുണ്ടായി. ഈ കാലഘട്ടത്തിൽ ഗാന്ധിജിയും ക്രിപ്സും പരസ്പരം കൈമാറിയ കത്തുകളിലൊന്നിൽ ഗാന്ധിജി അദ്ദേഹത്തെ ഇങ്ങനെ കുററപ്പെടുത്തി. ''താങ്കരം ഇവിടെ ആദ്യം കോൺഗ്രസ്സുകാരേയും തുടർന്നു ലീഗുകാരേയും വീണ്ടും കോൺഗ്രസ്സുകാരേയും കണ്ടു സമയം വൃഥാ നഷ്ടപ്പെടുത്തുകയാണ്. താങ്കരം ക്ഷീണിച്ചിരിക്കുന്നു. ഒന്നുകിൽ ശരിയേതെന്നു തറപ്പിച്ചു പറയുക; അല്ലെങ്കിൽ ബ്രിട്ടീഷ് ഗവർമെൻറിൻെറ ആജ്ഞകരം അറിയിക്കുക. ഏതു കാര്യത്തിലായാലും മനോധൈര്യമുണ്ടാകണം''. ബ്രിട്ടീഷ് ഗവർമെൻറിൻെറ തീരുമാനം നടപ്പാക്കുന്നില്ലെങ്കിൽ ഇംഗ്ലണ്ടിലേക്കു മടങ്ങി, പൊതുകാര്യങ്ങളിൽനിന്നു വിരമിക്കണെമെന്നുകൂടി ഗാന്ധിജി കത്തിൽ പ്രസ്താവിച്ചു. ഉള്ളതു പറഞ്ഞാൽ ആ കത്തു പ്രകോപനപരമായിരുന്നു. ക്രിപ്സ് മറുപടിക്കത്തിലൂടെ ക്ഷോഭം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും

അതിൽ വിവേകത്തിനു പ്രാധാന്യം കൊള്ളിച്ചിരിക്കുന്നതു കാണാം. ''നടപടിയെടുക്കുന്നതിനു ഞാനോ എന്റെ സഹപ്രവർത്തകരോ മനോധൈര്യത്തിൽ പുറകോട്ടല്ല എന്നു ഞാൻ ഉറപ്പു പറയുന്നു. എന്നാൽ ആ മനോധൈര്യത്തെ വിവേകത്താൽ മയപ്പെടുത്തുവാൻ ഞങ്ങൾക്കു് ആഗ്രഹമുണ്ടു്'' (I can assure you neither I nor my colleagues lack courage to act but we want to temper that courage with Prudence).

സോളമൻ രാജാവിന്റെ വിജ്ഞാനത്തെക്കുറിച്ചും വിവേകത്തെക്കുറിച്ചും വേദപുസ്തകത്തിൽ നമ്മൾ വായിക്കുന്നുണ്ടു്. ഈ സൽഗുണങ്ങളാൽ അദ്ദേഹം പ്രസിദ്ധനായിത്തീർന്ന വ്യക്തിയാണു്. അദ്ദേഹത്തെ ഇസ്രായേൽക്കാരുടെ രാജാവായി വാഴിച്ചപ്പോൾ, ദൈവത്തോടു്, യാഹവേയോടു പ്രധാനമായി വിവേകത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതു നമ്മൾ കാണുന്നു. 'അങ്ങു തിരഞ്ഞെടുത്ത സംഖ്യാതീതമായ ഒരു മഹാജനത്തിന്റെ നടുവിലാണു് അങ്ങയുടെ ദാസൻ. ഈ മഹാജനത്തെ ഭരിക്കാൻ ആക്കു കഴിയും? ആകയാൽ നന്മയും തിന്മയും വിവേചിച്ചറിഞ്ഞു് അങ്ങയുടെ ജനത്തെ ഭരിക്കാൻപോരുന്ന വിവേകം ഈ ദാസനു നല്കിയാലും'. വിവേകത്തിനുവേണ്ടി പ്രാർത്ഥിച്ച അദ്ദേഹത്തെ യാഹവേ കനിഞ്ഞനുഗ്രഹിച്ചു. അവിടുന്നു് അരുളിച്ചെയ്തു. 'നീ ദീർഘായുസ്സോ സമ്പത്തോ ശത്രുസംഹാരമോ ആവശ്യപ്പെടാതെ, നീതിനിർവ്വഹണത്തിനുവേണ്ട വിവേകം മാത്രമാണു് ആവശ്യപ്പെട്ടതു്. നിന്റെ അപേക്ഷ ഞാൻ സ്വീകരിച്ചിരിക്കുന്നു. ജ്ഞാനവും വിവേകവും ഞാൻ നിനക്കു തരുന്നു. ഇക്കാര്യത്തിൽ നിനക്കു തുല്യനായി ആരും ഉണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല' (1 രാജാ. 3: 8-13).

ആകയാൽ വിവേകമെന്ന സൽഗുണം വിലമതിച്ചുകൊണ്ടും പരിശുദ്ധാത്മാവിന്റെ ആ ദാനം സമ്പാദിച്ചുകൊണ്ടും എന്നും ജീവിക്കുന്നതിനുള്ള കൃപാവരത്തിനായി പ്രാർത്ഥിക്കാം "വിശുദ്ധാത്മാവിന്റെ .പ്രകാശത്താൽ

വിശ്വാസികളുടെ ഹൃദയങ്ങളെ പഠിപ്പിച്ച സർവ്വേശ്വരാ, അങ്ങേ അരൂപിയാൽ ശരിയായവ ഞങ്ങൾ ഗ്രഹിക്കുവാനും അങ്ങേ ആശ്വാസത്താൽ എപ്പോഴും ആനന്ദിക്കുവാനും ഞങ്ങളുടെ കർത്താവീശോമിശിഹായെപ്രതി ഞങ്ങൾക്കു കൃപചെയ്യണമേ''.

---

## 8 വിനയവും വിജ്ഞാനവും

പാണ്ഡിത്യത്താൽ വിനീതരായവരുണ്ടു ലോകത്തിൽ. അവരിൽ ചിലരുടെ എളിമപ്രകടനം നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. 'വിനയമുള്ളവരോടുകൂടെ വിജ്ഞാനമുണ്ട്' എന്നു 'സുഭാഷിതം' പ്രസ്താവിക്കുന്നു. ഇതിനുപോൽബലകമാണു പോളണ്ടുകാരനായ നിക്കോളാസ് കോപ്പർ നിക്കസ് പുരോഹിതൻെറ ജീവിതകഥ.

അദ്ദേഹം ആധുനിക ജ്യോതിശ്ശാസ്ത്രത്തിൻെറ പിതാവാണ്. എഴുപതുവർഷത്തെ ജീവിതത്തിലധികകാലവും (1473-1543) ഒരു ജ്യോതിശ്ശാസ്ത്രജ്ഞനായി പ്രശോഭിച്ചു. ആഴമേറിയ ദൈവവിശ്വാസത്തിൻെറ ഉടമയായ അദ്ദേഹം ശാസ്ത്രവും മതവും തമ്മിൽ യാതൊരു വൈരുദ്ധ്യവും കാണുകയുണ്ടായില്ല. കോപ്പർനിക്കസ് രേഖപ്പെടുത്തിയിട്ടുള്ള ഒരു സാക്ഷിപത്രം ഇവിടെ ചേർക്കുന്നു. 'ശ്രേഷ്ഠങ്ങളായ എല്ലാ ശാസ്ത്രത്തിൻേറയും ചുമതല തിന്മയിൽനിന്നു മനുഷ്യനെ വലിക്കുകയും അവൻെറ മനസ്സിനെ കൂടുതൽ പൂർണ്ണതയിലേക്ക് അടുപ്പിക്കുകയും ചെയ്യുക എന്നതാണ്. ജ്യോതിശ്ശാസ്ത്രം ഇതു കൂടുതൽ ഉറപ്പായി ഫലപ്രദമാക്കുന്നു. വിശിഷ്യാ മനസ്സിന് അളവററ ആനന്ദം നല്കുന്നു. പ്രപഞ്ചരഹസ്യങ്ങളെ ശ്രദ്ധാപൂർവ്വം ധ്യാനിക്കാനും അവയോടു ഗാഢബന്ധം പുലർ

ത്താനും കഴിവുള്ളവരാകും എന്നതാണു കാരണം. പ്രപഞ്ചത്തിലെല്ലാം ക്രമമായി നീങ്ങുന്നതും ദൈവനിശ്ചയമനുസരിച്ചു പ്രവർത്തിക്കുന്നതും കാണുന്നവൻ സുകൃതങ്ങളുടെ ഉന്നതതലത്തിലേക്കു് ഉയർത്തപ്പെടാതിരിക്കയില്ല. എല്ലാ നന്മയും ആനന്ദവും ദൈവത്തിലാണു കാണപ്പെടുന്നതു്. പ്രപഞ്ചസ്രഷ്ടാവിനെപ്പററി അത്ഭുതപ്പെടുകയും അവിടുത്തെ ശ്ലാഘിക്കുകയും ചെയ്യുവാൻ അവൻ നിർബന്ധിതനാകും. ആകയാൽ സകാരണം സങ്കീർത്തകൻ ഉൽഘോഷിച്ചു. ''ദൈവത്തിൻെറ സൃഷ്ടിയിൽ ആനന്ദിക്കുമ്പോൾ, താൻ സ്രഷ്ടാവിൻെറ കരവേലയിൽ ആനന്ദിക്കുന്നു. കാരണം പ്രപഞ്ചവസ്തുക്കളുടെ മാധ്യമംവഴി ഏററവും ശ്രേഷ്ഠമായവയെപ്പററി ധ്യാനനിമഗ്നരാകുന്നതിനു തേരിൽ നമ്മൾ സംവഹിക്കപ്പെടുന്നു''.

കോപ്പർനിക്കസ്സിൻെറ പ്രസിദ്ധമായ ''ആകാശഗോളങ്ങളുടെ ചുററൽ'' എന്ന ഗ്രന്ഥത്തിലൂടെ സൂര്യഗോളം ഭൂമിയെയല്ല, പ്രത്യുത ഭൂഗോളമാണു സൂര്യനെ ചുററുന്നതെന്നു സമർത്ഥിച്ചിട്ടുണ്ടു്. സൂര്യഗോളമാണു് സൗരയൂഥത്തിൻെറ കേന്ദ്രബിന്ദു. ആധുനിക ജ്യോതിശാസ്ത്രത്തിനും ഗ്രഹാന്തരയാത്രയ്ക്കും വഴിതെളിച്ചതു് അദ്ദേഹത്തിൻെറ ഈ പഠനമായിരുന്നു. ഇപ്രകാരം ശാസ്ത്രമണ്ഡലത്തിൽ അതുല്യസ്ഥാനം അലങ്കരിക്കുന്ന കോപ്പർനിക്കസ് ക്രൂശിതരൂപത്തിൻെറ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന ഒരു ചിത്രമുണ്ടു്. അതിൻെറ ചുവട്ടിൽ ഇങ്ങനെ എഴുതിയിരിക്കുന്നു ''പൗലോസിനു നല്കിയ ദൈവാനുഗ്രഹമോ, പത്രോസ് സ്വീകരിച്ചതായ മോചനമോ ഞാൻ ചോദിക്കുന്നില്ല, കുരിശിൽ കിടക്കുമ്പോൾ അങ്ങു കള്ളനു നല്കിയ വലിയ അനുഗ്രഹമാണു ഞാൻ താല്പര്യപൂർവ്വം പ്രാർത്ഥിക്കുന്നതു്- വാരിമിയിലെ കാനനായ നിക്കോളാസ് കോപ്പർനിക്കസ്''.

അമേരിക്കൻ പ്രസിഡൻറായിരുന്ന ബഞ്ചമിൻ ഫ്രാങ്കളിൻ പറയുന്നു, ''മേലധികാരികളോടു് എളിമപ്പെടുക കടമയാണു്, സമന്മാരോടു് എളിമപ്പെടുക മര്യാദ

യാണ്, താഴെക്കിടയിലുള്ളവരോട് എളിമപ്പെടുന്നതു കുലീനതയാണ്''. ഒരിക്കൽ അബ്രാഹം ലിങ്കൺ ഒരുദ്യോഗസ്ഥനെ തൃപ്തിപ്പെടുത്തുവാൻവേണ്ടി ഏതാനും സൈനിക വിഭാഗങ്ങളെ സ്ഥലം മാററി. പ്രസിഡൻറു ചെയ്തതു് അബദ്ധമാണെന്നു യുദ്ധകാര്യസെക്രട്ടറി സ്റ്റാൻറൺ കരുതി, ആ ഉത്തരവ് നടപ്പാക്കാൻ വിസമ്മതിച്ചു. തന്നെയുമല്ല, ലിങ്കൺ ഒരു മണ്ടനാണെന്നും അഭിപ്രായപ്പെട്ടു. ഇതു കേട്ടറിഞ്ഞ ലിങ്കൺ ഇപ്രകാരം പ്രതികരിച്ചു, ''ഞാനൊരു മണ്ടനാണെന്നു സ്റ്റാൻറൺ പറഞ്ഞെങ്കിൽ ഞാൻ അപ്രകാരമായിരിക്കണം, അദ്ദേഹത്തിനു സാധാരണ തെററുപററാറില്ല, ഞാൻ കാര്യങ്ങൾ നേരിട്ടു ചോദിച്ചറിയട്ടെ''. ലിങ്കൺ അപ്രകാരം ചെയ്തു. ആ ആജ്ഞ എന്തുകൊണ്ട് സ്വീകാര്യമായിരുന്നില്ല എന്നു സ്റ്റാൻറൺ അദ്ദേഹത്തെ ബോധ്യപ്പെടുത്തി. ഒച്ചപ്പാടൊന്നും കൂടാതെ അദ്ദേഹമതു പിൻവലിക്കുകയും ചെയ്തു. മററുള്ളവർ തന്നെപ്പററി എന്തു പറഞ്ഞാലും അമർഷംകൊണ്ടിരുന്നില്ല എന്നതാണു ലിങ്കൻെറ മാഹാത്മ്യത്തിനു നിദാനമായിരുന്നതു്. അദ്ദേഹം എളിമയോടെ വിമർശനങ്ങൾ സ്വാഗതം ചെയ്തിരുന്നു.

ടാഗോർ മഹാകവിയുടെ ആത്മകഥയിൽ ഇങ്ങനെ എഴുതിക്കാണുന്നു, ''ശ്രദ്ധയും സ്വീകരണമനോഭാവവുമാണു മഹത്തായ രണ്ടു ശക്തികളെന്നും വിനയമാണു വിജയസോപാനമെന്നുമുള്ള കാര്യങ്ങൾ യൗവനം സമ്മതിച്ചുതരുന്നില്ല. അഭിനന്ദിക്കുന്നതും ആദരിക്കുന്നതും അന്തസ്സിനു കുറവാണെന്നു തോന്നി ആരെയും അവഗണിച്ചു സ്വന്തം ശ്രേഷ്ഠത സ്ഥാപിക്കാൻ നാം പ്രേരിതരാകുന്നു. ഭയങ്കരമായ ഈ സ്വഭാവവൈകല്യം എനിക്കനുഭവപ്പെട്ടിരുന്നതു വളർന്നിരുന്നെങ്കിൽ എൻെറ ഭാവി അശുഭകരമായേനേ''.

വിനയമെന്ന സൽഗുണം ഒരുത്തനെ ശ്രേഷ്ഠതയിലെത്തിക്കുന്നു. വിനയത്തിൻെറ പര്യായപദമായി ശ്രേഷ്ഠതയെ കണക്കാക്കാം. ആധുനിക ശാസ്ത്രത്തിൻെറ പിതാവെന്നറിയപ്പെടുന്ന അലക്സാണ്ടർ വോൺ ഹംബോൾട്ട് (Alexander Von Humboldt 1769 - 1857) ഇക്കാര്യ

ത്തിൽ നിദർശകനാകുന്നു. ഈ ജർമ്മൻകാരൻെറ ശാസ്ത്ര ജ്ഞാനത്തിൽനിന്നു പങ്കുപററുവാൻ പണ്ഡിതന്മാർ അദ്ദേഹത്തെ സമീപിച്ചിരുന്നു. ജർമ്മനിയുടെ ഭരണാധികാരിയായ രാജാവ് നയതന്ത്രജ്ഞതയിൽ അദ്ദേഹത്തിൻെറ പ്രായോഗിക നിപുണത ചൂഷണം ചെയ്തിട്ടുണ്ട്. ഭൂമിശാസ്ത്രരചയിതാക്കൾ തെക്കെ അമേരിക്കയെക്കുറിച്ചു ഗ്രന്ഥമെഴുതുവാൻ അദ്ദേഹത്തിൻെറ സഹായം അഭ്യർത്ഥിച്ചിരുന്നു. പ്രമുഖരായ എഴുത്തുകാർ അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അദ്ദേഹത്തോടു സംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. നിഘണ്ടു രചിക്കുന്നതിനു വാക്കുകളുടെ അർത്ഥത്തിനും ചരിത്രത്തിനും വേണ്ടി അദ്ദേഹത്തോട് ആലോചിച്ചു. തെക്കെ അമേരിക്ക, സൈബീരിയാ തുടങ്ങി ഭൂമിയുടെ അതിർത്തികളിൽപ്പെട്ട രാജ്യങ്ങൾ സന്ദർശിച്ചു പ്രകൃതിയെപ്പററി പഠിച്ചതുകൊണ്ടാണ് അദ്ദേഹം വിജ്ഞാനപടുവായത്. അദ്ദേഹം രചിച്ച കോസ്മോസ് (Kosmos) എന്ന മഹാഗ്രന്ഥം വിജ്ഞാനഭണ്ഡാഗാരമാണ്. അതിൻെറ അഞ്ചാമത്തെ വാല്യം 89 –ാ മത്തെ ജന്മദിനത്തിലത്രെ പൂർത്തിയാക്കിയത്. "ഈ ശാസ്ത്രരാജാവിൻെറ ഷൂസ് അഴിക്കാൻ മററു രാജാക്കന്മാർ യോഗ്യരല്ല" എന്ന് അദ്ദേഹത്തെക്കുറിച്ചു പറയപ്പെടുന്നു. ഇപ്രകാരം വിജ്ഞാന സമ്രാട്ടായ ഹംബോൾട്ട് അവസാനനാൾവരെ ഒരു വിദ്യാർത്ഥിയായിരുന്നു. ഇക്കാര്യം ആരെയാണ് അതിശയിപ്പിക്കാത്തത്? ഒരിക്കൽ ബോക്ക് (Bockh) എന്ന പണ്ഡിതൻ ബർലിൻ സർവകലാശാലയിൽ ഗ്രീക്കു സാഹിത്യത്തെക്കുറിച്ചു പ്രസംഗപരമ്പര നടത്തുകയായിരുന്നു. അനേകം വിദ്യാർത്ഥികൾ അദ്ദേഹത്തെ ശ്രവിക്കാനെത്തി. അവരിലൊരാൾ, ഒരു ഭാവി ഗ്രന്ഥകാരൻ ഇപ്രകാരമെഴുതി. "വിദ്യാർത്ഥികളുടെ ഗണത്തിൽ തവിട്ടുനിറമുള്ള നീളമേറിയ കോട്ടണിഞ്ഞു, നരച്ച മുടിയോടുകൂടിയ വൃദ്ധനായ ഒരു കൊച്ചുമനുഷ്യൻ ഇരിക്കുന്നതു ഞങ്ങൾ കണ്ടിരുന്നു". വോൺഹംബോൾട്ടായിരുന്നു ആ വിദ്യാർത്ഥി. അദ്ദേഹം ഹാളിലെ അഞ്ചാമത്തെ ബഞ്ചിലിരുന്നു മററു വിദ്യാർത്ഥികളെപ്പോലെ നോട്ടു കുറിച്ചിരുന്നു. മറെറാരു പണ്ഡിതനായ റിററിൻെറ (Ritter) ക്ലാസ്സുകളിലും അദ്ദേഹം ഹാജ

രായിട്ടുണ്ട്. ഒരവസരത്തിൽ ഭൂമിശാസ്ത്രസംബന്ധമായ അതിപ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ച് പഠിപ്പിക്കു മ്പോൾ ഹംബോൾട്ടിനെത്തന്നെ ഉദ്ധരിച്ചു. അപ്പോൾ എല്ലാക്കണ്ണുകളും അദ്ദേഹത്തിൻെറനേരെ തിരിഞ്ഞു. ഹംബോൾട്ട് എഴുന്നേററു തല കുനിച്ചശേഷം നോട്ടെഴുതു തുടന്നു.

സുഭാഷിതങ്ങൾ പറയുന്നു, ''ദൈവഭക്തി ജ്ഞാനത്തിനുള്ള പരിശീലനമാണു്; വിനയം ബഹുമതിയുടെ മുന്നോടിയും''. (15:33).

---

## 9 എളിമയുടെ ഇരുവശങ്ങൾ

മൈക്കിൾ ഫാരഡേ (Michael Faraday) പറയുമായിരുന്നു, ''വിജയമുണ്ടാകുന്നതിനു സാഹസിക ധീരതയോടെ ശ്രമിക്കുക. അതേസമയം വിജയം പ്രതീക്ഷിക്കാതിരിക്കുക''. – Try desperately to succeed and do not hope for success. അദ്ദേഹം ജീവിതാനുഭവത്തിലൂടെ സ്വീകരിച്ച ഒരാദർശമാണിതു്. താഴ്ന്ന നിലയിൽ ജീവിതമാരംഭിച്ച അദ്ദേഹം 1957–ൽ പ്രശസ്തിയുടെ കൊടുമുടിയിലെത്തുന്നതു നമ്മൾ കാണുന്നു. റോയൽ സൊസൈററിയുടെ പ്രസിഡൻറാകുവാനുള്ള ക്ഷണം കിട്ടിയപ്പോൾ അദ്ദേഹം മറുപടിയെഴുതി. ''ഞാൻ മരണംവരെ സാധാരണ മൈക്കിൾ ഫാരഡേ ആയിരിക്കണം''. ഫാരഡേയുടെ വ്യക്തിമാഹാത്മ്യം വിനയാന്വിതമായ ആ വാക്കുകളിലുണ്ട്. ബഹുമതികളും പാരിതോഷികങ്ങളും സ്വീകരിക്കാൻ മടിച്ചു. അവ തന്നെ ഭരിക്കുന്നതിനു് അനുവദിച്ചില്ല.

ഒരു കൊല്ലപ്പണിക്കാരൻെറ മകനായിരുന്നു ഫാരഡേ. നാമമാത്ര തോതിലാണു കലാലയ വിദ്യാഭ്യാസം

ലഭിച്ചതു്. ഒരു പുസ്തകക്കച്ചവടക്കാരന്റെ കീഴിൽ 13–ാമത്തെ വയസ്സിൽ ജോലി ചെയ്യേണ്ടിവന്നു. അതുവരെ അമ്മയിൽനിന്നു കിട്ടിക്കൊണ്ടിരുന്ന ആഹാരം ഒരാഴ്ചത്തേക്കു് ഒരപ്പമായിരുന്നു. തിങ്കളാഴ്ച കൈയിലെത്തുന്ന ഈ റേഷൻ 14 കഷണങ്ങളാക്കി മുറിച്ച് ഓരോന്നുവീതം പ്രഭാതഭക്ഷണത്തിനും അത്താഴത്തിനും ഉപയോഗിച്ചു പോന്നു. ഇങ്ങനെ ഭാഗിച്ചു കഴിച്ചതുകാരണം ഒരിക്കലും വിശന്നിരുന്നില്ലെങ്കിലും തൃപ്തിയാവോളം ഭക്ഷിക്കാൻ കഴിഞ്ഞിരുന്നില്ല. കടയിൽ ബൈൻറു ചെയ്യുന്നതിനു് എത്തിയിരുന്ന പുസ്തകങ്ങൾ ആ യുവാവു് ശ്രദ്ധിക്കുമായിരുന്നു, വായിക്കുമായിരുന്നു. ഇതു് അയാളെ വിജ്ഞാനമേഖലയിലേക്കു തിരിച്ചു. ഒരവസരത്തിൽ ഷോപ്പുടമയുടെ അനുവാദത്തോടെ സർ ഹംഫ്രി ഡേവിയുടെ (Sir Humphry Davy) പ്രസംഗങ്ങൾ ശ്രവിച്ചു. നല്ല കൈയക്ഷരത്തിൽ ആ പ്രസംഗങ്ങളെഴുതി ആകർഷകമാംവിധം ബയൻറുചെയ്തു കൊടുത്തു. അക്കൂട്ടത്തിൽ അദ്ദേഹത്തിന്റെ പരീക്ഷണശാലയിൽ ജോലിക്കുള്ള ഒരഭ്യർത്ഥന വച്ചിരുന്നു. ഒന്നും പ്രതീക്ഷിച്ചല്ല അപ്രകാരം ചെയ്തതെങ്കിലും അനുകൂലമായ മറുപടി കൈപ്പററുന്നതിനുള്ള ഭാഗ്യമുണ്ടായി. ഇതു ഫാരഡേയുടെ ജീവിതത്തെ ഒരു വഴിത്തിരിവിലെത്തിച്ചു. പിന്നീടു് അതിപ്രധാനപ്പെട്ട ചില ഗവേഷണങ്ങളുടെ ഉടമസ്ഥനായിത്തീർന്നു. അവയെല്ലാം മനുഷ്യരാശിക്കു് അനുഗ്രഹപ്രദങ്ങളായിട്ടുണ്ടു്.

ഫാരഡേ 1816 മുതൽ 1830 വരെ വർഷങ്ങളിൽ ഗ്ലാസ്, ബോറാസിക് അമ്ലം, ഉരുക്കു് എന്നിവയിന്മേൽ പ്രധാനമായി പരീക്ഷണങ്ങൾ നടത്തി. അദ്ദേഹത്തിനു ഗ്ലാസ്സിന്റെ ചേരുവയും ബോറാസിക് ആസിഡിന്റെ പ്രകൃതിയും മനസ്സിലാക്കാൻ കഴിഞ്ഞു. തുരുമ്പുപിടിക്കാത്ത ഉരുക്കു നിർമ്മിക്കേണ്ടതെങ്ങനെയെന്നു പഠിച്ചു. അദ്ദേഹം നടത്തിയ ഗവേഷണങ്ങളുടെ രണ്ടാം ഘട്ടമാണു് 1831 മുതൽ 1839 വരെയുള്ള വർഷങ്ങൾ. കാന്തം, വിദ്യുച്ഛക്തി എന്നിവ പഠനവിഷയങ്ങളായിരുന്നു. വിദ്യുച്ഛക്തിയും പ്രകാശവും തമ്മിലുള്ള ബന്ധം ഈ അവസരത്തിലാണു്

കണ്ടുപിടിച്ചതു്. പിന്നീടു് എഡിസനു വൈദ്യുതിപ്രവാഹം കണ്ടുപിടിക്കാൻ അതുപകരിച്ചു.

റോയൽ ഇൻസ്റ്റിട്യൂട്ടിലെ ലബോറട്ടറിയിലേക്കു് ഒരു ദിവസം ജോസഫ് ന്യൂട്ടൻ എന്നയാൾ കടന്നുചെന്നു. ഒരു പരീക്ഷണം നടത്തുവാനുള്ള അനുവാദത്തോടെയാണു് എത്തിയതു്. അവിടെ മുഷിഞ്ഞ വസ്ത്രമണിഞ്ഞു് ഒരു വൃദ്ധൻ നില്ക്കുന്നതുകണ്ടു് അയാളോടു ചോദിച്ചു "നിങ്ങൾ ഇവിടെയായിട്ടു വളരെ വർഷങ്ങളായെന്നു തോന്നുന്നല്ലോ?

"അതേ വളരെ വർഷങ്ങളെത്തി".
"ഒരു വക കാവൽക്കാരനല്ലേ?.
"അതേ ഒരു വക".
"അവർ നല്ല പ്രതിഫലം നല്കുന്നില്ലേ?"
"കുറച്ചുകൂടി ശമ്പളം കിട്ടിയാൽ വിരോധമില്ല".
"എൻെറ മനുഷ്യാ, നിങ്ങളുടെ പേരെന്താണു്?"
"മൈക്കിൾ ഫാരഡേ"
അതേ മൈക്കിൾ ഫാരഡേ അവസാനംവരെ സാധാരണക്കാരനായിരുന്നു.

എളിമയെന്ന സൽഗുണത്തിനു ക്രിയാത്മകവശവും നിഷേധാത്മകവശവുമുണ്ടു്. ആദ്യത്തേതു കഴിവിനൊത്തു ചുമതലകൾ നിർവഹിക്കുന്നതിൽപ്പെടുന്നതാണു്. കഴിവു കുറഞ്ഞതാലും ഏൽക്കുന്നജോലി നന്നായി ചെയ്യുക എന്നു ചെസ്റ്റർട്ടൻ പറഞ്ഞിരിക്കുന്നതു് ഇവിടെ പ്രസക്തമാണു്. ഒരു ചെരുപ്പുകുത്തി നല്ല ചെരുപ്പുകൾ ഓർഡർ അനുസരിച്ചു പണുതുകൊടുക്കുകയും പഴയവ നന്നായി റിപ്പയർ ചെയ്തു കൊടുക്കുകയും ചെയ്യുമ്പോൾ അയാളുടെ ജോലിയിൽ ആളുകൾ സംതൃപ്തരാകുമല്ലോ. അയാൾക്കു വളരെ ജോലിയുണ്ടാകുമെന്നതു് എളിമയുടെ ക്രിയാത്മകവശത്തിൻെറ നല്ല ഫലസിദ്ധിയാണു്. ഒരു ഫുട്ട്ബോൾ കളിക്കാരൻ നല്ല കളിക്കാരനാകുമ്പോൾ അതുകൊണ്ടുള്ള പ്രയോജനം അയാൾക്കു മാത്രമല്ല ഒരു സമൂഹത്തിനു മുഴു

വനമാണ വന്നുകൂടുന്നതു്. എളിമയുടെ നിഷേധവശത്തിൽപ്പെട്ടം അമിതമായ താല്പര്യങ്ങളിന്മേൽ നിയന്ത്രണമുണ്ടാകുക എന്നതു്. ഈ മനോഭാവം അതേസമയം പുരോഗതിക്കുള്ള അഭിവാഞ്ഛ നശിപ്പിക്കുകയില്ല. സിദ്ധികറം പരിമിതമാണെന്ന വസ്തുത അംഗീകരിച്ചുകൊണ്ടു മുന്നേറാനുള്ള ശ്രമത്തിലേ ഏർപ്പെടുകയുള്ളൂ. തനിക്കുള്ളതു മാത്രം അംഗീകരിക്കുന്നു. ഉദാഹരണത്തിനു് ഒരു ദൈവശാസ്ത്രജ്ഞൻ താൻ ഗണിതശാസ്ത്രത്തിലോ അല്ലെങ്കിൽ മറേറതെങ്കിലും ശാസ്ത്രവിദ്യയിലോ പ്രവീണനാണെന്നു് അവകാശപ്പെടുകയില്ല.

നമ്മുടെ അസ്തിത്വം നിസ്സാരവും നൈമിഷികവുമാണു്. നൂറുവർഷം ജീവിക്കുമെങ്കിൽതന്നെയും നിത്യത്വത്തോടു താരതമ്യപ്പെടുത്തുമ്പോറം അതു് ഒന്നുമാകയില്ല. സ്വാർത്ഥതയുടെ ബന്ധനങ്ങറം പൊട്ടിച്ചു നമ്മറം എളിമയുടെ സമുദ്രത്തിൽ അലിഞ്ഞു ചേരുകയാണെങ്കിൽ അതിൻെറ ശ്രേഷ്ഠതയുടെ പങ്കുചേരാനാകും. ഗാന്ധിജി എഴുതുന്നു. ''നമ്മറം നിസ്സാരരല്ല എന്ന ചിന്ത ദൈവത്തിനും നമുക്കുമിടയ്ക്കു മതിൽക്കെട്ടു നിർമ്മിക്കുന്നു. വലിയവരാണെന്ന തോന്നൽ ഇല്ലാതെയാകുമ്പോഴാണു് ഈശ്വരനിൽ ഒന്നാകുന്നതു്. സമുദ്രത്തിലെ ഒരു തുള്ളി ജലം സമുദ്രത്തിൻെറ ശ്രേഷ്ഠത പങ്കുവയ്ക്കുന്നു, അതറിയുന്നില്ലെങ്കിലും. എന്നാൽ സമുദ്രത്തിൽനിന്നു വിട്ടകന്നു തനിച്ചൊരു അസ്തിത്വത്തിൽ പ്രവേശിക്കുന്ന നിമിഷത്തിൽ അതു നീരാവിയായിത്തീരുന്നതാണു്. ഭൂമിയിൽ നമ്മുടെ ജീവിതം ഒരു കുമിളയ്ക്കു തുല്യമാണു്''. ദൈവത്തിൽ വിശ്വസിക്കാത്തവനും അങ്ങിൽ ആശ്രയിക്കാത്തവനും അങ്ങയുടെ സ്നേഹം അംഗീകരിക്കാത്തവനും എളിമയില്ലാത്തവനാണു്. നമ്മെ മനുഷ്യജീവികളായി സൃഷ്ടിച്ച ദൈവം നമ്മുടെ സഹകരണത്തോടെ നമ്മെ അവിടുത്തെ മക്കളാക്കുന്നു. എളിമപ്പെടുമ്പോറം നമ്മറം ശ്രേഷ്ഠരാകും; ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിച്ചു തുടങ്ങുന്നതാണു്. നമ്മുടെ തെററുകറം പിഴുതുമാററുവാനും അയൽവാസിക

ളുടെ സൽഗ്ഗുണങ്ങരം അനുകരിക്കാനും കഴിവുള്ളവരാകുകയും ചെയ്യും.

രണ്ടാം ലോകമഹായുദ്ധംകൊണ്ടു തകർന്നു തരിപ്പണമായ ഫ്രഞ്ചുരാജ്യത്തെ ഉദ്ധരിച്ച്, യുദ്ധാനന്തര ഭരണകർത്താവായി അധികാരമേററ ജനറൽ ഡി ഗാളെ. ഈശോസഭാവൈദികനാകുന്നതിനും ഇന്ത്യയിലോ മറേറാ മിഷൻ പ്രവൎത്തനങ്ങളിൽ വ്യാപൃതനാകുന്നതിനും ആഗ്രഹിച്ച അദ്ദേഹത്തിൻെറ ജീവിതം മറെറാരു വഴിക്കാണു തിരിഞ്ഞതു്. ലോകം ദർശിച്ചിട്ടുള്ള അതികായ ഭരണകൎത്താക്കളിലൊരാളായി അദ്ദേഹം പ്രകാശിക്കുകയും ചെയ്തു. ഭരണകാലത്തു രാഷ്ട്രീയപ്രശ്നങ്ങരംക്കുത്തരം കിട്ടുവാൻ ഡിഗാളെ എന്തു ചെയ്യുന്നുവെന്നറിയുന്നതു് അദ്ദേഹത്തിൻെറ വിനയാന്വിത ജീവിതശൈലി വിലയിരുത്തി അനുകരിക്കാൻ പ്രചോദകമാകുമെന്നതിനു സംശയമില്ല. ഗൗരവമേറിയ ഏതെങ്കിലും രാഷ്ട്രീയപ്രശ്നത്തിനു തൃപ്തികരമായ ഉത്തരം കിട്ടാതെ വരുമ്പോരം അദ്ദേഹം തൻെറ ഗ്രാമീണ വസതിയിലേക്കു തിരിക്കുമായിരുന്നു. അവിടെ പരിശുദ്ധ കുർബാനയുടെ മുമ്പാകെ രണ്ടു മൂന്നു ദിനരാത്രങ്ങരം ചെലവഴിച്ചതിനുശേഷം തീരുമാനത്തോടെയാകും മടങ്ങുക. ഓരോ പ്രാവശ്യവും കൈക്കൊണ്ട തീരുമാനം വസ്തുനിഷ്ഠവും സമുചിതവുമായിരുന്നു.

അധികാരം വച്ചൊഴിഞ്ഞതിനുശേഷമാണു ഡിഗാളെ ദിവംഗതനായതു്. എങ്കിൽത്തന്നെയും അദ്ദേഹത്തെ സമാദരിക്കുവാൻ ലോകനേതാക്കരം ഫ്രാൻസിലേക്കു പറന്നു. 1970 നവംബർ 12-ാം തീയതി പാരീസിലെ നോട്ടർഡാം കത്തീഡ്രൽ ദേവാലയത്തിൽ നടന്ന സംസ്കാരശുശ്രൂഷയിൽ ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നു നൂറോളം ഭരണമേധാവികളാണു സംബന്ധിച്ചതു്. അമേരിക്കൻ പ്രസിഡൻറു് നിക്സണും, സോവിയററു യൂണിയൻ പ്രസിഡൻറു് നൊക്കൊളെ പോഡ്ഗോർനിയും (Nokolai Podgorny) ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും ദേവാലയത്തിലുണ്ടായിരുന്നു.

ഡിഗാളെ 1952–ൽ, വർഷങ്ങൾക്കുമുമ്പുതന്നെ മരണപത്രിക എഴുതിവച്ചിരുന്നു. അതിലെ ചില നിർദ്ദേശങ്ങൾ അദ്ദേഹം എത്രയോ വിനീതഹൃദയനാണെന്നു വെളിപ്പെടുത്തുന്നു. കൊളംബേയിൽ കുടുംബകല്ലറയിൽ ഏററവും ലളിതമായി സംസ്കരിക്കണമെന്നു മാഡം ഡിഗാളെയോട് ആവശ്യപ്പെട്ടിരുന്നു. ദേശീയബഹുമതികൾ പാടില്ലെന്നും ഫ്രഞ്ചുപ്രസിഡൻറുമാരുടെ മന്ത്രിമാരും പാർലമെൻറംഗങ്ങളും ഉന്നത ഉദ്യോഗസ്ഥന്മാരും സന്നിഹിതരാകരുതെന്നും അതിൽ നിർദ്ദേശമുണ്ടായിരുന്നു. ദേവാലയങ്ങളിൽ ചരമപ്രസംഗങ്ങൾ നടത്തരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.

എളിമയുള്ളവനെ പുകഴ്ച സ്വാധീനിക്കയില്ല. അതു ദൈവത്തിനു മടക്കിക്കൊടുക്കാനുള്ള വ്യഗ്രത പ്രദർശിപ്പിക്കുന്നു.

---

## 10 ധീരതയുള്ളവരായേ തീരൂ

ഗ്രീക്കുരാജ്യത്തിൻെറ ചരിത്രത്തിലൂടെ ലോകപ്രസിദ്ധമായിത്തീർന്ന ഒരു പുരാതന വീരസംഭവം ആദ്യമായി വിവരിക്കുന്നു. സ്പാർട്ടാക്കാരായ മുന്നൂറു വീരയോദ്ധാക്കൾ തർമ്മോപലി എന്ന ഇടുക്കുവഴിയിൽ സംഖ്യാതീതമായ ശത്രുസൈന്യത്തെ എതിർക്കുന്നതിനു തയ്യാറായി നിൽക്കുകയായിരുന്നു. യുദ്ധത്തിൽ നിശ്ചയമായും മരിക്കേണ്ടിവരുമെന്ന് അവർക്കറിയാമായിരുന്നു. അവരിലൊരാൾ അടുത്തുണ്ടായിരുന്ന ഒരു പാറമേൽ വാളിൻെറ മുനകൊണ്ടു വിശ്വവിഖ്യാതമായിത്തീർന്ന ഒരു വാക്യം കുറിച്ചു. ''ഈ വഴിയിലൂടെ കടന്നുപോകുന്നവരേ, ഞങ്ങൾ സ്പാർട്ടായ്ക്കു വേണ്ടിയാണു മരിച്ചതെന്ന് അവരോടു ചെന്നു പറയുവിൻ''. ഈ ധീരകൃത്യം ആരെയാണു വിസ്മയഭരിതരാക്കാത്തത്? അവരുടെ സ്വരാജ്യസ്നേഹം അഗാധമായിരുന്നു.

അതേ, ആത്മധൈര്യമുള്ളവരാകുക വീരന്മാരുടെ ലക്ഷണമാണ്. എന്നാൽ ജഡികമോഹങ്ങൾ നിയന്ത്രിച്ച ദുർഗ്ഗുണങ്ങൾ ജയിക്കുകയെന്നതു കൂടുതൽ വീരോചിതകൃത്യമാണ്. സാമ്രാജ്യങ്ങൾ പിടിച്ചടക്കുന്നതിനെക്കാൾ വിഷമമേറിയതാണ വീരോചിതമാംവിധം സുകൃതങ്ങൾ അഭ്യസിക്കുവാൻ ശ്രമിക്കുന്നവരുടെ സ്ഥിതി.

വിശുദ്ധ തോമസ്മൂറിൻെറ ആത്മധൈര്യപ്രകടനം വർണ്ണിക്കുന്നു. അദ്ദേഹം ഇംഗ്ലണ്ടിൻെറ രാജാവായിരുന്ന ഹെൻറി 8-ാമൻെറ (16-ാം നൂററാണ്ടു്) കീഴിൽ ചാൻസലർ ആയിരുന്നു. ഇരുവരും ഉററ മിത്രങ്ങളായിരുന്നെങ്കിലും ഇംഗ്ലണ്ടിലെ സഭയുടെ തലവനായി ഹെൻറി സ്വയം പ്രഖ്യാപിച്ചപ്പോൾ അവർ തമ്മിലിടയുകയും അകലുകയും ചെയ്തു. ഈ ശത്രുത തോമസ്മൂറിൻെറ അറസ്റ്റിലും മരണശിക്ഷയിലുമാണ ചെന്നവസാനിച്ചതു്. മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടു് അദ്ദേഹം ലണ്ടൻ ടവ്വർ എന്ന കാരാഗൃഹത്തിൽ കഴിയുകയായിരുന്നു. ഒരു ദിവസം അദ്ദേഹത്തിൻെറ ഭാര്യ, ദത്തുപുത്രിയായ മാർഗരററുമൊരുമിച്ച കാണുവാനെത്തി. ആ സന്ദർശനവേളയിൽ അവൾ അദ്ദേഹത്തോടു രാജാവിൻെറ ഇംഗിതത്തിനു വഴങ്ങി സ്വാതന്ത്ര്യവും ബഹുമതികളും തിരിച്ചെടുക്കണമെന്നു കേണപേക്ഷിച്ചു. അദ്ദേഹം ഒട്ടും മടിക്കാതെ അവളോടു്, 'സ്വാതന്ത്ര്യവും ബഹുമതികളും എത്ര കാലത്തേക്കു് അനുഭവിക്കാനൊക്കുമെന്നാണ നീ കരുതുന്നതു്'' എന്നു ചോദിച്ചു. 'ഇരുപതു വഷത്തേക്കു് ഒരുപക്ഷേ കൂടുതൽ കാലത്തേക്കു്''. അവൾ മറുപടി പറഞ്ഞു. ഇതുകേട്ടു് അദ്ദേഹം ആത്മധൈര്യത്തോടെ എന്നാൽ മധുരമായി പറഞ്ഞു. 'സ്ത്രീയേ, ഞാൻ നിത്യതയെ 20 വർഷത്തേക്കുവേണ്ടി കച്ചവടം ചെയ്യുന്നതല്ല'. ഏതാനും ദിവസങ്ങൾക്കുശേഷം അദ്ദേഹം വധിക്കപ്പെട്ടു.

ഭയരഹിതരാകുന്നതിനു ഗാന്ധിജി നൽകുന്ന ഉപദേശം ഇവിടെ ചേർക്കുന്നു. 'നമ്മൾ ഭയപ്പെടേണ്ടതു് ഒരാളെമാത്രമാണ്, ഈശ്വരനെ. ഈശ്വരനെപ്പററി ഭയമു

ള്ളപ്പോഠം മനുഷ്യരെ ഭയപ്പെടേണ്ട. സത്യവ്രതത്തെ അതിൻെറ ഏതെങ്കിലും രൂപത്തിൽ അനുഷ്ഠിക്കാൻ ആഗ്രഹിക്കുന്നപക്ഷം ഭയരഹിതനാകണമെന്നതിനു സംശയമില്ല. നല്ലൊരാളുടെ ഒന്നാമത്തെ സൽഗ്ഗുണം ഭയമില്ലാതിരിക്കുന്ന അവസ്ഥയാണെന്നു ഭഗവത്ഗീതയിൽ പറയുന്നു'.

നിങ്ങളിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അതൊരു വസ്തുതയാണെന്നംഗീകരിച്ച് അതിനെ അഭിമുഖീകരിക്കുക ആവശ്യമാണ്. ഏതെങ്കിലും അംഗവൈകല്യമുണ്ടെങ്കിൽ അതുകൊണ്ടുണ്ടാകുന്ന ജീവിതവൈഷമ്യങ്ങഠം തരണം ചെയ്യുവാൻ കൂടുതൽ ശ്രമിക്കുകയാണു വേണ്ടതു്. അപകർഷതാബോധം ബാധിക്കുവാൻ അനുവദിക്കരുതു്. ആത്മധൈര്യത്തിനു് ഉലച്ചിൽ തട്ടുവാൻ പാടില്ല. എത്തിപ്പിടിക്കാൻ സാധിക്കാത്ത രംഗം ഉപേക്ഷിച്ചും എന്നാൽ പരാജയത്തിൽ ധൈര്യം നഷ്ടപ്പെടുത്താതെയും മുമ്പോട്ടു പോവുകയാണു വേണ്ടതു്. 1985 ജൂൺ 13-ാം തീയതിയിലെ പത്രങ്ങളിൽ ഒരു വികലാംഗനെക്കുറിച്ചു വാർത്തയുണ്ടായിരുന്നു. കൈകളില്ലാതെ ഇരുകാലുകഠംകൊണ്ടു് എല്ലാ ജോലിയും ചെയ്തു ജനമദ്ധ്യത്തിൽ വിസ്മയമായി മാറിയ ഗോവിന്ദൻ പോററി 64-ാമത്തെ വയസ്സിൽ നിര്യാതനായി. കൊച്ചിയിലെ ശ്രീകൃഷ്ണകേഫിൽ ക്ലാർക്കായിരുന്ന പോററി മട്ടാഞ്ചേരി ആനവാതിൽ പോളിംഗ്ബൂത്തിൽ കാലുകൊണ്ടു വോട്ടുചെയ്തു ലോകസഭാതെരഞ്ഞെടുപ്പുകാലത്തു കൗതുകമുണർത്തി. ബാലററു പേപ്പറിൽ സീൽ കുത്തിയതും പേരു് എഴുതിയതുമെല്ലാം അദ്ദേഹം തന്നെയായിരുന്നു. തുറവൂർ ഹൈസ്കൂളിൽനിന്നു സ്കൂഠം വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ചേർത്തലയിലെ തൈക്കാട്ടുശ്ശേരി ക്ഷേത്രത്തിൽ ആദ്യം പൂജാരിയായി, പിന്നെ നാട്ടിൽതന്നെ. തുടർന്നു ഹോട്ടൽ ക്ലാർക്കായ പോററി മരിക്കുവോളം ആ സ്ഥാനത്തു തുടന്നു.

ഒരിക്കലും പിന്തിരിഞ്ഞു് ഓടരുതു് എന്നതു മഹത്തുക്കളുടെ ആദർശമാണ്. ശ്രീ വിവേകാനന്ദനുണ്ടായ ഒരനുഭ

വം വിവരിക്കുന്നു. അദ്ദേഹം കാശി നഗരം സന്ദർശിക്കുക യായിരുന്നു. അവിടെ പ്രസിദ്ധമായ ദുർഗ്ഗാക്ഷേത്രത്തിൽ നിന്നു മടങ്ങവേ അക്രമാസക്തരായ കുറെ വാനരന്മാർ ഒന്നു ചേർന്ന് അദ്ദേഹത്തിന്റെ പിന്നാലെ കൂടി. ഉടനടി പ്രാണ രക്ഷാർത്ഥം ഓടുവാൻ തുടങ്ങി. അതു കണ്ട് ഒരു വൃദ്ധസ ന്യാസി വിളിച്ചു പറഞ്ഞു. 'ഓടരുത്. ആ മൃഗങ്ങളെ നേരിടുക.' അപ്പോൾ നിർഭയനായിത്തീർന്ന വിവേ കാനന്ദൻ തിരിഞ്ഞുനിന്നു. മൃഗങ്ങളാകട്ടെ വിരണ്ട് ഓടി മറഞ്ഞു. കുറെ വർഷങ്ങൾക്കുശേഷം ന്യൂയോർക്കിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഈ അനുഭവം പരാമർശിച്ച് അദ്ദേഹം ഉദ്ബോധിപ്പിച്ചു. 'പ്രകൃതിയെ നേരിടണം അജ്ഞതയോടെതിർക്കണം, മായയോടു പടവെട്ടണം, ഒരിക്കലും പിന്തിരിഞ്ഞു് ഓടരുത്.'

ആധുനിക ജ്യോതിശ്ശാസ്ത്രത്തിന്റെ ഉപജ്ഞാതാ വായ കോപ്പർനിക്കസിനു ചില കുബുദ്ധികളിൽനിന്നു് എതിർപ്പുകൾ നേരിടേണ്ടിവന്നു. ആദ്യം ചീത്ത വാക്കു കൾ നിറഞ്ഞ ഒരു ലഘുലേഖ അവർ പ്രസിദ്ധീകരിച്ചു. അതുകൊണ്ട് ഉദ്ദേശിച്ച ഫലമുണ്ടായില്ല, എല്ലാവരും അവരുടെ അബദ്ധമായ പ്രസ്താവനകൾ വായിച്ചു ചിരി ക്കുകമാത്രം ചെയ്തു. അപ്പോഴാണു കോപ്പർനിക്കസ്സിന്റെ 'ആകാശഗോളങ്ങളുടെ ചുററലി'നെക്കുറിച്ചുള്ള സിദ്ധാന്തം അവരുടെ കർണ്ണപുടങ്ങളിലെത്തിയതു്. ഭൂമിയെ സൂര്യ ഗോളമല്ല, പ്രത്യുത സൂര്യനെ ഭൂഗോളമാണു വലംവയ്ക്കു ന്നതെന്നു് അദ്ദേഹം സ്ഥാപിക്കുകയായിരുന്നു. അവർ കോമാളികളെ നിയോഗിച്ചു, ഗ്രാമങ്ങളിൽ ചുററിസഞ്ച രിച്ചു് അദ്ദേഹത്തിന്റെ ജ്യോതിശ്ശാസ്ത്രപഠനങ്ങളെ അധി ക്ഷേപിക്കാൻ. കോപ്പർനിക്കസ്സിന്റെ സ്നേഹിതന്മാർ ഈ സ്വഭാവഹത്യയുടെ മുമ്പാകെ അസ്വസ്ഥത കാണി ച്ചെങ്കിലും അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു 'അവരെ വെറുതെ വിട്ടേക്കുക. ആകാശഗോളങ്ങളുടെ ചലനങ്ങളെ വിഡ്ഢികളായ ഒരു ഗണം ആളുകളുടെ അധിക്ഷേപം കൊണ്ടോ ബഹുമാനംകൊണ്ടോ സ്വാധീനിക്കാനാവുക യില്ല'.

൭൨൩
ST. A... ALWAYE Phone

സദ്‌വൃത്തരായി വ്യാപരിക്കുന്നതിനു് ഒരു പരിധി വരെ ആത്മശക്തിയുടെ ഉടമകളാകണം നാമേവരും. സ്വയം നിയന്ത്രിക്കുന്നതിനു് ഈ സദ്ഗുണം ആവശ്യമാണു്. തത്വദീക്ഷയോടും സത്യസന്ധതയോടും ജീവിക്കുന്നതിനു നമ്മെ ഉത്തേജിപ്പിക്കുന്ന ശക്തിയാകണമതു്. സർവപ്രധാനമായി ആത്മരക്ഷ അപകടത്തിലാക്കുന്ന സന്ദർഭങ്ങൾ തരണം ചെയ്യുന്നതിനു ധീരതയുള്ളവരായേ തീരൂ നാമേവരും. ഇതിനുദാഹരണമാണു കൊച്ചി തുറമുഖത്തുണ്ടായ ഒരു സംഭവം. ഹോംകോംഗ് പട്ടണത്തിൽനിന്നു പുറപ്പെട്ട ഒരു തടിക്കപ്പൽ 1978 ജനു. 7-ാം തീയതി കൊച്ചിതുറമുഖത്തടുത്തു. നോമി പെറ്റെർസൺ (Naomi Peterson) എന്ന വനിതയായിരുന്നു അതിലെ ക്യാപ്റ്റൻ. അടുത്തു് ഒരു ഇൻഡോനേഷ്യൻ കപ്പൽ നങ്കൂരമിട്ടുകിടപ്പുണ്ടായിരുന്നു. ഇന്ധനവും ഭക്ഷണവും തീർന്നതിനാൽ ക്യാപ്റ്റൻ പെറ്റെർസൺ സഹായാഭ്യർത്ഥനയുമായി ആ കപ്പലിലെത്തി. അവിടെനിന്നു് അത്താഴം കഴിഞ്ഞു് അവർ രാത്രി 11 മണിക്കു് ഒരു വഞ്ചിയിൽ കയറി സ്വന്തം കപ്പലിലേക്കു തിരിച്ചു. കുറച്ചുകഴിഞ്ഞു നടുക്കായലിൽവച്ചു വഞ്ചി തുഴഞ്ഞിരുന്നവരിലൊരാൾ അവളോടു് മര്യാദകേടായി പെരുമാറുവാൻ തുടങ്ങി. അവർ എന്തു ചെയ്തെന്നോ. നീന്തി മട്ടാഞ്ചേരി ഭാഗത്തുള്ള ഒരു ബോട്ടുകടവിലെത്തി. ആ വഞ്ചിക്കാരൻ ഒപ്പമെത്തിയതു കണ്ടു് അവർ വീണ്ടും വെള്ളത്തിലേയ്ക്കു ചാടി അടുത്ത ജെട്ടിയിലേക്കു നീന്തി. ഒരു ഗേററു ചാടി ഒരു ഗോഡൗണിലേക്കുള്ള ഇടുങ്ങിയ വഴിയിലെത്തി. അവിടെയുണ്ടായിരുന്നവർ സഹായിക്കുന്നതിനുപകരം രണ്ടുപേർ ചെന്നു റോഡിലേക്കുള്ള ഗേററു് അടയ്ക്കുന്നതു കണ്ടു. അവർ ഒട്ടും മടിക്കാതെ ഗോഡൗണിൻെറ മുകൾത്തട്ടിലേയ്ക്കു് ഓടിക്കയറി ഓടു പൊളിച്ചു മേൽക്കൂരയിലെത്തി. അതിൻെറ മുകളിൽനിന്നുകൊണ്ടു റോഡിലൂടെ കടന്നുപോയിക്കൊണ്ടിരുന്നവരോടു സഹായത്തിനു നിലവിളിച്ചു. കുറെ ആളുകൾ എത്തിയപ്പോൾ അവർ താഴെ ഇറങ്ങി. ഇൻഡോനേഷ്യൻ കപ്പലിൽനിന്നു രണ്ടുപേർ വരികയും അവളെ കൂട്ടിക്കൊണ്ടുപോവുകയുംചെയ്തു.

പോലീസ് അധികാരികൾ ആ ക്യാപ്റ്ററൻെറ പ്രവൃത്തിയെ ''അസാധാരണമായ ആത്മധൈര്യ'' മെന്നു വിശേഷിപ്പിച്ചു. അവളിങ്ങനെ മറുപടിപറഞ്ഞു. ''ഒരു സ്ത്രീയോട് അവൾ സ്വദേശിയോ വിദേശിയോ ആകട്ടെ, ഇപ്രകാരം പെരുമാറിയതിനെക്കുറിച്ചു ഞാൻ ലജ്ജിക്കുന്നു. ഒരു സ്ത്രീ ആകകൊണ്ടു ക്യാപ്റ്ററൻ എന്ന നിലയിൽ ഔദ്യോഗികമായ ചുമതല നിർവഹിക്കാനുള്ളപ്പോൾ ഞാൻ കൂടുതൽ സൂക്ഷ്മത പാലിക്കേണ്ടതായിരുന്നു''.

ക്രൈസ്തവനു പരിശുദ്ധാത്മാവിൻെറ ഏഴു ദാനങ്ങളിലൊന്നാണ് ആത്മധൈര്യം. ലൗകിക പ്രലോഭനങ്ങൾ തൃണവൽഗണിക്കാനും പീഡനങ്ങൾ സ്വീകരിക്കാനും വേദസാക്ഷികളെ ശക്തരാക്കിയ ഗുണവിശേഷമാണതു്. പഴയ നിയമത്തിലെ ജോബിൻെറ വാക്കുകളിൽ 'മനുഷ്യജീവിതം നിർബന്ധമായ പട്ടാളജോലിപോലെയാണെന്നു'' (7 : 1 ) നമ്മുടെ ജീവിതത്തിലേക്കു തിരിയുമ്പോൾ കാണാവുന്നതാണ്. എപ്പോഴും തടസ്സങ്ങൾ നമുക്കു തരണം ചെയ്യേണ്ടിവരുന്നു; ക്ലേശങ്ങൾ സഹിക്കേണ്ടിവരുന്നു. ജനനം മുതൽ മരണംവരെ ജീവിക്കാൻ സാഹസപ്പെടണം. വിശപ്പും ദാഹവും അനുഭവിക്കേണ്ടിവരുന്നു. ആത്മാവിനും ശരീരത്തിനും സംഭവിക്കാവുന്ന അപകടങ്ങൾ ഒഴിവാക്കേണ്ടിവരുന്നു.

# 2

# നിസ്സംഗതയും ജന്മ സാഫല്യവും

## 1 നിസ്സംഗരാകുക

ഒരു യാചകൻ പ്രത്യക്ഷപ്പെട്ടു സഹായം ചോദിക്കു മ്പോരം അലക്ഷ്യമായി പൈസകരം എറിഞ്ഞുകൊടുക്കുന്ന വരുണ്ട്. എന്നാൽ ആ സാധുമനുഷ്യൻ എത്തിയതിനു നന്ദിയുണ്ടാകേണ്ടതാണ്. ദാനം ചെയ്യുന്നവൻ സ്വയം സഹായിക്കപ്പെടുകയത്രെ ചെയ്യുന്നതു്. വാങ്ങുന്നവനല്ല, കൊടുക്കുന്നവനാണു യഥാർത്ഥത്തിൽ അനുഗ്രഹിക്കപ്പെടു ന്നതു്.

ഗീതാഞ്ജലിയിൽ മഹാകവി ടാഗോർ എഴുതി: ഞാൻ ഗ്രാമീണവീഥിയിൽ കവാടങ്ങരംതോറും ഭിക്ഷാ ടനം ചെയ്തു നടക്കുകയായിരുന്നു. അപ്പോരം ഒരു സുവർ ണ്ണരഥം വിദൂരത്തിൽ കാണപ്പെട്ടു. എല്ലാ രാജാക്കളു ടേയും രാജാവാണു് എഴുന്നള്ളുന്നതു്. ഞാൻ നിന്നിടത്തു രഥം വന്നു നിന്നു. അദ്ദേഹത്തിൻെറ വീക്ഷണം എന്നിൽ പതിച്ചു. എൻെറ ജീവിതഭാഗ്യം കൈവന്നതായി എനി ക്കുതോന്നി. പൊടുന്നനവേ, അദ്ദേഹം കരംനീട്ടി ചോ ദിച്ചു. ''എനിക്കു നൽകുവാൻ നിനക്കെന്താണുള്ളതു്?'' ഞാൻ പരിഭ്രമിച്ചു നിർന്നിമേഷനായി കുറെനേരം നില കൊണ്ടു. ഉടനെ ഞാൻ എൻെറ സഞ്ചിയഴിച്ച് ഏററവും

ചെറിയ ഒരു ധാന്യമണിയെടുത്തു് അദ്ദേഹത്തിൻെറ കരത്തിൽ അർപ്പിച്ചു. ആ ദിനാന്ത്യത്തിൽ എൻെറ സഞ്ചിയഴിച്ചു് അതിലെ ധാന്യമണികാം താഴെ ചൊരിഞ്ഞു. ചെറിയ ഒരു സ്വർണ്ണധാന്യമണി അതിൽ കണ്ടപ്പോാം ഞാൻ വിസ്മയിച്ചു. ആ കാഴ്ച എന്നെ രോദനാധീനനാക്കി. എൻെറ സമസ്തവും കൊടുത്തില്ലല്ലോ എന്നു ഖേദിച്ചു.

ഔദാര്യവും അനുകമ്പയും പ്രകടിപ്പിക്കുന്നതിനുള്ള അവസരമുണ്ടാകുന്നതു വലിയൊരുപകാരമായി കണക്കാക്കേണ്ടതാണു്. പുണ്യാഭിവൃദ്ധിക്കുള്ള മാർഗ്ഗമാണതു്. നിങ്ങാം സഹായിച്ച ഒരു യാചകനും ഒരു തുട്ടിനുപോലും നിങ്ങളോടു കടപ്പെട്ടവനല്ല. നിങ്ങാം അയാളോടാണു കടപ്പെട്ടിരിക്കുന്നതു്. കാരണം നമ്മുടെ സ്നേഹം അയാളിൽ അഭ്യസിക്കാൻ കഴിഞ്ഞു. ആർക്കെങ്കിലും നന്മചെയ്തെന്നോ നന്മചെയ്യുവാൻ സാധിക്കുമെന്നോ കരുതുന്നതു മണ്ടത്തരമായ ചിന്തയാണു്. മണ്ടത്തരമായ ചിന്തകളെല്ലാം ദുരിതങ്ങാം സൃഷ്ടിക്കുന്നു. ആരെയൊക്കെയോ സഹായിച്ചെന്നു നമ്മാം കരുതുന്നു. അവർ നന്ദിപറയാത്തതുകൊണ്ടു ഈർഷ്യരാകുന്നില്ലേ? ചെയ്തുകൊടുത്ത ഉപകാരങ്ങാംക്കു പ്രതിഫലം പ്രതീക്ഷിക്കുന്നതെന്തിനു്? നിങ്ങാം സഹായിക്കുന്ന ആളിനോടു നിങ്ങാംക്കു കൃതജ്ഞതയുണ്ടാകണം. എല്ലാവരും ദൈവത്തിൻെറ മക്കളാണു്. സഹജീവികളെ സഹായിക്കുമ്പോാം ദൈവത്തെ ആരാധിക്കുകയത്രേ ചെയ്യുന്നതു്. തീർച്ചയായും ഇതു് വലിയൊരു ആനുകൂല്യമാണു്. നമ്മാം യഥാർത്ഥത്തിൽ നിസ്സംഗരാണെങ്കിൽ ഒന്നും പ്രതീക്ഷിക്കാതെ സന്തോഷത്തോടെ നല്ല കാര്യങ്ങളിൽ വ്യാപൃതരാകും. ഒന്നിനോടും വേഴ്ചകൂടാതെ ജോലി ചെയ്യുമ്പോാം സന്തോഷക്കുറവും ദുഃഖവും അനുഭവപ്പെടുന്നതല്ല. ലോകമാകട്ടെ, അതിൻെറ സന്തോഷത്തിലും ദു:ഖത്തിലും എന്നും നീങ്ങിക്കൊണ്ടിരിക്കും.

ഒരിടത്തു് ഒരു പാവപ്പെട്ടവനുണ്ടായിരുന്നു. പണത്തിനു് ആവശ്യം നേരിട്ടു. ഒരു ഭൃത്യം ചൊല്പടിയിലു

ണ്ടെങ്കിൽ അതു സാധിക്കാമെന്നു് അയാരം വിചാരിച്ചു. ഭൂതത്തെ കിട്ടുന്നതിനു ഭൂതത്തെ കൊടുക്കുന്നയാളെ തിരക്കി പുറപ്പെട്ടു. അവസാനം ഒരു മഹർഷിയെ കണ്ടുമുട്ടി. ഒരു ഭൂതത്തെ കൊടുക്കണമെന്നു് അദ്ദേഹത്തോടു് അപേക്ഷിച്ചു. അയാളെ തിരിച്ചയച്ചെങ്കിലും പിറേറ ദിവസം മുനിയുടെ സമീപത്തെത്തി അയാരം കരഞ്ഞുകൊണ്ടു് അപേക്ഷിച്ചു. ''എനിക്കു് ഒരു ഭൂതത്തെ തരണം എന്നെ സഹായിക്കുവാൻ എനിക്കൊരു ഭൂതം വേണം. മഹർഷി അയാളെക്കൊണ്ടു മടുത്തതിനാൽ പറഞ്ഞു. ''ഈ മന്ത്രം ജപിക്കുക. ഒരു ഭൂതം എത്തുന്നതാണു്. അവനോടു് ആവശ്യപ്പെടുന്നതെന്തും അവൻ ചെയ്തുതരും. എന്നാൽ സൂക്ഷിച്ചേക്കണം. ഭൂതങ്ങരം ഭയങ്കരന്മാരാണു്. എപ്പോഴും ജോലി ചെയ്യിക്കണം. ജോലിയില്ലാതെവന്നാൽ നിന്നെ കൊന്നുകളയും''. അയാരം പറഞ്ഞു. ''എപ്പോഴും ജോലി കൊടുക്കും. അവൻെറ ജീവിതകാലം മുഴുവൻ ഞാൻ ജോലി ചെയ്യിക്കുന്നതാണു്''. അയാരം ഒരു വനത്തിൽ പ്രവേശിച്ചു. അവിടെയിരുന്നു വളരെ സമയം ആ മന്ത്രം ഉരുവിട്ടു. അവസാനം ഒരു ഭൂതം പ്രത്യക്ഷപ്പെട്ടു പറഞ്ഞു. ''ഞാനൊരു ഭൂതമാണു്. നിൻെറ മന്ത്രം എന്നെ കീഴടക്കിയിരിക്കുന്നു. എന്നാൽ എന്നെ എപ്പോഴും ജോലിയിലാക്കണം. എനിക്കു ജോലിനൽകാത്ത നിമിഷത്തിൽ ഞാൻ നിന്നെ കൊന്നുകളയും''. അയാരം കല്പിച്ചു. ഒരു കൊട്ടാരം പണിയുക''. ഭൂതം പറഞ്ഞു ''ചെയ്തു കഴിഞ്ഞു. കൊട്ടാരം പണുതു''. അയാരം തുടന്നു കല്പിച്ചു. ''പണം കൊണ്ടുവരിക''. ഭൂതം പറഞ്ഞു. ''ഇതാ നിനക്കു പണം'' മറെറാരാവശ്യം ഉന്നയിച്ചു. ''ഈ വനം തെളിച്ചു തൽസ്ഥാനത്തു് ഒരു പട്ടണം പണിയുക''. ഭൂതത്തിൻെറ മറുപടി ''അതു ചെയ്തു കഴിഞ്ഞു. ഇനി എന്താണു ചെയ്യേണ്ടതു''. അയാരംക്കു ഭയമായി. കൂടുതൽ ഒരു ജോലി കൊടുക്കാനില്ല. ഒരു നിമിഷംകൊണ്ടു് എല്ലാം ചെയ്യുന്നു. ഭൂതം പറഞ്ഞു. ''ജോലി തരിക, അല്ലെങ്കിൽ നിന്നെ ഞാൻ വകവരുത്തും''. ആ സാധുമനുഷ്യൻ ഭയപ്പെട്ടു. അയാരം ഓടിഓടി മഹർഷിയുടെ പക്കലെത്തി. ''എൻെറ ജീവനെ രക്ഷിക്കണേ'' അവൻ കേണപേക്ഷിച്ചു.

എന്താണു സംഭവിച്ചതെന്നു് അദ്ദേഹം ചോദിച്ചു. ''ആ ഭൂതത്തെ ജോലിക്കു നിയോഗിക്കാൻ ജോലിയില്ല. ഞാൻ ആവശ്യപ്പെടുന്നതൊക്കെ ഒരു നിമിഷം ചെയ്തുതീക്കുന്നു. ജോലി കൊടുത്തില്ലെങ്കിൽ എന്നെ ഭക്ഷിക്കുമെന്നു ഭയപ്പെടുത്തുന്നു''. ഭൂതം ഉടനെ എത്തി. അവൻ പറഞ്ഞു ''ഞാൻ നിന്നെ തിന്നും''. അതയാളെ വിഴുങ്ങുമെന്നായി. ''ജീവൻ രക്ഷിക്കണേ''. അവൻ മഹർഷിയോടു വീണ്ടും കേണപേക്ഷിച്ചു. അദ്ദേഹം രക്ഷപെടുന്നതിനു് ഒരു പോംവഴി നിർദ്ദേശിച്ചു. ''ആ നായയെ നോക്കു. രോമച്ചുരുളുള്ള അതിൻെറ വാലുമുറിച്ചു ഭൂതത്തിനു നിവർത്താനായി കൊടുക്കു''. അയാൾ അപ്രകാരം ചെയ്തു ഭൂതത്തോടു പറഞ്ഞു. ''ഈ വാല് എനിക്കുവേണ്ടി നേരെയാക്കുക.'' ഭൂതം അതെടുത്തു ശ്രദ്ധയോടെ സാവകാശത്തിൽ നിവത്തി പക്ഷെ കൈവിട്ടപ്പോൾ പൂർവ്വസ്ഥിതിയിലായി. പിന്നെയും പിന്നെയും ശ്രമിച്ചെങ്കിലും വാല് നിവർത്താൻ കഴിഞ്ഞില്ല. ദിവസങ്ങൾ കടന്നുപോയി. അവസാനം മടുത്തു ഭൂതം പറഞ്ഞു. ''എനിക്കു് ഇങ്ങനെയൊരു വിഷമമുണ്ടായിട്ടില്ല. ഞാൻ സമർത്ഥനായ ഒരു ഭൂതമാണു്. പക്ഷെ ഇങ്ങനെയൊരു പ്രശ്നത്തിലായിട്ടില്ല. നമുക്കു രമ്യപ്പെടാം, പോകാൻ എന്നെ അനുവദിക്കുക. ഞാൻ തന്നതെല്ലാം നീ എടുത്തുകൊള്ളൂ. നിന്നെ ഞാൻ ഉപദ്രവിക്കയില്ലെന്നു വാഗ്ദാനം ചെയ്യുന്നു''. അയാൾക്കു സന്തോഷമായി. സന്തോഷത്തോടെ ആ തീരുമാനം സ്വീകരിച്ചു.

ഈ ലോകം ഒരു നായയുടെ വാല്പോലെയാണു്. അതിനെ നേരെയാക്കാൻ മനുഷ്യർ നൂററാണ്ടുകളോളം ശ്രമിക്കുന്നു. പക്ഷെ പൂർവസ്ഥിതിയിലാകുകയത്രെ ചെയ്യുന്നതു്. നിസ്സംഗതയോടെ അദ്ധ്വാനിക്കേണ്ടിയിരിക്കുന്നു. അമിതമായ മമതയോ ശാഠ്യമോ ഒരു വിഷയത്തിലും ഉണ്ടാകുവാൻ അനുവദിക്കരുതു്. ലോകം നായയുടെ വാലിനു തുല്യമാണെന്നറിഞ്ഞാൽ അതിൻെറ വളവ് നിവർക്കുക സാധ്യമല്ലാത്തതുകൊണ്ടു് ഒരുത്തനും ദുശ്ശാഠ്യത്തിനു വഴങ്ങുകയില്ല. വൈരാഗ്യവും വെറുപ്പുമേ നിർബന്ധി

വളൎത്തുകയുള്ളു. മനുഷ്യഗണത്തിന്റെ നാനാമുഖ പുരോഗതിയെ തടസ്സപ്പെടുത്തുമെന്നതു തീൎച്ചയാണ്. ശാഠ്യക്കാരൻ ആരുടേയും സ്നേഹം സമ്പാദിക്കുന്നില്ല. ലോകം നന്നാക്കാനോ സ്വയം വിശുദ്ധനാകാനോ കഴിവില്ലാത്തവനാണ്.

ഈ ലോകം നമ്മോടല്ല, നമ്മൾ ലോകത്തോടു കടപ്പെട്ടവരാണെന്നതു് ഒരു വസ്തുതയാണ്. ആളുകൾക്കു നന്മചെയ്യുക ഒരു ആനുകൂല്യമായിവേണം കരുതുവാൻ. അങ്ങനെ ലോകത്തെ സഹായിക്കുമ്പോൾ നമ്മെത്തന്നെയാണു സഹായിക്കുന്നതു്. ഒരുത്തനേയും വെറുക്കുവാൻ പാടില്ല. ലോകം നന്മയുടേയും തിന്മയുടേയും മിശ്രിതമാണ്, അങ്ങനെ എന്നുമായിരിക്കുമെന്നതിനു സംശയമില്ല. നമ്മുടെ കൎത്തവ്യമാണ് ബലഹീനരോടു അനുകമ്പയുണ്ടാകുക എന്നതു്. തിന്മ പ്രവൎത്തിക്കുന്നവരോടു സ്നേഹമുള്ളവരാകണം. ഈ ലോകം ധൎമ്മാചരണത്തിന്റേതായ വലിയൊരു കായികാഭ്യാസക്കളരിയാണ്. അവിടെ ആത്മീയതയിൽ കൂടുതൽ കൂടുതൽ ശക്തരാകുന്നതിനു വ്യായാമം നടത്തണം.

വേദാന്ത നീതിവാക്യങ്ങളുടെ കൎത്താവായിരുന്നു വ്യാസമഹർഷി. അദ്ദേഹത്തിന്റെ പിതാവ് പരിപൂൎണ്ണനാകാൻ പരിശ്രമിച്ചു. പക്ഷെ വിജയിച്ചില്ല. മുത്തച്ഛനും അപ്രകാരംശ്രമിക്കുകയുണ്ടായെങ്കിലും പരാജയപ്പെടുകയാണുണ്ടായതു്, വ്യാസമഹർഷിക്കും അതിനു കഴിഞ്ഞില്ല. എന്നാൽ അദ്ദേഹത്തിന്റെ മകൻ സുക്കാ അക്കാര്യത്തിൽ വിജയിച്ചു. വ്യാസൻ പുത്രനു് ജ്ഞാനം പകൎന്നുകൊടുത്തു വിജ്ഞാനിയാക്കി. സത്യത്തെക്കുറിച്ചു പഠിപ്പിച്ചതിനുശേഷം ജനകരാജാവിന്റെ കൊട്ടാരത്തിലേക്കയച്ചു. മഹാനായ ജനകരാജാവിനെ വിദേഹാ എന്നു വിളിച്ചിരുന്നു. വിദേഹാ എന്നാൽ ''ശരീരമില്ലാത്തവൻ'' എന്നാണൎത്ഥം. രാജാവാണെങ്കിലും ശരീരിയാണെന്ന വസ്തുത മറന്നു് അരൂപിയാണെന്ന ബോധ്യത്തിൽ കഴിയുന്നു. സു

ക്കായെ രാജാവിൻെറ സമീപത്തേക്കു പഠിക്കുന്നതിനു് അയച്ചു. വ്യാസൻെറ മകൻ അറിവിനായി തൻെറ പക്കലേക്കു് വരുന്നുണ്ടെന്നു രാജാവു് അറിഞ്ഞു. ആകയാൽ മുൻകൂട്ടി ചില ഏർപ്പാടുകൾ ചെയ്തു. കൊട്ടാരത്തിൻെറ കവാടത്തിലെത്തിയ ആ ബാലനെ കാവൽക്കാർ ശ്രദ്ധിച്ചതേയില്ല. അവർ ഒരു ഇരിപ്പിടം മാത്രം നല്കി. മൂന്നു രാവും പകലും അവിടെ ഇരുന്നു. ഒരുത്തനും എവിടെനിന്നു വന്നതെന്നൊ എന്തിനു വന്നതെന്നൊ ചോദിക്കുകയുണ്ടായില്ല. ഒരു മഹർഷിയുടെ മകനാണു്. രാജ്യം മുഴുവനും അദ്ദേഹത്തെ ബഹുമാനിക്കുന്നു. ഏററവും ആദരിക്കപ്പെടുന്നവനാണു്. എന്നുവരികിലും കൊട്ടാരത്തിലെ നിസ്സാരരായ കാവൽക്കാർ ബാലനെ തിരിഞ്ഞു നോക്കുകപോലും ചെയ്യുന്നില്ല. പെട്ടെന്നു രാജാവിൻെറ മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും ഗേററിലെത്തി ബഹുമാനത്തോടെ സ്വീകരിച്ചു. രാജകീയ പ്രൗഢികളോടെ അവിടെ എട്ടുദിവസം താമസിച്ചു. എന്നാൽ സുക്കായുടെ പ്രശാന്തമായ മുഖത്തിനു മാററമൊന്നുമുണ്ടായില്ല. ഗേററിൽ കാത്തുനിന്നപ്പോഴത്തെ സ്ഥിതിതന്നെ അഡംബരസമൃദ്ധിയിലും. രാജാവിൻെറ സമക്ഷം ഹാജരാക്കപ്പെട്ടു. ഗാനാലാപവും നൃത്തവും മററു വിനോദങ്ങളും അവിടെ അരങ്ങേറുന്നു. രാജാവു് വക്കുവരെ പാല്നിറച്ച ഒരു കപ്പു കൊടുത്തിട്ടു കല്പിച്ചു: ഒരു തുള്ളിപോലും പാലു് വീഴ്ത്താതെ ഈ ഹാളിനെ ഏഴു പ്രാവശ്യം ചുററിനടക്കണം. ബാലൻ ആജ്ഞാപിച്ചപ്രകാരം പ്രവത്തിച്ചു. ഒരു തുള്ളിപോലും ഒഴുകിപ്പോയില്ല. ലോകത്തിലുള്ള ഒന്നിനും ആ ബാലനെ സ്വാധീനിക്കാൻ കഴിഞ്ഞില്ല, അതിനു് അനുവദിക്കാഞ്ഞതുകൊണ്ടു്. രാജാവു് പറഞ്ഞു. ''നിൻെറ അച്ഛൻ പഠിപ്പിച്ചതും നീ പഠിച്ചതുമൊക്കെ എനിക്കു് ആവത്തിക്കാനേ കഴിയൂ, നീ സത്യം അറിഞ്ഞിരിക്കുന്നു. വീട്ടിലേക്കു പോവുക''.

സ്വയം നിയന്ത്രിക്കാൻ അഭ്യസിച്ചവനെ ഒന്നും തന്നെ സ്വാധീനിക്കുന്നതല്ല. അവൻ ഒന്നിനും അടിമയാകുന്നില്ല. ദാസഭാവം അവനിൽനിന്നു വിട്ടകലുന്നു. അവൻെറ മന

സ്സ സ്വാതന്ത്ര്യമാണ്. വ്യാസമഹർഷിയുടെ പുത്രൻ സുക്കായെപ്പോലെ നിസ്സംഗരാകുവാൻ നമുക്കു സാധിച്ചു എന്നുവരില്ല. പക്ഷെ ഒന്നിനോടും ഒട്ടിച്ചേരാതിരിക്കുന്ന മനസ്ഥിതി നമ്മൾ ആർജ്ജിക്കേണ്ടതാണ്. അങ്ങനെയുള്ളവരത്രേ ലോകത്തിൽ ശ്രേഷ്ഠതയോടെ ജീവിക്കാൻ യോഗ്യരാകുന്നവർ.

---

## 2 നിസ്സംഗതയും പ്രവർത്തനവും

ദൈവം എപ്പോഴും പ്രവർത്തിക്കുന്നു. അവിടുന്ന് പ്രവർത്തനനിരതനാണ്. അതേസമയം യാതൊന്നിനോടും ഒട്ടിച്ചേരാതെ സ്വതന്ത്രനായി നിലകൊള്ളുന്നു. ദൈവസ്വഭാവത്തിൽ പങ്കാളിയായ മനുഷ്യൻ ലക്ഷ്യം വയ്ക്കേണ്ടതു മറ്റൊന്നല്ല; ജീവിതത്തിലൂടെ പ്രകടമാക്കേണ്ടതു് അതുതന്നെയാണ്.

യേശു ഒരിക്കൽ കൂടാരപ്പെരുന്നാളിൽ സംബന്ധിക്കുന്നതിനു ജെറുസലേമിലെത്തി. അവിടെ ബെത്സൈദാ കുളത്തിന്റെ കരയിൽവച്ച് ഒരു തളർവാതരോഗിയെ സുഖപ്പെടുത്തി. സാബത്ത് ദിവസത്തിലായിരുന്നു ആ നന്മ ചെയ്തതു്. എന്നുവരികിലും സാബത്ത്ദിനത്തിൽ ആ കൃത്യം ചെയ്തതുകൊണ്ടു യഹൂദർ കുററപ്പെടുത്തി. യേശു അവരോടു പറഞ്ഞു. "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തനനിരതനാണ്. ഞാനും പ്രവർത്തിക്കുന്നു'' (യോഹ. 5 : 17). ഈ മറുപടികൊണ്ടൊന്നും അവർ തൃപ്തരായില്ല. യേശുവിനെ വധിക്കാൻ അവർ കൂടുതലായി ശ്രമിച്ചു. ''കാരണം അവൻ സാബത്തു ലംഘിക്കുകമാത്രമല്ല, തന്നെത്തന്നെ ദൈവതുല്യനാക്കിക്കൊണ്ടു ദൈവത്തെ

തൻെറ പിതാവെന്ന വിളിക്കുകയും ചെയ്തു'' (യോഹ. 5 : 18). കൂടാരത്തിരുനാരം പകുതിയായപ്പോരം അവിടുന്ന ദൈവാലയത്തിൽ ചെന്നു പഠിപ്പിച്ചുതുടങ്ങി. യേശു പറഞ്ഞു, ''ഞാൻ ഒരു പ്രവൃത്തി ചെയ്തു. അതിൽ നിങ്ങളെല്ലാവരും ആശ്ചര്യപ്പെടുന്നു. മോശ നിങ്ങരംക്കു പരിച്ഛേദനനിയമം നല്കി. വാസ്തവത്തിൽ അതു മോശയിൽ നിന്നല്ല, പിതാക്കന്മാരിൽനിന്നാണ്. അതനുസരിച്ചു സാബത്തിൽ ഒരുവനു നിങ്ങരം പരിച്ഛേദനം നടത്തുന്നു. മോശയുടെ നിയമം ലംഘിക്കപ്പെടാതിരിക്കുന്നതിനു ഒരുവൻ സാബത്തു് ദിവസം പരിച്ഛേദനം സ്വീകരിക്കുന്നുവെങ്കിൽ സാബത്ത് ദിവസം ഒരു മനുഷ്യനെ ഞാൻ പൂർണ്ണമായി സുഖമാക്കിയതിനു നിങ്ങരം എന്നോടു കോപിക്കുന്നുവോ?. പുറമെ കാണുന്നതനുസരിച്ചു വിധിക്കാതെ നീതിയായി വിധിക്കുവിൻ'' (യോഹ. 7: 21 - 24).

നന്മചെയ്തു് കടന്നുപോയ യേശു ഒന്നിനോടും അഭിനിവേശം പുലർത്തിയില്ല. ലോകത്തിൻെറ അധീശനായ അവിടുന്നു പിറന്നതു് ഒരു കാലിത്തൊഴുത്തിലായിരുന്നു. തത്സമയം അകമ്പടിനിന്നതു കുറെ വീട്ടുമൃഗങ്ങരം മാത്രം. പരസ്യജീവിതകാലത്തു് അവിടുന്ന് ഒന്നുമില്ലാത്ത സ്ഥിതിയെക്കുറിച്ചു് ഇങ്ങനെ വ്യക്തമാക്കി. പറവകരംക്കു കൂടുകളും കുറുനരികരംക്കു മാളങ്ങളുമുണ്ടു്. എന്നാൽ മനുഷ്യപുത്രനു തലചായ്ക്കാൻ സ്ഥലമില്ല. ഒരു ദിവസം ഒരു ധനികയുവാവ് യേശുവിനെ സമീപിച്ചു ചോദിച്ചു. ''ഗുരോ, നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മയാണു പ്രവർത്തിക്കേണ്ടതു്?'' അവിടുന്നു മറുപടി പറഞ്ഞു ''ജീവനിൽ പ്രവേശിക്കാൻ അഭിലഷിക്കുന്നെങ്കിൽ പ്രമാണങ്ങരം അനുസരിക്കുക''. എന്നാൽ പ്രമാണങ്ങരം അനുസരിക്കുന്നുണ്ടെന്ന് അവൻ ഏററുപറഞ്ഞു. അപ്പോരം അവനെ നോക്കി യേശു കല്പിച്ചു. ''നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, പോയി നിനക്കുള്ളതെല്ലാം വിററു ദരിദ്രർക്കു കൊടുക്കുക. അപ്പോരം സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്നു് എന്നെ അനുഗമിക്കുക, ഈ വചനം കേട്ടു് ആ യുവാവ് സങ്കടത്തോടെ പോയി;

അവനു വളരെയേറെ സമ്പത്തുണ്ടായിരുന്നു'' (മത്താ. 19 : 16 – 22) സമ്പത്തിനോടുള്ള വേഴ്ചകാരണം ഏററവും മഹത്തായ വിളി ആ യുവാവിനു നഷ്ടപ്പെട്ടു.

പ്രവർത്തിച്ചുകൊണ്ടിരിക്കുക വ്യക്തികളുടെ സ്വഭാവമായിത്തീരേണ്ടതാണു്. എന്നാൽ ജീവിതസാഗരത്തിലെ ഒരു തിരമാലയും മനസ്സിനെ കീഴടക്കുവാൻ പാടുള്ളതല്ല. ബന്ധനം ഭയാനകമാണു്. ഈ ലോകം നമ്മുടെ ഭവനമല്ല. ''പ്രകൃതിമുഴുവനും ആത്മാവിനുള്ളതാണു്, ആത്മാവു് പ്രകൃതിക്കുള്ളതല്ല''. ആത്മാവു് പ്രകൃതിയിൽനിന്നു വിജ്ഞാനം സ്വീകരിക്കുന്നു. ആത്മാവിൻെറ വിദ്യാഭ്യാസത്തിനുള്ളതാണതു്. മറെറാന്നും പ്രകൃതിയുടെ അസ്തിത്വത്തിനു ലക്ഷ്യമായി നമുക്കു് ആരോപിക്കാനില്ല. ആത്മാവിനു് അറിവുണ്ടാകണം. അതിലൂടെവേണം മോചനം പ്രാപിക്കാൻ. ഇതു് ഓർക്കുന്ന പക്ഷം പ്രകൃതിയോടു നമ്മൾ ഒട്ടിച്ചേരുകയില്ല. അപ്പോൾ പ്രകൃതിയെ തുറന്നിരിക്കുന്ന പുസ്തകമായി നമ്മൾ കാണും. അതു നമ്മൾ വായിക്കുന്നു. നമുക്കാവശ്യമുള്ള അറിവു് സമ്പാദിച്ചുകഴിഞ്ഞാൽ പുസ്തകം ആവശ്യമില്ലല്ലൊ. പ്രകൃതിയോടു താദാത്മ്യപ്പെട്ടാൽ, ആത്മാവു് പ്രകൃതിക്കുവേണ്ടിയാണെന്നു തെററിദ്ധരിക്കാനിടയുണ്ടു്. മററുവാക്കുകളിൽ ആത്മീയശക്തി മാംസത്തിൻെറ താല്പര്യങ്ങൾക്കായി കീഴ്പ്പെടും. മനുഷ്യൻ ഭക്ഷിക്കാൻവേണ്ടി ജീവിക്കേണ്ടവനല്ല, പ്രത്യുത ജീവിക്കാൻവേണ്ടി ഭക്ഷിക്കുമാറാകണം.

മാനസികവും ശാരീരികവുമായ നമ്മുടെ എല്ലാ പ്രവൃത്തികളും മനസ്സിൽ പതിയുന്നുണ്ടു്. ഉപരിതലത്തിൽ ദൃശ്യമാകുന്നില്ലെങ്കിലും മനസ്സിൻെറ ഉപബോധതലത്തിൽ അവ പ്രവർത്തിക്കാതിരിക്കുന്നില്ല. മനസ്സിലെ ഈ മുദ്രണങ്ങങ്ങളാണു് നമ്മുടെ സ്വഭാവം നിർണ്ണയിക്കുന്നതു്. ഓരോ മനുഷ്യൻേറയും സ്വഭാവം ആ പതിപ്പുകളുടെ ആകെത്തുകയാണെന്നു പറയാം. നല്ല കാര്യങ്ങളാണു മനസ്സിൽ പതിഞ്ഞതെങ്കിൽ സ്വഭാവം നല്ലതാകും.

ദുഷിച്ചവയാണെങ്കിൽ സ്വഭാവം ദുഷ്ടമാകുന്നതാണ്. ഒരാള് തുടർച്ചയായി കേരംക്കുന്നതു ദുഷിച്ച വാക്കുകളും ചിന്തിക്കുന്നതു ദുഷിച്ച ചിന്തകളും ചെയ്യുന്നതു ദുഷിച്ച പ്രവൃത്തികളുമാണെങ്കിൽ അയാളുടെ മനസ്സ് ദുഷിച്ച മുദ്രണങ്ങൾകൊണ്ടു നിറഞ്ഞിട്ടുണ്ടാകും. അവ അയാളുടെ ചിന്തകളേയും പ്രവൃത്തികളേയും സ്വാധീനിക്കുന്നതാണ്. ദുഷിച്ച മുദ്രണങ്ങൾ എപ്പോഴും പ്രവർത്തിക്കുന്നതിനാൽ ദുഷ്ടമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നു. ആ മനുഷ്യൻ ദുഷ്ടനായിത്തീരും. അയാളിലെ മുദ്രണങ്ങൾ ദുഷ്പ്രവൃത്തികൾ ചെയ്യുന്നതിനു പ്രേരിപ്പിക്കും. അവയുടെ കരങ്ങളിൽ ഒരു യന്ത്രംപോലെ ദുഷ്ടത പ്രവർത്തിക്കാൻ നിർബന്ധിതനാകുന്നതാണ്. ഒരിക്കൽ ഒരു ബാലൻ കിണററിൽ വീണു. പ്രജ്ഞയററ നിലയിലാണ് മററുള്ളവർ അവനെ കരയ്ക്കുകയററി രക്ഷിച്ചതു്. അബോധസ്ഥിതിയിൽ അവൻ ദുഷിച്ച വാക്കുകൾ ഉച്ചരിച്ചുകൊണ്ടിരുന്നു. രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞു് അവൻ മൃതിപ്പെട്ടു. നേരത്തെ അവൻ ദുഷിച്ച പദങ്ങൾ കൂട്ടുകാരിൽനിന്നു ശ്രവിച്ചിട്ടുണ്ടാകണം, കൂട്ടുകാരോടു ധാരാളം പ്രാവശ്യം പറഞ്ഞിട്ടുണ്ടാകണം. മനസ്സിൽ പതിഞ്ഞ ആ മുദ്രണങ്ങൾ അബോധാവസ്ഥയിൽ നിയന്ത്രിക്കപ്പെടാൻ നിവൃത്തിയില്ലാതെ ബഹിർഗമിച്ചു. നല്ലവ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവൻ നല്ല കാര്യങ്ങളേ ചിന്തിക്കൂ. നല്ല കാര്യങ്ങളിൽ മനസ്സുപതിഞ്ഞു നന്മചെയ്യുവാൻ നിർബന്ധിതനാകും. നന്മ ചെയ്യുവാനുള്ള ചെറുക്കാനാവാത്ത പ്രേരണയാണുണ്ടാകുക. ദുഷ്ടത പ്രവർത്തിക്കുന്നതിനു തോന്നലുകളുണ്ടായാലും മനസ്സിൽ ഊറിയ പ്രവണതകൾ അവനെ പുറകോട്ടു വലിക്കും. നല്ല പ്രവണതകളുടെ വലയിലാണവൻ. അവനിലെ നല്ല സ്വഭാവം ഉറച്ചു കഴിഞ്ഞു. സത്ചിന്തകൾ എപ്പോഴും പുലർത്തുന്നതുകൊണ്ടും മനസ്സിൽ നല്ല മുദ്രണങ്ങൾ പതിയുന്നതുകൊണ്ടും നന്മചെയ്യുന്നതിനുള്ള പ്രേരണ ശക്തമായിത്തീരുന്നു. തൽഫലമായി ഇന്ദ്രിയനിഗ്രഹത്തിൽ കഴിവുള്ളവനാണെന്ന അനുഭവമാണുണ്ടാകുക. അപ്പോൾ മാത്രമാണു സ്വഭാവം ദൃഢമൂലമാകുന്നതു്. അപ്പോഴാണു സത്യം ആവഹിക്കുന്നതു്.

അങ്ങനെയുള്ളവൻ അപകടത്തിൽ നിപതിക്കുന്നതല്ല, തിന്മയോടു വിമുഖതയുള്ളവനാണ്. ആത്മാവ് സ്വതന്ത്രമായിത്തീരുന്നു.

വിമോചനം പൂർണ്ണസ്വാതന്ത്ര്യമാണ് — നന്മയുടെ ബന്ധനത്തിൽനിന്നും തിന്മയുടെ ബന്ധനത്തിൽനിന്നും. ദുഷിച്ച പ്രേരണകൾ നല്ലവയാൽ അഭിമുഖീകരിക്കപ്പെടണം, തിന്മയായതെല്ലാം നീങ്ങിക്കിട്ടുന്നതുവരെയും. മനസ്സിൽ വീണ തെററുകുററങ്ങൾ നന്മയുടെ അലകൾ കൊണ്ടു പോയിക്കിട്ടട്ടെ. തിന്മയെ കീഴടക്കി മനസ്സിന്റെ ഒരു മൂലയിൽ കൂട്ടിയിടണം; അല്ലെങ്കിൽ തിന്മ അപ്രത്യക്ഷപ്പെടുന്നതുവരെയും അതിനോടു യുദ്ധം ചെയ്യണം. നല്ല പ്രവണതകളുടേയും അടിമയാകാൻ അനുവദിക്കരുത് മനസ്സിനെ. ഏവംവിധം ഒന്നിനോടും മനസ്സ് ഒട്ടിച്ചേരാതിരിക്കുന്ന സ്ഥിതിവിശേഷത്തെ അനുഗമിക്കേണ്ടിയിരിക്കുന്നു. ലൗകികമായ ഒന്നിനോടും അഭിനിവേശമുണ്ടാകരുത്. അഭിനിവേശമുണ്ടായിട്ടുണ്ടെങ്കിൽ അതില്ലാതെയാക്കുകയാണു വേണ്ടതു്. അദ്ധ്വാനിക്കുകയാണെങ്കിലും വിചാരമൊ പ്രവൃത്തിയൊ ആഴമായി മനസ്സിൽ പതിയാതിരിക്കട്ടെ. ഓളങ്ങൾ വരികയും പോവുകയും ചെയ്യുന്നതു നമ്മൾ കാണുന്നുണ്ടല്ലൊ. കായികബലംകൊണ്ടും ബുദ്ധിശക്തികൊണ്ടും വലിയ പ്രവർത്തനങ്ങൾ പുറപ്പെട്ടാൽതന്നെയും അവയുടെ ആഴമേറിയ മുദ്രണം ആത്മാവിലുണ്ടാകാൻ പാടില്ല.

ആകയാൽ യേശു പഠിപ്പിക്കുന്നതുപോലെ എപ്പോഴും പ്രവർത്തിക്കുകയും എന്നാൽ ഒന്നിനും അടിമയാകാതിരിക്കുകയും ചെയ്യുക നിസ്സംഗതയാണ്. നമ്മെ പുണ്യചരിതരാക്കുന്ന ജീവിതശൈലിയാണിതു്.

---

## 3 നിസ്സംഗതയും കർത്തവ്യനിർവ്വഹണവും

നമ്മെ പുണ്യപ്പെടുത്തുന്ന അടിസ്ഥാനശില കർത്ത വ്യനിർവഹണത്തിലാണ കാണേണ്ടതു്. ഒരു കുടുംബ നാഥൻ തന്നെ ആശ്രയിച്ചുകഴിയുന്നവരെ സംരക്ഷിക്കു ന്നില്ലെങ്കിൽ കൃത്യവിലോപനത്തിൽ പെടാതിരിക്ക യില്ല. മററന്തെല്ലാം നന്മചെയ്താലും മണിക്കൂറുകൾ തുട ച്ചയായി പ്രാർത്ഥിച്ചാലും അവയൊന്നും അയാളെ ധന്യനാക്കുമെന്നു കരുതരുതു്.

ഒരു വീട്ടമ്മ അവലംബിച്ച ജീവിതശൈലിയെക്കു റിച്ചു് ഈ ലേഖകനറിയാം. കത്തവ്യനിർവ്വഹണവും നിസ്സംഗതയും ഒരുപോലെ ആ ജീവിതത്തിൽ ദൃശ്യമായി രുന്നു. എല്ലാദിവസവും പള്ളിയിലെത്തി ഏഴു മണി ക്കുള്ള ദിവ്യബലിയിൽ സംബന്ധിച്ചു പ്രാത്ഥിക്കുക പതി വാക്കി. അതു കഴിഞ്ഞു 'നിത്യാരാധന'യെന്ന പ്രാർത്ഥ നപ്പുസ്തകത്തിൽനിന്നു പ്രാർത്ഥനചൊല്ലി വളരെ സമയം ചെലവഴിക്കുമായിരുന്നു. ഒരു ദിവസം ആ വനിതയോടു ചോദിച്ചു. ''നിങ്ങൾ വളരെ സമയം പള്ളിയിൽ ഇരുന്നു കഴിച്ചുകൂട്ടുകയാണല്ലോ. മക്കൾക്കു ഭക്ഷണം കൊടുത്തു് അവരെ പള്ളിക്കൂടങ്ങളിലേക്കു് ഒരുക്കി അയയ്ക്കുണ്ടേ?'' ആ സഹോദരി ഇങ്ങനെ മറുപടിപറഞ്ഞു. ''ഞാൻ എ ൻെറ ജോലി ചെയ്യാതിരിക്കുന്നില്ല. രാവിലെ എഴു ന്നേററു് ആദ്യമായി പശുവിനെ കറക്കും. മക്കൾക്കു ഭക്ഷണം പാകം ചെയ്തു മേശപ്പുറത്തു വിളമ്പിവച്ചിട്ടാണ പള്ളിയിലേക്കു വരുന്നതു്. എൻെറ മക്കൾക്കു മേശപ്പുറ ത്തിരിക്കുന്ന ചോറും കറിയും എടുത്തു കഴിക്കുകയേ വേണ്ടൂ''. അവരുടെ ഈ വാക്കുകൾ കേട്ടു് അതിശ യിച്ചുപോയി. കൃത്യനിർവഹണവും എന്നാൽ അതിനോ ടുപോലും ഒട്ടിച്ചേരാതിരിക്കുന്ന അവസ്ഥാവിശേഷമാ ണു് അനുഭവവേദ്യമായതു്. മക്കൾക്കു ശാരീരികഭക്ഷണം

തയ്യാറാക്കിക്കഴിഞ്ഞു പള്ളിയിലെത്തി അവർക്കു് ആത്മീയഭക്ഷണം ശേഖരിക്കുകയായിരുന്നു ആ വീട്ടമ്മ. പുണ്യപ്പെടുത്തുന്ന നിസ്സംഗത അഭ്യസിച്ചിരുന്നു. ആ വനിതയുടെ സന്താനങ്ങൾ നല്ല നിലയിലെത്തി. കടിഞ്ഞൂൽ സന്താനം സന്യാസിനിയായി. ഒരാളൊഴിച്ചു് ആൺമക്കളെല്ലാവരും ഉന്നതബിരുദങ്ങൾ സമ്പാദിച്ചു് ഉദ്യോഗസ്ഥന്മാരായി. ഇതിൽപ്പെടാത്ത മകനാകട്ടെ ഒരു ഭാഗ്യക്കുറിയിൽനിന്നു് ഒരു ലക്ഷം രൂപ സമ്മാനംകിട്ടി.

ഹൈന്ദവ ധർമ്മശാസ്ത്രമനുസരിച്ചു് ഒരു ഹൈന്ദവൻ നാലുഘട്ടങ്ങളിലൂടെ ജീവിതയാത്ര നടത്തേണ്ടവനാണു്. ആദ്യം ഒരു വിദ്യാർത്ഥിയായി ജീവിതം തുടങ്ങുന്നു. അതിനുശേഷം വിവാഹം കഴിച്ച കുടുംബനാഥനാകും. വാർദ്ധക്യമാകുമ്പോൾ ജോലികളിൽനിന്നു വിരമിക്കുന്നു. അവസാനഘട്ടത്തിൽ ലോകം ഉപേക്ഷിച്ചു് ഒരു സന്യാസിയാകണം. ഈ നാലുഘട്ടജീവിതത്തെ രണ്ടു ഗന്ധുക്കളായി കുറച്ചു കാണാവുന്നതാണു് – ഗൃഹനാഥൻേറയും മുനിയുടേയും ജീവിതങ്ങൾ. ഒരു ജീവിതഘട്ടവും മറെറാന്നിനെക്കാൾ ശ്രേഷ്ഠമാണെന്നു കല്പിക്കാൻ നിവൃത്തിയില്ല. ഒരു വിവാഹിതൻെറ ജീവിതം, ഈശ്വരാരാധനയ്ക്കും ജനസേവനത്തിനുംവേണ്ടി ജീവിതമർപ്പിച്ച ഒരു ബ്രഹ്മചാരിയുടെ ജീവിതത്തിനു തുല്യം ശ്രേഷ്ഠമാണു്. തോട്ടിവേലചെയ്യുന്നവൻ രാജ്യം ഭരിക്കുന്ന മന്ത്രിയോടൊപ്പം ഉന്നതനും ശ്രേഷ്ഠനുമാണു്. ആവശ്യമായിരിക്കുന്നതു കർത്തവ്യനിർവഹണത്തിൽ ശുഷ്കാന്തിയും നിസ്സംഗതാമനോഭാവവുമാണു്. ലോകം ഉപേക്ഷിച്ച വൈരാഗി ലോകത്തിൽ ജീവിക്കുന്നവനെക്കാൾ ഉന്നതനാണെന്നു പറയുവാൻ നിവൃത്തിയില്ല. ഗൃഹനാഥൻ പൗരനടുത്ത കർത്തവ്യങ്ങൾ നിർവഹിക്കുമ്പോൾ അപരൻ മതകാര്യങ്ങൾക്കുവേണ്ടി തൻെറ കഴിവും സിദ്ധികളും വിനിയോഗിക്കുന്നു.

ദൈവത്തിലേക്കു നയിക്കുന്ന ഏതൊരു പ്രവൃത്തിയും നന്മയാണു്. അതു ചെയ്യുക നമ്മുടെ കർത്തവ്യമാണു്.

ദൈവത്തിൽനിന്നകററുന്നതെല്ലാം തിന്മയിൽ പെടുന്നു. അവ ചെയ്യാതിരിക്കുകയാണു വേണ്ടതു്. സ്നേഹമാണു കടമയുടെ ചക്രങ്ങളെ എണ്ണയൊഴിച്ചു തിരിച്ചുകൊണ്ടിരിക്കേണ്ടതു്. അതല്ലെങ്കിലോ ജീവിതം സംഘർഷാവസ്ഥയിലെത്തുമെന്നതു തീർച്ചയാണു്. മാതാപിതാക്കൾ മക്കളോടും മക്കൾ മാതാപിതാക്കളോടും ഉത്തരവാദങ്ങൾ നടപ്പാക്കുന്നതു സ്നേഹം കൊണ്ടാണു്. ചുമതല മധുരമുള്ളതാകുന്നതു സ്നേഹത്താലത്രേ. സ്നേഹമാകട്ടെ സ്വാതന്ത്ര്യത്തിൽമാത്രം പ്രശോഭിക്കുന്നു. മററുവാക്കുകളിൽ ആരിൽനിന്നുമുള്ള നിർബന്ധത്തിനു വഴങ്ങിയല്ല, പ്രത്യുത സ്നേഹത്താലാണു സ്വാതന്ത്ര്യമായി കടമകൾ നിർവഹിക്കപ്പെടുന്നതു്. പുണ്യചരിതരാകുന്നതിനു് ഇതു് അടിസ്ഥാനതത്വമായി നിലകൊള്ളുന്നു.

ഉയർച്ചയുള്ള ഏകമാർഗ്ഗമായിക്കാണണം അടുത്തവരോടുള്ള കർത്തവ്യനിർവഹണത്തെ. ഒരിക്കൽ ഒരു യുവസന്യാസി വനത്തിൽപോയി വളരെക്കാലം അവിടെ ധ്യാനത്തിലും ആരാധനയിലും യോഗാഭ്യാസത്തിലും കഴിച്ചുകൂട്ടി. വർഷങ്ങളുടെ കഠിനാദ്ധ്വാനത്തിനുശേഷം ഒരു ദിവസം ഒരു വൃക്ഷച്ചുവട്ടിൽ ഇരിക്കുമ്പോൾ കുറെ ഉണങ്ങിയ ഇലകൾ അദ്ദേഹത്തിൻെറ ശിരസ്സിൽ വന്നുവീണു. മുകളിലേക്കു നോക്കി. ഒരു കാക്കയും കൊക്കും തമ്മിൽ ശണ്ഠ കൂടുന്നതു കണ്ടു. അദ്ദേഹം കോപത്തോടെ പറഞ്ഞു. ''എന്തു്! എൻെറ തലയിൽ ഈ ഉണങ്ങിയ ഇലകൾ എറിയാൻ നിങ്ങൾ ധൈര്യപ്പെടുന്നു!''. ഇത്രയും പറഞ്ഞുകൊണ്ടു് അവയെ സൂക്ഷിച്ചുനോക്കി. ആ കണ്ണുകളിൽനിന്നു് അഗ്നിജ്വാല പുറപ്പെട്ടു പക്ഷികളെ ചാമ്പലാക്കി. സന്യാസിക്കു സന്തോഷമായി. താൻ ആർജ്ജിച്ച ശക്തിയിൽ ആഹ്ലാദംകൊണ്ടു. ഒരു നോട്ടത്താൽ കാക്കയേയും കൊക്കിനേയും കത്തിക്കാമെന്നായിട്ടുണ്ടു്. കുറച്ചുകഴിഞ്ഞു് അപ്പം ചോദിച്ചു വാങ്ങുന്നതിനു പട്ടണത്തിലേക്കു പുറപ്പെട്ടു. ഒരു വീടിൻെറ വാതിൽക്കൽ ചെന്നുനിന്നു പറഞ്ഞു. '' അമ്മേ, എനിക്കു് ആഹാരം തരിക'' അകത്തു നിന്നു് ഒരു ശബ്ദം പറഞ്ഞു. ''എൻെറ മകനേ,

കുറച്ചുനേരം കാത്തുനിൽക്കുക''. ആ യുവസന്യാസി പിറു പിറുത്തു. ''നീ ഹീനയായവരം കാത്തു നിൽക്കണമെന്നു് പറയുവാൻ എങ്ങനെ ധൈര്യപ്പെടുന്നു! എന്റെ ശക്തിയെ ക്കുറിച്ചു നിനക്കു് അറിഞ്ഞുകൂടാ''. അപ്പോരം അകത്തു നിന്നു് ആ ശബ്ദം വീണ്ടും പറയുന്നതു കേട്ടു. ''ബാലാ, നീ വലിയവനാണെന്നു കരുതരുതു്, ഇവിടെ കാക്കയൊ കൊക്കൊ ഇല്ല''. അദ്ദേഹം അത്ഭുതപ്പെട്ടു. പിന്നെയും കാത്തു നിൽക്കേണ്ടിവന്നു. അവസാനം ആ സ്ത്രീ എത്തി. അദ്ദേഹം അവളുടെ പാദങ്ങളിൽ വീണു ചോദിച്ചു. ''അമ്മേ, അക്കാര്യം എങ്ങനെ അറിഞ്ഞു?''. അവരം പറഞ്ഞു. ''എന്റെ കുമാരാ, നിന്റെ യോഗാഭ്യാസവും ഭക്ത്യഭ്യസനങ്ങളും എനിക്കറിഞ്ഞുകൂടാ. ഞാൻ ഒരു സാധാരണ സ്ത്രീയാണു്. എന്റെ ഭർത്താവു് രോഗിയാണു്. ഞാൻ അദ്ദേഹത്തെ ശുശ്രൂഷിക്കുകയായിരുന്നു. അതുകൊണ്ടാണു കാത്തു നിൽക്കണമെന്നു പറഞ്ഞതു്''. ജീവിതത്തിലൊക്കെ എന്റെ കടമ നിർവഹിക്കാൻ ഞാൻ അദ്ധ്വാനിച്ചിട്ടുണ്ടു്. ഞാൻ വിവാഹിതയാകുന്നതിനു മുമ്പു് എന്റെ കടമ എന്റെ അച്ഛനമ്മമാരോടു നടപ്പാക്കി. ഇപ്പോരം ഞാനൊരു ഭാര്യയാണു്. എന്റെ ചുമതല എന്റെ ഭർത്താവിനോടു ചെയ്യുന്നു. ഞാൻ അഭ്യസിക്കുന്ന യോഗം അതുമാത്രമാണു്. എന്നാൽ എന്റെ കടമ നിറവേററുന്നതുകൊണ്ടു് എനിക്കു പ്രകാശമുണ്ടായി. തന്മൂലം അങ്ങയുടെ ചിന്തകരം മനസ്സിലാക്കാൻ കഴിഞ്ഞു. വനത്തിലായിരിക്കുമ്പോരം ചെയ്തതു ഞാൻ അറിയുകയും ചെയ്തു. ഇതിനെക്കാരം ഉൽകൃഷ്ടമായതെന്തെങ്കിലും അറിയണമെന്നുണ്ടെങ്കിൽ ചന്തയിൽപോവുക. അവിടെ ഒരു വ്യാധനെ (കശാപ്പുകാരനെ) കണ്ടെത്തും. അയാളിൽനിന്നു പഠിക്കാനുണ്ടാകും''. സന്യാസി വിചാരിച്ചു. ''ഞാൻ ആ ചന്തയിലും ആ വ്യാധന്റെ പക്കലും പോകുന്നതെന്തിനാണു്?''. പക്ഷേ കുറച്ചുമുമ്പുണ്ടായ മനസ്സിന്നെ വിശാലമാക്കിയതുകൊണ്ടു പുറപ്പെട്ടു. ചന്തയിലെത്തി നോക്കി. അകലെ ഒരു പൊണ്ണക്കാരൻ മാംസം മുറിക്കുന്നതും പല ആളുകളോടു സംസാരിക്കുകയും തർക്കിക്കുകയും ചെയ്യുന്നതും കണ്ടു. സന്യാസി സ്വയം പറഞ്ഞു. ''നാഥാ,

സഹായിക്കണമേ. ഈ ആളിൽ നിന്നാണോ ഞാൻ പഠി ക്കേണ്ടതു്? അയാറം പിശാചിൻെറ അവതാരമാണു്''. കശാപ്പുകാരൻ തല ഉയർത്തി നോക്കി. ''സ്വാമീ'' അയാറം പറഞ്ഞു. ''ആ സ്ത്രീയാണോ താങ്കളെ ഇങ്ങോട്ട യച്ചതു്? എൻെറ ജോലി ചെയ്തു തീർക്കുന്നതുവരെ ഇരി ക്കുക''. സന്യാസി വിചാരിച്ചു ''ഇവിടെ എനിക്കു് എന്താണു സംഭവിക്കുക?''. കശാപ്പുകാരൻ ജോലി തുടന്നു. അതു തീന്നപ്പോറം പണം മടിശ്ശീലയിലാക്കി സന്യാസി യെ വീട്ടിലേക്കു കൊണ്ടുപോയി. അവിടെ വീടിനു ള്ളിൽ കടന്നു വൃദ്ധരായ മാതാപിതാക്കളെ പരിചരിച്ചു. അവർക്കു ഭക്ഷണം കൊടുത്തു. അവരെ സന്തോഷിപ്പി ക്കാൻ തനിക്കാവുന്നതൊക്കെ ചെയ്തു. അതിനുശേഷം സന്യാസിയുടെ പക്കൽ തിരിച്ചുവന്നു ചോദിച്ചു. ''സാർ എന്നെ കാണുവാൻ വന്നു. അങ്ങേക്കുവേണ്ടി ഞാൻ എന്തു ചെയ്യണം?''. അവരുടെ സംഭാഷണം ആത്മീയവിഷയ ങ്ങളെക്കുറിച്ചായി. തൻെറ ചില ചോദ്യങ്ങറംക്കു മറുപടി കേട്ടു സന്യാസി വിസ്മയം പൂണ്ടു. അദ്ദേഹം ചോദിച്ചു ''ഇത്ര പണ്ഡിതനായ നീ എന്തുകൊണ്ടു് ഒരു വ്യാധൻെറ ശരീരത്തിൽ കഴിയുന്നു? വൃത്തികെട്ടതും പാപപങ്കിലവു മായ ഒരു ജോലി ചെയ്യുന്നു?''. വ്യാധൻ മറുപടി പറഞ്ഞു. ''എൻെറ മകനേ, ഒരു കടമയും അശുദ്ധമല്ല, ഒരു കടമയും വൃത്തിഹീനവുമല്ല. എൻെറ ജന്മം ഈ സാഹചര്യങ്ങളിലും ചുററുപാടുകളിലും സ്ഥാപിച്ചു. ബാലപ്രായത്തിൽ ഈ തൊഴിൽ ഞാൻ പഠിച്ചു. ഞാൻ നിസ്സംഗനാണു്. എൻെറ കടമ നന്നായി ചെയ്യുന്നതിനു ഞാൻ ശ്രമിക്കുന്നു. ഒരു കുടുംബനാഥനെന്നനിലയിൽ എൻെറ കടമ നിർവഹി ക്കാൻ ശ്രമിക്കുന്നു. എൻെറ അച്ഛനേയും അമ്മയേയും സന്തോഷിപ്പിക്കാൻ എന്നാലാവുന്നതു ഞാൻ ചെയ്യുന്നു. താങ്കളുടെ യോഗാഭ്യാസം എനിക്കറിഞ്ഞുകൂടാ. ഞാനൊരു സന്യാസിയല്ല. ലോകം ഉപേക്ഷിച്ചു വനത്തിലേക്കു ഞാൻ പോയിട്ടില്ല. എന്നുവരികിലും താങ്കറം കേട്ടതും കണ്ടതുമൊക്കെ ഒന്നിലും ഒട്ടിച്ചേരാത്തവിധം കർത്തവ്യ നിർവഹണത്തിൽ ഞാൻ ശ്രദ്ധിച്ചതുകൊണ്ടാണു്''.

അപ്പോഠം ഉരുത്തിരിയുന്ന തത്വമിതാണു്. ജോലി ചെയ്യുന്നതു് ആരാധനയാകണം, ഏററവും ശ്രേഷ്ഠമായ ആരാധന. അർപ്പണബോധത്തോടെ ചെയ്യേണ്ടിയിരിക്കുന്നു. കഥയിൽ പറയുന്ന സ്ത്രീയും വ്യാധനും സന്തോഷത്തോടും പൂർണ്ണഹൃദയത്തോടും അവരുടെ കടമകഠം ചെയ്തു. അതുകൊണ്ടാണു് അവർ ആന്തരികപ്രകാശമുള്ളവരായിത്തീന്നതു്. ഈ ഉൽക്കർഷാവസ്ഥ പഠിപ്പിക്കുന്നതെന്താണു്?. ഏതു ജീവിതപദവിയിലും ഒന്നിനോടും ഒട്ടിച്ചേരാതെ കടമകഠം ഉത്തമമായി നിർവഹിക്കുമ്പോഠം ആത്മാവിൻെറ പരിപൂർണ്ണത അനുഭവസിദ്ധമാകുന്നതാണു്.

---

## 4 ആരാണു് ശ്രേഷ്ഠൻ?

ദൈവാരാധനയ്ക്കും ജനസേവനത്തിനുംവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്നവരുണ്ടു്. എല്ലാമതങ്ങളിലും സമൂഹങ്ങളിലും ആത്മീയപാലകർ ഉള്ളതായികാണാം. എന്നാലവർ ലോകകാര്യങ്ങളിൽ വ്യാപൃതരായികഴിയുന്നവരെ അപകർഷത്തോടെ വീക്ഷിക്കരുതു്. അതുപോലെ ലോകായതികർ സന്യസ്തരായ ആളുകളെ മടയരെന്നും ലക്ഷ്യബോധരഹിതരെന്നും താറടിക്കാൻ പാടുള്ളതല്ല. എല്ലാവരും തന്നെ താന്താങ്ങളുടെ ജീവിതപദവികളിൽ വലിയവരാണു്. ഒരു കഥയിലൂടെ ഇതു വ്യക്തമാക്കുന്നു.

ഒരിടത്തു് ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തെ സന്ദർശിക്കാനെത്തിയ സന്യാസിമാരോടു് ചോദിക്കുമായിരുന്നു, "ആരാണു കൂടുതൽ ശ്രേഷ്ഠൻ – ലോകം ഉപേക്ഷിച്ചു സന്യാസജീവിതം വരിക്കുന്നവനോ, ലോകത്തിൽ ജീവിച്ചു ഗൃഹനാഥനടുത്ത ചുമതലകഠം നിർവ്വ

ഹിക്കുന്നവനോ?''. സന്യാസിയാണു കൂടുതൽ ശ്രേഷ്ഠ നെന്നു ചിലർ തറപ്പിച്ചു പറഞ്ഞു. തെളിവ് ഹാജരാക്കണമെന്നു രാജാവ് ആവശ്യപ്പെട്ടു. പക്ഷെ അവക്കു സാധിച്ചില്ല. അതുകാരണം വിവാഹം കഴിച്ചു കുടുംബനാഥന്മാരാകുവാൻ അദ്ദേഹം അവരോടു കല്പിച്ചു. മററുചിലർ മറുപടിപറഞ്ഞു. "ചുമതലകൾ നിർവഹിക്കുന്ന കുടുംബനാഥനാണു കൂടുതൽ ശ്രേഷ്ഠൻ''. രാജാവ് തെളിവുകൾ ആവശ്യപ്പെട്ടു. അവർക്കു് കഴിഞ്ഞില്ല. അതിനാൽ കുടുംബജീവിതത്തിൽ പ്രവേശിക്കണമെന്നു് അവരോടും ആവശ്യപ്പെട്ടു.

ഒടുവിൽ ഒരു യുവസന്യാസി രാജാവിൻെറ സമക്ഷത്തിലെത്തി. അദ്ദേഹം ചോദ്യം ആവർത്തിച്ചു. സന്യാസി മറുപടിപറഞ്ഞു. "പ്രഭോ, ഓരോരുത്തനും അവനവൻെറ പദവിയിൽ ശ്രേഷ്ഠനാണു'' രാജാവ് തെളിവുസഹിതം സ്ഥാപിക്കണമെന്നാവശ്യപ്പെട്ടു. 'ഞാൻ തെളിയിക്കാം'. സന്യാസി പറഞ്ഞു. "എന്നാൽ അങ്ങു് എൻെറകൂടെ വന്നു കുറെ ദിവസങ്ങൾ എന്നെപ്പോലെ ജീവിക്കണം''. രാജാവ് സമ്മതിച്ചു. അദ്ദേഹം രാജ്യഭരണച്ചുമതല തൽക്കാലത്തേക്കു മന്ത്രിമാരെ ഏല്പിച്ചുകൊണ്ടു സന്യാസിയെ അനുഗമിച്ചു. അവർ രാജ്യത്തിൻെറഅതിർത്തിവിട്ടു് അനേകം രാജ്യങ്ങൾ കടന്നുപോയി. വിസ്തൃതമായ ഒരു രാജ്യത്തെത്തി. അപ്പോൾ തലസ്ഥാനനഗരിയിൽ ഒരു ചടങ്ങുനടക്കുകയായിരുന്നു. രാജാവും സന്യാസിയും ചെണ്ടകളുടെയും ഗാനാലാപങ്ങളുടേയും ശബ്ദം കേട്ടു. ജനങ്ങൾ ഉത്സവവേഷങ്ങളിൽ തെരുവീഥികളിൽ കൂടിയിരിക്കുകയാണു്. സംഭവമെന്തെന്നറിയുവാൻ രാജാവും സന്യാസിയും അവിടെ നിന്നു. അപ്പോൾ ഒരു വിളംബരം അവരുടെ കർണ്ണപുടങ്ങളിലെത്തി. ആ രാജ്യത്തിൻെറ രാജാവിൻെറ പുത്രി അവിടെ നിൽക്കുന്നവരിൽനിന്നു് ഒരു ഭത്താവിനെ തിരഞ്ഞെടുക്കുന്നതാണു്. ലോകൈക സുന്ദരിയാണവൾ. രാജാവിൻെറ കാലശേഷം അവളുടെ ഭത്താവാണു രാജ്യം ഭരിക്കേണ്ടതു്. രാജകുമാരിയുടെ ലക്ഷ്യം ഏററം അഴകുള്ളവനെ ഭത്താവായി സ്വീകരിക്ക

ണമെന്നാണ്. ഇത്തരം സമ്മേളനങ്ങരം ഇതിനുമുമ്പും നടന്നു. പക്ഷെ രാജകുമാരിക്ക് ഒരു ഭർത്താവിനെ തിര ഞ്ഞെടുക്കുവാൻ കഴിഞ്ഞില്ല. ഈ യോഗം വളരെ പകി ട്ടേറിയതായിരുന്നു. രാജകുമാരിയെ ഒരു പല്ലക്കിലിരുത്തി ആളുകരം വഹിച്ചുകൊണ്ടുനടന്നു. അവരം ആരെയും ശ്രദ്ധി ക്കുന്നില്ല. ഈ കൂടിക്കാഴ്ചയും പരാജയപ്പെടുമോ എന്ന് എല്ലാവരും സംശയിച്ചു. അപ്പോരം ഒരു യുവസന്യാസി ഭൂമിയിലേക്കു സൂര്യഭഗവാൻ ഇറങ്ങി വന്നതിനു തുല്യം എത്തി. അദ്ദേഹം സമ്മേളനത്തിൻെറ ഒരു മൂലയിൽ നി ന്ന് അവിടെ നടക്കുന്ന കാര്യങ്ങരം വീക്ഷിച്ചുകൊണ്ടി രുന്നു. പല്ലക്കിലിരുന്ന് അദ്ദേഹത്തിൻെറ സമീപത്തെ ത്തിയ രാജകുമാരി അദ്ദേഹത്തെ ദർശിച്ചനിമിഷത്തിൽ ആകൃഷ്ടയായി വരണമാല അദ്ദേഹത്തിൻെറ കഴുത്തിലിട്ടു. പക്ഷെ ആ യുവസന്യാസി അതെടുത്തു ദൂരെ എറിഞ്ഞു. ''എന്തൊരബദ്ധം. ഞാനൊരു സന്യാസി, എനിക്കു വി വാഹമില്ല''. അയാരം സാധുവാകകൊണ്ടു രാജകുമാരി യെ വേളികഴിക്കാൻ ഭയപ്പെടുകയാണെന്നു രാജാവ് തെ റ്റിദ്ധരിച്ചു. അദ്ദേഹം പറഞ്ഞു. ''എൻെറ മകളോടുകൂടി രാജ്യത്തിൻെറ പകുതിയും എൻെറ മരണശേഷം രാജ്യം മുഴുവനും നൽകുന്നതാണ്''. വീണ്ടും സന്യാസിയുടെ കഴു ത്തിൽ മാല വീണു. ആ യുവാവ് അതെടുത്തു ദൂരെയെ റിഞ്ഞു. ''അബദ്ധം. ഞാൻ വിവാഹം കഴിക്കുന്നില്ല.'' ഇത്രയും പറഞ്ഞ് അവിടെനിന്ന് നടന്നകന്നു. പക്ഷെ രാജകുമാരി നിരുത്സാഹയാകാതെ അദ്ദേഹത്തെ അനുഗ മിച്ചു. ''പ്രഭോ'' സന്യാസി രാജാവിനോടു പറഞ്ഞു. ''നമുക്ക് ഈ ജോഡിയെ പിന്തുടരാം''. അതനുസരിച്ച് അവർ സന്യാസിയേയും രാജകുമാരിയേയും പിന്തുടന്നു. വിവാഹം നിഷേധിച്ച സന്യാസി അനേകം മൈൽ നടന്ന് ഒരു വനത്തിലെത്തി. അദ്ദേഹത്തിനു വനത്തിലെ എല്ലാപാതകളും തിരിവുകളും നല്ല നിശ്ചയമുണ്ടു്. ഒരു പാതയിലൂടെ നടന്ന് അപ്രത്യക്ഷനായി. രാജകുമാരി അദ്ദേഹത്തെ തിരക്കി അലഞ്ഞു നടന്നു. അവസാനം ക്ഷീ ണിച്ചവശയായി ഒരു മരച്ചുവട്ടിലിരുന്നു. അവരം കര ഞ്ഞുകൊണ്ടിരുന്നു. വനത്തിൽനിന്നു പുറത്തു കടക്കുവാൻ

വഴിയറിഞ്ഞുകൂടാ. ഈ സ്ഥിതിയിൽ സന്യാസിയും രാജാവും അവളെ കാണുന്നു. അവർ അവളോടു പറഞ്ഞു, ''കരയാതിരിക്കുക. വനത്തിൽനിന്നു പുറത്തേക്കു പോകുന്നതിനു വഴികാണിച്ചുതരാം. പക്ഷെ, ഇപ്പോൾ ഇരുട്ടാണ്. വഴി കണ്ടുപിടിക്കാൻ നിവൃത്തിയില്ല. ഇവിടെ വലിയൊരു വൃക്ഷമുണ്ട്, അതിൻെറ കീഴിൽ നമുക്കു വിശ്രമിക്കാം. രാവിലെ പുറപ്പെടാം. വഴി കാണിച്ചുതരാം''.

ആ വൃക്ഷത്തിൻെറ കൊമ്പുകളിലൊന്നിൽ ഒരു പക്ഷി അതിൻെറ ഭാര്യയും മൂന്നു കുഞ്ഞുങ്ങളുമൊന്നിച്ച് ഒരുകൂട്ടിൽ പാർക്കുന്നുണ്ടായിരുന്നു. ആ പക്ഷി താഴത്തേക്കു നോക്കി. വൃക്ഷച്ചുവട്ടിൽ മൂന്ന് ആളുകളെ കണ്ടു. അതു് ഭാര്യയോടു പറഞ്ഞു, ''എൻെറ പ്രിയേ, നമ്മൾ എന്തു ചെയ്യും? ഈ വീട്ടിൽ കുറെ വിരുന്നുകാരുണ്ട്. ശീതകാലമാണ്. നമുക്കു തീയില്ല''. ആ ജീവി ദൂരേക്കു പറന്നു കത്തുന്ന വിറകുകൊള്ളി ചുണ്ടിലാക്കിക്കൊണ്ടുവന്ന് ആ പഥികരുടെ മുമ്പിലിട്ടു. അവർ വിറകുകൂട്ടി അഗ്നികുണ്ഡമുണ്ടാക്കി. പക്ഷെ അതുകൊണ്ടൊന്നും പക്ഷിക്കു തൃപ്തിയായില്ല. അതു് പിടക്കിളിയോടു പറഞ്ഞു. ''എൻെറ പ്രിയേ, നമ്മൾ എന്തു ചെയ്യും? ഈ ആളുകൾക്കു ഭക്ഷിക്കാനൊന്നുമില്ലല്ലൊ. അവർക്കു വിശക്കുന്നു. നമ്മൾ ഗൃഹനാഥന്മാരല്ലേ. വീട്ടിൽ എത്തുന്നവർക്കു ഭക്ഷണം കൊടുക്കുക നമ്മുടെ കടമയാണ്. എനിക്കു കഴിയുന്നതു ഞാൻ ചെയ്യണം. എൻെറ ശരീരം ഞാൻ അവർക്കു കൊടുക്കും''. ആ പക്ഷി തീയിലേക്കു ചാടി. അതിനെ രക്ഷിക്കാൻ അതിഥികൾ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. അത്രവേഗത്തിലാണു പറന്നെത്തിയതു്.

ആ ചെറുപക്ഷിയുടെ സഹധർമ്മിണി, ഭർത്താവ് എന്താണു ചെയ്തതെന്നു മനസ്സിലാക്കി പറഞ്ഞു, 'ഇവിടെ മൂന്നുപേരാണുള്ളതു്. അവർക്കു ഭക്ഷിക്കാൻ ചെറിയൊരു കിളിയേയുള്ളൂ. അതു മതിയാകുകയില്ല. ഭർത്താവിൻെറ ശ്രമം നിഷ്ഫലമാകാതിരിക്കാൻ നോക്കേണ്ടതു ഭാര്യയുടെ ചുമതലയാണ്. എൻെറ ശരീരംകൂടി അവർക്കിരിക്കട്ടെ''. അവളും ആ തീയിൽ ചാടിച്ചത്തു.

പക്ഷിക്കൂട്ടിൽ അവശേഷിച്ച പക്ഷിക്കുഞ്ഞുങ്ങൾ സംഭവിച്ചതൊക്കെ കണ്ടു. വിരുന്നുകാർക്കു ഭക്ഷണം മതിയാകുകയില്ല. അവർ പറഞ്ഞു, ''നമ്മുടെ അച്ഛനും അമ്മയും അവർക്കാവുന്നതു് ചെയ്തു. എന്നു വരികിലും ഭക്ഷണം മതിയാകുന്നതല്ല. നമ്മുടെ മാതാപിതാക്കളുടെ ചുമതല തുടരുക നമ്മുടെ കർത്തവ്യമാണു്. നമ്മുടെ ശരീരവും വിനിയോഗിക്കാം''. ആ പക്ഷിക്കുഞ്ഞുങ്ങളും തീയിൽചാടി.

ഇതൊക്കെക്കണ്ടു് വൃക്ഷച്ചുവട്ടിൽ ഇരുന്നിരുന്ന ആ മൂന്നു് ആളുകൾ അതിശയിച്ചു. പക്ഷിമാംസം അവർ ആഹരിച്ചില്ല. ഭക്ഷണമില്ലാതെ അവർ രാത്രി ഉറങ്ങി. രാവിലെ രാജാവും സന്യാസിയും രാജകുമാരിക്കു വഴി കാണിച്ചുകൊടുത്തു. അവർ രാജധാനിയിലേക്കു മടങ്ങി.

സന്യാസി രാജാവിനോടു് പറഞ്ഞു, ''പ്രഭോ, ഓരോരുത്തനും അവനവൻെറ പദവിയിൽ ശ്രേഷ്ഠനാണെന്നു് അങ്ങു മനസ്സിലാക്കി. ലോകത്തിൽ ജീവിക്കാനാണു് അങ്ങു് ആഗ്രഹിക്കുന്നതെങ്കിൽ ആ പക്ഷികളെപ്പോലെ അന്യർക്കുവേണ്ടി ഏതവസരത്തിലും ജീവൻ സമർപ്പിക്കാൻ സന്നദ്ധനാകണം. ലൗകികജീവിതം തിരസ്കരിക്കണമെന്നുണ്ടെങ്കിൽ ആ യുവസന്യാസിയെ അനുകരിക്കുമാറാകണം. ഒരു സൗന്ദര്യവതിയും വിസ്തൃത രാജ്യവും അദ്ദേഹത്തിനു് ഒന്നുമല്ല. ഒരു ഗൃഹനായകനാകുവാൻ തീരുമാനിക്കുകയാണെങ്കിൽ സഹജീവികളുടെ നന്മയ്ക്കായി ബലിവസ്തുവാകുക. പരിത്യാഗത്തിൻെറ ജീവിതമാണു തിരഞ്ഞെടുക്കുന്നതെങ്കിൽ സൗന്ദര്യവും സ്വത്തും അധികാരവും നോക്കരുതു്. വ്യക്തികൾ അവരവരുടെ ജീവിതപദവികളിൽ ശ്രേഷ്ഠന്മാരാണു്. എന്നാൽ ഒരാളുടെ കടമ മറെറാരാളുടേതിൽനിന്നു വിഭിന്നമായിരിക്കും.

ഒരു ജീവിതപദവി മറെറാന്നിനേക്കാൾ ശ്രേഷ്ഠമാകണമെന്നില്ല. വിവാഹിതൻെറ ജീവിതം ഈശ്വരാരാധനയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച സന്യാസിയുടെ ജീവി

ത്തിനു സമം പ്രധാനപ്പെട്ടതാണ്. ഗൃഹനാഥൻ ദൈവ ഭക്തനാകണം. ദൈവത്തെക്കുറിച്ച് അറിയുക ജീവിതല ക്ഷ്യമായിത്തീരേണ്ടതാണ്. ജോലി ചെയ്യുക, എന്നാൽ ഫലത്തെക്കുറിച്ച ചിന്തിക്കാതിരിക്കുക. സഹജീവികളെ സഹായിക്കുക, എന്നാൽ കൃതജ്ഞത പ്രതീക്ഷിക്കാതിരി ക്കുക. സൽപ്രവൃത്തി ചെയ്യുക, എന്നാൽ കീർത്തി ആഗ്ര ഹിക്കാതിരിക്കുക. ഇതൊക്കെ നിങ്ങളെ പുണ്യപ്പെടുത്തും, ജീവിതപദവി ഏതെങ്കിലുമാകട്ടെ. പക്ഷേ വളരെ പ്രയാ സമുള്ള വിഷയമാണിതു്.

വലിയൊരു ഭീരു, ലോകം അവനെ പുകഴ്ത്തു മ്പോഠം ആത്മധൈര്യമുള്ളവനാകും. സമൂഹത്തിൻെറ കൈ യടികേട്ടു് ഒരു മഠയനു വീരകൃത്യങ്ങഠം ചെയ്യാനൊക്കും. എന്നാൽ സഹജീവികളുടെ അംഗീകാരം ശ്രദ്ധിക്കാതെ എപ്പോഴും നന്മ ചെയ്യുകയാണു മനുഷ്യനു ചെയ്യാവുന്ന വലിയ ത്യാഗപ്രവൃത്തി. ഗൃഹനാഥൻെറ പ്രധാനപ്പെട്ട കർത്തവ്യം ജീവിക്കാനുള്ള വക സമ്പാദിക്കുകയെന്ന താണ്. പക്ഷേ വ്യാജം പറഞ്ഞോ വഞ്ചന കാട്ടിയോ മോഷണം നടത്തിയോ അതു ചെയ്യുവാൻ പാടില്ല. ജീവി ക്കുന്നതു ദൈവത്തേയും ദരിദ്രരേയും ശുശ്രൂഷിക്കാനാ ണെന്നു് ഓർത്തിരിക്കേണ്ടതാണ്.

---

## 5 മനുഷ്യനിലെ ദിവ്യത്വം

കത്താവായ ദൈവം ആദിമാതാപിതാക്കളായ ആദ ത്തേയും ഹവ്വായേയും പ്രസാദവരത്തിൽ സൃഷ്ടിച്ച പറുദീ സായിലാക്കി. സൗഭാഗ്യപ്രദമായ ആ ജീവിതകാലഘ ട്ടത്തിൽ അവർക്കു ദൈവത്തെ മുഖാഭിമുഖം ദർശിക്കാൻ കഴിഞ്ഞിരുന്നു. ദൈവം പറുദീസായിലെത്തി ആദ ത്തോടൊപ്പം ഉലാത്തിയിരുന്നു. എന്നാൽ, അവർ ദൈവ കല്പന ലംഘിച്ചതുകാരണം അതുവരെ അനുഭവിച്ചുപോന്ന ഉൽകൃഷ്ടാവസ്ഥയ്ക്കു മാററമുണ്ടായി. അവരിലെ ദിവ്യ

തസ്സു സാരമാംവിധം മങ്ങൽ ബാധിച്ചു, അധഃപതിച്ച ഈ സ്ഥിതിവിശേഷം നീക്കി മുമ്പുണ്ടായിരുന്ന ആ ദിവ്യത്വം തെളിയിക്കുക എന്നതാണു മനുഷ്യന്റെ കർത്തവ്യം. ഓരോരോ കാലങ്ങളിൽ മതങ്ങൾ പ്രത്യക്ഷപ്പെട്ടതു മനുഷ്യനിലെ ദിവ്യത്വം കണ്ടുപിടിച്ച് അതിനെ പരിപോഷിപ്പിക്കാനായിരുന്നു.

'പുരാതനകാലംമുതലിന്നോളം വിവിധജനതകളിൽ ഒരു പരാശക്തിയെപ്പററിയുള്ള ഏതാണ്ടൊരവബോധം നിലവിലുള്ളതായി കാണാം. എല്ലാ സംഭവപരമ്പരകളുടേയും മേൽ ആ പരാശക്തിയെ മഹോന്നത ദൈവമായും പരമപിതാവായും പലരും ഏററുപറഞ്ഞിട്ടുണ്ട്. മേൽപറഞ്ഞ അവബോധവും അംഗീകാരവുംവഴി അവരുടെ ജീവിതത്തിലേയ്ക്കു മതബോധം ചൂഴ്ന്നിറങ്ങുകയാണ്. അതേ പ്രശ്നങ്ങൾക്കുതന്നെ പ്രത്യുത്തരം നൽകാൻ സംസ്കാരവികാസം സിദ്ധിച്ചിട്ടുള്ള മതങ്ങളെല്ലാം കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്; അതിസൂക്ഷ്മങ്ങളായ സങ്കല്പങ്ങളും ഏററം വികസ്വരമായ ഭാഷയും അതിനുവേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു'' (അക്രൈസ്തവമതങ്ങൾ – 2 ). ഇങ്ങനെ ലോകമതങ്ങളെക്കുറിച്ചു വിമർശനബുദ്ധിയോടെ പഠിക്കുമ്പോൾ തെളിഞ്ഞുവരുന്ന വസ്തുത ഇതാണ്, എല്ലാമതങ്ങളും ദൈവത്തേയും മനുഷ്യാത്മാവിനേയും വിവിധരീതികളിൽ ആവിഷ്കരണം ചെയ്യുന്നു. മനുഷ്യനിൽ നശിക്കുന്ന ശരീരംകൂടാതെ, മാററംസംഭവിക്കാത്ത അനശ്വരമായ ആത്മാവുകൂടിയുണ്ട്. ഇതിന്റെ തിളക്കത്തിനു സാരമായതോതിൽ മങ്ങൽ സംഭവിച്ചു. ദൈവജ്ഞാനത്താൽവേണം ആദിമ പരിശുദ്ധി തിരിച്ചെടുക്കുവാൻ.

പുരാതനങ്ങളും ആധുനികങ്ങളുമായ വിവിധമതങ്ങൾക്കു ദൈവത്തേപ്പററി ധാരണയെന്താണ്?. ആദ്യത്തേതായ ധാരണകൾ വളരെ അവ്യക്തമായിരുന്നു. പ്രാചീനകാലങ്ങളിൽ സൂര്യൻ, ചന്ദ്രൻ, ഭൂമി, അഗ്നി തുടങ്ങിയവയെ ദൈവങ്ങളായി കരുതിപ്പോന്നു. ദേവന്മാർ

പരസ്പരം യുദ്ധംചെയ്തു യുദ്ധക്കളങ്ങരം സൃഷ്ടിച്ചു, യവന സാഹിത്യകൃതികളിൽ അങ്ങനെയുള്ള യുദ്ധവർണ്ണനകരം കുറച്ചല്ല ഉള്ളതു്. വർഷങ്ങരം കഴിഞ്ഞു സമൂഹങ്ങരം ഏകദൈവവിശ്വാസികളാകുന്നതുകാണാം. പക്ഷെ ഓരോ ദേശത്തേയും ജാതികരം അവരുടെ ദൈവമാണു് ഏററവും ശക്തനെന്നു വിശ്വസിച്ചു. യുദ്ധം പ്രഖ്യാപിച്ചു് അതു തെളിയിക്കാൻ ശ്രമിച്ചിട്ടുണ്ടു്. കുലദൈവത്തെ സാക്ഷിയാക്കി യുദ്ധംചെയ്തു. ജയിക്കുമ്പോഴൊക്കെ തങ്ങളുടെ ദൈവം അതുല്യനാണെന്നു പ്രഘോഷിക്കാൻ, മടിച്ചിരുന്നില്ല.

ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്ന ഇസ്രായേൽക്കാർ ഏകദൈവവിശ്വാസികളായിരുന്നു. പക്ഷെ അവരുടെ വിപ്രവാസകാലത്തു വിജാതീയരുടെ ഇടയിൽ വസിച്ചിരുന്ന കാലങ്ങളിൽ കള്ളദേവന്മാരെ പിഞ്ചെല്ലുന്നതുകാണാം. ഇക്കാരണത്താൽ യാഹവേ അവരെ ശിക്ഷിക്കുന്നു. പ്രധാനമായി ബാല്ദേവൻെറ പ്രതിമയുടെ മുമ്പിലാണു് അവർ അർച്ചന നടത്തിയതു്. ''ഷിത്തിമിൽ പാർക്കുമ്പോരം മൊവാബ്യസ്ത്രീകളുമായി ഇസ്രായേൽജനം വേശ്യാവൃത്തിയിൽ ഏർപ്പെടാൻ തുടങ്ങി. അവർ തങ്ങളുടെ ദേവന്മാരുടെ ബലികരംക്കു് ഇസ്രായേൽക്കാരെ ക്ഷണിച്ചു. അവർ അവരോടുചേൎന്നു ഭക്ഷിക്കുകയും ദേവന്മാരെ ആരാധിക്കുകയും ചെയ്തു. അങ്ങനെ ഇസ്രായേൽ പെയോറിലെ ബാലിനു സേവ ചെയ്തു; അവർക്കെതിരെ കൎത്താവിൻെറ കോപം ജ്വലിച്ചു'' (സംഖ്യ 25 : 1 – 3 ). ഇങ്ങനെയുള്ള ധാർമ്മികാധഃപതനംകൊണ്ടു അവർക്കു കടുത്തശിക്ഷ അനുഭവിക്കേണ്ടി വന്നു. പഴയനിയമത്തിൽ ന്യായാധിപന്മാരുടെ പുസ്തകത്തിലും ഇസ്രായേൽക്കാരുടെ വീഴ്ചകളെക്കുറിച്ചു വിവരിക്കുന്നതായി കാണാം. രാജാക്കന്മാരുടെ പുസ്തകത്തിൽ ഏലിയാപ്രവാചകൻ ബാല്ദേവൻെറ 450 പ്രവാചകന്മാരേയും അഷേരാദേവതയുടെ 400 പ്രവാചകന്മാരേയും വെല്ലുവിളിച്ചു തോല്പിക്കുന്നരംഗം രോമാഞ്ചം കൊള്ളിക്കുന്ന ഒന്നാണു്.

പഴയനിയമത്തിലൂടെ ഇസ്രായേൽ ജനസമൂഹം സർവശക്തനായ ഏകദൈവത്തെ കണ്ടെത്താനും ആ ദൈവത്തോടു നിരന്തരമായ സമ്പർക്കം പുലർത്താനും നടത്തിയ പരിശ്രമങ്ങളാണു നമ്മുടെ സവിശേഷമായ ശ്രദ്ധയിൽ പെടുന്നത്. പുതിയനിയമത്തിലേയ്ക്കു കടക്കുമ്പോൾ മനുഷ്യനെത്തേടിവരുന്ന ഒരു ദൈവത്തെയാണു നമ്മൾ കണ്ടുമുട്ടുന്നത്. ദൈവം ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ മനുഷ്യകുലത്തെ സന്ദർശിക്കുന്നതു നമ്മൾ കാണുന്നു. മനുഷ്യാവതാരം ചെയ്ത യേശു, മനുഷ്യഗണത്തെ പിതാവായ ദൈവത്തോടു രമ്യതപ്പെടുത്തി, നമ്മെ ദൈവത്തിന്റെ ദത്തുപുത്രന്മാരാക്കി പുത്രനുള്ള അവകാശം നമുക്കും പ്രദാനം ചെയ്തു. പിതാവിനെ ആബാ എന്നു വിളിച്ചപേക്ഷിക്കാൻ നമ്മോട് ആവശ്യപ്പെട്ടു. ഇങ്ങനെ മനുഷ്യനിലെ ദിവ്യത്വത്തിനു പൂർവ്വാധികം പ്രകാശവും ശക്തിയുമുണ്ടായി. അപ്പസ്തോലന്മാരുടെ ലിഖിതങ്ങളിൽ അതിന്റെ മാറ്റൊലി ശ്രവിക്കാവുന്നതാണ്. ''ദുരാശമൂലം ലോകത്തിലുണ്ടാകുന്ന വിനാശത്തിൽനിന്നു രക്ഷപെട്ടു ദൈവികസ്വഭാവത്തിൽ നിങ്ങൾ പങ്കുകാരാകുന്നതിന്, തന്റെ മഹത്വവും ഔന്നത്യവും വഴി അവിടുന്നു നിങ്ങൾക്കു മൂല്യവും ശ്രേഷ്ഠവുമായ വാഗ്ദാനങ്ങൾ നല്കിയിരിക്കുന്നു''(2പത്രോ 1:4) ''തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവുനല്കി' (യോഹ. 1: 12). ''നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവ് നമ്മുടെ ആത്മാവിനോടു ചേർന്നു സാക്ഷ്യം വഹിക്കുന്നു. നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്റെ കൂട്ടവകാശികളും'' (റോമ 8 : 16). ''പ്രിയപ്പെട്ടവരെ, നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാമറിയുന്നു: അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെയാകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യും'' ( 1 യോഹ. 3 : 2). ''ഇപ്പോൾ നമ്മൾ കണ്ണാടിയിലൂടെ അവ്യക്തമായി കാണുന്നു;അപ്പോ

ഴാകട്ടെ മുഖാഭിമുഖം ദർശിക്കും. ഇപ്പോഠം ഞാൻ ഭാഗികമായി അറിയുന്നു; അപ്പോഴാകട്ടെ ദൈവം എന്നെ പൂർണ്ണമായി അറിയുന്നതുപോലെ ഞാനും പൂർണ്ണമായി അറിയും'' (1 കൊറി 3 : 12).

മനുഷ്യൻ തൻെറ പാപസ്ഥിതി മനസ്സിലാക്കേണ്ടതാണ്. പാപത്തിലേയ്ക്കു ചാഞ്ഞിരിക്കുന്നു എന്ന അവബോധം ഉണ്ടായിരിക്കുക ആവശ്യംതന്നെ. എന്നുവരികിലും ''ഞാൻ ഭാഗ്യഹീനനായ പാപിയാണ്'' എന്നു നിലവിളിക്കുന്നതിനേക്കാഠം അഭികാമ്യം മനുഷ്യനിലെ ദിവ്യത അനുസ്മരിക്കുകയല്ലേ. ആത്മീയ നിയന്താക്കഠം ഇതു ശ്രദ്ധിക്കുന്നതു പൊതുവെ അനുഗ്രഹദായകമാകും. ഒരു കഥ പറയുകയാണ്. ഒരു സിംഹി ഇര തേടുകയായിരുന്നു. ഒരു ആട്ടിൻപററം മേയുന്നതു കണ്ടു. അവയിലൊന്നിനെ പിടിക്കാൻ ചാടിയപ്പോഠം ഒരു സിംഹകുട്ടിയെ പ്രസവിച്ചു. തൽക്ഷണം സിംഹി ചാവുകയും ചെയ്തു. ആട്ടിൻകൂട്ടത്തിൽ ആ സിംഹകുട്ടി വളർന്നു. പുല്ലുതിന്നു, ആടിനെപ്പോലെ 'മേ മേ' എന്നു കരഞ്ഞു. സിംഹമാണെന്ന് അതു് ഒരിക്കലും മനസ്സിലാക്കുകയുണ്ടായില്ല. ഒരു ദിവസം ഒരു സിംഹം ആട്ടിൻപററത്തിലേയ്ക്കു കടന്നുവന്നു. ആടുകളുടെകൂടെ വലിയൊരു സിംഹം പുല്ലു തിന്നുന്നതും ആടിനെപ്പോലെ കരയുന്നതും കണ്ടു് അതിശയിച്ചു. സിംഹത്തെ കണ്ടപ്പോഠം ആടുകഠം ഓടിമറഞ്ഞു, അവയോടൊപ്പം ആ സിംഹമേഷവും. എന്നാൽ സിംഹം അവസരം കാത്തിരുന്നു. ഒരു ദിവസം സിംഹമേഷം ഉറങ്ങിടക്കുന്നതു കണ്ടു് അവനെ എഴുന്നേല്പിച്ചു പറഞ്ഞു, ''നീ ഒരു സിംഹമാണ്. അപരൻ പറഞ്ഞു ''അല്ല''. ഒരു മേഷത്തെപ്പോലെ കരഞ്ഞു. എന്നാൽ വഴിപോക്കനായ സിംഹം അവനെ ഒരു തടാകത്തിലേയ്ക്കുകൂട്ടിക്കൊണ്ടുപോയി. വെള്ളത്തിലേയ്ക്കു നോക്കിയപ്പോഠം അവൻെറ രൂപം ആ സിംഹത്തിനു സദൃശമാണെന്നുകണ്ടു. വിദേശിയനായ സിംഹം അലറി. അതുപോലെ ചെയ്യുവാൻ ആവശ്യപ്പെട്ടു. സിംഹമേഷം ശ്രമിച്ചപ്പോഠം അതിൻെറ ശബ്ദം സിംഹത്തിൻേറതായിത്തീർന്നു.

അങ്ങനെ അജജീവിയായിരിക്കുക എന്ന അവസ്ഥമാറി. ——അതേ നമ്മിൽ മങ്ങിയും ഒളിഞ്ഞും കിടക്കുന്ന ദൈവികശക്തിയെ പ്രകാശിപ്പിക്കുകയും ശാന്തമാക്കുകയും ചെയ്യേണ്ടതാണ്. മുറിയിൽ ഇരുട്ടാണെങ്കിൽ ''ഇരുട്ടാണേ, ഇരുട്ടാണേ'' എന്നു നിലവിളിച്ചുനടക്കുകയില്ലല്ലൊ. അതുപോലെ ''ഞാൻ പാപിയാണേ, ദുർഭഗനാണേ'' എന്നു വിലപിക്കുന്നതു യുക്തമാകുമോ? ഇല്ല. പ്രകാശം കിട്ടാൻ വിളക്കു കൊളുത്തണം. അപ്പോഠം ഇരുട്ടു പോയിക്കിട്ടും. മുകളിലെ പ്രകാശം അനുഭവിക്കാൻ ഒരു മാർഗ്ഗമേയുള്ളൂ. നമ്മിലെ പ്രകാശം കൊളുത്തുക എന്നതാണതു്. അപ്പോഠം പാപാന്ധകാരവും അശുദ്ധിയും ഓടി മറയും. ആകയാൽ നമ്മിലുള്ള അധമാംശത്തേക്കാഠംകൂടുതൽ ഉത്തമാംശത്തെക്കുറിച്ചു ചിന്തിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും'' എന്നു യേശു അരുളിച്ചെയ്തു. എന്നാൽ ഈ ലോകത്തിലായിരിക്കുമ്പോഠം ദൈവത്തെ ദർശിക്കുവാൻ ഒക്കുമോ? ഇല്ല. ദൈവത്തെ അനുഭവിച്ചറിയുവാൻ കഴിയുമോ? ഇല്ല. ദൈവത്തെ കാണുവാനും മനസ്സിലാക്കുവാനും കഴിയുമെങ്കിൽ അവിടുന്നു ദൈവമല്ലാതെയാകും. നമ്മളോ ആ ദർശനവും അനുഭവവും താങ്ങാനാവാതെ മൃതിപ്പെടും. ''പിതാവും ഞാനും ഒന്നാകുന്നു'' എന്നു യേശു സ്വയം വെളിപ്പെടുത്തി. ദൈവത്തിൻെറ ദത്തുപുത്രന്മാരായിത്തീൎന്ന നമ്മഠം ആ പുത്രസ്വീകരണത്തിലൂടെ ദൈവത്തിൽ ഒന്നാകേണ്ടവരാണു്. ഇക്കാര്യസിദ്ധിക്കു നമ്മിലെ ദിവ്യത്വം പോഷിപ്പിക്കേണ്ടിയിരിക്കുന്നു.

---

## 6. ആത്മീയശക്തിയും ധാർമ്മികബലവും

സിംഹം, ആന, കാട്ടുപോത്ത് എന്നീ വന്യമൃഗങ്ങൾ കായികശക്തിയിൽ അതുല്യങ്ങളാണെന്നു നമുക്കറിയാം. പക്ഷേ അവയെ കീഴടക്കാൻ മനുഷ്യനു കഴിയുന്നു. അവയെ മെരുക്കിയെടുക്കാൻ സാധിക്കുന്നതെന്തുകൊണ്ട്? മൃഗങ്ങൾക്കില്ലാത്തതും എന്നാൽ മനുഷ്യനിലുള്ളതുമായ ബുദ്ധിശക്തിയാണു കാരണമായിരിക്കുന്നത്.

രാജ്യങ്ങൾ തമ്മിൽ കലഹിക്കുന്നു. ജയംവരിക്കുക എന്തിനെയാണ് ആശ്രയിച്ചിരിക്കുന്നത്? ഭടന്മാരുടെ സംഖ്യാബലത്തിലോ, പടക്കോപ്പുകളുടെ ബാഹുല്യത്തിലോ അല്ല. ഭടന്മാരുടേയും അവരെ നയിക്കുന്നവരുടേയും ധിഷണാശേഷിയാണു പ്രധാനപ്പെട്ടതു്.

യവനകഥകളിലൊന്നിൽ ഹെർക്കുലിസ് രാക്ഷസനായ ആൻേറയൂസിനോട് ഏററുമുട്ടുന്ന ഒരു രംഗമുണ്ട്. പിഗ്മികളുടെ നാട്ടിൽ വച്ചു നടന്ന ആ മല്ലയുദ്ധം കായികബലത്തേക്കാൾ ബുദ്ധിശക്തിക്കാണു പ്രാമാണ്യമെന്നു തെളിയിച്ചു. അമാനുഷികശക്തിയാണു രാക്ഷസനുണ്ടായിരുന്നത് ഭൂമിയിൽ നിൽക്കുമ്പോഴൊക്കെ അതു പ്രകടമാവുകയും ചെയ്തു. അവർ തമ്മിൽ യുദ്ധം ആരംഭിച്ചു. ഹെർക്കുലിസ് ഒരു ഗദയാണ് ആയുധമാക്കിയതു്. രാക്ഷസൻ ഒരു പൈൻ വൃക്ഷം പറിച്ചെടുത്തു് എതിർത്തു. ഹെർക്കുലിസിൻെറ ഗദകൊണ്ടുള്ള അടിയേററു പൈൻ വൃക്ഷത്തിൻെറ തായ്ത്തടി കഷണങ്ങളായി ചിതറി രാക്ഷസൻ പലപ്രാവശ്യം വീണു. പക്ഷെ അയാൾ ഭൂമിയിൽ കിടന്നു ശക്തി സംഭരിച്ചു വീണ്ടും വീണ്ടും ആക്രമിച്ചുകൊണ്ടിരുന്നു. ഭൂമിയെ സ്പർശിക്കുന്ന വേളയിൽ രാക്ഷസൻെറ ശക്തി വർദ്ധിക്കുകയാണെന്നു ഹെർക്കുലിസ് മനസ്സിലാക്കി. അയാളേക്കാൾ ബുദ്ധിമാനായിരുന്നു ഹെർക്കുലിസ്. ചുവടുവച്ചു് അടുത്ത രാക്ഷസനെ ഹെർക്കുലിസ് ചുഴററിയെടുത്തു് ഭൂമിയിൽ തൊടാത്ത

വിധം പൊക്കിപ്പിടിച്ചു. ബലൂൺ കാററഴിച്ചു വിട്ടതു പോലെ രാക്ഷസൻെറ ശക്തി ചോൎന്നുപോയി. നിഷ് പ്രയാസം അവനെ നിർജ്ജീവനാക്കി ദൂരെ എറിഞ്ഞു കളഞ്ഞു.

പഴയനിയമത്തിൽ വിവരിച്ചിരിക്കുന്ന ദാവീദ്–ഗോലിയാത്തു സംഭവം ബുദ്ധിശക്തിയുടെ ഉന്നതാവസ്ഥ പ്രഘോഷിക്കുന്നു. ഇസ്രായേല്യർക്കെതിരെ ഫിലിസ്ത്യർ യുദ്ധത്തിനൊരുങ്ങി. ഫിലിസ്ത്യരുടെ പാളയത്തിൽ നിന്നു ഗോലിയാത്തു് എന്ന മല്ലൻ മുമ്പോട്ടുവന്നു. ''ആറു മുഴവും ഒരു ചാണും ഉയരമുണ്ടായിരുന്ന അവനു്, അവൻെറ തലയിൽ ഒരു പിച്ചളത്തൊപ്പിയുമുണ്ടായിരുന്നു. അയ്യാ യിരം ഷെക്കൽ തൂക്കമുള്ള പിച്ചളക്കവചമാണ് അവൻ അണിഞ്ഞിരുന്നതു്. അവൻ പിച്ചളകൊണ്ടുള്ള കാൽച്ചട്ട ധരിക്കുകയും പിച്ചളകൊണ്ടുള്ള കുന്തം തോളിൽ തൂക്കിയി ടുകയും ചെയ്തിരുന്നു. അവൻെറ കുന്തത്തിൻെറ തണ്ടിനു നെയ്ത്തുകാരൻെറ ഉരുളിൻെറ ഘനവും, അതിൻെറ ഇരുമ്പുമുനയ്ക്കു് അറുനൂറു ഷെക്കൽ ഭാരവും ഉണ്ടായിരുന്നു. പരിച വഹിക്കുന്നവൻ അവൻെറ മുമ്പേ നടന്നിരുന്നു. ഗോലിയാത്തു് ഇസ്രായേൽപ്പടയുടെ നേർക്കു് അട്ടഹ സിച്ചു; നിങ്ങൾ യുദ്ധത്തിനു വന്നിരിക്കുകയാണോ? ഞാനൊരു ഫിലിസ്ത്യനാണ്. നിങ്ങൾ സാവൂളിൻെറ സേവകരല്ലേ? നിങ്ങൾ ഒരുത്തനെ തിരഞ്ഞെടുക്കുക; അവൻ എന്നെ നേരിടട്ടെ. അവൻ എന്നോടു പൊരുതി എന്നെ കൊല്ലുകയാണെങ്കിൽ, ഞങ്ങൾ നിങ്ങളുടെ ദാസ ന്മാരാകാം. ഞാൻ അവനെ തോല്പിച്ചു കൊന്നാൽ നിങ്ങൾ ഞങ്ങൾക്കു് അടിമവേലചെയ്യണം. അവൻ തുടന്നു, ഇസ്രായേൽ നിരകളെ ഞാൻ വെല്ലുവിളിക്കുന്നു. എന്നോടു യുദ്ധം ചെയ്യുവാൻ ഒരാളെ വിടുവിൻ. അവൻെറ വാക്കു കൾ കേട്ടു് സാവൂളും ഇസ്രായേല്യരും ഭയചകിതരായി'' (1സാമു. 17: 4 – 11). എന്നാൽ ബാലനായ ദാവീദ് ആ വെല്ലുവിളി സ്വീകരിച്ചു. അവൻ ഗോലിയാത്തിനെ നേരിടുന്നതിനു പോർച്ചട്ട ധരിച്ചെങ്കിലും അതു തനിക്കു പററുന്നതല്ലെന്നു കണ്ടു് ഉപേക്ഷിക്കുകയാണുണ്ടായതു്.

വാള്, കുന്തം തുടങ്ങിയ ആയുധങ്ങൾ കൈയിലേന്തി യില്ല. അവസ്ഥപകരം "തോട്ടിൽനിന്നു മിനുസമുള്ള അഞ്ചു കല്ല് തിരഞ്ഞെടുത്തു സഞ്ചിയിലാക്കി. കവിണ അവൻെറ കൈയിലുണ്ടായിരുന്നു". ഇരുപക്ഷത്തേയും സൈന്യങ്ങൾ ഒരിക്കൽകൂടി നിരന്നു. പതിവുപോലെ ഗോലിയാത്തു് ഇസ്രായേല്യരെ വെല്ലുവിളിച്ചു. ദാവീദ് അവനോടെതിർക്കാൻ വേഗത്തിലോടി മുന്നണിയി ലെത്തി. "ദാവീദ് സഞ്ചിയിൽനിന്നു് ഒരു കല്ലെടുത്തു കവിണയിൽവച്ചു, ഗോലിയാത്തിൻെറ നെററിക്കു് ആഞ്ഞെറിഞ്ഞു. കല്ല് നെററിയിൽതന്നെ തറച്ചുകയറി. അവൻ മുഖംകുത്തി നിലംപതിച്ചു. അങ്ങനെ ദാവീദ് കല്ലും കവിണയും കൊണ്ടു ഗോലിയാത്തിനെ നേരിട്ടു അവനെ എറിഞ്ഞു വീഴ്ത്തി. അവൻെറ കയ്യിൽ വാളി ല്ലായിരുന്നു. ദാവീദ് ഓടിചെന്നു ഗോലിയാത്തിൻെറ മേൽ കയറിനിന്നു് അവൻെറ വാള് ഉറയിൽനിന്നു വലിച്ചൂരി, അവനെ കഴുത്തുവെട്ടിമുറിച്ചുകൊന്നു. ഫിലി സ്ത്യർ തങ്ങളുടെ മല്ലൻ വധിക്കപ്പെട്ടെന്നു കണ്ടപ്പോൾ ഓടി ക്കളഞ്ഞു" (1 സാമു. 17 : 49 – 51).

ബുദ്ധിശക്തിയെക്കാൾ ഉൽകൃഷ്ടവും ഉറപ്പുമാണ് ആത്മബലമെന്നു പറയാം. ബുദ്ധിയുടേയും ശരീരത്തി ൻേറയും വഴിപിഴച്ചതായ പ്രവണതകൾ നിയന്ത്രിക്കേ ണ്ടതു് ആത്മീയശക്തിയാണ്. ആമ അതിൻെറ തലയും കാലുകളും ഓട്ടിയുടെ ഉള്ളിലേക്കു വലിക്കുന്നു. തല്ലിപ്പൊ ട്ടിച്ചാൽപോലും അതു പുറത്തേക്കുവരില്ല. അതുപോലെ യാണ് ആത്മീയബലമുള്ളവൻ. കായികബലത്തെയും കാ യിക പ്രവർത്തനങ്ങളെയും നിയന്ത്രിക്കാനും പിടിച്ചുനിറു ത്താനും സാധിക്കുന്നു. അന്തരേന്ദ്രിയങ്ങളുടെ മേൽ ആധി പത്യം പുലർത്തുന്നു. റിച്ചാർഡ് നിക്സൺ അമേരിക്ക യുടെ പ്രസിഡൻറായിരിക്കുമ്പോൾ 1970 സെപ്ററംബർ 28–ാം തീയതി റോമിലെത്തി. വത്തിക്കാനിൽ ചെന്നു മാർപാപ്പായെ സന്ദർശിച്ചു് അഭിമുഖസംഭാഷണം നടത്തി. അതിനുശേഷം റോമിൽ, അമേരിക്കക്കാരായ വൈദിക വിദ്യാർത്ഥികൾ പഠിക്കുന്ന കോളേജിലേക്കുപോയി.

നിക്സൺ അവരെ അഭിസംബോധനചെയ്തു സംസാരിക്കുമ്പോൾ, സൈനികശക്തിയെക്കാൾ അനേകമടങ്ങു ശക്തമാണ് ആദ്ധ്യാത്മികശക്തിയെന്നും, ലോകത്തിലെ ഏററവും, ശക്തമായ രാഷ്ട്രത്തിനു നല്കാനാവാത്ത ഒരു ശക്തി വൈദികവിദ്യാർത്ഥികളായ അവക്കു നല്കാനാവുമെന്നും അവരെ അറിയിച്ചു.

ആത്മശക്തിയാണ് എല്ലാ പ്രവർത്തനങ്ങളുടേയും അടിസ്ഥാനം, ജീവിതത്തിലെ വിവിധ രംഗങ്ങളിൽ അതിൻെറ തരംഗങ്ങൾ സ്വാധീനിക്കാനിടയാകുന്നു. ആത്മീയശക്തിപ്രാപിച്ചവൻ മനസ്സുവസ്ഥുകയാണെങ്കിൽ എവിടെയും എപ്പോഴും നീതിയോടും ധീരതയോടുംകൂടി വത്തിക്കുമെന്നതു് തീച്ചയാണ്. എന്നാൽ മനുഷ്യവ്യക്തിത്വത്തിൻെറ ഈ പ്രഭാവം നഷ്ടപ്പെട്ടാലോ വന്നുകൂടുന്ന വിപത്തു കുറച്ചൊന്നുമാകയില്ല. കായികബലവും ബുദ്ധിശക്തിയും ദുർബലങ്ങളാകുന്നതാണ്. സന്മാർഗ്ഗരാഹിത്യവും അരാജകത്വവും ജീവിതത്തെ ബാധിക്കുമെന്നതു തീച്ചതന്നെ. വ്യക്തികളെമാത്രമല്ല, സമൂഹത്തെയും രാഷ്ട്രത്തെയും നാശത്തിൻെറ മേഖലയിലെത്തിക്കുന്നതാണ്.

പഴയനിയമത്തിൽ ഒരു സാംസണെക്കുറിച്ചു നമ്മൾ വായിക്കുന്നു. അമാനുഷികമായവിധം കായികബലത്തിൻെറ ഉടമയായിരുന്നു അദ്ദേഹം. ഒരിക്കൽ വിജനസ്ഥലത്തുവച്ചു ഒരു സിംഹകുട്ടിയെ ആയുധംകൂടാതെ ചീന്തിക്കളഞ്ഞു. സ്വന്തമാളുകൾ അദ്ദേഹത്തെ കയറുകൊണ്ടുബന്ധിച്ചു ശത്രുക്കളുടെ മുമ്പിൽ ഹാജരാക്കി. പക്ഷെ അവർ കാൺകെ കെട്ടുകൾ നിഷ്പ്രയാസം പൊട്ടിച്ചു സ്വതന്ത്രനായി. ''അവിടെ ചത്ത ഒരു കഴുതയുടെ താടിയെല്ലു കിടക്കുന്നതുകണ്ടു. അതെടുത്തു് അവൻ ആയിരംപേരെ അതുകൊണ്ടു കൊന്നു''. ഗാസാപട്ടണത്തിൻെറ പടിപ്പുരയുടെ വാതിൽ കട്ടിലക്കാലോടുകൂടെ പറിച്ചെടുത്തു തോളിൽവച്ചു മലമുകളിലേക്കുപോയി. ഇപ്രകാരം സാംസൺ മഹാശക്തനായിരുന്നെങ്കിലും സന്മാ

ഗ്ഗ്രംശം അദ്ദേഹത്തെ അധഃപതനത്തിലെത്തിച്ചു. അവൻ ദലീലാ എന്ന ഫിലിസ്ത്യൻ സ്ത്രീയെ സ്നേഹിക്കുന്നുണ്ടായിരുന്നു. ഫിലിസ്ത്യരുടെ നേതാക്കൾ ഇതറിഞ്ഞു് അവളുടെ അടുത്തുചെന്നു പറഞ്ഞു, ''സാംസനെ നീ വശീകരിക്കണം. അവൻെറ ശക്തി എവിടെ സ്ഥിതി ചെയ്യുന്നുവെന്നും അവനെ എങ്ങനെ കീഴടക്കിബന്ധിക്കാമെന്നും മനസ്സിലാക്കണം. ഞങ്ങൾ ഓരോരുത്തരും നിനക്കു് ആയിരത്തിയൊരുന്നൂറു വെള്ളിനാണയംതരാം'' (ന്യായാ. 16 : 5 – 16). അവൾ ആ ശക്തിയുടെ രഹസ്യം അറിയുവാൻ ശ്രമിച്ചെങ്കിലും മൂന്നു പ്രാവശ്യം കബളിക്കപ്പെട്ടു. ''അവൾ അവനോടു ചോദിച്ചു: നിൻെറ ഹൃദയം എന്നോടുകൂടെയാണെങ്കിൽ എന്നെ സ്നേഹിക്കുന്നുവെന്നു നിനക്കു് എങ്ങനെ പറയാൻ കഴിയും? ഈ മൂന്നു പ്രാവശ്യവും നീ എന്നെ അവഹേളിച്ചിരിക്കുന്നു. നിൻെറ അജയശക്തി എവിടെ കുടികൊള്ളുന്നുവെന്നു നീ എന്നോടു പറഞ്ഞിട്ടുമില്ല. അവൾ ഇങ്ങനെ ദിവസം തോറും നിർബന്ധിച്ചു: ആ അലട്ടൽ മരണത്തിനു തുല്യമായി. അവൻ രഹസ്യം തുറന്നു പറഞ്ഞു: ക്ഷൗരക്കത്തി എൻെറ തലയിൽ സ്പർശിച്ചിട്ടില്ല. ജനനം മുതലേ ഞാൻ ദൈവത്തിനു നാസീർവ്രതക്കാരനാണു്. മുടിവെട്ടിയാൽ എൻെറ ശക്തി നഷ്ടപ്പെട്ടു ഞാൻ മററുമനുഷ്യരെപ്പോലെയാകും. അവൻ സത്യം തുറന്നു പറഞ്ഞപ്പോൾ ദലീലാ ഫിലിസ്ത്യരുടെ നേതാക്കളെ വിളിച്ചുപറഞ്ഞു: ഒരു പ്രാവശ്യംകൂടി വരിക; അവൻ സകല രഹസ്യങ്ങളും എന്നോടു പറഞ്ഞിരിക്കുന്നു. അപ്പോൾ ഫിലിസ്ത്യരുടെ നേതാക്കന്മാർ പണവുമായി അവളുടെ അടുത്തെത്തി. അവൾ അവനെ മടിയിൽ കിടത്തി ഉറക്കി. ഒരാളെക്കൊണ്ടു് അവൻെറ തലയിലെ ഏഴുമുടിച്ചുരുളുകളും ക്ഷൗരം ചെയ്യിച്ചു. അതിനുശേഷം അവൾ അവനെ അസഹ്യപ്പെടുത്തുവാൻ തുടങ്ങി. അവൻെറ ശക്തി അവനെ വിട്ടുപോയി. അവൾ പറഞ്ഞു: സാംസൺ, ഫിലിസ്ത്യർ നിന്നെ ആക്രമിക്കാൻ വരുന്നു. അപ്പോൾ അവൻ ഉറക്കമുണർന്നു പറഞ്ഞു: മററവസരങ്ങളിലെന്നപോലെതന്നെ ഞാൻ രക്ഷപെടും. എന്നെത്തന്നെ സ്വതന്ത്രനാക്കും. കർത്താവു് തന്നെ

വിട്ടുപോയ കാര്യം അവൻ അറിഞ്ഞില്ല, ഫിലിസ്ത്യർ അവനെ പിടിച്ചു കണ്ണു ചൂഴന്നെടുത്തു് ഗാസായിലേക്കു കൊണ്ടുപോയി. ഓട്ടുചങ്ങലകൊണ്ടു ബന്ധിച്ചു കാരാഗൃഹത്തിലാക്കി. മാവുപൊടിക്കുന്ന ജോലിയിലേർപ്പെടുത്തി'' (ന്യായാധി. 16: 15 – 21 ). സാംസൺ തൻെറ ശക്തിയുടെ കാരണം വെളിപ്പെടുത്തിയതിനാൽ ദൈവത്തിൻെറ ആജ്ഞ നിരസിക്കുകയത്രെ ചെയ്തതു്. തുടർന്നു് എല്ലാം നഷ്ടപ്പെട്ടു, കായികശക്തിയും ദൈവസഹായവും. ദൈവത്തിൻെറ സാന്നിദ്ധ്യം ശക്തി പ്രദാനം ചെയ്യുന്നു. അതില്ലാത്തപ്പോഴൊ മർദ്ദനത്തിനു കീഴ്പ്പെടേണ്ടിവരുന്നു.

1971 – ൽ ബംഗ്ളാദേശ് യുദ്ധം നടക്കുമ്പോൾ ഒരു ലക്ഷം പാക്കിസ്ഥാൻ ഭടന്മാരെ ഇൻഡ്യൻ സൈന്യം വളഞ്ഞു തോല്പിച്ചു. ഈ പരാജയത്തിനു വഴിയൊരുക്കിയ തിന്മകളിലൊന്നു പാക്കിസ്ഥാൻ ഭടന്മാരെ ബാധിച്ച ലൈംഗികാരാജകത്വമായിരുന്നു. അവരിലെ ആത്മീയബലം ലൈംഗികതയ്ക്കു വഴിമാറിക്കൊടുത്തു. ലണ്ടൻ നഗരം കേന്ദ്രമായി പ്രവർത്തിക്കുന്ന അന്താരാഷ്ട്രസൂത്രിത പിതൃത്വ ഫെഡറേഷൻ ( International planned Parenthood Federation ) ഡയറക്ടർ ഡോക്ടർ. പോട്ട്സ് (Dr. Potts ) വെളിപ്പെടുത്തിയ വാർത്തകൾ ആ നിഗമനത്തിനു് ഉപോൽബലമാണു്. ബലാൽസംഗത്തിനു യുദ്ധകാലത്തു വിധേയരായ സ്ത്രീകൾക്കുവേണ്ടി ഒരു ക്ലിനിക് സ്ഥാപിക്കാൻ ബംഗ്ളാദേശിൻെറ തലസ്ഥാനനഗരമായ ഡാക്കാ അദ്ദേഹം സന്ദർശിക്കുകയായിരുന്നു. ഭീകരങ്ങളായ, ലജ്ജാകരങ്ങളായ സംഭവങ്ങളാണു യുദ്ധകാലത്തു നടന്നതെന്നു് അദ്ദേഹം മനസ്സിലാക്കി. ആയിരക്കണക്കിനു ബംഗ്ളാവനിതകൾ മാനഭംഗത്തിനിരയായിത്തീർന്നു. ഡാക്കായിൽ 500 യുവതികളെയാണു കൂട്ടിലടച്ചിരുന്നതെന്നു് അദ്ദേഹം കേട്ടു. ചിററഗോഗിൽ 300 പേരെയും. ദിവസത്തിൽ പല പ്രാവശ്യം അനേകം മാസത്തേക്കു് അവർ ബലാൽസംഗം ചെയ്യപ്പെട്ടു. മൂന്നു ഡിസ്ട്രിക്ററുകളിൽപ്പെട്ട

12,000 സ്ത്രീകളെയാണ് ഇപ്രകാരം കയ്യേററം ചെയ്തത്. ചുരുക്കത്തിൽ പാക്കിസ്ഥാൻ ഭടന്മാരെ ഭരിച്ചതു സമര വീര്യമായിരുന്നില്ല, പ്രത്യുത ലൈംഗിക താല്പര്യങ്ങളാം.

അദ്വൈതസിദ്ധാന്തത്തിൻെറ "നീ ആകുന്നു അതു്" (Tat Tvam Asi) എന്ന സൂത്രവാക്യം ഉൽക്കടമായ ആത്മധൈര്യം പകരുന്നതിനു പോരുന്നതാണ്. അതി പ്രകാരം പഠിപ്പിക്കുന്നു; നീ സാർവത്രികമായ അസ്തിത്വ ത്തിൽ പെടുന്നവനാണ്. അതനുസരിച്ച് അസ്തിത്വ മുള്ള ഓരോ ആത്മാവും നിൻെറ ആത്മാവത്രേ. അസ്തി ത്വമുള്ള ഓരോ ശരീരവും നിൻെറ ശരീരമാണ്. ആരെ യെങ്കിലും ഉപദ്രവിക്കുമ്പോാം നീ നിന്നെത്തന്നെ ഉപദ്ര വിക്കുന്നു. ആരെയെങ്കിലും സ്നേഹിക്കുമ്പോാം നിന്നെ ത്തന്നെ സ്നേഹിക്കുന്നു. വിദ്വേഷത്തിൻെറ പ്രവാഹം തുടങ്ങുന്ന നിമിഷത്തിൽതന്നെ മററാരെയെങ്കിലും മാത്ര മല്ല, നിനക്കുതന്നെ ഉപദ്രവമാണു വരുത്തിവയ്ക്കുക. സ്നേഹം നിന്നിൽനിന്നു പുറപ്പെടുകയാണെങ്കിൽ നിന്നിലേക്കു തന്നെ തിരിയുമെന്നതു തീർച്ചയാണ്. എന്തുകൊണ്ടെ ന്നാൽ ഞാനാണു പ്രപഞ്ചം. ഈ പ്രപഞ്ചം എൻെറ ശരീരമാണ്. ഞാൻ പരാപരനാണ്. ഇപ്പോാം അതെ പ്പററി ഞാൻ ബോധമുള്ളവനല്ലെന്നുമാത്രം. എന്നാൽ ഈ അനന്തതയെക്കുറിച്ചു ബോധമതിയാകാൻ ഞാൻ മല്ലി ടുകയാണ്. അതു സാധിച്ചാൽ ഞാൻ പരിപൂർണ്ണനാകും.

അദ്വൈത തത്വശാസ്ത്രത്തിലെ ഈ സിദ്ധാന്തം നി ങ്ങാം സ്വീകരിക്കാൻ വൈമനസ്യമുള്ളവരാകാം. പക്ഷെ ഉൽക്കടമായ ആത്മധൈര്യം പ്രദാനം ചെയ്യുന്നതിനു പോരുന്നതാണ് എന്നതിനു സംശയമില്ല. ആത്മീയ ബോധ്യംകൊണ്ട് ആർജ്ജിച്ച ധൈര്യം ആക്കും തച്ചുടയ്ക്കാൻ സാധിക്കുന്നതല്ല. ഒരിക്കൽ ഒരു ചക്രവർത്തി ഋഷിമാരെ തേടി നടന്നു. ഏറെനാളത്തെ അന്വേഷണഫലമായി ഒരു മുനി ശിലയിൽ ഇരുന്നു ധ്യാനിക്കുന്നതു കണ്ടു. അദ്ദേ ഹത്തോടു സംസാരിച്ചു. അദ്ദേഹത്തിൻെറ പാണ്ഡിത്യ ത്തിൽ ആകർഷണനായി തൻെറ രാജ്യത്തേക്കു ക്ഷണിച്ചു

''നിവൃത്തിയില്ല'' ഋഷി പറഞ്ഞു, ''വനത്തിലെ ജീവിതത്തിൽ ഞാൻ സംതൃപ്തനാണ്''. എന്നാൽ ചക്രവർത്തി പറഞ്ഞു, ''ഞാൻ അങ്ങേക്കു പണവും പദവിയും സ്വത്തും തരാം. ഞാൻ ലോകത്തിന്റെ ചക്രവർത്തിയാണ്. മുനി വീണ്ടും നിഷേധിച്ചുകൊണ്ടു പറഞ്ഞു, ''വേണ്ടാ, അവയൊന്നും ഞാൻ ഗൗനിക്കുന്നില്ല''. ചക്രവർത്തി ഭീഷണിപ്പെടുത്തി ''പോകുന്നില്ലെങ്കിൽ നിന്നെ ഞാൻ കൊന്നുകളയും''. എന്നാൽ മുനി ശാന്തതയോടെ ചിരിച്ചുകൊണ്ടു പറഞ്ഞു, ''പ്രഭോ, അങ്ങു പറഞ്ഞിട്ടുള്ളവയിൽ ഏററവും വലിയ ഭോഷത്തമാണിതു്. അങ്ങേക്കു് എന്നെ കൊല്ലാൻ സാധിക്കുകയില്ല. സൂര്യനു് എന്നെ വററിക്കാൻ കഴിയുകയില്ല. അഗ്നിക്കു് എന്നെ ദഹിപ്പിക്കാൻ സാധിക്കുകയില്ല. വാളിനു് എന്റെ ജീവനെടുക്കുവാൻ കഴിയുന്നതല്ല. എന്തുകൊണ്ടെന്നാൽ ഞാൻ ജന്മമില്ലാത്തവനും മരണമില്ലാത്തവനും എന്നും ജീവിക്കുന്ന സർവശക്തനും സർവ്വവ്യാപിയുമായ ആത്മാവാണ്''. സന്യാസിയുടെ ഈ മറുപടിയിൽ ആത്മധൈര്യം കവിഞ്ഞൊഴുകുന്നു.

ആകയാൽ ആത്മധൈര്യമുള്ളവരാകുക. കായികബലത്തെക്കാളും ബൗദ്ധിക കഴിവിനെക്കാളും അതു ശക്തമാണ്. പക്ഷെ ചുമരുണ്ടെങ്കിലേ ചിത്രമെഴുതാനൊക്കൂ എന്നു പറഞ്ഞതുപോലെ സന്മാർഗ്ഗനിഷ്ഠ അത്യന്താപേക്ഷിതമാണ് ആത്മധൈര്യമുള്ളവരായി ജീവിക്കുന്നതിനു്.

## 7 മനസ്തുലതം പാലിക്കുന്നവർ

ഏതൊരു വിജ്ഞാന മേഖലയ്ക്കും സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങളുണ്ട്. ബുദ്ധിക്കു വിഷയമാകുന്നതു സൈദ്ധാന്തിക ഭാഗമായി കണക്കാക്കാം. അതു പ്രവൃത്തിപഥത്തിലാകുമ്പോഴാണ് ആ വിജ്ഞാനഘടകം പൂർണ്ണസ്വരൂപമാകുന്നത്.

വിശുദ്ധ യാക്കോബ് അപ്പസ്തോലൻ പ്രവൃത്തികൂടാത്ത വിശ്വാസം നിർജ്ജീവമാണെന്നു താക്കീതു ചെയ്യുന്നു. ഇതിൻെറ അർത്ഥം ബുദ്ധിക്കു വിഷയമാകുന്ന ദൈവിക സത്യങ്ങൾ ജീവിതബന്ധമാകണമെന്നാണ്. അല്ലെങ്കിലൊ പ്രയോജനരഹിതമാകും; ജീവിതത്തിൽ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കു സംസ്കാരമുണ്ടാകയില്ല. ഹൈന്ദവമതസിദ്ധാന്തമനുസരിച്ച് ഇതു യോഗശാസ്ത്രമാണ്. ഒരു തൊഴിലാളി ജീവിത പ്രമാണങ്ങൾ ജീവിതത്തിലേക്കു പകർത്തുമ്പോൾ നല്ല വേലക്കാരനായിത്തീരുന്നതാണ്; ഒരു കർഷകൻ ഉൽകൃഷ്ടമായവിധത്തിൽ ജീവിതത്തെ പ്രശോഭിപ്പിക്കുന്നതാണ്: ഒരു കച്ചവടക്കാരൻ ക്രയവിക്രയരംഗത്തു പുരോഗതി സമ്പാദിക്കുന്നു. ഒരു ഉദ്യോഗസ്ഥൻ യോഗിയായിത്തീരുമ്പോൾ തൻെറ ജോലികൾ കൂടുതൽ കഴിവോടെ നിർവഹിക്കുന്നതാണ്. ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളെ കർത്തവ്യബോധത്തോടെ പഠിപ്പിക്കുന്നതു കാണാം. ചുരുക്കത്തിൽ നിങ്ങൾ വിശ്വാസപ്രമാണങ്ങളെ ജീവിതത്തിൽ പകർത്തുമ്പോൾ കാര്യക്ഷമതയുള്ളവരാകുകയത്രെ ചെയ്യുന്നത്. അങ്ങനെയുള്ളവർ യോഗികളാണ്.

മനുഷ്യൻെറ ഓരോ പ്രവൃത്തിക്കും നിദാനം ഇച്ഛാശക്തിയുടെ പ്രചോദനം ആണെന്നു നമുക്കറിയാം. നമ്മൾ മനസ്സാകുന്നതനുസരിച്ചു നടക്കുക, ഭക്ഷിക്കുക, ഉറങ്ങുക തുടങ്ങി വിവിധകൃത്യങ്ങൾ ചെയ്യുന്നു. ഇങ്ങനെ എല്ലാ പ്രവൃത്തികളും അവ ശാരീരികമൊ ബൗദ്ധികമൊ ആകട്ടെ

മനസ്സിൻെറ വ്യാപാരഫലമാണ്. ആകയാൽ നമ്മുടെ പ്രവൃത്തികരം മനസ്സിൻെറ അസ്തിത്വം വെളിപ്പെടുത്തുന്നു. മനുഷ്യൻ ബോധവാനായിരിക്കുന്നതും അതുകൊണ്ടാണ്.

യന്ത്രങ്ങരം പ്രവർത്തിക്കുന്നു. ഇപ്പോരം യന്ത്രമനുഷ്യനെക്കൊണ്ടു, ജീവിക്കുന്ന മനുഷ്യനെപ്പോലെ അനേകം പ്രവൃത്തികരം ചെയ്യിക്കാൻ സാധിക്കുന്നു. അതിനെ അനുഭവഗോചരമാക്കുന്നില്ല. മനുഷ്യനും യന്ത്രവും തമ്മിലുള്ള വ്യത്യാസമിതാണ്. മനുഷ്യൻ വിചാരിക്കുന്നു, ഗണിക്കുന്നു അഥവാ അനുഭവപ്പെടുത്തുന്നു. യന്ത്രത്തെക്കുറിച്ച് ഇതൊന്നും പറയുവാൻ നിവൃത്തിയില്ലല്ലൊ. ആദ്യംപറഞ്ഞവ ജീവൻെറ അല്ലെങ്കിൽ ജീവിതത്തിൻെറ സഹജഗുണമാണ്: അനേകം രൂപാന്തരങ്ങരംക്കു വിധേയമാണുതാനും. ഇഷ്ടവും അനിഷ്ടവും, സ്നേഹവും വിരോധവും സംതൃപ്തിയും മോഹഭംഗവും, അഭിനന്ദനവും അസൂയയും, സഹകരണവും നിസ്സഹകരണവും എന്നിങ്ങനെ അനേകം കാര്യങ്ങരം വിചാരവികാരങ്ങളുടെ വിവിധങ്ങളായ ഭാവപ്രകടനങ്ങളാണ്- ഇഷ്ടം, സൗഹൃദം, അഭിനന്ദനം, സഹകരണം തുടങ്ങിയവ അനുഭവപ്പെടലുകളുടെ സജീവഭാഗങ്ങളാണ്. എന്നാൽ അനിഷ്ടവും അസൂയയും മോഹഭംഗവുമൊക്കെ മേല്പറഞ്ഞവയ്ക്കെതിരെ നിഷേധാത്മകങ്ങളായ അനുഭവങ്ങളാണ്. വിചാരങ്ങരം ക്രിയാത്മകമാകുമ്പോരം പുരോഗതിയിലേക്കു ജീവിതം നീങ്ങിക്കൊണ്ടിരിക്കും. മറിച്ചാണെങ്കിലോ അധഃസ്ഥിതിയിലേക്കും. വിചാരവികാരങ്ങരം ശ്രേഷ്ഠതമമാകുമ്പോരം ജീവിതം നമ്മയെ ഉന്നതശ്രേണിയിലേക്ക് ആരോഹണം ചെയ്യിക്കുന്നതാണ്.

പരിശുദ്ധമായ അനുഭവം ഒരുത്തനെ ഭക്തനാക്കുന്നു. അവൻ ദൈവത്തെ സ്നേഹിക്കുന്നവനാണ്. അയാളുടെ ജീവിതംതന്നെ ദൈവത്തിനു പുകഴ്ചയായിത്തീരുന്നു. ദൈവസ്തുതിയിൽ ആ ജീവിതം ധന്യമായിക്കൊണ്ടിരിക്കുന്നതു കാണാം. ഇരുമ്പ് കാന്തത്തിലേക്ക് ആകർഷിക്കപ്പെടുന്നതുപോലെ ദൈവഭക്തൻ ദൈവത്തിലേക്കു തിരി

യുന്നു. ദൈവം സ്നേഹമാകുന്നു. പരിശുദ്ധമായസ്നേഹം മാധുര്യം പുറപ്പെടുവിക്കുന്നു. സ്വർഗ്ഗീയാനന്ദമാണ് അനുഭവവേദ്യമാക്കുന്നത്. പരമമായ ആനന്ദം ദിവ്യത്വം തന്നെയാണ്. ഇതിനുവേണ്ടിയാണ് ആത്മാക്കൾ പോരാടേണ്ടതും ജീവിതം കെട്ടിപ്പടുക്കേണ്ടതും.

മികച്ച ശാസ്ത്രജ്ഞനായ ജഗദീസ് ചന്ദ്രബോസ് ലോകത്തിനു വെളിപ്പെടുത്തി മനുഷ്യനിൽ കുടികൊള്ളുന്ന വികാരങ്ങളും ക്ഷോഭങ്ങളും സസ്യങ്ങളിലുണ്ടെന്ന്. ഇതെങ്ങനെ തെളിയിക്കുമെന്നു ചോദിച്ചവരോട് അദ്ദേഹം പറഞ്ഞു. ''സസ്യങ്ങളെപ്പററി അറിയുന്നതിനു ഞാൻ മാനസികമായി ഒരു ചെടിയായി''. ഏകാഗ്രതകൊണ്ടും ശ്രദ്ധകൊണ്ടും അജ്ഞാതങ്ങളായവ അറിയാനിടയാകുമെന്നത്രേ അദ്ദേഹം അർത്ഥമാക്കിയത്. സ്വാമി വിവേകാനന്ദൻ അമേരിക്കയിൽ യാത്ര ചെയ്യുമ്പോൾ ഒരു ദിവസം ചിലർ വെടിവയ്പ് പരിശീലിക്കുന്നതു കണ്ടു. ഒരു നീർച്ചുഴിയിൽ കറങ്ങിക്കൊണ്ടിരിക്കുന്ന മൂന്നുനാലു മുട്ടത്തൊണ്ടുകളായിരുന്നു അവരുടെ ലക്ഷ്യം. പക്ഷെ വെടിവയ്പ് അഭ്യസനത്തിൽ അവർ പരാജയപ്പെടുന്നതാണു കണ്ടത്. ആദ്ദേഹം അവരെ നോക്കി ചിരിച്ചു. ഇതു് അവരെ പ്രകോപിപ്പിച്ചു. ആഗതൻെറ കഴിവിനെ അവർ വെല്ലുവിളിച്ചു. ആദ്യമായിട്ടാണു സ്വാമി തോക്കു കൈയിലെടുക്കുന്നത്. അദ്ദേഹം ഉന്നം വച്ച തൊണ്ടിൽ ഉണ്ടചെന്നു വീണു, ഇതുകണ്ടു് ആ വിദ്യാർത്ഥികൾ അതിശയിച്ചു. എന്നാൽ സ്വാമി അവരോട് പറഞ്ഞു; ''വിജയത്തിൻെറ രഹസ്യം ഏകാഗ്രതയിലാണു സ്ഥിതി ചെയ്യുന്നതു്''.

അപ്പോൾ ആത്മീയജീവിതത്തിൻെറ സ്ഥിതി മറിച്ചല്ല. നിശ്ചയദാർഢ്യതയുണ്ടെങ്കിലേ ദൈവത്തിങ്കലേക്കു മനുഷ്യനു നീങ്ങുവാൻ സാധിക്കൂ. ഒരു കപ്പൽ ഏതു ദിക്കിലൂടെ സഞ്ചരിച്ചാലും അതിലെ വടക്കുനോക്കി യന്ത്രം എപ്പോഴും വടക്കുദിക്കിലേക്കേ തിരിഞ്ഞിരിക്കുകയുള്ളൂ. ഏതാണ്ടതുപോലേയാണ് ഒരു യഥാർത്ഥ ഈശ്വരഭക്തൻെറ മനസ്സ്. ജീവിതത്തിലെ എല്ലാ ആഗന്തുകസംഭവങ്ങളിലും

മനസ്സ് ദൈവത്തിങ്കലേക്ക തിരിഞ്ഞിരിക്കമെന്നു തീർച്ചപ്പെട്ടത്താം. എന്നാൽ സുഖത്തിലും ലൗകിക പ്രതാപങ്ങളിലും ലക്ഷ്യം വയ്ക്കുന്നവർ ദൈവത്തിൽ നിന്നകലുന്നതിനിടയാകുന്നു. തൃഷ്ണയാൽ ഭരിക്കപ്പെടുന്നവനു വിശുദ്ധിയുടെ മേഖലകളിലേക്ക് ഉയരുവാൻ സാധിക്കുന്നതല്ല. അങ്ങനെയുള്ളവർ ആകാശത്തിൽ വട്ടമിട്ടുപറക്കുന്ന കഴുകനു തുല്യരാണ്. അതിൻെറ കണ്ണുകൾ എപ്പോഴും താഴെ ഭൂമിയിൽ കിടക്കുന്ന ചീഞ്ഞ മാംസത്തിന്മേലും മൃഗത്തിൻെറ ശവശരീരത്തിന്മേലുമായിരിക്കും. ഭൗമിക ശാസ്ത്രപണ്ഡിതന്മാർ മാത്രമല്ല, ദൈവശാസ്ത്രജ്ഞന്മാർപോലും ഇന്ദ്രിയനിഗ്രഹം കൂടാതെയാണു ലൗകികാനന്ദങ്ങളിലേക്ക ദൃഷ്ടിതിരിക്കുന്നതെങ്കിൽ കഴുകനെപ്പോലെയത്രെ വർത്തിക്കുന്നത്. ഭോഗാസക്തിയിലും അത്യാർത്തിയിലും മുഴുകിയിരിക്കുന്നവർക്കുള്ളതല്ല ആത്മീയ പ്രകാശം, അവരുടെ ഏകലക്ഷ്യം അശ്ലീലസന്തോഷങ്ങൾ അന്വേഷിച്ചു നടക്കുകയാണ്. അവരുടെ പഠനവും പാണ്ഡിത്യവും പ്രതാപവുമൊക്കെ അധമകാര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു.

പരസ്പര ഭിന്നങ്ങളായ ശക്തികൾ ലോകത്തിൽ പ്രവർത്തിക്കുന്നതു നമ്മൾ കാണുന്നുണ്ട്. ഉഷ്ണവും തണുപ്പും സുഖവും ദുഃഖവും, ലാഭവും നഷ്ടവും, വിജയവും തോൽവിയും എന്നിങ്ങനെ പലതും അതിനുദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാവുന്നതാണ്. ഈ പ്രതിഭാസങ്ങൾ അനിവാര്യങ്ങൾതന്നെ. എന്നാൽ അവയ്ക്കടിമകളാകാതിരിക്കുന്നവർ ആത്മീയതയിൽ പുരോഗതി സമ്പാദിക്കുന്നു. മനസ്സിൻെറ സമതുലനാവസ്ഥ നിലനിറുത്തുവാൻ അവക്ക് കഴിയുന്നതാണ്. അവൻ യോഗക്ഷേമത്തിലാണ്. ജീവിതാവശ്യങ്ങൾ തേടിപ്പോകുന്നതിനെ യോഗമെന്നു വിശേഷിപ്പിക്കാം. അങ്ങനെ ലഭിച്ചവയെ ശ്രദ്ധയോടെ സൂക്ഷിക്കുന്നതും വിനിയോഗിക്കുന്നതും ക്ഷേമമാണ്. എന്നാൽ ആത്മീയപ്രകാശമുള്ളവൻ അവ ലഭിക്കാനും സൂക്ഷിക്കാനും വ്യഗ്രത പ്രദർശിപ്പിക്കയില്ല. എല്ലാജീവജാലങ്ങൾക്കും ശ്വസിക്കുവാൻ വായുകിട്ടുന്നതുപോലെ ആത്മീയത പ്രാപിച്ചവന്, അഥവാ ആത്മീയാ

ഭിലാഷിക്ക് അത്യാവശ്യമായിരിക്കുന്ന ശാരീരികാവശ്യ ങ്ങരം സമ്പാദിക്കുക അനായാസമാകണം. ഇതാണു ആത്മീയജീവൻെറ നിയമം. എന്നാൽ ആർജ്ജിക്കാനും സൂക്ഷിക്കാനും ആവശ്യത്തിൽക്കൂടുതൽ ശ്രദ്ധ ഒരു ആത്മീയാഭിലാഷി ചെലുത്തുകയാണെങ്കിൽ നേരായ മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുകയത്രെ ചെയ്യുന്നതു്. അവൻ ദൈവത്തിങ്കലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുന്തോറും ലോകൈകപ്രതിഭാസങ്ങരംക്കപ്പുറം കടന്നു നില്ക്കുന്നവനാണ്. വഞ്ചി ജലാശയത്തിലൂടെ നീങ്ങുകയാണെങ്കിലും അതിൽ ജലം നിറയുന്നതിനു് അനുവദിക്കാവുന്നതല്ലല്ലൊ. മനുഷ്യൻ ലോകത്തിലാണെങ്കിലും ഭൗമികമായ ഒരാഗ്രഹവും അവനെ ഗ്രസിക്കാൻ പാടില്ലാത്തതാണ്.

''ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ'' എന്നാവശ്യപ്പെട്ട അപ്പസ്തോലന്മാർക്കു നമ്മുടെ കർത്താവായ യേശു ഇങ്ങനെ വിശദീകരണം നല്കി, ''നിങ്ങളുടെ ഒരു ഭൃത്യൻ ഉഴുകയോ ആടു മേയിക്കുകയോ ചെയ്തിട്ടു വയലിൽ നിന്നു തിരിച്ചുവരുമ്പോരം അവനോടു് നീ ഉടനെ വന്നു് ഭക്ഷണത്തിനിരിക്കുക എന്നു നിങ്ങളിലാരെങ്കിലും പറയുമോ? എനിക്കു ഭക്ഷണം തയ്യാറാക്കുക. ഞാൻ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നതുവരെ അരമുറുക്കി എന്നെ പരിചരിക്കുക; അതിനുശേഷം നിനക്കു തിന്നുകയും കുടിക്കുകയും ചെയ്യാം എന്നല്ലേ നിങ്ങരം പറയുക. കല്പിക്കപ്പെട്ടതു ചെയ്തതുകൊണ്ടു് ദാസനോടു നിങ്ങരം നന്ദിപറയുമോ? ഇതുപോലെതന്നെ നിങ്ങളും കല്പിക്കപ്പെട്ടവയെല്ലാം ചെയ്തതിനുശേഷം, ഞങ്ങരം പ്രയോജനമില്ലാത്ത ദാസന്മാരാണ്; കടമനിർവഹിച്ചതേയുള്ളു എന്നു പറയുവിൻ'' (ലൂക്കാ 17: 7 - 10). ദൈവത്തിനു നമ്മോടു് ഒരു കടപ്പാടുമില്ലെന്നു് ഈ സുവിശേഷോക്തി നമ്മെ പഠിപ്പിക്കുന്നു. നമുക്കു് അങ്ങിൽനിന്നു് ഒന്നും അവകാശപ്പെടാനില്ല. ഏററവും നന്നായി ജോലിചെയ്തതിനുശേഷം ചുമതല നിർവഹിച്ചു എന്നു പറയാനേ നിവൃത്തിയുള്ളൂ. അതു കടമയാണെന്നും, ചെയ്യേണ്ടതാണെന്നും വിചാരിച്ചാൽ മതിയാകും. പ്രകൃതിമുഴുവൻ എൻേറതാ

യാലും അതു ദൈവത്തിനു സമർപ്പിക്കുക നിസ്സാരമാണ്. എന്നാൽ നമുക്കുള്ള സ്നേഹം, നമ്മുടെ ആത്മാവും ജീവിതവും ഉൾക്കൊള്ളുന്ന സ്നേഹം എത്രയോ വിസ്മയകരവും ദിവ്യവുമല്ല! നിയമം ആവശ്യപ്പെടുന്നതനുസരിച്ചു പ്രവർത്തിച്ചു തൃപ്തിപ്പെടാവുന്നതാണ്. എന്നാൽ സ്നേഹിക്കുന്നവനറിയാം, സ്നേഹത്തിൻെറ അവകാശങ്ങളെ തൃപ്തിപ്പെടുത്തുവാൻ ഒന്നിനും പര്യാപ്തമാകുകയില്ലെന്ന്.

ഒരു കർമ്മയോഗി ദൈവത്തിൻെറ പ്രവർത്തനങ്ങളായിട്ടാണ് എല്ലാക്കാര്യങ്ങളും ചെയ്യുന്നത്. കല്പനകൾ സ്വീകരിക്കാൻ സന്നദ്ധനാകുന്ന ദാസൻെറ പദവിയിൽ തന്നെത്തന്നെ സ്ഥാപിക്കുന്നു. ഈ മനോഭാവംകൊണ്ട് ഒന്നിനോടും ഒട്ടിച്ചേരാതെ ജീവിതത്തെ ചൊവ്വായ മാർഗ്ഗങ്ങളിലൂടെ നയിക്കാവുന്നതാണ്. യജമാനൻ വേലക്കാരനെ ഒരെഴുത്തുമായി ഒരാളുടെ പക്കലേക്ക് അയയ്ക്കുന്നു എന്നു കരുതുക. പക്ഷെ മേൽവിലാസക്കാരനെ കാണാത്തതുകാരണം ദൗത്യം നടപ്പാക്കാൻ കഴിയാതെ മടങ്ങേണ്ടിവന്നു. എന്നുവരികിലും അയാൾക്കു നിരാശയില്ല. അടുത്തൊരുദിവസം മറെറാരു കത്തോടുകൂടി അയാൾ അയയ്ക്കപ്പെടുന്നു. ഇത്തവണ നിശ്ചിത ആളെ കാണുവാനും കത്തു് ഏല്പിക്കാനും കഴിഞ്ഞു. ഈ വിജയത്തിൽ പ്രത്യേകം സന്തോഷംകൊള്ളാനൊന്നുമില്ല അയാൾക്ക്. യജമാനൻെറ കല്പന ഫലപ്രദമായി നടപ്പാക്കിയല്ലൊ എന്നു തൃപ്തിപ്പെടുന്നു. ഇതുപോലെയാണ് ഒരു യഥാർത്ഥ ദൈവഭക്തൻ. ജീവിതത്തിലെ വിജയങ്ങളിലും അപജയങ്ങളിലും അഭിനിവേശമോ അപ്രീതിയോ അയാൾക്കു ബാധകമല്ല.

വിജയമുണ്ടാകുമ്പോൾ ആഹ്ലാദിക്കുകയും പരാജയപ്പെടുമ്പോൾ നിരുത്സാഹപ്പെടുകയും ചെയ്യുക മനുഷ്യമനസ്സിൻെറ സ്വഭാവമത്രേ. ഫുട്ബോൾ, ക്രിക്കറെറ്തുടങ്ങി ഏതൊരു കായികമത്സരം നടക്കുമ്പോഴും ഇതു സംഭവിക്കുന്നു. ഏതുസാഹചര്യത്തിലായാലും അസ്വസ്ഥനാകാത്തവൻെറ മനസ്സ് ഉറച്ചതായിരിക്കും, തെളിഞ്ഞതായി

രിക്കും എന്നതിനു സംശയമില്ല. തെളിഞ്ഞ ജലാശയം പോലെയാണത്. കിണറിനടിയിൽ കിടന്നസാധനങ്ങൾ തെളിഞ്ഞുകാണുമല്ലോ. ഇതുപോലെ ശുദ്ധമായ മനസ്സുള്ളവർക്കാണു വിശുദ്ധിയിൽ വളരുവാൻ സാധിക്കുന്നത്. അവർ മനസ്സുലനം പാലിക്കുന്നവരാണ്.

---

## 8 പ്രസന്നരാക്കുന്ന മാർഗ്ഗങ്ങൾ

അത്ഥമേറുന്ന, പ്രയോഗപരമായ ഒരു പ്രാത്ഥന കുറിക്കുന്നു. ''ദൈവമേ, എനിക്കു മാററാൻ നിവൃത്തിയില്ലാത്തവ സ്വീകരിക്കുന്നതിനുള്ള പ്രസന്നത തരണമേ, എനിക്കു മാററാവുന്നവ മാററുന്നതിനുള്ള ആത്മധൈര്യം നല്കണമേ. ഇവയിലേ വ്യത്യാസം മനസ്സിലാക്കുന്നതിനുള്ള ആത്മീയജ്ഞാനം നല്കണമേ''.

ചില ജീവിതസാഹചര്യങ്ങളെ സ്വീകരിച്ചംഗീകരിക്കേണ്ടിവരുന്നു. ചില സന്ദർഭങ്ങളെയും ആളുകളേയും തിരസ്കരിക്കാൻ നിവൃത്തിയില്ലാതെയാകും. ഇതൊക്കെ വിചിത്രമായ പ്രതിഭാസങ്ങളാണ്. ക്രൂരമായ ജീവിതഭാരങ്ങളാണ് എന്നു വരികിലും ദൈവപ്രസാദത്തോടെ അത്തരം ജീവിതസാഹചര്യങ്ങൾ അഭിമുഖീകരിക്കാനൊക്കും. ഇപ്രകാരം കർത്തവ്യനിരതരാകുമ്പോൾ പ്രസന്നതയാണു നമുക്കു് അനുഭവപ്പെടുന്നത്.

ഒരു പഴമൊഴി ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു. ''എല്ലാം നിന്നെ ആശ്രയിച്ചിരിക്കുന്നു എന്ന വിചാരത്തോടെ അദ്ധ്വാനിക്കുക. എല്ലാം ദൈവത്തെ ആശ്രയിച്ചിരിക്കുന്നു എന്ന മട്ടിൽ പ്രാത്ഥിക്കുകയും ചെയ്യുക''. അപ്പോൾ തീരുമാനങ്ങൾ തിരുത്തിക്കുറിക്കേണ്ടിവരുന്നതാണ്. മർക്കടമുഷ്ടി ഒഴിവാക്കി ആത്മധൈര്യത്തോടെ ചെയ്യേണ്ടതു ചെയ്യുമ്പോൾ സംതൃപ്തിയാണുണ്ടാകുക.

മൂന്നാമത്തെ അപേക്ഷയായ ആത്മീയജ്ഞാനം അല്ലെങ്കിൽ അന്തർദ്ദൃഷ്ടിയുണ്ടെങ്കിലേ ജീവിതാനുഭവങ്ങൾ സ്വീകരിക്കാനും ആവശ്യമായിത്തീരുമ്പോൾ മാററിക്കുറിക്കാനും ഒക്കൂ. യാക്കോബ് ശ്ലീഹ ഉദ്ബോധിപ്പിക്കുന്നു, ''നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ. അവന് അതു ലഭിക്കും. കുററപ്പെടുത്താതെ എല്ലാവർക്കും ഉദാരമായി നല്കുന്നവനാണ് അവിടുന്ന്'' ( 1 – 5). തീരുമാനമെടുക്കുവാൻ സംശയിക്കുമ്പോൾ, എന്തുസ്വീകരിക്കണമെന്നും എപ്രകാരം മാററിക്കുറിക്കണമെന്നും സംശയിക്കുവാൻ തുടങ്ങുമ്പോൾ ഒരു കടലാസ്സിൽ വരുംവരായ്കകളെക്കുറിച്ച് എഴുതുക. തുടർന്ന് താരതമ്യപഠനം നടത്തി ഒരു തീരുമാനത്തിലെത്തുകയും ചെയ്യണം.

നിങ്ങളെ പ്രസന്നരാക്കുന്ന മറെറാരു മാർഗ്ഗമാണു പ്രശാന്തരായിരിക്കുക എന്നതു്. ലഭിച്ചിരിക്കുന്ന എല്ലാനന്മകളിന്മേലും വിശിഷ്യ അത്മീയ നന്മകളിന്മേൽ അതനുസരിച്ച് അഭിജ്ഞരാകേണ്ടിയിരിക്കുന്നു. പ്രശാന്തതയോടെ ഓരോ ദിവസവും പിന്നിടാൻ സാധിക്കുമാറു താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നതു് അഭിലഷണീയമാകും.

ഓരോ ദിവസവും സന്തോഷത്തോടും ധൃതികൂടാതെ സമചിത്തതയോടുംകൂടി തുടങ്ങേണ്ടിയിരിക്കുന്നു. ഒരു പ്രസംഗത്തിൽ വി. ഫ്രാൻസിസ് അസ്സീസി ഇങ്ങനെ പരാമർശിച്ചു, ''എല്ലാപ്രഭാതത്തിലും സമാധാന ദിനത്തിനുവേണ്ടി നിൻെറ ആത്മാവിനെ ഒരുക്കുക''. സങ്കീർത്തകൻ പറയുന്നു, ''കർത്താവ് ഒരുക്കിയ ദിവസമാണിന്ന്. ഇന്നു സന്തോഷിച്ചുല്ലസിക്കാം'' (118 – 24). പ്രഭാതത്തിൽ ഉണരുമ്പോൾ ''ദൈവമേ, അങ്ങേക്കു സ്തുതി. ഈ ദിവസം എനിക്കുള്ളതാണ്'' എന്നു പ്രാർത്ഥിക്കുന്നതു്എത്രയോ അഭികാമ്യമല്ല! ദൈവത്തിൽ ആശ്രയിച്ചുകൊണ്ടും സ്വയം സമർപ്പിച്ചുകൊണ്ടും എല്ലാം അവിടുത്തേക്കു വേണ്ടി എന്നു പ്രാർത്ഥിച്ചുകൊണ്ടും ദിവസം ആരംഭിക്കുമ്പോൾ ജീവിതം സംശുദ്ധവും യോഗക്ഷേമവുമാകുന്നതാണ്. പ്രശാന്തതയോടെ ദിവസത്തിനു് ആരംഭംകുറിക്കുകയത്രേ അതുകൊണ്ടുണ്ടാകുന്നതു്.

പ്രസന്നതയ്ക്കെതിരാണു മ്ലാനതയുണ്ടാകുക. ആന്തരികമായ അസ്വസ്ഥതയാണതു്. ഈ മാനസികാവസ്ഥയെ നിയന്ത്രിക്കാൻ പ്രയാസമില്ലെന്നു മനശ്ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. മനസ്സുരുകുമ്പോഴും സന്തോഷം അഭിനയിക്കുന്നവരില്ലേ? ഹൃദയവേദന മറച്ചുകൊണ്ടു പുഞ്ചിരിക്കാൻ ശ്രമിക്കുന്നു. ഗാന്ധിജി തെക്കെ ആഫ്രിക്കയിൽ താമസിച്ചുകൊണ്ടു സാമൂഹ്യപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന കാലത്തൊരിക്കൽ അദ്ദേഹത്തിനു മർദ്ദനമേല്ക്കേണ്ടിവന്നു. 1908 ഫെബ്രു. 10-ാം തീയതി ജോഹനാസ്ബർഗ്ഗിലുള്ള ഏഷിയാററിക് ഓഫീസിൻെറ പരിസരത്തുവച്ചു ഇന്ത്യാക്കാരായ പത്താൻകാർ ഗാന്ധിജിയെ ആക്രമിച്ചു. അവരുടെ ഗദകൊണ്ടുള്ള അടിയേററു് അദ്ദേഹം നിലത്തു വീണു. തുടർന്നും അവർ അദ്ദേഹത്തെ അടിക്കുകയും തൊഴിക്കുകയും ചെയ്തു. പിന്നീടു് ഒരു ബാപ്ററിസ്റ്റുപാതിരിയായ ഡോക്കിൻെറ (Doke) വീട്ടിലാണു് നമ്മൾ അദ്ദേഹത്തെ കാണുന്നതു്. അവിടെ ചികിത്സയിൽ കഴിയുമ്പോൾ ശാന്തത കിട്ടുന്നതിനു് ആ വീട്ടിലെ കൊച്ചുബാലിക 'പ്രകാശമേ, നയിച്ചാലും' എന്ന കവിത ആലപിക്കുമായിരുന്നു. കാർഡിനൽ ന്യൂമാൻ രചിച്ചതായ ആ കവിത തനിക്കു ആശ്വാസം അനുഭവിക്കാൻ എപ്പോഴും സഹായിച്ചിട്ടുണ്ടെന്നു ഗാന്ധിജി സമ്മതിക്കുന്നു.

യേശുക്രിസ്തുവിൻെറ ഈ വാക്കുകൾ അത്യന്തം ആശ്വാസദായകമാണു്, ''നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ. എൻെറ പിതാവിൻെറ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ടു്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ പോകുന്നുവെന്നു ഞാൻ നിങ്ങളോടു പറയുമായിരുന്നോ? ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്തു നിങ്ങളും ആയിരിക്കേണ്ടതിനു ഞാൻ വീണ്ടുംവന്നു നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും'' (യോഹ. 14: 1 - 4 ). ശോകമാനസരാകാതെ

സന്തോഷചിത്തരാകുവാൻ യേശുവിൻെറ ഈ വാക്കുകൾ പ്രേരകശക്തി കുറച്ചൊന്നുമല്ല വഹിക്കുന്നതു്. ഉള്ളിൽ തീകത്തുകയാണെങ്കിലും പുറമെ പ്രസന്നത പ്രകടിപ്പിക്കുക അഭിനയമാണെന്നോ ആത്മാർത്ഥാരാഹിത്യമാണെന്നോ തെററിദ്ധരിക്കാൻ പാടില്ല. നേരെമറിച്ച വിശ്വാസപ്രകരണമായി കണക്കാക്കേണ്ടതാണ്. മനസ്സിൽ വ്യഥയാണുള്ളതെങ്കിലും പുഞ്ചിരിക്കുന്ന മുഖഭാവത്തോടെ വർത്തിക്കുമ്പോൾ അകമെ മാററമുണ്ടായി സാവകാശം പ്രശാന്തത അനുഭവപ്പെടുന്നതാണ്.

ദുഷ്ക്കരമായതു ശാന്തതയോടെ സ്വീകരിക്കാനുള്ള മനോഭാവമാർജ്ജിക്കുക നിസ്സാരമായ കാര്യമല്ല, ദിവസന്തോറും ഏതൽക്കാര്യത്തിലേക്കു ശ്രദ്ധയുണ്ടാകുക പ്രാധാന്യമർഹിക്കുന്നു. ഒരിക്കൽ ഒരു നഗരത്തിലെ നൂറു് കണക്കിനു രോഗികളെ കിടത്തി ചികിത്സിപ്പിക്കുന്ന ഒരാശുപത്രി സന്ദർശിക്കുകയായിരുന്നു, അവിടെ ഒരു കിടക്കയിൽ തീവണ്ടിയപകടത്തിൽപ്പെട്ട കൈകാലുകൾ പൊട്ടിത്തകന്ന ഒരാളെ കണ്ടുമുട്ടി. ആ ഹതഭാഗ്യൻ തീവണ്ടിയുടെ ഡ്രൈവർ ആയിരുന്നു. അദ്ദേഹം തന്നെബാധിച്ച ദുരിതത്തെക്കുറിച്ച് ആവലാതിപ്പെട്ടു ദൈവത്തെ പഴിച്ചു കൊണ്ടിരുന്നു. എന്നാൽ ഗാഗുൽത്താമലയിലേക്കു് – ക്രൂശിതനായ യേശുവിങ്കലേക്കു് - അയാളുടെ ശ്രദ്ധ തിരിച്ചുവിട്ടപ്പോൾ അദ്ദേഹം ആവലാതിപ്പെടൽ നിറുത്തി. രക്ഷകനിൽ പ്രത്യാശ ചൊരിഞ്ഞതു കാരണം മനസ്സ് പ്രശാന്തമാകുകയും വേദനയുടെ നേരെ അതുവരെയുണ്ടായ മനോഭാവം മാറുകയും ചെയ്തു. ആകയാൽ നമ്മൾ എന്താണു ചെയ്യേണ്ടതു്?. അനുദിനം നമ്മെത്തന്നെ സ്വീകരിക്കുക നമ്മുടെ വീഴ്ചകളേയും പ്രയാസമേറിയ സാഹചര്യങ്ങളെയും നമ്മൾ ബന്ധപ്പെടുന്ന ആളുകളേയും.

ഉൽക്കണ്ഠകൾ ഒഴിവാക്കുക ശ്രദ്ധിക്കപ്പെടേണ്ടതായ മറെറാരു വിഷയമാണ്. ഉൽക്കണ്ഠ അനുഭവപ്പെടാതിരിക്കയില്ല. പ്രധാനപ്പെട്ട പ്രശ്നങ്ങൾ സംജാതമാകുമ്പോൾ ഉൽക്കണ്ഠ അനുഭവപ്പെടുന്നില്ലെങ്കിൽ അതു് അപ്രകൃതത്തെ

സൂചിപ്പിക്കുകയത്രെ ചെയ്യുക. എന്നാൽ ആകുലതകളധികവും സ്വയം നിർമ്മിതങ്ങളാണെന്നും ഒഴിവാക്കാവുന്നവയാണെന്നും മനഃശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. ഭാവിയിൽ എന്തു സംഭവിക്കുമെന്നതിനെക്കുറിച്ചാണ് അനേകർക്ക് ഉൽക്കണ്ഠയുള്ളത്. യഥാർത്ഥത്തിൽ ഇതുമൂലം അവർ വ്യക്തിത്വാധിഷ്ഠിതമായ ഓജസ്സിനെ നഷ്ടപ്പെടുത്തുകയത്രെ ചെയ്യുന്നത്. ആകുലതയുടേയും ഭയത്തിൻേറയും സംശയത്തിൻേറയും ശബ്ദങ്ങൾ മുഴക്കുന്ന വാഹനങ്ങൾ കുഴിച്ചു മൂടേണ്ടിയിരിക്കുന്നു. "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ടാ. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ". എന്ന സൂക്തം പ്രത്യാശയുടെ സന്ദേശമാണ്. ആകുലതയുടേയും ഭയത്തിൻേറയും സ്ഥാനത്തു സന്തോഷവും ആത്മവിശ്വാസവും ശുഭാപ്തി വിശ്വാസവും സ്ഥാപിക്കേണ്ടിയിരിക്കുന്നു. മററുവാക്കുകളിൽ ഉപകാരമേറിയ സന്തോഷപ്രദമായ ചിന്തകളും വികാരങ്ങളും ഉണർത്തേണ്ടതാണ്. നമ്മുടെ കർത്താവായ ഈശോമിശിഹാ വാഗ്ദാനം ചെയ്തു, "ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടുപോകുന്നു, എൻെറ സമാധാനം നിങ്ങൾക്കുള്ള എൻെറ സമ്മാനമാണ്". വിശുദ്ധ അഗസ്റ്റിൻെറ വാക്കുകൾ സ്മരിക്കുന്നതുകൊള്ളാം. "കഴിഞ്ഞുപോയവ മുഴുവനും ദൈവത്തിൻെറ കാരുണ്യത്തിലും ഇപ്പോഴത്തേതു് അവിടുത്തെ മൃദുലമായ സ്നേഹത്തിലും ഭാവികാര്യങ്ങൾ അവിടുത്തെ പരിപാലനയിലും വിശ്വാസത്തോടെ അർപ്പിക്കുക".

ലത്തീൻ ഭാഷയിൽപ്പെട്ട ഒരു ആപ്തവാക്യമാണ്, ആജെകോദ് ആജീസ് എന്നതു് (Age Quod Agis-Do what you are doing). ഒരു ജോലി ചെയ്യുമ്പോൾ അതിൽ ദത്താവധാനരാകണമെന്നു് ഈ കൊച്ചു വാചകം ഉൽബോധിപ്പിക്കുന്നു. വിനോദങ്ങളിലേർപ്പെടുമ്പോഴാണെങ്കിലും ഈ മനോഭാവമുണ്ടാകണം. ഏതൊരു കാര്യവും നന്നായി ചെയ്യുമ്പോൾ സംതൃപ്തിയാണുണ്ടാകുക. വലുതൊ ചെറുതൊ ആയ ഏതൊരു സംരംഭത്തിലും വിജയകവാടം തുറക്കാനുള്ള താക്കോലാണതു്.

എലിനോർ റൂസ്‌വെൽററു (Eleanor Roosevelt) പ്രസ്താവിക്കുന്നു, ''നിങ്ങൾ സമ്മതിക്കാതെ ഒരാളും നിങ്ങളിൽ അപകർഷതാബോധം ജീവിപ്പിക്കയില്ല''. ഏതെങ്കിലും വ്യക്തിയോ ഏതെങ്കിലും സംഭവമോ കാരണം അനുഭവപ്പെട്ട വിഷണ്ണത 48 മണിക്കൂറായിട്ടും നീങ്ങിപ്പോകുന്നില്ലെങ്കിൽ മനശാന്തിക്കുവേണ്ടി നിങ്ങൾക്കു ബോധ്യമുള്ള ആരോടെങ്കിലും ആലോചിക്കുന്നതു് ഉപകാരപ്രദമാകുമെന്നതിനു സംശയമില്ല. ആ വ്യക്തി ഒരു ഡോക്ടറോ, പുരോഹിതനോ, മനശാസ്ത്രവിദഗ്ദ്ധനോ, സഹധർമ്മണിയോ, ഉത്തമ സ്നേഹിതനോ ആരെങ്കിലുമാകാം. അന്യരിൽനിന്നു കുത്തുവാക്കുകൾ കേൾക്കേണ്ടിവരുമ്പോൾ അസ്വസ്ഥരാകുന്നവരാണു് അധികമാളുകളും. ഈ സമാധാനഭഞ്ജനം മണിക്കൂറുകൾ തുടർച്ചയായി തുടന്നേക്കും. നമ്മുടെ വ്യക്തിഗതമായ വൈകാരിക സ്ഥിതിയിന്മേൽ അന്യർ സ്വാധീനത ചെലുത്തുന്നതിനു് അനുവദിച്ചുകൂടാ. ചേമ്പിലയിൽ വീഴുന്ന മഴത്തുള്ളി തെറിച്ചുപോകുന്നതു നമ്മൾ കാണുന്നുണ്ടല്ലോ. അതിൽ ഒരു തുള്ളിപോലും കിടക്കുകയില്ല. ഇങ്ങനെയാണു് അന്യർ നടത്തുന്ന മനഃപൂർവമൊ അല്ലാത്തതൊ ആയ കൊള്ളിവാക്കുകളുടെ നേരെ നമുക്കുണ്ടാകേണ്ടതായ മനോഭാവം. തൻെറ ആത്മീയ ശക്തികളുടെ ഉടമസ്ഥനും നിയന്താവും അവനവൻ തന്നെയാകകൊണ്ടു അസ്വസ്ഥത വെടിയുന്നതും ഒരുത്തനിൽ നിന്നും അതു് ഏൽക്കാതിരിക്കുന്നതും നമ്മെ ആശ്രയിച്ചിരിക്കുന്നു.

അനുസരിക്കാനും അനുസരിച്ചു ജീവിക്കുവാനും ദൈവം പത്തു പ്രമാണങ്ങൾ നല്കിയിട്ടുണ്ടു്. അവ തിരസ്ക്കരിക്കപ്പെടുന്നതുകൊണ്ടല്ലേ നമുക്കു് മനുഷ്യനിർമ്മിതങ്ങളായ പതിനായിരം നിയമങ്ങൾ അനുസരിക്കേണ്ടിവരുന്നതു്. നമുക്കൊരു സന്മാർഗ്ഗശാസ്ത്രം ഉണ്ടായിരിക്കേണ്ടതാണു്, മനസ്സാക്ഷിയിലും പ്രമാണങ്ങളിലും അധിഷ്ഠിതമായ സന്മാർഗ്ഗജീവിതം. ദൈവത്തെ സ്നേഹിക്കുന്നവൻ അവിടുത്തെ പ്രമാണങ്ങൾ പാലിക്കുമെന്നതു തീർച്ചയാണു്. ദൈവസ്നേഹത്തിൻെറ ഉടമയാണൊ എന്നറിയാനുള്ള പരീക്ഷ

ണമാണു് പ്രമാണങ്ങളോടു് ആദരവുണ്ടാവുക എന്നതു്. മനഃസാക്ഷിയെ നിഷ്കാപട്യത്തോടെ ശ്രവിക്കുന്ന പക്ഷം ആത്മീയക്ഷോഭം ഒഴിവാക്കാൻ കഴിയുന്നതാണു്. തെററുകുററങ്ങളിൽ നിപതിച്ചാൽതന്നെയും പശ്ചാത്ത പിച്ച ദൈവത്തോടു സ്നേഹബന്ധം പുനഃസ്ഥാപിക്കാൻ തയ്യാറാകാതിരിക്കയില്ല. സങ്കീർത്തകൻ ആശ്വസിപ്പി ക്കുന്നതു നോക്കുക, ''കർത്താവിൻെറ നിയമം അവികല മാണു്; അതു ആത്മാവിനു പുതുജീവൻ പകരുന്നു. കർത്താ വിൻെറ സാക്ഷ്യം വിശ്വാസ്യമാണു്; അതു വിനീതരെ വിജ്ഞാനികളാക്കുന്നു. കർത്താവിൻെറ കല്പന നീതിയുക്ത മാണു്; അതു ഹൃദയത്തെ സന്തോഷിപ്പിക്കുന്നു. കർത്താവി ൻെറ പ്രമാണം ശുദ്ധമാണു്. അതു കണ്ണുകളെ പ്രകാശിപ്പി ക്കുന്നു. ദൈവഭക്തി നിർമ്മലമാണു്; അതു് എന്നേക്കും നിലനില്ക്കുന്നു. കർത്താവിൻെറ വിധികരം സത്യമാണു്: അതു തികച്ചും നീതിപൂർണ്ണമാണു്. അവ പൊന്നിനെയും തങ്കത്തെയുംകാരം അഭികാമ്യമാണു്. അവ തേനി നെയും തേൻകട്ടയെയുംകാരം മധുരമാണു്. അവതന്നെ യാണു് ഈ ദാസനെ പ്രബോധിപ്പിക്കുന്നതു്. അവ പാലിക്കുന്നവനു വലിയ സമ്മാനം ലഭിക്കും. എന്നാൽ സ്വന്തം തെററുകരം മനസ്സിലാക്കാൻ ആർക്കു കഴിയും? അറിയാതെ പററുന്ന വീഴ്ചകളിൽനിന്നും എന്നെ ശുദ്ധീ കരിക്കണമേ! ബോധപൂർവ്വം ചെയ്യുന്ന തെററുകളിൽ നിന്നു് ഈ ദാസനെ കാത്തുകൊള്ളണമേ; അവ എന്നിൽ ആധിപത്യം ഉറപ്പിക്കാതിരിക്കട്ടെ; അപ്പോരം ഞാൻ നിർ മ്മലനായിരിക്കും; മഹാപരാധങ്ങളിൽനിന്നു ഞാൻ വിമു ക്തനായിരിക്കും. എൻെറ അഭയശിലയും വിമോചകനും ആയ കർത്താവേ! എൻെറ അധരങ്ങളിലെ വാക്കുകളും ഹൃദ യത്തിലെ വിചാരങ്ങളും അങ്ങയുടെ ദൃഷ്ടിയിൽ സ്വീകാ ര്യമായിരിക്കട്ടെ! (സങ്കീർത്ത 19 : 7 – 14).

ധ്യാനാത്മരുചിയോടെ ചെയ്യുന്ന പ്രാർത്ഥന ആത്മാ വിനെ മുറുക്കമായിരിക്കുന്ന അവസ്ഥയിൽനിന്നു മോചി പ്പിക്കുന്നതാണു്. ഉല്ലസിക്കുമ്പോരം ശരീരത്തിൻെറ മുറു ക്കമായിരിക്കുന്ന അവസ്ഥ മാറിക്കിട്ടും. ഇവ രണ്ടുമാക

മ്പോൾ പൂർണ്ണമായ പ്രശാന്തത അനുഭവപ്പെടുമെന്നു തീർച്ച യാക്കാം. സങ്കീർത്തനം ഇങ്ങനെ ചെയ്യുന്നവനെ പുകഴ്ത്തുന്നു. ''അവൻെറ ആനന്ദം കർത്താവിൻെറ നാമത്തിലാണ്, രാവും പകലും അവൻ അതിനെക്കുറിച്ചു ധ്യാനിക്കുന്നു. നീർച്ചാലിനരികെ നട്ടതും യഥാകാലം ഫലം തരുന്നതും ഇലകൊഴിയാത്തതുമായ വൃക്ഷംപോലെയാണവൻ; അവൻെറ പ്രവൃത്തികൾ സഫലമാകുന്നു'' (സങ്കീത്തനം. 1 : 2 - 4 ).

പ്രസന്നരായിരിക്കുന്നതിനാവശ്യമായ ചില കാര്യങ്ങൾ വിവരിച്ചു, ഫിലിപ്പിയർക്കു പൗലോസ് അപ്പസ്തോലൻ നല്കുന്ന ഉപദേശം നമുക്കു ശ്രദ്ധിക്കാം, ''നിങ്ങൾ എപ്പോഴും നമ്മുടെ കത്താവിൽ സന്തോഷിക്കുവിൻ; ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ. നിങ്ങളുടെ ക്ഷമാശീലം എല്ലാവരും അറിയട്ടെ. കത്താവ് അടുത്തെത്തിയിരിക്കുന്നു. ഒന്നിനെക്കുറിച്ചും ആകുലരാകേണ്ടാ പ്രാത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാ സ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ, അപ്പോൾ നമ്മുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിൻെറ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും'' ( ഫിലി. 4 : 4 - 8 ).

---

## 9 ആനന്ദം പകരുന്ന സന്ദർഭങ്ങൾ

സഹജീവികളുടെ നന്മയ്ക്കുവേണ്ടി സൃഷ്ടിപരമായ പ്രവത്തനങ്ങളിൽ ഏർപ്പെടുന്നവർ സന്തുഷ്ടരാണ്. സ്വയം ക്ലേശങ്ങൾ ഏറെറടുക്കുമ്പോൾ അവർ ഏററവും സന്തുഷ്ടരായിത്തീരുന്നു. ഇതിനുദാഹരണമാണു ടൈററാനിക് കപ്പൽ ഛേദത്തിൽപ്പെട്ട ഒരു ഗ്രന്ഥകാരൻെറ പ്രവൃത്തി.

ടൈററാനിക്ക്കപ്പൽ ഇംഗ്ലണ്ടിലെ സതാംപ്ടണിൽ നിന്നു ന്യൂയോർക്കിലേക്കു കന്നിയാത്ര നടത്തുകയായിരുന്നു. 1912 ഏപ്രിൽ 14-ാം തീയതി ഒരു മഞ്ഞുമല കപ്പലിൽ വന്നിടിച്ചു. 1513 പേരുടെ ജീവനപഹരിച്ചുകൊണ്ട് അതു സമുദ്രത്തിൽമുങ്ങി. ആ കപ്പലിൽ യാത്രക്കാരുടെ ഗണത്തിൽ ഒരു ഗ്രന്ഥകാരനും ഉണ്ടായിരുന്നു. വളരെ നാളത്തെ പ്രയത്നഫലമായി എഴുതിയ ഒരു പുസ്തകത്തിൻെറ കൈയെഴുത്തുപ്രതിയും എടുത്തിരുന്നു. കപ്പൽ മഞ്ഞുകട്ടയിൽ തട്ടിമുങ്ങുമ്പോൾ ലൈഫ്ബോട്ടിൽ കയറാവുന്നത്രയാത്രക്കാർ കയറി. ആ ഗ്രന്ഥകാരൻ കൈയിലുള്ള കടലാസുകെട്ടുമായി കടലിലേക്കു ചാടി. ഏറെനാളത്തെ പ്രയത്നഫലമായ കൈയെഴുത്തുപ്രതി നഷ്ടപ്പെടരുതെന്ന് അദ്ദേഹം ആശിച്ചു. അപ്പോൾ ഒരു ശിശു വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതു കണ്ടു. ശിശുവിനെ രക്ഷിക്കുകയോ കൈയിലുള്ള കൈയെഴുത്തുപ്രതി നഷ്ടപ്പെടുത്താതിരിക്കുകയോ ഏതാണു ചെയ്യേണ്ടതെന്നു ആലോചിച്ചു. ഒരു മനുഷ്യനെ രക്ഷപ്പെടുത്തുവാൻ കഴിഞ്ഞാൽ അതല്ലെ വലിയ നന്മയെന്നു ചിന്തിച്ചു. കടലാസുകെട്ടു വലിച്ചെറിഞ്ഞതിനുശേഷം അദ്ദേഹം ശിശുവിൻെറ സമീപത്തേക്കു നീന്തി. പക്ഷേ, ആ കുഞ്ഞു മരിച്ചുകഴിഞ്ഞിരുന്നു. എന്നാൽ തൊട്ടടുത്തു മറെറാരു ശിശു മുങ്ങുകയും പൊങ്ങുകയും ചെയ്യുന്നതു് അദ്ദേഹം കണ്ടു. അതിനെ പൊക്കിയെടുത്തുകൊണ്ടു ലൈഫ്ബോട്ടിലേക്കു നീങ്ങി. അതിൽ കയറുവാൻ ഇടമുണ്ടായിരുന്നില്ല. ബോട്ടിൻെറ ഒരുവശത്തു തറച്ചിരുന്ന ഒരു കൂർത്ത ആണിയിൽ കടന്നുപിടിച്ചു. കൈപ്പത്തിയിൽ ആണി തറഞ്ഞുകയറിയെങ്കിലും അതിൽ തൂങ്ങിക്കിടന്നു. അങ്ങനെ അദ്ദേഹവും മറെറാരു ജീവിയും രക്ഷപെട്ടു.

സഹജീവികളെ സന്തോഷഭരിതരാക്കുവാൻ എളിയതോതിൽ ചെയ്യുന്ന പ്രവൃത്തിയായാലും അതുകൊണ്ടുണ്ടാകുന്ന സംതൃപ്തി കുറച്ചൊന്നുമായിരിക്കയില്ല. എന്തു വില കൊടുത്താലും കിട്ടാത്തതായിരിക്കുമതു്. ക്രിയാത്മകമായ നല്ല പ്രവൃത്തികളുടെ ഉൽപന്നമാണു സന്തോഷം. നി

ങ്ങൾക്ക് എന്തു സംഭവിക്കുന്നു എന്നതിൽ കൂടിയല്ല നിങ്ങൾക്കു സന്തോഷമുണ്ടാകുന്നതു്. പ്രത്യുത നിങ്ങളെക്കൊണ്ടു മററുള്ളവർക്കു് എന്തു സംഭവിക്കുന്നു എന്നതാണു് നിങ്ങളുടെ സന്തോഷത്തിനുള്ള മാർഗ്ഗം.

ഗോൾഡ്സ്മിത്തിൻെറ 'വിക്കർ ഓഫ് വേക് ഫീൽഡ്'' (vicar of wakefield) എന്ന നോവലിലെ പ്രധാന കഥാപാത്രമായ ഡോക്ടർ പ്രിംറോസ് ഒരു കുടുംബനാഥനായിരുന്നു. സന്തോഷത്തിലും സമാധാനത്തിലും കഴിഞ്ഞിരുന്ന അദ്ദേഹത്തിൻെറ കുടുംബത്തെ ഒന്നിനുപുറകെ ഒന്നായി ക്ലേശങ്ങൾ ബാധിച്ചു. അനർഹമായ അത്യാഹിതങ്ങളാൽ അതു ഉലയ്ക്കപ്പെട്ടു. സ്വത്തു മുഴുവനും നഷ്ടപ്പെട്ടതു കാരണം ദൂരെയൊരിടത്തേക്കു താമസം മാറേണ്ടിവന്നു. ഉന്നതവിദ്യാധനനായ മൂത്തമകൻ ലണ്ടൻപട്ടണത്തിലേക്കു പോകാൻ തീരുമാനിച്ചു. അവനെ യാത്രയയയ്ക്കുമ്പോൾ സ്നേഹപിതാവ് ഒരു പുസ്തകം നല്കി പറഞ്ഞു, ''ഞാൻ യുവാവായിരുന്നു. ഇപ്പോൾ വൃദ്ധനാണു്. ഒരിക്കലും നീതിമാൻ ഉപേക്ഷിക്കപ്പെട്ടതായോ അയാളുടെ സന്തതികൾ അപ്പത്തിനുവേണ്ടി യാചിക്കുന്നതായോ ഞാൻ കണ്ടില്ല''. വിലയേറിയ, അമൂല്യമായ സന്ദേശമാണു ഗ്രന്ഥകർത്താവ് നമുക്കു് കാഴ്ചവച്ചിരിക്കുന്നതു്.

ഡോക്ടർ പ്രിംറോസിൻെറ ഒരു മകൾ അമ്മയുമൊരുമിച്ചു നിരത്തിലൂടെ നടന്നുനീങ്ങുമ്പോൾ അപഹരിക്കപ്പെട്ടു. ഓടിത്തുടങ്ങിയ കുതിരവണ്ടിയിൽനിന്നു് അവൾ രക്ഷിക്കണേയെന്നു വിളിച്ചു പറഞ്ഞെങ്കിലും അവളുടെ അപേക്ഷ തുടക്കത്തിൽ വനരോധനമായി കലാശിച്ചു. എന്നാൽ അവളുടെ കുടുംബമിത്രമായ ബർച്ചെൻ കുറച്ചകലെ നടന്നുപോകുന്നതുകണ്ടു. അടുത്തെത്തിയപ്പോൾ അദ്ദേഹത്തെ പേരു വിളിച്ചു സഹായിക്കണമെന്നപേക്ഷിച്ചു. കുറച്ചു സാഹസപ്പെട്ടാണെങ്കിലും അദ്ദേഹത്തിനു് അവളെ അപഹർത്താക്കളിൽനിന്നു മോചിക്കാൻ കഴിഞ്ഞു. മകളെ തിരിച്ചു കിട്ടിയപ്പോൾ ഡോക്ടർ പ്രിംറോസ് സന്തോഷത്തോടെ പറഞ്ഞു, ''പ്രപഞ്ചത്തിൽ ഏററവും മഹത്താ

യത്തു ഗുണവാനായ ഒരുവൻ ദൗർഭാഗ്യങ്ങളോടു സാഹസ പ്പെടുന്നതാണെന്നു ഒരു തത്വജ്ഞാനി അഭിപ്രായപ്പെടുന്നു. അതിനെക്കാരം ശ്രേഷ്ഠമാണു ദൗർഭാഗ്യങ്ങളിൽനിന്നു് അ യാളെ രക്ഷപെടുത്തുവാൻ മുമ്പോട്ടു വരുന്ന നല്ല മനുഷ്യൻ'.

ഷേക്സ്പിയരുടെ ഒരു ശോകപര്യാവസായ നാടകമാ ണു 'കിംഗ്ലിയർ' എന്നതു്. അതിലെ പ്രധാനകഥാപാ ത്രമായ ലിയർ രാജാവ് വൈകിയവേളയിൽ തത്വോപ ദേശകനായി പ്രത്യക്ഷപ്പെടുന്നതു കാണാം. അദ്ദേഹത്തിനു മൂന്നു പുത്രിമാരുണ്ടായിരുന്നു. മൂത്ത രണ്ടുപേരുടേയും വി വാഹം കഴിഞ്ഞു. രാജ്യം മക്കരംക്കു് വീതിച്ചുകൊടുക്കു വാൻ രാജാവ് തീരുമാനിച്ചു. എന്നാൽ അവർ തന്നെ സംരക്ഷിക്കുമോ എന്നു രാജാവിനറിയണം, മൂത്തവർ രണ്ടു പേരും താല്പര്യത്തോടും ആവേശത്തോടും വാഗ്ദാനം ചെയ്തു പിതാവിനെ സംരക്ഷിക്കുമെന്നു്. പക്ഷെ സഹോ ദരിമാരുടെ സ്വഭാവം അറിയാമായിരുന്ന ഇളയമകരം കോർഡീലിയ അവരെപ്പോലെ വാഗ്ദാനങ്ങളൊന്നും ഉരുവിട്ടില്ല. അവരം പിതാവിനോടു പറഞ്ഞു, "ഒരു മകരം തൻെറ പിതാവിനു് എന്തുമാത്രം സ്നേഹവും ബഹു മാനവും നൽകുവാൻ കടപ്പെട്ടിരിക്കുന്നുവോ അത്രയും ഞാൻ അങ്ങേക്കു തരുന്നതാണു്. ഞാൻ വിവാഹം കഴിക്കു മ്പോരം എൻെറ ഭർത്താവിനും മക്കരംക്കും സ്നേഹം കൊടു ക്കുവാൻ എനിക്കു കടമയുണ്ടല്ലോ. വിവാഹിതരായിട്ടും മുഴവൻ സ്നേഹവും ബഹുമാനവും അങ്ങേയ്ക്കുതരാം എന്നു് എൻെറ സഹോദരിമാർ പറഞ്ഞതുപോലെ പറയുവാൻ ഞാൻ ഇല്ല". ഇളയ പുത്രിക്കു തന്നോടു സ്നേഹമില്ലെന്നു രാജാവ് തെററിദ്ധരിച്ചു. രാജ്യവും സ്വത്തുക്കളും മൂത്തപു ത്രിമാർക്കു ഭാഗിച്ചുകൊടുത്തു. പിതൃസ്വത്തായി കോർഡീ ലിയയ്ക്കു് ഒന്നും കിട്ടിയില്ല. എങ്കിലും അവളുടെ സ്വഭാവ ശുദ്ധിയും ആത്മാർത്ഥതയും മനസ്സിലാക്കി ഫ്രാൻസിലെ രാജകുമാരൻ സ്ത്രീധനം കൂടാതെ വിവാഹം കഴിച്ചു.

കോർഡീലിയ സംശയിച്ചതുപോലെ കാര്യങ്ങരം എത്തിച്ചേർന്നു. മൂത്തസഹോദരികരം അച്ഛൻെറ നേരെ

തങ്കത്തമനോഭാവമാണു പ്രകടിപ്പിച്ചതു്. അവരാൽ തിര സ്കരിക്കപ്പെടുകയും ചെയ്തു. അദ്ദേഹം പെരുവഴിയിലായി. താമസിക്കാൻ സ്ഥലമില്ല. ശരീരക്ഷീണത്തിനു പുറമെ മനസ്സിന്റെ സമനിലയും തെററി. ഈയവസരത്തിൽ കെൻറു് എന്നയാരം സഹായത്തിനെത്തി. അന്തിയുറങ്ങാൻ ഉപകരിച്ചേക്കാവുന്ന ഒരു കുടിൽ തയ്യാറാക്കിക്കൊടുത്തു. ശൈത്യമേറിയ കാററു വീശുന്നുണ്ടായിരുന്നു. അതിൽനിന്നു രക്ഷപെട്ട കുടിലിൽ പ്രവേശിക്കണമെന്നു രാജാവിനോടു് അപേക്ഷിച്ചു, ഈ സന്ദർഭത്തിൽ ലീയർ രാജാവു് ദുരിതമനുഭവിക്കുന്ന ആളുകളെക്കുറിച്ചു് ഇങ്ങനെ അനുസ്മരിച്ചു, ''ദുർഭഗരായ സാധുമനുഷ്യർക്കു നഗ്നത മറയ്ക്കാൻ വസ്ത്രമില്ല. ശൈത്യമേറിയ കാററിന്റെ ക്രൂരത അവർ അനുഭവിക്കുന്നു. അനാഥരായ നിങ്ങളുടെ ശിരസ്സുകളും പട്ടിണിയിലായ നിങ്ങളുടെ ഉദരങ്ങളും കീറിപ്പറിഞ്ഞ വസ്ത്രങ്ങരം പൊതിഞ്ഞിരിക്കുന്ന നിങ്ങളുടെ ശരീരങ്ങളും ക്രൂരമായ അന്തരീക്ഷസ്ഥിതിയിൽ നിന്നു് എങ്ങനെ സംരക്ഷിതമാകും? സാധുക്കളുടെ ദുരിതാനുഭവങ്ങളെക്കുറിച്ചു ഞാൻ തരിമ്പുപോലും ശ്രദ്ധിക്കുകയുണ്ടായില്ല. സമ്പന്നരേ, ഇത്രയ്ക്കു് അസുഖകരമായ കാലാവസ്ഥയുടെ ദുരന്തം നിങ്ങരം അനുഭവിച്ചറിയേണ്ടതാണു്. സാധുക്കളുടെ ക്ലേശങ്ങളെക്കുറിച്ചു് അപ്പോരം നിങ്ങരം ബോധ്യമുള്ളവരാകും. നിങ്ങളുടെ ആവശ്യത്തിനുള്ളവ കഴിച്ചു ബാക്കി നിങ്ങരം അവർക്കു കൊടുക്കുകയും ചെയ്യും''.

മഹാനായ ടോയിക്കൊകഗാവാ (Toyo hiko kag-owa) യേശുക്രിസ്തുവിനെക്കുറിച്ചു പഠിച്ചപ്പോരം അങ്ങിൽ ആകർഷിക്കപ്പെട്ടു് ഇങ്ങനെ ഉൽഘോഷിച്ചു, ''ഓ! ദൈവമേ! എന്നെ യേശുവിനെപ്പോലെയാക്കണമേ''. അദ്ദേഹം പാവപ്പെട്ടവരുടെ സങ്കേതങ്ങളിൽ ചെന്നു. ഒരു ക്ഷയരോഗിയാണു് എന്നു വരികിലും ആറടി നീളവും ആറടി വീതിയും മാത്രമുള്ള ഒരു കുടിലിൽ താമസമാക്കി. ആദ്യത്തെ രാത്രി, പകരുന്ന ചൊറിരോഗമുള്ളവരുടെ കൂടെ കിടന്നു. അതൊരു പരീക്ഷയായിരുന്നു. പക്ഷെ അദ്ദേഹം പിൻവാങ്ങിയില്ല. ഒരു യാചകനു് അദ്ദേഹത്തിന്റെ

ഷർട്ട കൊടുത്തു. പിറേറദിവസം അയാരം കാഗവായുടെ കോട്ടും ട്രൗസറും ചോദിച്ചു വാങ്ങി. അദ്ദേഹത്തിനവശേഷിച്ചതു കീറിപ്പറിഞ്ഞ ഒരു മേലങ്കിമാത്രം. അതുകണ്ടു ചേരിവാസികരം ആദ്യമൊക്കെ പരിഹസിച്ചെങ്കിലും പിന്നീടു് വന്നു് അദ്ദേഹത്തോടു് ആദരവ് കാണിച്ചു. ''ദൈവം സ്നേഹമാകുന്നു. സ്നേഹമുള്ളിടത്തു ദൈവമുണ്ടു്'' അദ്ദേഹം അവരെ പഠിപ്പിച്ചു. കാഗ്‌വാ പലപ്പോഴും തളന്നു വീണിട്ടുണ്ടു്.അപ്പോഴൊക്കെ ചേരിവാസികരം അദ്ദേഹത്തെ എടുത്തുകൊണ്ടുപോയി കുടിലിൽ കിടത്തുമായിരുന്നു. ആ പതിതപ്രേമി ഇപ്രകാരമെഴുതി, ''ദൈവം ഏററവും താഴെക്കിടയിലുള്ളവരുടെ കൂടെ വസിക്കുന്നു. അവിടുന്നു ജയിൽവാസികളുടെ ധൂളിപ്പുറത്തു് ഇരിക്കുന്നു. കുററവാളികളായ പിള്ളേരുടെകൂടെ നില്ക്കുന്നു. രോഗികളുടെ മദ്ധ്യേ കാണാം. തൊഴിൽ രഹിതരുടെ മദ്ധ്യേയുണ്ടു്. ആകയാൽ ദൈവത്തെ കാണുവാൻ ഇച്ഛിക്കുന്നവർ അമ്പലത്തിൽ പോകുന്നതിനുമുമ്പു ജയിലറകരം സന്ദർശിക്കേണ്ടതാണു്. ദൈവാലയത്തിലേക്കു തിരിക്കുന്നതിനു മുമ്പു് ആശുപത്രി സന്ദർശിക്കട്ടെ. വേദപുസ്തകം വായിക്കുന്നതിനുമുമ്പു യാചകനെ സഹായിക്കട്ടെ''.

ശ്രീ മൊറാർജി ദേശായി ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരിക്കുമ്പോരം ഏതാനും സാമൂഹ്യപ്രവർത്തകർ ഒരു ദിവസം (1977) അദ്ദേഹത്തെ സന്ദർശിക്കാനെത്തി. സംഭാഷണവേളയിൽ അവരുടെ സേവനങ്ങളുടെ ശ്രേഷ്ഠതയെ അനുസ്മരിപ്പിച്ചുകൊണ്ടു പറഞ്ഞു, ''ഒരു അതിഥി വീട്ടിലെത്തി കുട്ടികളോടു വാത്സല്യപൂർവ്വം പെരുമാറുകയും അവർക്കു സമ്മാനങ്ങരം നല്കുകയും ചെയ്യുന്നു. അതുകണ്ടു് ആ കുഞ്ഞുങ്ങളുടെ അമ്മയ്ക്കുണ്ടാകുന്ന ആനന്ദം കുറച്ചൊന്നുമായിരിക്കയില്ല. അതുപോലെയാണു ഭൂമിയിൽ കഷ്ടപ്പെടുന്ന തൻെറ മക്കളെ ആരെങ്കിലും സഹായിക്കുന്നതു കാണുമ്പോരം ഈശ്വരനുണ്ടാകുന്ന സന്തോഷവും സംതൃപ്തിയും''.

## 10 എളിമയിൽ സന്തോഷിക്കുന്നവർ

എളിമയെന്ന സൽഗുണംകൊണ്ട് അർത്ഥമാക്കുന്നത് മനുഷ്യൻെറ ഏതെങ്കിലും കഴിവുകേടിനെയല്ല. പ്രത്യുത സ്രഷ്ടാവായ ദൈവത്തിൻെറ മുമ്പിൽ വാക്കിലും പ്രവൃത്തിയിലും നമ്മുടെ നിസ്സഹായാവസ്ഥ ഏററു പറഞ്ഞു ശക്തിയാർജ്ജിക്കുന്നതാണത്. തീർത്തും ആന്തരികമായ ഈ വിശിഷ്ടപുണ്യത്തിൻെറ ഉത്തമമാതൃക യേശുവല്ലാതെ മററാരുമല്ല. എളിമയെക്കുറിച്ചു തെളിഞ്ഞുവരുന്ന ഒരു വസ്തുത അവിടുത്തെ വാക്കുകളിൽ കുറിക്കുന്നു, ''ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എൻെറ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ'' (മത്താ. 11 : 29). സെബദിപുത്രന്മാരായ യാക്കോബും യോഹന്നാനും യേശുവിൻെറ രാജ്യത്തിൽ ഉന്നതസ്ഥാനങ്ങൾ ലഭിക്കുന്നതിന് അപേക്ഷിക്കുകയുണ്ടായല്ലൊ. അവിടുന്ന് മറുപടിപറഞ്ഞു, ''നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം. മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ'' (മർക്കോ. 10 : 43 – 45).

എളിമയുടെ ആവശ്യത്തെക്കുറിച്ചു യേശു നാടകീയരീതിയിലാണു നമുക്ക് ഉദ്ബോധനം നൽകിയിരിക്കുന്നത്. സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാണെന്നു ശിഷ്യന്മാർ അവിടുത്തോടു ചോദിച്ചപ്പോൾ ഒരു ശിശുവിനെ വിളിച്ച് അവരുടെ മദ്ധ്യേ നിർത്തിക്കൊണ്ട് അരുളിച്ചെയ്തു, ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മാനസാന്തരപ്പെട്ടു ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല, ഈ

ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ ഏററവും വലിയവൻ, ഇതുപോലെയുള്ള ഒരു ശിശുവിനെ എൻെറ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു''(മത്താ. 18 : 3 - 5). പൗലോസ് അപ്പസ്തോലൻെറ മുന്നറിയിപ്പാണിതു്, ''ഒരുവൻ താൻ ഒന്നുമല്ലാതിരിക്കെ, എന്തൊ ആണെന്നു ഭാവിക്കുന്നെങ്കിൽ അവൻ തന്നത്തന്നെ വഞ്ചിക്കുന്നു'' (ഗലാ. 6 : 3).

ഒരു ദിവസം ഫ്രാൻസീസ് അസ്സീസിപുണ്യവാൻ ബ്രദർ ലെയൊ ഒരുമിച്ചു നിരത്തിലൂടെ നടക്കുകയായിരുന്നു. ആത്മീയകാര്യങ്ങളെക്കുറിച്ചു ധ്യാനിക്കുകയും ചെയ്യുന്നുണ്ടു്. കുറെ നടന്നു നീങ്ങിയപ്പോൾ വി. ഫ്രാൻസീസ് ആ ബ്രദറിനോടു പറഞ്ഞു, ''ബ്രദർ ലെയൊ, എഴുതുക. ദൈവകൃപയാൽ നമ്മുടെ സന്യാസിമാരെല്ലാവരും ലോകത്തിൻെറ എല്ലാഭാഗങ്ങളിലും സുകൃതത്തിലും പൂർണ്ണതയിലും മാതൃകരാണെങ്കിൽതന്നെയും പരിപൂർണ്ണമായ സന്തോഷം അതുകൊണ്ടുണ്ടാകയില്ല''. അവർ യാത്ര തുടന്നു. കുറച്ചുകഴിഞ്ഞു ഫ്രാൻസീസ് ആ സഹോദരനോടു പറഞ്ഞു. 'ബ്രദർ എഴുതുക. സന്യാസിമാർ അത്ഭുതം പ്രവൎത്തിച്ചാൽതന്നെയും മുടന്തന്മാക്കു നടക്കുവാനും കുരുടന്മാർക്കു കാണുവാനും ചെകിടന്മാക്കു കേൾക്കുവാനും മൂകർക്കു സംസാരിക്കാനും കഴിവുള്ളവരാക്കിയാലും മരിച്ചവരെ ഉയിർപ്പിച്ചാലും പിശാചുക്കളെ ഒഴിപ്പിച്ചാലും അതിലൊന്നുമല്ല പൂർണ്ണമായ സന്തോഷമുണ്ടാകുക''. ഇങ്ങനെ നാലഞ്ചുപ്രാവശ്യം ആവൎത്തിച്ചപ്പോൾ ബ്രദർ ലെയൊ, വിനയപൂർവ്വം ചോദിച്ചു. ''പിതാവേ, പരിപൂർണ്ണമായ സന്തോഷം എന്തിലാണുള്ളതെന്നു പഠിപ്പിക്കണേ''. അസ്സീസിപുണ്യവാൻ മറുപടിപറഞ്ഞു, ''ബ്രദർ ലെയൊ, ദൈവത്തിൻെറ കുഞ്ഞാടേ, തണുപ്പുകൊണ്ടുവിറച്ചും വിശന്നും ക്ഷീണിച്ചും നമ്മൾ മടങ്ങുകയാണെന്നു കരുതുക. വീട്ടിലെത്തി വാതിൽക്കൽ മുട്ടുന്നു. ഒരു സഹോദരൻ വന്നു നമ്മൾ ആരാണെന്നു ചോദിക്കുന്നു. സഭയിലെ അംഗങ്ങളായ രണ്ടുപേരാണെന്നു നമ്മൾ പറയും. പക്ഷെ നമ്മളെ ശകാരിക്കുന്നു. വഞ്ചകരും

ന്ന്ണയരും തെമ്മാടികളുമെന്നു വിളിച്ചു നമ്മുടെ നേരെ വാതിലടച്ചുപോകുന്നു. വൈകുന്നേരംവരെ തണുപ്പത്തു വിശപ്പും ദാഹവും അനുഭവിച്ചു നിൽക്കേണ്ടിവരുമെന്നു കരുതുക. ഈ അധിക്ഷേപങ്ങൾ പരാതിപ്പെടാതെയും നിരാശപ്പെടാതെയും അതൃപ്തിയില്ലാതെയും ദൈവതിരുമനസ്സുനിറവേറട്ടെ എന്നു പ്രാർത്ഥിച്ചും സന്തോഷത്തോടെ അംഗീകരിക്കുന്ന പക്ഷം അതിലടങ്ങിയിരിക്കുന്നു പരിപൂർണ്ണമായ സന്തോഷം''. ഈ സംഭാഷണത്തിൻെറ അവസാനത്തിൽ അസ്സീസി പുണ്യവാൻെറ അധരങ്ങളിൽനിന്നു പൊഴിഞ്ഞ വാക്കുകളാണു നമുക്കു വിലയിരുത്തുവാനുള്ളതു്. അദ്ദേഹം പറഞ്ഞു, ''കർത്താവായ ദൈവം സ്നേഹിക്കുന്നവക്ക് ഏററവും പ്രമുഖമായ സമ്മാനം നല്കുന്നു. സന്തോഷത്തോടെ പരീക്ഷകളും പ്രയാസങ്ങളും കുരിശുകളും ക്ലേശങ്ങളും അങ്ങയോടുള്ള സ്നേഹത്തെപ്രതി സ്വീകരിക്കുന്നതിനുള്ള സന്മനസ്സാണതു്. ഈ ദാനം പരിശുദ്ധാത്മാവ് നല്ലവരായ ആളുകൾക്ക് അനുവദിക്കുന്ന വരദാനങ്ങളെക്കാൾ വിലയേറിയതാണു്. കാരണം ആ ദാനങ്ങളിൽ നമുക്കു് അവകാശപ്പെടുന്നതായിട്ടൊന്നുമില്ല. അവ നമുക്കു നൽകപ്പെട്ട ദാനങ്ങളാണു്. അവ പൂണ്ണമായും അവിടുത്തേതാണു്''. വിശുദ്ധ പൗലോസ് അക്കാര്യം വളരെ വ്യക്തമാക്കുന്നു. അദ്ദേഹം ചോദിക്കുന്നു, ''ദൈവത്തിൽനിന്നു സ്വീകരിക്കാത്തതായി നിന്നിലെന്താണുള്ളതു്. എന്നാൽ പരീക്ഷകളും ക്ലേശങ്ങളും സന്തോഷപൂർവ്വം സ്വീകരിക്കുമ്പോൾ ന്യായമായും സംതൃപ്തരാകാം. അപ്പസ്തോലൻ വ്യക്തമാക്കുന്നു, ''നമ്മുടെ നാഥൻെറ കുരിശിലല്ലാതെ മററൊന്നിലും ഞാൻ സന്തോഷിക്കുന്നില്ല''. അതുകൊണ്ടു സങ്കടങ്ങളെല്ലാം ക്ഷമയോടെ മാത്രമല്ല, സന്തോഷത്തോടെ സ്വീകരിക്കുന്നതിനുള്ള കൃപയ്ക്കും മന:ശക്തിക്കുംവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

എളിമയുടെ ശ്രേഷ്ഠത പ്രഘോഷിക്കുന്ന ഒരു സംഭവം അസ്സീസിപുണ്യവാൻെറ ജീവിതത്തിൽനിന്നു് അടർത്തിയെടുത്തു ചേർക്കുന്നു. ഒരു ദിവസം പ്രഭാതം പൊട്ടിവിടരുമ്പോൾ ബ്രദർ മാസെയൊ (Masseo) കപ്പേളയിൽ പ്ര

വേശിച്ചു. അപ്പോൾ അൾത്താരയുടെ താഴെ ഫ്രാൻസീസ് അസ്സീസി സാഷ്ടാംഗപ്രണാമംചെയ്തു കിടക്കുന്നതുകണ്ടു. അദ്ദേഹം കുറച്ചു മാറിനിന്നു വിശുദ്ധ കുരിശിൻെറ മുമ്പാകെ പ്രാർത്ഥിക്കുവാൻ തുടങ്ങി. തത്സമയം ആ സഹോദരന് ഒരു ദർശനമുണ്ടായി. ആകാശങ്ങൾ തുറന്നിരിക്കുന്നു. അവിടെ അനേകം മനോഹരങ്ങളായ സിംഹാസനങ്ങൾകണ്ടു. മധ്യത്തിലിട്ടിരിക്കുന്ന സിംഹാസനത്തെ വിലയേറിയ രത്നങ്ങൾ പതിച്ച് അലങ്കരിച്ചിട്ടുണ്ട്. ഇത് ആർക്കുള്ളതാകാം എന്ന് അദ്ദേഹം വിസ്മയിക്കുമ്പോൾ ഒരു സ്വർഗ്ഗീയ ശബ്ദം ശ്രവിച്ചു. ''അത് അധഃപതിച്ച ഒരു മാലാഖയുടേതായിരുന്നു. എളിയവനായ ഫ്രാൻസിസ്സിന് അതു കരുതിവച്ചിട്ടുള്ളതാണ്''. ഈ ദർശനത്തിനു ശേഷം ആ സഹോദരൻ ഫ്രാൻസിസ്സിനോടു ചോദിച്ചു, ''പിതാവേ, അങ്ങയെക്കുറിച്ച് അങ്ങ് എന്തു വിചാരിക്കുന്നു?'' കുറെ സമയം ചിന്തിച്ചതിനുശേഷം അദ്ദേഹം പതിഞ്ഞ സ്വരത്തിൽ പറഞ്ഞു, ''ഞാൻ ലോകത്തിൽ ഏററവും വലിയ പാപിയാണ്. നല്ലവനായ ദൈവം എനിക്കു നല്കിയ അനുഗ്രഹങ്ങൾ മറെറാരാൾക്കു കൊടുത്തിരുന്നെങ്കിൽ എന്നെക്കാൾ കൂടുതൽ നല്ലവനാകുമായിരുന്നു. കൂടാതെ ദൈവം പ്രത്യേകവിധത്തിൽ എന്നെ സംരക്ഷിച്ചില്ലായിരുന്നെങ്കിൽ ഞാൻ പണ്ടേ ഇല്ലാതെയാകുമായിരുന്നു''. ബ്രദർ മാസ്സയോക്കു ബോധ്യപ്പെട്ടു, ദർശനവേളയിൽ താൻ കണ്ടതായ സിംഹാസനം ഫ്രാൻസിസ്സിന് അദ്ദേഹത്തിൻെറ വിനയാന്വിതജീവിതത്തിനുള്ള സമ്മാനമായി ഒരുക്കിവച്ചിട്ടുള്ളതാണെന്ന്. ഈ സംഭവത്താൽ ബ്രദർ മാസ്സയൊ എളിമയുടെ മാഹാത്മ്യം ഗ്രഹിച്ചു. അദ്ദേഹം തുടർന്നു എളിമയെന്ന സൽഗുണത്തിനായി യേശുവിനോടു പ്രാത്ഥിച്ചു. പാപിയാണെന്നു് ഏററു പറയുകയും കരയുകയും ഉപവസിക്കുകയും ചെയ്തു. കുറെ നാളുകൾ കഴിഞ്ഞു യേശു അദ്ദേഹത്തിനു കാണപ്പെട്ടു ചോദിച്ചു, ''ബ്രദർ, എളിമയെന്ന ദാനം സ്വീകരിക്കാൻ നീ വിലയായി എന്തു കൊടുക്കും''? തീക്ഷ്ണതയോടെ ബ്രദർ പറഞ്ഞു, ''നാഥാ, എളിമയെന്ന ദാനത്തിന് എൻെറ കണ്ണുകൾ ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണ്''. ഈശോശ്ലു

സന്തോഷമായി. അവിടുന്നു പറഞ്ഞു, ''കൊള്ളാം സഹോദരാ, ക്രമാതീതമായ താല്പര്യം കാണിച്ചതുകൊണ്ടു ഞാൻ നിനക്കു് എളിമയും കാഴ്ചയും നല്കുന്നു''. ഇതിനു ശേഷം ബ്രദർ മാസ്സയോക്കു് ഒരിക്കലും അഹങ്കാരം തോന്നുകയുണ്ടായില്ല. സംതൃപ്തി അദ്ദേഹത്തിനു് ഏറെ അനുഭവപ്പെട്ടു.

ചതുരംഗക്കളിയിൽ റാണിക്കൊ മന്ത്രിക്കൊ ഉള്ള പ്രാധാന്യമാണു് എളിമയ്ക്കുള്ളതെന്നു് അമ്മത്രേസ്യാപുണ്യവതി അനുസ്മരിപ്പിക്കുന്നു. ''അവിടെ രാജാവിനെതിരായി ഏററവും ശക്തിയോടെ പൊരുതുന്നതു റാണിയാണു്, മററുകരുക്കരം റാണിയെ സഹായിക്കുന്നു (ചതുരംഗത്തിലെ രണ്ടാമത്തെ കരുവിനെ പാശ്ചാത്യർ റാണി(queen) എന്നാണു വിളിക്കുന്നതു്). ദിവ്യരാജാവിനെ ശീഘ്രത്തിൽ അധീനപ്പെടുത്തുവാൻ എളിമപോലെ ത്രാണിയുള്ള റാണി വേറെയില്ല. എളിമയാണല്ലോ സ്വർഗ്ഗത്തിൽനിന്നു കന്യകയുടെ ഉദരത്തിലേക്കു അങ്ങയെ ആകർഷിച്ചതു്. എളിമയുണ്ടെങ്കിൽ നമ്മുടെ തലനാരുകൊണ്ടു ഈശോയെ നമ്മുടെ ആത്മാവിലേക്കു വശീകരിക്കാം. അധികം എളിമയുള്ളവർ ഈശോയെ അധികം സ്വായത്തമാക്കുന്നു മററുള്ളവർ കുറച്ചും.

---

## 11 എളിമയും ആത്മബലവും

രാഷ്ട്രപിതാവായ ഗാന്ധിജിക്കു് എളിമയെന്ന സൽഗ്ഗുണത്തെക്കുറിച്ചു യഥാർത്ഥവും യുക്തവുമായ കാഴ്ചപ്പാടുണ്ടായിരുന്നു. അതിൻെറ അന്ത:സത്തയിലേക്കും ആചാരാനുഷ്ഠാനങ്ങളിലേക്കും അദ്ദേഹം കടന്നുചെന്നിട്ടുണ്ടു്. ഒരു തത്വജ്ഞാനിയെപ്പോലെയും ദൈവഭക്തനെപ്പോലെയും അദ്ദേഹം എളിമയെക്കുറിച്ചു പ്രതിപാദിക്കുന്നതു കാണാം.

ഗാന്ധിജി മനുഷ്യനെ സമുദ്രത്തിലെ ഒരു തുള്ളി ജലത്തോടുപമിക്കുന്നു. ആ ജലാംശം സമുദ്രത്തോടുകൂടി കഴിയുമ്പോറം അതു സമുദ്രത്തിൻെറ ഗാംഭീര്യത്തിൽ പങ്കു പററുന്നു. എന്നാൽ സമുദ്രത്തിൽനിന്നു മാറി ഒററയ്ക്കു ശോഭിക്കണമെന്നു തീരുമാനിച്ചാലുണ്ടാകുന്ന ഭവിഷ്യത്തു് എന്താകും? അടുത്ത നിമിഷത്തിൽ നീരാവിയാകുന്നതാണു്. എന്നാൽ മനുഷ്യൻ ദൈവത്തിലാശ്രയിച്ചു ജീവിക്കുമ്പോറം സമ്പന്നനാണു്, ശ്രേഷ്ഠനാണു്. അതവഗണിച്ചുകൊണ്ടു് എനിക്കു് എല്ലാം തനിച്ചാകാം, ഞാൻ സമത്ഥനാണു് എന്നു മിഥ്യയിലാകുന്ന നിമിഷത്തിൽ അവൻെറ വീഴ്ച ആരംഭിച്ചിരിക്കും. മനുഷ്യനെ അധ:പതനത്തിലേക്കു കൊണ്ടുപോകുന്നതു് അഹങ്കാരമാണെന്നതിനു സംശയമില്ല. ഗാന്ധിജി എഴുതുന്നു, എളിമയെ അഭ്യസനവിഷയമാക്കാൻ പാടുള്ളതല്ല. കരുതിക്കൂട്ടി അഭ്യസിക്കുന്നതിനു നിയോഗിച്ചുകൂടാ. ''എളിമ അഹിംസയുടെ ഒഴിവാക്കാൻ പാടില്ലാത്ത പരീക്ഷണമാണു്. അഹിംസയുള്ളവനിൽ അതു് അയാളുടെ സ്വഭാവത്തിൻെറ ഭാഗമായിത്തീരുന്നു. സത്യഗ്രഹാശ്രമത്തിനുവേണ്ടി കുറെ പ്രാഥമികചട്ടങ്ങളും നിയമങ്ങളും സ്നേഹിതരുടെ ഇടയിൽ വിതരണം ചെയ്തു. ആചരണങ്ങളിൽ എളിമയെ ഉറംപ്പെടുത്തണമെന്നു സ്ർ ഗുരുണ്ടാസ് ബാനർജി അഭിപ്രായപ്പെട്ടു. എന്നാൽ മേല്പറഞ്ഞ കാരണങ്ങളാൽ ഈ അഭിപ്രായം സ്വീകരിക്കുകയുണ്ടായില്ല''.

നമ്മെ അത്ഭുതപ്പെടുത്തുന്ന വിധത്തിലാണു് ഗാന്ധിജി എളിമയെക്കുറിച്ചു പരാമർശനങ്ങറം നടത്തിയിട്ടുള്ളതു്. ''ഒരുവൻ ഗ്രഹണശേഷിയുള്ളവനാകുന്നതിനു് എളിമയിൽ സമൃദ്ധമായ ഗ്രഹണശേഷിയാജ്ജിച്ചിട്ടുണ്ടാകണം, സത്യസാഗരത്തിൻെറ ആഴത്തിൽ നീന്തുന്നതിനു നിങ്ങറം നിങ്ങളെത്തന്നെ പൂജ്യത്തിലേക്കു തരം താഴ്ത്തേണ്ടിയിരിക്കുന്നു''. അഹിംസയുടെ ചൈതന്യം എളിമയിലേക്കു നയിക്കുമെന്നു ഗാന്ധിജി എഴുതുന്നു. അഹിംസയെന്നാൽ ദൈവത്തിൽ ആശ്രയിക്കുകയാണു്. അവിടുത്തെ സഹായം അന്വേഷിക്കുമ്പോറം എളിമയോടും പശ്ചാത്താപ

ത്തോടുംകൂടി അവിടുത്തെ സമീപിക്കാൻ മറക്കരുത്. മാവിന്റെ കൊമ്പുകൾ മാങ്ങയുടെ ഭാരംകൊണ്ടു താഴുന്നതുപോലെ നമ്മൾ പ്രവർത്തിക്കണമെന്ന് അദ്ദേഹം ഉപദേശിക്കുന്നു. അതിന്റെ ശ്രേഷ്ഠത അതിന്റെ പ്രൗഢമായ താഴ്മയിലാണ് അടങ്ങിയിരിക്കുന്നത്. എളിമയെ, പെരുമാററങ്ങളോടും മര്യാദപ്രകടനങ്ങളോടും കൂട്ടിക്കുഴയ്ക്കരുത് എന്നദ്ദേഹം ഉപദേശിക്കുന്നു. ''ഒരുത്തൻ മറെറാരാളുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തേക്കും. അതേസമയം ഹൃദയം അയാളോടുള്ള അതൃപ്തികൊണ്ടു നിറഞ്ഞിരിക്കുകയാണ്. ഇത് എളിമയല്ല, പ്രത്യുത സൂത്രമാണ്, ഒരാൾ രാമനാമം ജപിക്കുന്നുണ്ടാകും. അല്ലെങ്കിൽ എപ്പോഴും മന്ത്രം ഉരുവിടുന്നുണ്ട്. സമൂഹത്തിൽ ഒരു യോഗിയെപ്പോലെയാണു പെരുമാറുന്നത്. പക്ഷെ ഹൃദയത്തിൽ സ്വാർത്ഥമതിയാണെങ്കിൽ, അയാൾ വിനീതനല്ല, കാപട്യക്കാരൻമാത്രം''.

വിശുദ്ധ മരിയജോൺ വിയാനി കൂടെക്കൂടെ പറയാറുണ്ടായിരുന്ന ഒരു കഥ ഇവിടെ വിവരിക്കുന്നു. മക്കാരിയൂസ് പുണ്യവാന്റെ മുമ്പിൽ ഒരു പിശാച് വന്നുനിന്നു പറഞ്ഞു, ''നീ ചെയ്യുന്നതെല്ലാം ഞാനും ചെയ്യുന്നു, നീ ഉപവസിക്കുന്നുണ്ട്, ഞാനും ഭക്ഷണം കഴിക്കാറില്ല. നീ ഉണർവുള്ളവനായിരിക്കുന്നു. ഞാനും ഉറക്കമിളച്ചു സഞ്ചരിക്കുന്നു. നീ അഭ്യസിക്കുന്ന ഒരു കാര്യം മാത്രമേയുള്ളൂ എനിക്കു കഴിയാത്തതായി''. എന്താണക്കാര്യം? വിയാനിയച്ചൻ ചോദിച്ചു. ''എളിമപ്പെടുക'' പിശാചു മറുപടിപറഞ്ഞ് അപ്രത്യക്ഷനായി''.

പുണ്യവാൻ പറഞ്ഞിരുന്നു, ''വിവിധ സുകൃതങ്ങൾ കൂട്ടിയിണക്കുന്ന ചങ്ങലയാണു വിനയം. ആ ബന്ധം പൊട്ടിക്കട്ടെ, മററുസുകൃതമണികൾ നാമാവശേഷമാകും''.

എളിമയെ ആഴമായി വിലയിരുത്തിയിട്ടുള്ള മറെറാരു പുണ്യവാനാണു വിൻസെൻറുഡിപോൾ. എളിമ മറെറല്ലാ

സുകൃതങ്ങൾക്കും ആധാരമാണെന്നും ആ പുണ്യത്തിൻെറ അഭാവത്തിൽ ഇതരഗുണവിശേഷങ്ങൾ ഉപയോഗശൂന്യമാണെന്നും വിശുദ്ധൻ ഉദ്ബോധിപ്പിക്കുന്നു. ''നമ്മൾ ഘോര പാപികൾ തന്നെയായിരുന്നാലും വിനയപൂർവ്വം അവ ഏററുപറഞ്ഞു മാപ്പപേക്ഷിച്ചാൽ നീതിമാന്മാരാകാൻ കഴിയും. നേരെമറിച്ച്, വാനാരൂപികളെപ്പോലെ പരിശുദ്ധിയുള്ളവരും സകല സുകൃതങ്ങളും നിറഞ്ഞവരും ആയിരുന്നാലും നമുക്ക് എളിമയില്ലെങ്കിൽ ആ പുണ്യങ്ങളൊന്നും നിലനില്ക്കുകയില്ല. അവ അടിത്തറ ഇല്ലാത്ത കെട്ടിടംപോലെയായിരിക്കും''. ഇത്രയ്ക്കു സുപ്രധാനമായ എളിമ എങ്ങനെയാണു വശമാക്കേണ്ടതെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ''ഓരോരുത്തരും എല്ലായ്പോഴും തങ്ങളെത്തന്നെ താഴ്ത്തുക. മററുള്ളവരിൽ നന്മമാത്രവും തങ്ങളിൽ പോരായ്മകളും കാണുക. ലോകത്തിൽ ചെയ്യപ്പെടുന്ന സകല തിന്മകളും നമ്മളിൽ വസിക്കാൻ സാധ്യതയുണ്ടെന്നകാര്യം അനുസ്മരിക്കുക. സഹജീവികളെ വിധിക്കുകയെന്ന ജോലി ദൈവത്തിനു വിട്ടുകൊടുക്കുക'' മേലധികാരികളോട് അദ്ദേഹം പറയുന്നു, ''അധികാരിയും അധീനനും ആരെന്നു മററുള്ളവർക്കു എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കാത്തവിധം അത്ര ഹൃദ്യമായി നാം കീഴുള്ളവരോടു പെരുമാറുക''.

'നിന്നെത്തന്നെ മനസ്സിലാക്കുക' എന്നതു് എളിമയുടെ അടിസ്ഥാനതത്വമാണ്. അതേസമയം പ്രയാസമേറിയതാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഗ്രീക്കുകാർ അപ്പോളൊദേവൻെറ സ്തുതിക്കു ഡൽഹിയിൽ (Delhi) ഒരു അമ്പലം പണുതപ്പോൾ അതിൻെറ വാതിൽപ്പടിയിൽ മാർബിൾശിലയിൽ നിന്നെത്തന്നെ അറിയുക (know thyself) എന്നു കൊത്തിവച്ചു. ഇത്തരുണത്തിൽ അദ്വിതീയ ഗ്രീക്കു തത്വജ്ഞാനിയായ സോക്രട്ടീസ് ആവർത്തിച്ച് അനുയായികളോടു തന്നെക്കുറിച്ചു ചെയ്തിരുന്ന ഒരു പരാമർശനം പ്രസ്താവയോഗ്യമാണ്. എനിക്കു ഒരു കാര്യമേ അറിയാവൂ 'എനിക്കു് ഒന്നും അറിഞ്ഞുകൂടാ എന്നതാണതു്''.

പ്രബന്ധകർത്താവും നിഘണ്ടുനിർമ്മാതാവുമായ സാമുവൽ ജോൺസനോട്ട് ഒരിക്കൽ ഡിന്നർപാർട്ടി നടക്കുമ്പോൾ ഒരു വനിത അദ്ദേഹമെഴുതിയ ശബ്ദകോശത്തിലുള്ള തെററായ ഒരു നിർവചനത്തെപ്പററി ആശ്ചര്യപൂർവം ചൂണ്ടിക്കാണിച്ചു. അത്തരമൊരു പ്രമാദം എങ്ങനെ സംഭവിച്ചെന്നുകൂടി ചോദിച്ചു. അതിനു ജോൺസൺ നല്കിയ മറുപടി നമുക്കു ദൃഷ്ടാന്തമാണ്, ''മഹതി അജ്ഞത വെറും അജ്ഞത''. സ്വന്തം നിലയെ സാധൂകരിക്കുന്നതിനുവേണ്ടി അദ്ദേഹത്തിനു വിശദീകരണം നൽകാമായിരുന്നു. അതിനുള്ള ബുദ്ധിവൈഭവം അദ്ദേഹത്തിനുണ്ടായിരുന്നു. ഇപ്രകാരമൊരു വിനയപ്രകൃതി ജവഹർലാൽ നെഹ്റുവിൽ നമുക്കു ദൃശ്യമാകുന്നുണ്ട്. സർ. സി. പി. രാമസ്വാമി അയ്യർ ഒരു പൊതുയോഗത്തിൽ നെഹ്റു പൊതുജനത്തിന്റെ ഹൃദയത്തുടിപ്പുകൾ പ്രതിനിധീകരിക്കുന്നില്ലെന്നു പ്രസ്താവിച്ചു. അദ്ദേഹത്തിന്റെ ആദർശങ്ങളും ത്യാഗങ്ങളും ബോധ്യങ്ങളുമെല്ലാം സ്വയം ഹിപ്നോട്ടിസമാണെന്നുകൂടി ആക്ഷേപിച്ചു, ഈ പരാമർശനങ്ങൾക്കും വിമർശനങ്ങൾക്കും ഉത്തരം നെഹ്റു സ്വയം-കൃതചരിതത്തിൽ കൊടുത്തിരിക്കുന്നതു നോക്കുക. ''അധികം വിഷയങ്ങളിലും ഞങ്ങൾക്കു യോജിപ്പല്ല ഉള്ളത് എന്നു ഞാൻ കരുതുന്നു. എന്നാൽ ചെറിയൊരു സംഗതിയിൽ ഞങ്ങൾ അനുകൂലികളാണ്. ഞാൻ പൊതുജനത്തിന്റെ വികാരങ്ങൾ പ്രതിനിധാനം ചെയ്യുന്നില്ല എന്നദ്ദേഹത്തിന്റെ പ്രസ്താവന മുഴുവനായും യഥാർത്ഥമാണ്. ആ അഭിപ്രായത്തിൽ എനിക്കു മിഥ്യാബോധമില്ല. ഞാൻ ആരെയെങ്കിലും പ്രതിനിധാനം ചെയ്യുന്നുണ്ടോ എന്ന് അത്ഭുതപ്പെടുന്നു. ഇല്ലെന്നാണ് എനിക്കു പറയുവാനുള്ളത്. എന്നാൽ അനേകം പേർക്കു എന്നോട്ട് അനുകമ്പയും സ്നേഹവുമാണുള്ളത്''.

വിശുദ്ധ അഗസ്റ്റിന്റെ സമകാലികനാണു പെലാജിയൂസ് എന്ന അത്മീയപണ്ഡിതൻ. അവർ തമ്മിൽ ദൈവശാസ്ത്ര വിഷയങ്ങളെക്കുറിച്ച് അഭിപ്രായ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്. ഡെമാട്രിയാസു് (Demetrias)

എന്ന വനിത കന്യകാലയത്തിൽ ചേർന്നപ്പോൾ പെലാജിയൂസ് അവർക്കൊരു അനുമോദനക്കത്തയച്ചു, അതു പൂർണ്ണരൂപത്തിൽ കത്തോലിക്കാ സഭയ്ക്കു കിട്ടിയിട്ടുണ്ട്. പാഷണ്ഡതയുടെ വിഷം അതിൽ കലർന്നിട്ടുണ്ടെങ്കിലും എളിമയെ അദ്ദേഹം വിചിന്തനം ചെയ്തിരിക്കുന്നതു പ്രശംസാർഹംതന്നെ. "അനേകം പേർ ഈ സൽഗുണത്തിൻെറ നിഴൽ മാത്രം അനുഗമിക്കുമ്പോൾ കുറച്ചുപേർ മാത്രമേ അതിൻെറ യാഥാർത്ഥ്യത്തിലായിരിക്കുന്നുള്ളു. ഏതെങ്കിലും വിധം വിനയം പ്രകടിപ്പിച്ചു തൃപ്തിപ്പെടുക വളരെ എളുപ്പമാണ്''. ചില ഉദാഹരണങ്ങൾ സഹിതം അദ്ദേഹം വിശദീകരിക്കുന്നു. ഒരാൾ വളരെ വിധേയപൂർവ്വം അഭിവാദനം അർപ്പിക്കുവാൻ മടിക്കുന്നില്ല. അല്ലെങ്കിൽ കൈയും കാലും മുത്തുന്നു.; എളിമയും, ശാന്തതയും ഉള്ളവരാണെന്നറിയിക്കാൻ അധോമുഖരായി ഭൂമിവരെ ശിരസ്സ് താഴ്ത്തുന്നവരുണ്ട്, മൃദുലമായ ശബ്ദത്തോടെയാണു ചിലർ സംഭാഷണത്തിലേർപ്പെടുന്നത്. കൂടെക്കൂടെ നിശ്വസിക്കുന്നവരെ കാണാം. പാപികളാണെന്നും നിന്ദ്യരാണെന്നും ഏററുപറയുമെങ്കിലും ചെറിയൊരു എതിർപ്പുവഴി അവർ അക്ഷമത പ്രകടിപ്പിക്കുന്നു. അവർ പുരികം വെട്ടിച്ചു കഴുത്തുയർത്തി ഉറക്കെ പ്രതിഷേധിക്കും. "യേശു മറെറാരു എളിമയാണു നമ്മെ പഠിപ്പിക്കുന്നത്. അവിടുന്ന് ആഹ്വാനം ചെയ്തു! എന്നെ കണ്ടുപഠിക്കുക. ഞാൻ ഹൃദയശാന്തതയും എളിമയും ഉള്ളവനാകുന്നു. അവിടുന്ന് അപമദിക്കപ്പെട്ടപ്പോൾ അതേ നാണയത്തിൽ മടക്കിക്കൊടുത്തില്ല. ക്ലേശം അനുഭവിച്ചപ്പോൾ ഭീഷണി മുഴക്കിയില്ല. വിശുദ്ധപത്രോസ് അതേ വിനയം ശുപാർശ ചെയ്യുന്നു. തിന്മയ്ക്കുപകരം തിന്മയും ശാപത്തിനുപകരം ശാപവും പുറപ്പെടുവിക്കാതെ അനുകമ്പയും എളിമയും ഉള്ളവരാകുക''.

1974 മാർച്ച് 28-ാം തീയതി കേരള അസംബ്ളി നടക്കുമ്പോൾ അന്നത്തെ വിദ്യാഭ്യാസമന്ത്രി ചാക്കേരി അഹമ്മദ്കുട്ടിക്ക് ആക്ഷേപങ്ങൾ കൂടാതെ ധനാഭ്യർത്ഥന

സഭയിൽ പാസ്സാക്കിയെടുക്കുവാൻ കഴിഞ്ഞു. മന്ത്രിയുടെ വിനയം കൊണ്ടാണ് അതു സാധിച്ചതു എന്നു വേണമെങ്കിൽ പറയാം. ''ഞാൻ അങ്ങനെ വലിയ കഴിവുള്ളയാളാണെന്നൊന്നും കരുതുന്നില്ല'' അദ്ദേഹം പറഞ്ഞു. ''ഈ ശാരനെക്കൊണ്ടു് കാര്യങ്ങരം മുമ്പോട്ടു കൊണ്ടുപോകുന്നു. മുഖ്യമന്ത്രിയുണ്ടു് സഹായിക്കാൻ. ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ അദ്ദേഹം എല്ലാക്കാര്യങ്ങളിലും എനിക്കു് ഉപദേശം തരും. അദ്ദേഹം തെററായ ഉപദേശം നൽകുകയില്ല''. മന്ത്രി പറഞ്ഞതു് ആത്മാർത്ഥതയോടെയായിരുന്നു.

വിനയാന്വിതൻ പരാജയത്തെക്കുറിച്ചു ഭയപ്പെടുന്നവനല്ല. ഒന്നിനെക്കുറിച്ചും തന്നെക്കുറിച്ചുപോലും അദ്ദേഹത്തിനു ഭയമില്ല. കാരണം എളിമ ദൈവത്തിലുള്ള ആശ്രയബോധം വ്യഞ്ജിപ്പിക്കുന്നു. ആ പരാശക്തിയുടെ പാതയിൽ പ്രതിബന്ധം എന്നൊന്നില്ലല്ലോ. എളിമ ആത്മബലത്തിൻെറ ഏററവും തീർച്ചയുള്ള നിദർശനമാണു്.

---

## 12 ധർമ്മദാനവും സന്തോഷവും

നമ്മരം ജീവിതത്തെ ഒരു യജ്ഞമായി വീക്ഷിക്കേണ്ടിയിരിക്കുന്നു. ആത്മസമർപ്പണമത്രേ മനുഷ്യജീവിതപരമായ അത്യുത്കൃഷ്ടനിയമം. ആത്മീയപദവികളിന്മേൽ അതു സ്വാധീനത ചെലുത്തുന്നു. പ്രബുദ്ധനായവൻ മാത്രം ആത്മസമർപ്പണം അഭ്യസിക്കുന്നു. എന്താണീ സമർപ്പണമെന്ന വൈശിഷ്ട്യഗുണം? തന്നിലുള്ള ഏററവും ഉന്നതമായ സിദ്ധിയും തനിക്കു ഏററവും ഉപകാരമുള്ളതും സഹജീവികളുടെ നന്മയ്ക്കുവേണ്ടി സമർപ്പിക്കുകയെന്നതാണതു്. ഈ പരിശുദ്ധമായ നീക്കം കൊണ്ടു കൊടുക്കുന്നവനും വാങ്ങുന്നവനും നന്മയുണ്ടാകുന്നു. ജലസമൃദ്ധമായ

കിണററിൽനിന്നു വെള്ളം കൃഷിസ്ഥലത്തേക്കു് ഒഴുകുന്നതു പോലെയാണതു്. ഈ ഉദാരമായ പ്രവൃത്തിയാണു യജ്ഞമാകുന്നതു്. ഇതു ബലിയാണു്. ക്രിസ്തുവിൻെറ ബലിസമർപ്പണം മകുടോദാഹരണമായി ചൂണ്ടിക്കാണിക്കാം, കിണറു വററിക്കുമ്പോഠം പുത്തൻജലം നിർഗ്ഗമിക്കുന്നതു പോലെ ത്യാഗമനുഭവിക്കുന്നയാഠം കൂടുതൽ ആത്മീയപ്രകാശത്തിൻെറ ഉടമയായിത്തീരുന്നു. അവൻെറ ജീവിതം അഭിവൃദ്ധ്യുന്മുഖമാകുന്നതാണു്.

പഠിപ്പിക്കുന്നതു കൊണ്ടു് സ്വന്തം പാണ്ഡിത്യം വർദ്ധിക്കുവാനിടയാകുന്നു. ജ്ഞാനവും വിദ്യയും മററുള്ളവരുമായി പങ്കുവയ്ക്കുമ്പോഠം സ്വന്തമായ വിജ്ഞാനമേഖല വികസിക്കുന്നു. മണ്ണിനു് വളമിട്ടുകൊടുക്കുമ്പോഠം ഫലം പുറപ്പെടുവിക്കുന്നതിനു കൂടുതൽ കഴിവാർജ്ജിക്കുന്നതുപോലെയാണതു്. വേലക്കാരനു അവകാശപ്പെട്ട വേതനം കൊടുക്കുമ്പോഠം കൂടുതൽ ജോലി ചെയ്യുന്നതിനുള്ള പ്രേരണയുണ്ടാകുന്നു. ഒരാളുടെ സ്വത്തു് അതിൻെറ വർദ്ധനവിനു പരിശ്രമിച്ചവരോടു് പങ്കുവയ്ക്കുമ്പോഠം സുരക്ഷിതത്വവും സാമ്പത്തികവികസനവും ഉറപ്പിക്കുകയത്രെ ചെയ്യുന്നതു്. വ്യക്തിയുടെ ഐശ്വര്യം രാജ്യത്തിൻെറ പൊതുനന്മയിലും ഉൽക്കർഷത്തിലും ശ്രേയസ്സിലും കാണേണ്ടിയിരിക്കുന്നു. ഒരിക്കലും തേഞ്ഞുമാഞ്ഞു പോകാത്ത ഈ നിയമം ശിരസ്സാവഹിച്ചനുവർത്തിക്കുക യജ്ഞമാണു്. അപ്പോഠം, ജീവിതം ധന്യമാകുന്നതും സംതൃപ്തമാകുന്നതും സഹജീവികഠംക്കു സ്വന്തമായതൊക്കെ പങ്കുവയ്ക്കുമ്പോഴാണു്. സ്വയമായ ആത്മാഭിമാനം മാത്രമല്ല അതുകൊണ്ടുണ്ടാകുന്നതു്, മററുള്ളവരുടെ ആത്മാർത്ഥമായ പ്രശംസ പിടിച്ചുപററാൻ സാധിക്കുമെന്നതു മറെറാരു കാര്യം. 'സത്രത്തിൽ സ്ഥലമില്ലാ' - No place in the Inn എന്ന ഉൽകൃഷ്ട കഥയിലൂടെ ഈ സത്യം വ്യക്തമ ക്കാം.

വാലസ് എന്ന ബാലനു് ഒമ്പതു വയസ്സ് പ്രായമുണ്ടു് പൂർണ്ണിച്ച ശരീരമായതുകൊണ്ടു നടപ്പിൽ വേഗതയില്ല. മനസ്സിൻെറ പ്രവർത്തനസ്ഥിതിയും അതുപോലെതന്നെ.

സഹപാഠികൾ അവനെ കളികളിൽപങ്കെടുപ്പിക്കുകയില്ല. എന്നാൽ,മുതിർന്ന വിദ്യാർത്ഥികൾ തരക്കാരനല്ല എന്ന കാരണം പറഞ്ഞു് ആരെയെങ്കിലും കളിയിൽ കൂട്ടാതിരിക്കുന്നതു കാണുമ്പോൾ അവൻ അയാൾക്കുവേണ്ടി വാദിക്കുമായിരുന്നു.

ക്രിസ്മസ്സ് കാലത്തു വാലസ്സിന്റെ ഗ്രാമത്തിൽ ചരിത്രനാടകപ്രദർശനം അരങ്ങേറാറുണ്ട്. ആ വർഷത്തിൽ ഒരു ഇടയച്ചെറുക്കനായി അഭിനയിക്കണമെന്നു വാലസ്സ് ആഗ്രഹിച്ചു. ഓടക്കുഴലൂതി നടക്കുക ബഹുരസമാകുമെന്ന് അവനു തോന്നി. പക്ഷെ, മറെറാരു രംഗമാണ് അഭിനയിക്കാൻ അവനു് നല്ലപ്പെട്ടതു്. സത്രംസൂക്ഷിപ്പുകാരനു് അഭിനയിക്കാൻ കുറച്ചു ഭാഗമേയുള്ളു. പാർപ്പിടംതേടി യൗസേപ്പുപിതാവ് സത്രത്തിൽ വന്നു മുട്ടുമ്പോൾ 'വിടുതിയില്ല' എന്നു പറയുകയേ വേണ്ടു. വാലസ്സിന്റെ ശരീരപ്രകൃതി ആ ഭാഗം അഭിനയിക്കാൻ യോജിച്ചതാണ്.

നാടകം കാണുന്നതിനു് പതിവുപോലെ അക്കൊല്ലവും വളരെപ്പേർ എത്തിയിരുന്നു.ബാലനായ വാലസ്സ് ആകർഷകത്തോടെ വേദിയിൽ പ്രത്യക്ഷപ്പെട്ടു. യൗസേപ്പ് സാവകാശം തന്റെ ഭാര്യയായ മേരിയുമൊന്നിച്ചു നടന്നെത്തി. സത്രത്തിന്റെ വാതിൽക്കൽ മുട്ടി.

"നിങ്ങൾക്ക് എന്തുവേണം?" വാലസ്സ് വാതിൽ തുറന്നു പരുഷമായി ചോദിച്ചു.

"താമസിക്കാൻ സ്ഥലം അന്വേഷിക്കുകയാണ്" യൗസേപ്പ് മറുപടി പറഞ്ഞു.

"വേറെ എവിടെയെങ്കിലും അന്വേഷിക്കുക, സത്രം ആളുകളെക്കൊണ്ടു നിറഞ്ഞു". വാലസ്സ് ഉറക്കെ അറിയിച്ചു.

"സാർ, ഞങ്ങൾ എല്ലായിടത്തും ചോദിച്ചു. താമസിക്കാൻ ഇടം കിട്ടിയില്ല. ഞങ്ങൾ വളരെ ദൂരം യാത്ര ചെയ്തു. ഞങ്ങൾ ക്ഷീണിച്ചു".

''ഈ സത്രത്തിൽ നിങ്ങറംക്ക സ്ഥലമില്ല'' വാലസ്സ് തറപ്പിച്ച പറഞ്ഞു.

''പ്രിയമുള്ള സത്രസൂക്ഷിപ്പകാരാ, ഇവറം എൻെറ ഭാര്യ മേരിയാണ്. പൂണ്ണഗർഭിണിയാകുന്നു. ഇവറംക്ക വിശ്രമിക്കുന്നതിന് ഒരു മൂല കിട്ടിയാൽ മതി. തീച്ച്യായും നിങ്ങറംക്ക അതു സൗകര്യപ്പെടുത്തുവാൻ സാധിക്കും''.

സത്രംസൂക്ഷിപ്പകാരൻ അപ്പോഴാണ മേരിയെ സൂക്ഷിച്ച വീക്ഷിച്ചത്, അല്പനേരത്തെ മൗനത്തിനു ശേഷം അവൻ ഉറക്കെ പറഞ്ഞു, ''ഇല്ല, പോവുക''.

യൗസേപ്പ് സങ്കടത്തോടെ മേരിയെ കരങ്ങളിൽ താങ്ങി. ഭത്താവിൻെറ തോളിൽ അവറം തല ചായ്ച്ച. രണ്ടുപേരും മടങ്ങുവാൻ തുടങ്ങി. വാലസ്സ് ആശയററ ആ ദമ്പതിമാരെ നോക്കിക്കൊണ്ടു വാതിൽക്കൽനിന്നു. അവൻെറ അധരങ്ങറം വിടർന്നു, നെററിത്തടം ചുളിഞ്ഞു കണ്ണുകളിൽ ജലം നിറഞ്ഞു.

പെട്ടെന്ന് ആ ക്രിസ്മസ്സ് നാടകത്തിൻെറ ഗതി മാറി. ''യൗസേപ്പേ, പോകല്ലേ'' വാലസ്സ് നിലവിളിച്ച പറഞ്ഞു. മേരിയെ തിരിച്ചുകൊണ്ടുവരിക. നിനക്ക് എൻെറ മുറിയിൽ താമസിക്കാം''.

പ്രേക്ഷകരെ നാടകത്തിൻെറ ഈ അന്ത്യം സ്പർശിച്ചു. അവർ വാലസ്സിനെ അനുമോദിച്ചു. അവരുടെ ഗ്രാമത്തിൽ അഭിനയിച്ചിട്ടുള്ള ക്രിസ്മസ്സ് നാടകങ്ങളിൽ ഏററവും നന്നായിരുന്നു അക്കൊല്ലത്തേതെന്ന് അവർ സഹർഷം അഭിപ്രായപ്പെട്ടു.

ഭൂമിയിൽ മനുഷ്യജീവിതം ക്ലേശങ്ങറം നിറഞ്ഞതാണെന്നു നമുക്കറിയാം. എന്നുവരികിലും ആമോദത്തിൻെറ മണിമാളികയാക്കുന്നതിനു വീഴ്ചവരാത്ത ഒരു മാർഗ്ഗമുണ്ട്. ജീവിതത്തിലെ സകല പ്രവൎത്തനങ്ങളും യജ്ഞമായി മാറേണ്ടിയിരിക്കുന്നു. മനുഷ്യൻ ജനിച്ചി

രിക്കുന്നതു കൊടുക്കുവാനാണു പിടിച്ചുപററാനല്ല. അപഹരിച്ചെടുക്കുന്നവൻ അതിനു ശിക്ഷയായി ദുരിതം അനുഭവിക്കേണ്ടിവരുന്നു. ദാനം ചെയ്യുന്നവനു നിർവ്യാജമായ സന്തോഷം കിട്ടുന്നതാണു്.

ഹൈന്ദവപുരാണത്തിലെ കാവപ്പശുവായ കാമധേനു ഒരു സ്ത്രീയുടെ ശിരസ്സും ഒരു പശുവിൻെറ ഉടലും ഒരു പക്ഷിയുടെ ചിറകുകളും വഹിക്കുന്നു. പ്രതീകാത്മകമായ ഈ ജീവിയിലൂടെ അർത്ഥമാക്കുന്നതു മനുഷ്യനിൽനിന്നും മൃഗത്തിൽനിന്നും പക്ഷിയിൽ നിന്നും ലഭിക്കാവുന്ന കൂട്ടായ നന്മകളാണു്. ഈ ഇതിഹാസജീവി ഉടമസ്ഥനു് എന്തൊക്കെവേണമോ അവയെല്ലാം ഉടനുടനെ നല്കിക്കൊണ്ടിരിക്കും. അന്യാപദേശരൂപേണ കാമധേനു യജ്ഞജീവിതം സൂചിപ്പിക്കുന്നു. യജ്ഞം നടത്തുന്നവനു് ഒരിക്കലും മുട്ടുണ്ടാകയില്ല. ഗാന്ധിജി പ്രസ്താവിക്കുന്നതുപോലെ നല്ലൊരു കാര്യത്തിനിറങ്ങിത്തിരിക്കുമ്പോൾ സഹായം അവിടന്നും ഇവിടന്നും വന്നുകൊണ്ടിരിക്കും. അയാളുടെ ഉദാരമായ മനസ്ഥിതിതന്നെ കാമധേനുവാണു്. മനസ്സിൻെറ ഈ ചട്ടക്കൂട്ടുകൊണ്ടു അയാൾ എന്നും ഐശ്വര്യത്തിൽ ജീവിക്കാനിടയാകുന്നു. സ്വർഗ്ഗാനുഭൂതിയുടെ ഉടമയാകുമെന്നതു തീർച്ചയാണു്. ഒരുൽകൃഷ്ടകൃതിയായ 'ആർത്തബാൻെറ കഥ' ഇതിനുദാഹരണമായി ചൂണ്ടിക്കാണിക്കാം.

യേശു ബേസ്ലഹമിൽ പിറന്നപ്പോൾ ആകാശത്തിൽ പുതിയൊരു നക്ഷത്രം ഉദിച്ചുപൊങ്ങിയിരിക്കുന്നതുകണ്ടു മൂന്നു പൂജരാജാക്കന്മാർ ബേസ്ലഹമിലെത്തി ദിവ്യശിശുവിനെ വന്ദിച്ച സംഭവം സുവിശേഷത്തിൽ വിവരിച്ചിട്ടുണ്ടു്. എന്നാൽ മറെറാരു പൂജരാജാവുകൂടി അവരുടെ കൂടെ യാത്രചെയ്തിരുന്നു. ആർത്തബാൻ എന്നാണു് അദ്ദേഹത്തിൻെറ നാമം. എന്നാൽ മാർഗ്ഗമധ്യേ അവശനിലയിൽ കിടന്നിരുന്ന ഒരാളെ സഹായിക്കുന്നതിനു തങ്ങേണ്ടിവന്നു. കൂട്ടുകാർ വളരെ മുമ്പോട്ടുപോയെങ്കിലും അദ്ദേഹം നക്ഷത്രത്തെ നോക്കി യാത്ര തുടൻു. തനിക്കുണ്ടാ

യിരുന്ന സ്വത്തുമുഴുവനും വിററു മൂന്നു വിലയേറിയ രത്നങ്ങൾ ദിവ്യശിശുവിനു സമർപ്പിക്കാൻ കരുതിയിരുന്നു. എന്നാൽ അവയിലൊന്നു വഴിയിൽ വീണുകിടന്നവനെ രക്ഷപ്പെടുത്തുവാൻ ചെലവാക്കി. അദ്ദേഹം ബേസ്ലഹമിലെത്തി. പക്ഷെ കൂട്ടുകാർ സ്ഥലം വിട്ടിരുന്നു. കൂടാതെ, മാതാവും ദിവ്യശിശുവും ഈജിപ്തിലേക്കു് ഓടിപ്പോവുകയും ചെയ്തു. ഭാവിപരിപാടിയെക്കുറിച്ചു ചിന്തിച്ചുകൊണ്ടുനില്ക്കുമ്പോൾ രണ്ടുവയസ്സായ ആൺകുട്ടികളെ കൊല്ലുന്നതിനു പുറപ്പെട്ട ഭടന്മാരെ കാണുന്നു. ആർത്തബാൻ താമസിച്ചിരുന്ന വീട്ടിൽ ഒരു കുട്ടിയുണ്ടായിരുന്നു. അവനെ രക്ഷപ്പെടുത്തുവാൻ ഭടന്മാർക്കു് ഒരു രത്നം നല്കി. മുപ്പതുവർഷങ്ങൾ കഴിഞ്ഞു് ആർത്തബാൻ വീണ്ടും യൂദയായിലെത്തി. ദുഃഖവെള്ളിയാഴ്ച വൈകുന്നേരം ജെറൂസലേം നഗരത്തിൽ പ്രവേശിച്ചു. പട്ടണം മുഴുവൻ അസ്വസ്ഥമാണെന്നുകണ്ടു. യേശുവിനെ ക്രൂശിക്കാൻ കൊണ്ടുപോയിരിക്കുന്ന വാർത്ത അദ്ദേഹത്തിൻെറ ചെവികളിലെത്തി. ദൈവപുത്രനെന്നു് അവകാശപ്പെട്ടതാണു വധശിക്ഷയ്ക്കു കാരണമെന്നും മനസ്സിലാക്കി. തൻെറ അന്വേഷണം പൂർത്തിയാകുകയാണു്. അദ്ദേഹം ഗാഗുൽത്തായിലേക്കു് ഓടി, എന്തിനാണെന്നോ? അവശേഷിച്ചിരിക്കുന്ന രത്നം ഭടന്മാർക്കു കൊടുത്തു് യേശുവിനെ രക്ഷിക്കാൻ, പക്ഷെ കാൽവരിയിലെത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. പോകുന്ന വഴിക്കു് ഏതാനും ഭടന്മാർ ഒരു ബാലികയെ വലിച്ചിഴച്ചുകൊണ്ടുപോകുന്നതുകണ്ടു. അദ്ദേഹം ബാക്കിയുണ്ടായിരുന്ന രത്നം ഭടന്മാക്കു കൊടുത്തു് അവളെ മോചിപ്പിക്കുന്നു. അപ്പോൾ എങ്ങും ഇരുട്ടു വ്യാപിച്ചു, ഭൂമികുലുക്കമുണ്ടായി. യേശു കുരിശിൽ കിടന്നു പ്രാണൻ വെടിഞ്ഞ സമയമായിരുന്നു. ഒരു വീടിൻെറ മേൽപ്പുരയിൽനിന്നു് ഓടു് ഇളകി ആർത്തബാൻെറ തലയിൽ വീണു മുറിവേററു് അദ്ദേഹം മരിക്കുന്നു. ആ ബാലിക മുട്ടുകുത്തി മടിയിൽ അദ്ദേഹത്തിൻെറ ശിരസ്സു് താങ്ങിപ്പിടിച്ചു. രക്തം ശിരസ്സിൽനിന്നു് ഒഴുകുന്നുണ്ടു്. ആർത്തബാൻെറ അധരങ്ങൾ ചലിക്കുന്നതു് അവൾ കാണുന്നു, അദ്ദേഹം ഉച്ചരിച്ചു, ''അങ്ങയെ വിശക്കുന്നവനായി

കണ്ടു് എപ്പോഴാണു ഭക്ഷണം തന്നതു്. മുപ്പത്തിമൂന്നു വർഷം ഞാൻ അങ്ങയെ അന്വേഷിച്ചുകൊണ്ടിരുന്നു. എന്നാൽ അങ്ങയുടെ മുഖം ഞാൻ കണ്ടിട്ടില്ല. അങ്ങയെ ഞാൻ ശുശ്രൂഷിച്ചിട്ടുമില്ല’’. ഉടനെ ശ്രവിച്ച മറുപടി ഇതായിരുന്നു. ‘‘എന്റെ ഈ ഏററവും ചെറിയ സഹോദരരിൽ ഒരുവനു് നീ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തതു് എന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു’’. ആർത്തബാൻ യഥാർത്ഥത്തിൽ ദിവ്യരക്ഷകനെ കണ്ടെത്തി.

ST. ANTONY'S MONASTERY
3023
ALWAYE

# പ്രഭാഷണവും പ്രബോധനവും

ഫാ. ആൻറണി ഇലവുംകുടി. ബി. എ.

കത്തോലിക്ക മതസംഹിത, ആദ്ധ്യാത്മികത, ദൈവശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ സാധാരണക്കാർക്ക് പരിചയപ്പെടുത്തികൊടുക്കാനുള്ള ശ്രമമാണ് ഈ ഗ്രന്ഥത്തിൽ ഉള്ളത്. ഒരു ഗ്രന്ഥം മാത്രമായ ഗ്രന്ഥപരമ്പര ഇതിനായി ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്നു. ആ പരമ്പരയിൽ ഒന്നാമത്തേതാണ് ഈ കൃതി. കത്തോലിക്കാ ആദ്ധ്യാത്മികതയെക്കുറിച്ചുള്ള പ്രായോഗികവും അനുഭവപരവും താത്വികവുമായ അജ്ഞത സഭയെ ഉപേക്ഷിക്കുന്നതിന് പലരേയും പ്രേരിപ്പിക്കുന്നുണ്ട്. സാംസ്കാരിക സങ്കലനത്തിൻെറ ഈ കാലയളവിൽ സഭയെക്കുറിച്ചുള്ള അടിസ്ഥാന താത്വിക സമർത്ഥനം ഈ കാലഘട്ടത്തിൻെറ ആവശ്യമാണ്. ഈ ധർമ്മം നിർവ്വഹിച്ച ഫാ. ആൻറണി ഇലവുംകുടി ഈ ഗ്രന്ഥപരമ്പരയിൽ കൂടി മഹത്തായ ഒരു യജ്ഞത്തിന് ഒരുങ്ങുകയാണ്.


വിതരണം

**ജനതാ ബുക്ക് സ്റ്റാൾ**

**തേവര കൊച്ചി - 682013**

| | |
|---|---|
| തേവര | എറണാകുളം |
| ആലുവ | ചേർത്തല |

# പ്രഭാഷണവും പ്രബോധനവും

ഫാ. ആന്റണി ഇലവുംകുടി ബി.എ.



പരിശ്രമവും വിജയവും
നിസ്സംഗതയും
ജന്മ സാഫല്യവും

1

209.222
ELE
V.1